
LSGD
തദ്ദേശ
സ്വയംഭരണ
വകുപ്പ്

PALAI MUNICIPAL COUNCIL

# പാല നഗരസഭ

# അന്തിമ
# പദ്ധിരേഖ 2026–27



പ്രവർത്തന റിപ്പോർട്ട് - ഒരു ഭാവികാഴ്ച

# പാലാ നഗരസഭ

PALAI MUNICIPAL COUNCIL

# 14 – ാം പഞ്ചവത്സരപദ്ധതി
# 2022 – 27

## അന്തിമ പദ്ധതിരേഖ 2026 – 27

## പാലാ നഗരസഭ

# പദ്ധതി രേഖ

## ഉള്ളടക്കം


ആമുഖം

1. അദ്ധ്യായം 1 – നഗരസഭയുടെ വികസന സ്ഥിതി – അവസ്ഥാ വിശകലനം
    1. സാമൂഹിക സാംസ്ക്കാരിക ചരിത്രം
    2. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം
    3. ജനകീയാസൂത്രണ ചരിത്രം
2. അദ്ധ്യായം 2 – വാർഷിക പദ്ധതി അവലോകനം
3. അദ്ധ്യായം 3 – പ്രശന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും
4. അദ്ധ്യായം 4 – വികസന കാഴ്ചപ്പാട്, തന്ത്രം
5. അദ്ധ്യായം 5 – വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും
6. അദ്ധ്യായം 6 – പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും
7. അദ്ധ്യായം 7 – പ്രത്യേക പദ്ധതികൾ/പരിപാടികൾ
8. അദ്ധ്യായം 8 – വായ്പാ ബന്ധങ്ങൾ
9. അദ്ധ്യായം 9 – സമഗ്ര പരിപാടികളും സംയോജന സാമഗ്രികളും
10. അദ്ധ്യായം 10 – ആസ്ഥിവികസനം
11. അദ്ധ്യായം 11 – മോണിട്ടറിംഗ്
12. സ്റ്റാന്റിംഗ് കമ്മറ്റി നിർദ്ദേശങ്ങൾ

# പാലാ നഗരസഭ ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പേര് | : | **പാലാ നഗരസഭ** |
| ഗ്രേഡ് | : | **1** |
| ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ | : | **പുലിയന്നൂർ, ളാലം, മീനച്ചിൽ** |
| താലൂക്ക് | : | **മീനച്ചിൽ** |
| പാർലമെന്റ് മണ്ഡലം | : | **കോട്ടയം** |
| പാർലമെന്റ് അംഗം | : | **ശ്രീ ഫ്രാൻസിസ് ജോർജ്ജ്** |
| അസംബ്ലി മണ്ഡലം | : | **പാലാ** |
| നിയമസഭ അംഗം | : | **ശ്രീ മാണി സി. കാപ്പൻ** |

**അതിരുകൾ**

| | | |
|---|---|---|
| കിഴക്ക് | : | **ഭരണങ്ങാനം പഞ്ചായത്ത്, മീനച്ചിൽ പഞ്ചായത്ത്** |
| പടിഞ്ഞാറ് | : | **പുലിയന്നൂർ തോട്, മുത്തോലി പഞ്ചായത്ത്** |
| തെക്ക് | : | **മീനച്ചിൽ പഞ്ചായത്ത്, മീനച്ചിൽ ആറ്** |
| വടക്ക് | : | **കരൂർ പഞ്ചായത്ത്** |
| വിസ്തീർണ്ണം | : | **16.063 സ്ക്വയർ കി.മീ.** |
| ജനസംഖ്യ ആകെ (2011 ലെ സെൻസ്) | : | **22056** |
| പുരുഷന്മാർ | : | **10760** |
| സ്ത്രീകൾ | : | **11296** |
| പട്ടികജാതി വിഭാഗം | : | **539** |
| സാക്ഷരത ഉള്ളവർ | : | **96.2%** |
| ആകെ വാർഡുകൾ | : | **26** |
| വനിത സംവരണ വാർഡുകൾ | : | **13** |
| പട്ടികജാതി സംവരണ വാർഡ് | : | **വാർഡ് - 17** |
| പ്രധാന റോഡുകൾ | : | **പുനലൂർ-മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേ<br>അതിരമ്പുഴ-പൂഞ്ഞാർ സ്റ്റേറ്റ് ഹൈവേ** |

**നഗരസഭ റോഡുകൾ**

| | | |
|---|---|---|
| ടാർ ചെയ്തത് | : | **101.4 കി.മീ.** |
| മെറ്റൽ ചെയ്തത് | : | **5 കി.മീ.** |
| എർത്തേൺ റോഡ് | : | **3 കി.മീ.** |

# പാലാ നഗരസഭ

ചെയർപേഴ്സൺ : **കുമാരി ദിയാ ബിനു പുളിക്കകണ്ടം**

വൈസ് ചെയർപേഴ്സൺ : **ശ്രീമതി മായാ രാഹുൽ**

## I. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

1. **ശ്രീമതി മായാ രാഹുൽ - ചെയർപേഴ്സൺ**
2. അഡ്വ. ബെറ്റി ഷാജു തുരുത്തേൽ - അംഗം
3. ശ്രീമതി ജോസിൻ ബിനോ - അംഗം
4. ശ്രീ. ബിജു പാലുപ്പടവിൽ - അംഗം
5. ശ്രീ. ജോർജ്ജുകുട്ടി ചെറുവള്ളിൽ - അംഗം

## II. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

1. **ശ്രീമതി പ്രിൻസി സണ്ണി - ചെയർപേഴ്സൺ**
2. അഡ്വ. ബിനു പുളിക്കകണ്ടം - അംഗം
3. ശ്രീമതി ലിസിക്കുട്ടി മാത്യു കണ്ടത്തിപ്പറമ്പിൽ - അംഗം
4. ശ്രീ. ഷാജു തുരുത്തൻ - അംഗം

## III. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

1. **ശ്രീ. ബിജു വരിക്കാനി - ചെയർമാൻ**
2. ശ്രീമതി. ലീന സണ്ണി പുരയിടം - അംഗം
3. ശ്രീമതി. സോണിയ ചിറ്റേട്ട് - അംഗം
4. ശ്രീ. സെബാസ്റ്റ്യൻ ജെ. പനയ്ക്കൽ - അംഗം

## IV. പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

1. **ശ്രീ. ടോണി തൈപ്പറമ്പിൽ - ചെയർമാൻ**
2. ശ്രീ. ബിജു പുളിക്കകണ്ടം - അംഗം
3. ശ്രീമതി. സിജി ടോണി തോട്ടത്തിൽ - അംഗം
4. ശ്രീമതി. ബിജു മാത്യൂസ് - അംഗം

## V. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

1. **ശ്രീമതി. രജിത പ്രകാശ് - ചെയർപേഴ്സൺ**
2. കുമാരി റിയ ചീരാംകുഴി - അംഗം
3. ശ്രീമതി റൂബി ആന്റോ പടിഞ്ഞാറേക്കര - അംഗം
4. ശ്രീ. ടോമിൻ വട്ടമല - അംഗം

## VI. വിദ്യാഭ്യാസ-കലാ-കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

1. **ശ്രീ. ജിജി ബൈജു കൊല്ലംപറമ്പിൽ - ചെയർപേഴ്സൺ**
2. ശ്രീമതി. ബിജി ജോജോ കുടക്കച്ചിറ - അംഗം
3. ശ്രീ. സനിൽ രാഘവൻ - അംഗം
4. ശ്രീ. റോയി ഫ്രാൻസിസ് - അംഗം

# പാലാ നഗരസഭ

| | | |
|---|---|---|
| വിസ്തീർണ്ണം | – | 16.063 ച. കി. മീ. |
| ജനസംഖ്യ | – | 22056<br>(2011 സെൻസസ്) |
| വാർഡുകൾ | – | 26 |
| കൗൺസിൽ അംഗസംഖ്യ | – | 26 |

## കൗൺസിൽ അംഗങ്ങൾ

| വാർഡ് നം. | വാർഡിന്റെ പേര് | പേര് | ഫോൺ നമ്പർ |
|---|---|---|---|
| 1. | പരമലക്കുന്ന് | അഡ്വ. ബെറ്റി ഷാജു തുരുത്തേൽ | 9745406080 |
| 2. | മുണ്ടുപാലം | ഷാജു തുരുത്തൻ | 9447123010 |
| 3. | മാർക്കറ്റ് | ജോസിൻ ബിനോ | 9447737389 |
| 4. | കിഴതടിയൂർ | സോണിയ ചിറ്റേട്ട് | 8547280697 |
| 5. | പ്ലാത്താനം | ജോർജ്ജുകുട്ടി ചെറുവള്ളിൽ | 9447258525 |
| 6. | കാനാട്ടുപാറ | സെബാസ്റ്റ്യൻ ജെ. പനയ്ക്കൽ | 9496984521 |
| 7. | പുലിമലക്കുന്ന് | ജിജി ബൈജു കൊല്ലംപറമ്പിൽ | 9207814210 |
| 8. | കവീക്കുന്ന് | റിയ ചീരാംകുഴി | 8547040544 |
| 9. | കൊച്ചിടപ്പാടി | സിജി ടോണി തോട്ടത്തിൽ | 9745473959 |
| 10. | മൂന്നാനി | ബിജു വരിക്കാനി | 9388555776 |
| 11. | മൊണാസ്ട്രി | റൂബി ആന്റോ പടിഞ്ഞാറേക്കര | 9495021710 |
| 12. | ചെത്തിമറ്റം | ടോണി തൈപ്പറമ്പിൽ | 9746366369 |
| 13. | മുരിക്കുംപുഴ | ബിജു പുളിക്കകണ്ടം | 9447910573 |
| 14. | പരിപ്പിൽകുന്ന് | അഡ്വ: ബിനു പുളിക്കകണ്ടം | 9447111218 |
| 15. | പാലംപുരയിടം | ദിയ ബിനു പുളിക്കകണ്ടം | 9446359420 |
| 16. | കണ്ണാടിയുറുമ്പ് | റ്റോമിൻ വട്ടമല | 7558849922 |
| 17. | പന്ത്രണ്ടാംമൈൽ | സനിൽ രാഘവൻ | 9446757357 |
| 18. | മുക്കാലിക്കുന്ന് | ലിസിക്കുട്ടി മാത്യു കണ്ടത്തിപ്പറമ്പിൽ | 9400680691 |
| 19. | പാലാ | മായ രാഹുൽ | 9526968579 |
| 20. | ളാലം | ബിജി ജോജോ കുടക്കച്ചിറ | 9846344697 |
| 21. | വെള്ളാപ്പാട് | ലീന സണ്ണി പുരയിടം | 9446756967 |
| 22. | അരുണാപുരം | രജിത പ്രകാശ് | 9495834294 |
| 23. | കോളേജ് വാർഡ് | പ്രിൻസി സണ്ണി | 8606179839 |
| 24. | കൊട്ടാരമറ്റം | ബിജു മാത്യൂസ് | 9447302262 |
| 25. | നെല്ലിയാനി | ബിജു പാലുപ്പടവിൽ | 9846004864 |
| 26. | പുത്തൻപള്ളിക്കുന്ന് | റോയി ഫ്രാൻസിസ് | 8848451177 |

# പാലാ നഗരസഭ

## മുനിസിപ്പൽ സെക്രട്ടറി

**ശ്രീ ജൂഹി മരിയ ടോം**

## വകുപ്പു മേധാവികൾ

**ശ്രീ സിയാദ്**
(മുനിസിപ്പൽ എഞ്ചിനീയർ)
പൊതുമരാമത്ത് വേലകൾ
ജലവിതരണം
കെട്ടിടനിർമ്മാണം
പദ്ധതിപ്രവർത്തനം

**ശ്രീ ബോണി എൻ.**
(അസിസ്റ്റന്റ് എൻജിനീയർ)

**ശ്രീ രൂപേഷ് എസ്.**
(റവന്യു ആഫീസർ)
മുനിസിപ്പൽ നികുതി ഈടാക്കൽ
നികുതി ചുമത്തൽ

**ശ്രീ ആറ്റ്ലി പി. ജോൺ**
(ഹെൽത്ത് സൂപ്പർവൈസർ & മെമ്പർ സെക്രട്ടറി)
പൊതുജനാരോഗ്യം
മാതൃശിശുസംരക്ഷണം
സി.ഡി.എസ്. പ്രവർത്തനങ്ങൾ

**ശ്രീമതി രേഖ എസ്.**
(സൂപ്രണ്ട്)
പൊതുഭരണം, ജീവനക്കാര്യം
അസിസ്റ്റന്റ് പ്ലാൻ കോർഡിനേറ്റർ

**ശ്രീ ജയകുമാർ എൻ.**
(ചീഫ് അക്കൗണ്ടന്റ്)
അക്കൗണ്ട്സ്, ഓഡിറ്റിംഗ്

**ശ്രീമതി രശ്മി കെ.ആർ.**
(സീനിയർ ക്ലർക്ക്)
ആസൂത്രണ വിഭാഗം



**കുമാരി ദിയ ബിനു പുളിക്കകണ്ടം**
(മുനിസിപ്പൽ ചെയർപേഴ്സൺ)



**ശ്രീമതി മായാ രാഹുൽ**
(വൈസ് ചെയർപേഴ്സൺ, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ)



**ശ്രീമതി പ്രിൻസി സണ്ണി**
(ചെയർപേഴ്സൺ,
വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി)



**ശ്രീ ബിജു വരിക്കാനി**
(ചെയർമാൻ
ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി)



**ശ്രീമതി രജിത പ്രകാശ്**
(ചെയർപേഴ്സൺ,
ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി)



**ശ്രീ ടോണി തൈപ്പറമ്പിൽ**
(ചെയർമാൻ, മരാമത്ത്കാര്യ
സ്റ്റാൻഡിംഗ് കമ്മിറ്റി)



**ശ്രീമതി ജിജി ബൈജു കൊല്ലംപറമ്പിൽ**
(ചെയർപേഴ്സൺ, വിദ്യാഭ്യാസ-കലാകായിക കാര്യ
സ്റ്റാൻഡിംഗ് കമ്മിറ്റി)

# പാലാ നഗരസഭ



അഡ്വ. ബെറ്റി ഷാജു തുരുത്തേൽ
വാർഡ് 1


ഷാജു തുരുത്തൻ
വാർഡ് 2


ജോസിൻ ബിനോ
വാർഡ് 3


സോണിയ ചിറ്റേട്ട്
വാർഡ് 4


ജോർജ്ജുകുട്ടി ചെറുവള്ളിൽ
വാർഡ് 5


സെബാസ്റ്റ്യൻ ജെ. പനയ്ക്കൽ
വാർഡ് 6



റിയ ചീരാംകുഴി
വാർഡ് 8


സിജി ടോണി തോട്ടത്തിൽ
വാർഡ് 9


റൂബി ആന്റോ പടിഞ്ഞാറേക്കര
വാർഡ് 11


ബിജു പുളിക്കകണ്ടം
വാർഡ് 13


അഡ്വ: ബിനു പുളിക്കകണ്ടം
വാർഡ് 14


റ്റോമിൻ വട്ടമല
വാർഡ് 16


സനിൽ രാഘവൻ
വാർഡ് 17



ലിസിക്കുട്ടി മാത്യു കണ്ടത്തിപ്പറമ്പിൽ
വാർഡ് 18


ബിജി ജോജോ കുടക്കച്ചിറ
വാർഡ് 20


ലീന സണ്ണി പുരയിടം
വാർഡ് 21


ബിജു മാത്യൂസ്
വാർഡ് 24


ബിജു പാലൂപ്പടവിൽ
വാർഡ് 25


റോയി ഫ്രാൻസിസ്
വാർഡ് 26

# പാലാ നഗരസഭ – വാർഡുകൾ തിരിച്ചുള്ള ഭൂപടം



പാലാ നഗരസഭ

# 2026-27 വാർഷിക പദ്ധതി

## ആസൂത്രണ സമിതി അംഗങ്ങൾ

അദ്ധ്യക്ഷ : **കുമാരി ദിയ ബിനു പുളിക്കകണ്ടം**
(ചെയർപേഴ്സണ്‍)

ഉപാദ്ധ്യക്ഷൻ : **ശ്രീ. പി.എ. പയസ്സ്, പാറപ്പുറം ഹൗസ്**
(മുൻ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്)

കണ്‍വീനർ & പ്ലാൻ കോ-ഓർഡിനേറ്റർ : **ശ്രീ ജൂഹി മരിയ ടോം**
(സെക്രട്ടറി, പാലാ നഗരസഭ)

അംഗങ്ങൾ :

1. **ശ്രീമതി. മായാ രാഹുൽ** (വൈസ് ചെയർപേഴ്സണ്‍)
2. **ശ്രീമതി. പ്രിൻസി സണ്ണി**
(വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണ്‍)
3. **ശ്രീ. ബിജു വരിക്കാനി**
(ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)
4. **ശ്രീ. ടോണി തൈപ്പറമ്പിൽ**
(പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)
5. **ശ്രീമതി. രജിത പ്രകാശ്**
(ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണ്‍)
6. **ശ്രീമതി. ജിജി ബൈജു കൊല്ലംപറമ്പിൽ**
(വിദ്യാഭ്യാസ - കലാ - കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണ്‍)
7. **ശ്രീ. ബിജു പാലുപ്പടവിൽ**
(സ്റ്റാന്റിംഗ് കമ്മിറ്റി അംഗം)
8. **ശ്രീ. ഷാജു തുരുത്തൻ**
(സ്റ്റാന്റിംഗ് കമ്മിറ്റി അംഗം)
9. **ശ്രീ. റോയി ഫ്രാൻസിസ്**
(സ്റ്റാന്റിംഗ് കമ്മിറ്റി അംഗം)
10. **ശ്രീ. ബിജു മാത്യൂസ്**
(സ്റ്റാന്റിംഗ് കമ്മിറ്റി അംഗം)
11. **ശ്രീമതി സോണിയ ചിറ്റേട്ട്**
(സ്റ്റാന്റിംഗ് കമ്മിറ്റി അംഗം)
12. **ശ്രീ. സെബാസ്റ്റ്യൻ ജെ. പനയ്ക്കൽ**
(സ്റ്റാന്റിംഗ് കമ്മിറ്റി അംഗം)
13. **ശ്രീമതി. സിജി ടോണി തോട്ടത്തിൽ**
(സ്റ്റാന്റിംഗ് കമ്മിറ്റി അംഗം)
14. **ശ്രീ. പി.ആർ. രവീന്ദ്രൻ നായർ**
15. **ശ്രീ. രാജു ഡി. കൃഷ്ണപുരം**
16. **ശ്രീ. ബിജോയ് മണർകാട്**

അസിസ്റ്റന്റ് പ്ലാൻ കോ-ഓർഡിനേറ്റർ
: **ശ്രീമതി രേഖ എസ്.** (സൂപ്രണ്ട്)

# 14-ാം പഞ്ചവത്സര പദ്ധതിയുടെ 5-ാം പാദത്തിയിലേക്ക്



**കുമാരി ദിയ ബിനു പുളിക്കകണ്ടം**
ചെയർപേഴ്സൺ

പ്രിയമുള്ളവരെ 14-ാം പഞ്ചവത്സര പദ്ധതിയുടെ 4-ാം വാർഷിക പദ്ധതി പൂർത്തിയാക്കി 5-ാം വർഷത്തിലേക്ക് കടക്കുന്ന ഈ അവസരത്തിൽ നമ്മുടെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ വിലയിരുത്തി തെറ്റും, ശരിയും മനസ്സിലാക്കി വികസന വിടവുകൾ നികത്തി പുതിയൊരു പാലാ എന്നതാണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ശരിയായ ആസൂത്രണത്തോടും ഇച്ഛാശക്തിയോടുംകൂടിയ പ്രവർത്തന മുണ്ടെങ്കിൽ വികസന രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ നമുക്ക് സാധിക്കും.

ലോകമാകെ ശ്രദ്ധയാകർഷിച്ച കേരളത്തിന്റെ ജനകീയാസൂത്രണ പ്രസ്ഥാനം രജതജൂബിലിയും പിന്നിട്ട്വിജയകരമായി പ്രയാണം തുടരുന്ന ഈ അവസരത്തിൽ നമ്മുടെ നാട്ടിലെ വികസന കാര്യങ്ങളിൽ താൽപര്യമുള്ള ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് വികസനം സർവ്വതലസ്പർശിയാക്കുക എന്നതാണ് പാലാ നഗരസഭയുടെലക്ഷ്യം. അധികാര വികേന്ദ്രീകരണ ത്തിന്റെ കേരളാമാതൃക രാജ്യത്ത് വേറിട്ട് നിൽക്കുന്ന ഒന്നാണ്. ഇത്പ്രകാരം സംസ്ഥാന ബഡ്ജറ്റ്വിഹിതത്തിന്റെ 35-40% തുക സമ്പൂർണ്ണ ആസൂത്രണ അധികാരത്തോട് കൂടി ഓരോ തദ്ദേശസ്ഥാപനങ്ങൾക്കും നൽകുവാനുള്ള തീരുമാനം ചരിത്രത്തിന്റെ തങ്ക ലിപികളിൽ രേഖപ്പെടുത്തി 1996ൽ തുടങ്ങിവെച്ച അധികാരവികേന്ദ്രീകരണം നമ്മുടെ നാട്ടിലെ ജനപങ്കാളിത്ത്വമുള്ള ആസുത്രണത്തിന് നിയമപരമായ ചട്ടക്കൂടൊരുക്കി വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ ആരംഭിച്ചപ്പോൾ മുന്നോട്ട്വെച്ച പ്രാദേശികവികസനമെന്ന ലക്ഷ്യത്തിൽ നിന്നും കൂടുതൽ വിപുലമായി ചിന്തിക്കുവാനും ആസൂത്രണം നടത്തുവാനും നമുക്കുമാകുന്നുണ്ട് എന്നത് ഏറെ ശ്ലാഘനീയമാണ്. ഈ ശാക്തീകരണത്തിന്റെ ഭാഗമായിട്ടാണ് രണ്ട് മഹാ പ്രളയത്തെയും, കോവിഡ് മഹാമാരി ഉയർത്തിയ വെല്ലുവിളികളെയും ഫലപ്രദമായി നേരിടുവാൻ നമുക്ക് സാധിച്ചത്. മികച്ച ജനപങ്കാളിത്വത്തോടെ കോവിഡ്മഹാമാരി ഉയർത്തിയ വെല്ലുവിളികളെ നേരിടുന്നതിനും ജനങ്ങളുടെ ആരോഗ്യസുരക്ഷയും, ഭക്ഷ്യസുരക്ഷയും ഉറപ്പാക്കാനും നമുക്ക് സാധിച്ചത്. ഈ ജനകീയാസൂത്രണത്തിലൂടെ നേടിഎടുത്ത ജനകീയ അടിത്തറമൂലമാണ്.

13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നവകേരളാമിഷനിലൂടെ പ്രാദേശികവികസന കാഴ്ചപ്പാടുകളിൽ വരുത്തിയ മാറ്റത്തിലൂടെ പ്രദേശികവികസനം എന്ന ലക്ഷ്യത്തിൽ നിന്നും സുസ്ഥിരവികസനം എന്ന ലക്ഷ്യത്തിലേക്ക് ചുവട് വെയ്ക്കുവാൻ നമുക്കായി. സാമൂഹ്യ നീതിയും, പ്രദേശിക സാമ്പത്തിക വികസനവും ലക്ഷ്യംവെച്ച് അതിവേഗം മുന്നേറുകയാണ് നാം. ജനങ്ങളോട് ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണസംവിധാനം എന്ന നിലയിൽ ജനപങ്കാളിത്ത്വത്തോടെയുള്ള ഭരണം ഉറപ്പ് വരുത്തുവാൻ നമുക്ക് സാധിക്കുന്നുണ്ട്. കേന്ദ്ര സംസ്ഥാന പദ്ധതികളിലൂടെയും പ്രാദേശിക പദ്ധതികളിലൂടെയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളായ എസ്.സി, എസ്.ടി., സ്ത്രീകൾ, മുതിർന്ന പൗരന്മാർ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ ആവശ്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിനും ആകർഷകമായ പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുന്നതിനും നമുക്ക് കഴിയണം. 14-ാം പദ്ധതികാലയളവിൽ മുൻഗണന നൽകുന്ന ഉത്പാദനം - ഉത്പാദന ക്ഷമത വർധിപ്പിക്കൽ, പ്രാദേശിക സാമ്പത്തിക വികസനം, തൊഴിൽസൃഷ്ടി, അതിജിവന ക്ഷമത, കാലാവസ്ഥാവ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി, പ്രകൃതിവിഭവസമൃതി, സുസ്ഥിരവികസന ലക്ഷ്യങ്ങൾ, അതിദാരിദ്ര്യ നിർമ്മാർജനം, ശുചിത്വം - മാലിന്യ സംസ്കരണം, സാമൂഹ്യ നീതിഉറപ്പാക്കൽ, ലിംഗസമത്വം എന്നിവ നടപ്പിലാക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ രൂപീകരിക്കുവാനാണ് നഗരസഭ ലക്ഷ്യംവയ്ക്കുന്നത്. സാമ്പത്തിക വളർച്ച, ഉപജീവന സുരക്ഷ, സുസ്ഥിരവികസനം, സാമൂഹിക നീതി, തുല്യത എന്നിവ ഉറപ്പുവരുത്തുവാൻ നാം ശ്രമിക്കേണ്ടതാണ്.

സംസ്ഥാന ബഡ്ജറ്റ് അനുബന്ധം 4 പ്രകാരം 2026-27 ലെ പ്രതീക്ഷിത പദ്ധതിവിഹിതത്തിൽ വികസന ഫണ്ട് പൊതുവിഭാഗത്തിന് 32849000 രൂപയും പ്രത്യേക ഘടകപദ്ധതിക്ക് 3141000 രൂപയും

ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിൽ ശിശുക്കൾ, ഭിന്നശേഷിയുള്ളവർ, ഭിന്ന ലിംഗക്കാർ മുതലായ പ്രത്യേക വിഭാഗങ്ങളുടെ ക്ഷേമത്തിനായി 5% തുക വകയിരുത്തേണ്ടതാണ്. വൃദ്ധർ - പാലിയേറ്റീവ്കെയർ 5%, വനിതഘടക പദ്ധതിക്ക് 10% തുകയും ഉത്പാദന മേഖലയ്ക്ക് 10% തുകയും വകയിരുത്തേണ്ടതാണ്. പശ്ചാത്തല മേഖലയ്ക്ക് 50% വരെ തുക വകയിരുത്താവുന്നതാണ്. ലൈഫ് - പാർപ്പിടം - സുരക്ഷാ പദ്ധതി / പി.എം.എ.വൈ 20% വും വകയിരുത്തേണ്ടതാണ്. മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ 23669000/-, നോൺ റോഡ് ഇനത്തിൽ 57966000 രൂപയും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പാലായുടെ ടൂറിസം സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായും നിർമ്മാണം പൂർത്തിയാക്കിയിട്ടും ജനങ്ങൾക്ക് പ്രയോജനമില്ലാതെ കിടക്കുന്ന ലണ്ടൻ ബ്രിഡ്ജ്, അമിനിറ്റി സെന്റർ എന്നിവ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനമാക്കുന്നതിനു വേണ്ടി ലണ്ടൻ ബ്രിഡ്ജിനേയും മീനച്ചിലാറിന്റെ മറുകരയിൽ തെക്കേക്കരയിലുള്ള തോണിക്കടവിനേയും ബന്ധിപ്പിച്ച് തൂക്കുപാലം യാഥാർത്ഥ്യമാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നു. നിയമപരമായും സാങ്കേതികമായും തടസ്സങ്ങൾ പരിഹരിച്ച് നഗരസഭയ്ക്കു സാമ്പത്തിക ബാധ്യത വരുത്താതെ കേന്ദ്രസംസ്ഥാന ടൂറിസം വകുപ്പുകളുടെ സഹകരണത്തോടെ എം.പി. ലാഡ്സ്, എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് എന്നിവയിൽ നിന്നും നിന്നും തുക കണ്ടെത്തി നടപ്പിലാക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഡി.പി.ആർ. തയ്യാറാക്കുന്നതിനും പദ്ധതിയുടെ പ്രാരംഭ ചിലവുകൾക്കുമായി 7900000/- രൂപ കരട് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനും നിർദ്ദേശത്തിനും അനുസൃതമായിട്ടായിരിക്കും പദ്ധതിയുടെ തുടർനടപടികൾ സ്വീകരിക്കുക.

ഈ അവസരത്തിൽ പുതിയ സാമ്പത്തിക വർഷംഏറ്റെടുക്കുന്ന പദ്ധതികളുടെ ഗുണനിലവാരവും, ഫലപ്രാപ്തിയും ഉറപ്പാക്കുവാനും വികസന പ്രശ്നങ്ങളെ വിശാലമായ കാഴ്ചപ്പാടിൽ നോക്കികാണുവാനും നഗരവൽക്കരണം, മാലിന്യ സംസ്കരണം, വയോജന സംരക്ഷണം, യുവതലമുറയുടെ വികസന പ്രശ്നങ്ങൾ, ദുരന്ത നിവാരണം, ആരോഗ്യമേഖല നേരിടുന്ന പ്രശ്നങ്ങൾ, പൊതുവിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങൾ പ്രാദേശികതലത്തിൽതന്നെ ആസൂത്രണംചെയ്ത് നടപ്പിലാക്കേണ്ടതായിട്ടുണ്ട്. കൂടാതെ നമ്മുടെ നഗരസഭയുടെ സർവ്വോന്മുഖമായ വികസനത്തിനായി വിവിധരംഗങ്ങളിൽ ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ നമുക്കേവർക്കും സാധിക്കണം.

ഈ കരട് പദ്ധതിരേഖ തയ്യാറാക്കാൻ സഹായിച്ച നഗരസഭ വൈസ് ചെയർമാൻ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ, കൗൺസിലർമാർ, മുനിസിപ്പൽ സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ, പ്ലാനിംഗ്സെൽ ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ, മറ്റ് നഗരസഭാ ജീവനക്കാർ തുടങ്ങിയ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹാദരങ്ങളോടെ,

(ഒപ്പ്)

**കുമാരി ദിയ ബിനു പുളിക്കകണ്ടം**

# അദ്ധ്യായം - 1

# നഗരസഭയുടെ വികസന സ്ഥിതി, അവസ്ഥാവിശകലനം

## സാമൂഹിക സാംസ്കാരിക ചരിത്രം

പാലായുടെ ചരിത്രം ശരിയായി അറിയുവാൻ കോട്ടയം ജില്ലയുടെ ചരിത്രം പൊതുവെ മനസ്സിലാക്കേണ്ടതുണ്ട്. ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്ക് പ്രദേശം പഴയ തെക്കുംകൂർ, വടക്കുംകൂർ എന്നീ രാജ്യങ്ങളുടെ ഏതാനും ഭാഗങ്ങളിലും മീനച്ചിൽ, പൂഞ്ഞാർ എന്നീ രാജ്യങ്ങളിലുമായി സ്ഥിതി ചെയ്തിരുന്നു. ആയതിനാൽ മീനച്ചിൽ താലൂക്കിന്റെ ആസ്ഥാനമായ പാലായുടെ ചരിത്രം അന്വേഷിക്കുന്നയാൾ കുറേ മുൻകാലചരിത്രം അറിയേണ്ടതുണ്ട്.

കുലശേഖരസാമ്രാജ്യകാലത്തിനു മുമ്പുള്ള കോട്ടയത്തെപ്പറ്റി ആധികാരികമായ രേഖകൾ നമുക്കു ലഭിച്ചിട്ടില്ല. വടക്കുംകൂർ തെക്കുംകൂർ രാജാക്കന്മാരുടെ കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം ആ പ്രയാസമില്ല. എന്നാൽ മീനച്ചിൽ, പൂഞ്ഞാർ രാജാക്കന്മാരുടെ കഥയും കൂടി ഉൾപ്പെടുത്തിയാലേ കോട്ടയത്തിന്റെ പൂർണ്ണ ചരിത്രമാവുകയുള്ളു.

പുരാതനകാലചരിത്രം

കോട്ടയവും പരിസരങ്ങളും ക്രിസ്ത്വബ്ദത്തിനു വളരെക്കാലം മുമ്പ് കടൽത്തീരമായിരുന്നെന്നു കരുതാൻ ന്യായങ്ങളുണ്ട്. വേമ്പനാട്ടുകായലിനു സമീപമുള്ള ചങ്ങനാശ്ശേരി, കോട്ടയം, വൈക്കം എന്നീ താലൂക്കുകൾ പണ്ടു വെള്ളത്തിനടിയിലായിരുന്നു. ചില സ്ഥലനാമങ്ങൾ ഈ വസ്തുത തെളിയിക്കുന്നു. കടലിലെ തുരുത്ത് എന്നർത്ഥമുള്ള കടുത്തുരുത്തിയും പുതിയ കര എന്ന വിവക്ഷയുള്ള വൈക്കവും ഉദാഹരണങ്ങളാണ്. പുരാതന തമിഴ് സാഹിത്യത്തിലെ പെരുന്തുറ വൈക്കമാണെന്നു കരുതുന്നവരുണ്ട്. വാണിജ്യത്തിനായി വന്നിരുന്ന വിദേശക്കപ്പലുകൾ നങ്കൂരമടിച്ചിരുന്നത് വൈക്കത്തെ പെരിയ തുറമുഖത്തായിരിക്കണം. കോട്ടയം ജില്ലയിലെ ചില സ്ഥലനാമങ്ങൾ പ്ലിനിയുടെയും ടോളമിയുടെയും ഗ്രന്ഥങ്ങളിൽ പരാമർശിക്കുന്നുണ്ട്. പുറക്കാടിന് ബക്കാറെ എന്നും അതിരമ്പുഴക്ക് അതരീമ എന്നും ചെമ്പിന് ചെമ്ന എന്നും അവർ പേർ രേഖപ്പെടുത്തിയിരിക്കുന്നു. ആനക്കൊമ്പ്, വീട്ടിത്തടി, ചന്ദനം, കുരങ്ങ്, മയിൽ, കുരുമുളക്, ഏലം, ഇഞ്ചി എന്നിവ കോട്ടയത്തുനിന്ന് വിദേശത്തേക്കു കയറ്റി അയച്ചിരുന്നു.

**കുലശേഖരകാലം**

എ.ഡി. 800 – 1102 വരെയുള്ള കുലശേഖര സാമ്രാജ്യകാലത്ത് കോട്ടയം പ്രസ്തുത സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നുവെന്ന് രേഖകളുണ്ട്. വാഴപ്പിള്ളിയിലെ രാജശേഖരലിഖിതങ്ങൾ (820-844) രാമവർമ്മകുലശേഖരന്റെ (1090-1102) പെരുന്നലിഖിതങ്ങൾ മുതലായവയാണ് അതിൽ പ്രധാനം. കുലശേഖരസാമ്രാജ്യകാലത്ത് നന്തുഴനാട്, മുഞ്ഞനാട്, വെമ്പലനാട്, എന്നിങ്ങനെ കോട്ടയത്തെ മൂന്നായി വിഭജിച്ചിരുന്നു. അവയുടെ അതിർത്തി വ്യക്തമായി നിർണ്ണയിക്കുന്ന രേഖകൾ ലഭിച്ചിട്ടില്ല. ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി താലൂക്കുകളും മീനച്ചിൽ താലൂക്കിന്റെ ഒരു ഭാഗവും ഹൈറേഞ്ച് മുഴുവനും ആലപ്പുഴ ജില്ലയിലെ തിരുവല്ല. ചെങ്ങന്നൂർ താലൂക്കുകളും ചേർന്നതായിരുന്നു നന്തുഴനാട്. കോട്ടയവും ഏറ്റുമാനൂരും മുഞ്ഞനാട്ടിൽ ഉൾപ്പെട്ടിരുന്നു. വൈക്കം താലൂക്കും മീനച്ചിൽ താലൂക്കിന്റെ ചില ഭാഗങ്ങളും ചേർന്നതായിരുന്നു വെമ്പലനാട്. ഈ മൂന്നു നാടുകളും കുലശേഖരസാമ്രാജ്യത്തിനു കീഴ്പ്പെട്ടിരുന്നു. മഹോദയപുരത്തെ ചേരചക്രവർത്തി നിയമിക്കുന്ന നാടുവാഴികളാണ് ഇവ ഭരിച്ചിരുന്നത്. വെമ്പലനാട്ടിൽ നിന്നാണ് വേമ്പനാട്ടുകായൽ എന്ന പേരുണ്ടായത്.

അവലംബം പാലാ നഗരസഭ സമഗ്രവികസന റിപ്പോർട്ട് 1996

**വടക്കുംകൂറും തെക്കുംകൂറും**

എ.ഡി. 1100 ൽ വെമ്പലനാട് തെക്കുംകൂർ, വടക്കുംകൂർ എന്നീ രണ്ടു രാജ്യങ്ങളായി വിഭജിക്കപ്പെട്ടു. അതിനുശേഷവും ഈ രണ്ടു രാജ്യങ്ങളിലെ രാജാക്കന്മാരെ ബിംബാലീസന്മാരെന്നു വിളിച്ചിരുന്നു. ഉണ്ണി നീലിസന്ദേശത്തിലും വടക്കും കൂർ രാജാക്കന്മാരെയും തലസ്ഥാനമായ കടുത്തുരുത്തിയെയും പറ്റി വിവരിക്കുന്നുണ്ട്. പോർട്ടുഗീസുകാർ 1498 ൽ കേരളത്തിൽ വന്നപ്പോൾ വടക്കുംകൂർ തെക്കുംകൂർ കേരളരാഷ്ട്രീയത്തിൽ വമ്പിച്ച സ്വാധീനം ചെലുത്തിത്തുടങ്ങിയിരുന്നു. ഇവയൊടൊപ്പം കോട്ടയം ജില്ലയുടെ വടക്കു കിഴക്കുഭാഗത്തു പൂഞ്ഞാർ മീനച്ചിൽ എന്നീ രണ്ടു രാജ്യങ്ങളും പ്രസിദ്ധമായിരുന്നു.

**തെക്കുംകൂറിന്റെ പ്രാരംഭകാലം**

കോട്ടയം ജില്ലയിലെ ഏറ്റവും പ്രബലമായ രാജ്യമായിരുന്നു തെക്കുംകൂർ. പഴയ വെമ്പലനാടിന്റെ

തെക്കേഭാഗമായ ഈ രാജ്യം വടക്കുംകൂറിന്റെ തെക്കുംഭാഗത്തു സ്ഥിതിചെയ്തിരുന്നു. കിഴക്ക് ഇല്ലിക്കൽ കൊടുമുടിയും പടിഞ്ഞാറ് വേമ്പനാട്ടുകായലും വടക്ക് കാണക്കാരി കുന്നും തെക്ക് കൈപ്പട്ടൂർ കടവുമായിരുന്നു അതിന്റെ അതിർത്തികൾ, വെന്നിമല, മണികണ്ഠപുരം, നാട്ടാശ്ശേരി, തളിയിൽ (താഴത്തങ്ങാടി എന്നിവടങ്ങളിൽ തെക്കുംകൂർ രാജാക്കന്മാർ മാറിമാറി തലസ്ഥാനം സ്ഥാപിച്ചിട്ടുണ്ട്. തെക്കുംകൂർ കൊച്ചിയുടെ സാമന്തരാജ്യമായിരുന്നെങ്കിലും പലപ്പോഴും പരസ്പരം കലഹിച്ചിട്ടുണ്ട്. അത്തരം കലഹങ്ങൾ വടക്കുംകൂറുമായും ഉണ്ടായിട്ടുണ്ട്. തമിഴ് കവി സീതാരാമൻ 18-സംസ്കൃത ചമ്പുവിൽ തെക്കുംകൂറും വടക്കുംകൂറും തമ്മിലുണ്ടായ യുദ്ധത്തെപ്പറ്റി വിവരിച്ചിരിക്കുന്നു.

**ഡച്ചുകാരും തെക്കുംകൂറും**

യൂറോപ്യന്മാരുടെ വരവിനുശേഷം അവരുമായി ഇതരരാജ്യങ്ങളെപ്പോലെതന്നെ തെക്കുംകൂറിനും ഏറ്റുമുട്ടേണ്ടിവന്നു. പോർട്ടുഗീസുകാർക്കും ഡച്ചുകാർക്കും തെക്കുംകൂറിൽ കാലുറപ്പിക്കുവാൻ കഴിഞ്ഞില്ല. ഡച്ചുകാർ കൊച്ചിപിടിച്ചടക്കിയ ഉടനെ (1163)തെക്കും കൂറുമായി ഒരു സന്ധിയിൽ ഏർപ്പെടുന്നതിന് ഹെന്റിക് വാന്റീസ് നിയോഗിക്കപ്പെട്ടു. പക്ഷേ ദൗത്യം പരാജയപ്പെട്ടു. തെക്കുംകൂറിലെ കുരുമുളകു കണ്ട ഡച്ചുകാർ പിന്നെയും തെക്കുംകൂറുമായി മൈത്രീബന്ധത്തിനു ശ്രമിച്ചു. 1664 ഏപ്രിൽ 19 ന് തെക്കുംകൂറിലെ കുരുമുളക് വാങ്ങിക്കാൻ അവകാശം സിദ്ധിച്ചുവെന്ന് ഡച്ച് പ്രതിനിധി ഹുസെറ്റർട്ട് ബെറ്റാവീയായിലേക്ക് റിപ്പോർട്ടു ചെയ്തു. ഒക്ടോബർ 1 ന് ഉണ്ടായ കരാർ അനുസരിച്ച് തെക്കുംകൂർ രാജാവ് തന്റെ രാജ്യത്തെ മുഴുവൻ കുരുമുളകും ഡച്ചുകമ്പനിക്ക് വിൽക്കാൻ നിർബന്ധിതനായി. പകരം തെക്കുംകൂറിൽ കറുപ്പു വിൽക്കാനുള്ള അനുമതി ഡച്ചുകമ്പനിക്കു കിട്ടി. അതേ സമയം തെക്കുംകൂറിൽ ഒരൊറ്റ കത്തോലിക്കാ പുരോഹിതനെയും പ്രവേശിപ്പിക്കരുതെന്നും സെന്തോമസ് ക്രിസ്ത്യാനികളുമായി മമത പുലർത്തിക്കൊള്ളണമെന്നും നിർബന്ധനയുമുണ്ടായിരുന്നു.

**വടക്കുംകൂറും ഡച്ചുകാരും**

വൈക്കം ഏറ്റുമാനൂർ പ്രദേശം, മീനച്ചിൽ താലൂക്കിന്റെ ഒരു ഭാഗം, തൊടുപുഴ, മൂവാറ്റുപുഴ, കുന്നത്തുനാട് താലൂക്കുകൾ, ചേർത്തല താലൂക്ക് എന്നിവ ഉൾപ്പെട്ടതായിരുന്നു വടക്കുംകൂർ രാജ്യം. തൊടുപുഴയും മൂവാറ്റുപുഴയും ആദ്യം കീഴ്മലനാടിന്റെ ഭാഗമായിരുന്നു. തൊടുപുഴയിലെ കാരിക്കോടായിരുന്നു കീഴ്മലനാടിന്റെ തലസ്ഥാനം 1600 ലാണ് അതു വടക്കുംകൂർ രാജ്യത്തു ലയിപ്പിച്ചത്.

വടക്കുംകൂർ രാജാക്കന്മാർ നായന്മാരായിരുന്നു. അനേകം താവഴികൾ ഉണ്ടായിരുന്നു. വിവിധ ഘട്ടങ്ങളിലായി വിവിധ സ്ഥലങ്ങളിൽ അവർ തലസ്ഥാനം സ്ഥാപിച്ചു. കടുത്തുരുത്തി, മാന്നാർ, കൈപ്പുഴ, ളാലം, വെള്ളിലാപ്പള്ളി, തൊടുപുഴ, വൈക്കം മുതലായവയായിരുന്നു ആ സ്ഥലങ്ങൾ, പോർട്ടുഗീസുകാരുടെ കാലത്തു വടക്കുംകൂറിൽ പ്രഗൽഭരായ ഭരണകർത്താക്കൾ ഉണ്ടായിരുന്നു. അക്കാലത്തു (1648) എഴുതപ്പെട്ട പള്ളിപ്പാട്ടുകളിൽ വടക്കുംകൂർ രാജാക്കന്മാർ ക്രിസ്ത്യാനികളുടെ ഉപയോഗത്തിന് പള്ളികൾ നിർമ്മിക്കാൻ ധനസഹായം ചെയ്തിരുന്നുവെന്ന് പറയുന്നുണ്ട്. പ്രധാനമായും കുരുമുളകു ലഭിക്കുവാൻ വേണ്ടിയാണ് ഡച്ചുകാർ വടക്കുംകൂറിനോട് മമത പുലർത്തിയിരുന്നത്. എങ്കിലും വടക്കുംകൂറിന്റെ ഏതാനും ഭാഗങ്ങൾ പിടിച്ചെടുക്കാൻ ഡച്ചുകാർ കരുക്കൾ നീക്കി. പക്ഷേ മാർത്താണ്ഡവർമ്മ (1729-1758) യുടെ നേതൃത്വത്തിലുള്ള തിരുവിതാംകൂർ പദ്ധതി പൊളിച്ചു. 1741 ൽ കൊളച്ചൽ യുദ്ധത്തിൽ ഡച്ചുസൈന്യത്തെ തിരുവിതാംകൂർ ദയനീയമായി തോല്പിച്ചു.

**വടക്കുംകൂറും തെക്കുംകൂറും തിരുവിതാംകൂറിൽ ചേർക്കുന്നു.**

വടക്കുംകൂർ തെക്കുംകൂർ രാജാക്കന്മാർ ഡച്ചുകാരുമായി മമതലായിരുന്നത് മാർത്താണ്ഡവർമ്മയെ സംശയാലുവാക്കി. കായകുളവും അമ്പലപ്പുഴയും പിടിച്ചടക്കിയതിനുശേഷം രാജാവ് തെക്കുംകൂറിന്റെയും വടക്കുംകൂറിയും നേരെ തിരിഞ്ഞു. തിരുവിതാംകൂർ സൈന്യം ക്യാപ്റ്റൻ ഡിലനായിയുടെ നേതൃത്വത്തിൽ തെക്കുംകൂറിലേക്കു മാർച്ചുചെയ്തു. നായർ മാടമ്പിമാരും ശിക്ഷണബോധമില്ലാത്ത പ്രഭുക്കന്മാരും ചേർന്നുള്ള തെക്കുംകൂർ സൈന്യത്തിന് ശത്രുവിനെപ്പോലെ കരുത്തില്ലായിരുന്നു. അതിനാൽ തെക്കുംകൂർ രാജാവ് ഒരു കൗശലം പ്രയോഗിച്ചു. ഒട്ടേറെ ബ്രാഹ്മണരെ സംഘടിപ്പിച്ച് അദ്ദേഹത്തിന്റെ സൈന്യത്തിന്റെ മുമ്പിൽ നിറുത്തി. ബ്രാഹ്മണരെ കൊല്ലുന്നത് വലിയ പാപമായിരുന്നല്ലോ. പക്ഷേ ബ്രാഹ്മണനായിരുന്ന രാമയ്യർ ദളവാതെക്കുംകൂർ സൈന്യത്തിനെതിരായി താഴ്ന്ന ജാതിക്കാരായ മുക്കവരെ സംഘടിപ്പിച്ചു മുന്നോട്ടയച്ചു. അയിത്തം ഭയന്ന് തെക്കുംകൂറിന്റെ സൈന്യം പിന്നാക്കം പാഞ്ഞു. 1749 സെപ്തംബറിൽ ചങ്ങനാശ്ശേരിയും ചുറ്റുമുള്ള പ്രദേശങ്ങളും തിരുവിതാംകൂർ സൈന്യത്തിന് പിന്തുണ പ്രഖ്യാപിച്ചു. അവരെല്ലാവരുംകൂടി കോട്ടയത്തേക്കു മാർച്ചുചെയ്തു തെക്കുംകൂർ രാജാവിന്റെ കോട്ട തകർത്തു. തെക്കുംകൂറിനെ 1749 ഡിസംബറിൽ തിരുവിതാംകൂറിനോടു ചേർത്തു. തുടർന്നു വടക്കുംകൂറിനെയും.

**പൂഞ്ഞാർ രാജാവ്**

വടക്കുകൂർ, തെക്കുംകൂർ രാജ്യത്തെപ്പോലെ തന്നെ പൂഞ്ഞാർ മീനച്ചിൽ രാജ്യങ്ങളെയും സ്വന്തം ഭരണത്തിൻ കീഴിലാക്കുന്നതിന് മാർത്താണ്ഡവർമ്മയ്ക്കു കഴിഞ്ഞു. പൂഞ്ഞാറിലെ പൂർവ്വരാജാക്കന്മാർ മധുരയിൽ നിന്നു വന്ന പാണ്ഡിരാജ്യക്കാരാണ്. അവിടെ നിന്നുവരുന്ന ആദ്യകുടിയേറ്റസംഘത്തിന്റെ നേതാവ് മാനവിക്രമകുലശേഖരപ്പെരുമാളായിരുന്നു. കുടിയേറ്റം നടന്നത് 1189 ലായിരിക്കുമെന്നാണ് ചരിത്രകാരന്മാർ ഊഹിക്കുന്നത്. വടക്കേമലബാറിൽ അലഞ്ഞുതിരിഞ്ഞ അവർ പിന്നീട് ഇടപ്പള്ളിയിൽ വന്നു. അവിടെ വച്ചു കുലശേഖരനും ഭാര്യയും മരിച്ചു. കുട്ടികളെയും ബന്ധുക്കളെയും മരണസമയത്ത് അവർ ഇടപ്പള്ളി രാജാവിനെയാണ് ഏല്പിച്ചിരുന്നത്. അതിൽ ഒരു രാജകുമാരിയെ സംബന്ധപ്രകാരം ഇടപ്പള്ളിരാജാവ് വിവാഹം ചെയ്തു. അങ്ങനെയാണ് പൂഞ്ഞാർ രാജകുടുംബം തമിഴ് ജീവിതരീതി വെടിഞ്ഞ് നാട്ടുകാരായത്. ഇടപ്പള്ളി രാജാവ് മരിച്ചപ്പോൾ പൂഞ്ഞാർ രാജകുടുംബത്തിലെ രാജ്ഞിക്ക് കൊച്ചി വിടേണ്ടിവന്നു. തെക്കോട്ടാണ് കുടുംബസമേതം രാജ്ഞി പുറപ്പെട്ടത്. വടക്കുംകൂറിലെത്തിയപ്പോൾ സീനിയർ രാജകുമാരനായ കുലശേഖരപെരുമാൾ രോഗിയായി. നാട്ടാശ്ശേരി നമ്പൂതിരിയുടെ ചികിത്സയാൽ ആരോഗ്യം വീണ്ടെടുത്തു. അപ്പോഴാണ് പൂഞ്ഞാർ പ്രദേശം വാങ്ങിക്കുവാൻ സാധിക്കുമെന്ന് കുലശേഖരപെരുമാൾ അറിഞ്ഞത്. അത് അന്ന് തെക്കുംകൂറിന്റെ കീഴിലായിരുന്നു. പൂഞ്ഞാർ പ്രദേശം മുഴുവൻ എല്ലാ അവകാശങ്ങളോടും മോടികളോടുംകൂടെ മാനവിക്രമകുലശേഖരനു കൈമാറ്റം ചെയ്തു. ഒരു ചെമ്പേടിയിൽ ഇതു സംബന്ധിച്ച കരാർ കൊത്തിരേഖപ്പെടുത്തിയിട്ടുണ്ട്. തെക്കുംകൂർ രാജാവിന്റെ സാന്നിദ്ധ്യത്തിലാണ് പൂഞ്ഞാറിൽ മാനവിക്രമകുലശേഖരന്റെ സ്ഥാനാരോഹണം നടന്നത്. പാണ്ടിയിൽ നിന്നു വന്ന കുടുംബത്തിന്റെ അവകാശികളുടെ ശൃംഖല അറ്റുപോയപ്പോൾ കൊടുങ്ങല്ലൂർ രാജകുടുംബത്തിന്റെ ഒരു ശാഖയായ സർക്കാർ കോവിലകത്തെ തലവനെ തെക്കുംകൂർ രാജാവിന്റെ അനുമതിയോടെ പൂഞ്ഞാർ രാജാവായി തെരഞ്ഞെടുത്തു.

തിരുവിതാംകൂറിനോടു ചേർക്കുന്നതിനുമുമ്പ് പൂഞ്ഞാർ ഒരു സ്വാതന്ത്രരാജ്യമായിരുന്നു. സംയോജനത്തിനുശേഷവും പീരുമേടുമുതൽ ദേവികുളം വരെ ഹൈറേഞ്ചിൽ ധാരാളം ഏക്കർ സ്ഥലം പൂഞ്ഞാർ രാജാവിനു സ്വന്തമായുണ്ടായിരുന്നു. ഈ പ്രദേശങ്ങൾ 15-ാം നൂറ്റാണ്ടിൽ തെക്കുംകൂറിൽ നിന്നു പൂഞ്ഞാർ രാജാവ് വാങ്ങിച്ചതാണ്. 19-ാം നൂറ്റാണ്ടിൽ തേയില കൃഷിചെയ്യുന്നതിന് ഹൈറേഞ്ചിലെ ഈ പ്രദേശം ഇംഗ്ലീഷുകാർ വാങ്ങിച്ചു. 1877 ജൂലൈ 11 ന് പൂഞ്ഞാർ രാജാവായ കേരളവർമ്മ വലിയരാജാവും ജോൺ ഡാനിയേൽ മൺറോയും തമ്മിൽ നടന്ന കരാറാണ് ഇന്നത്തെ കണ്ണൻ തേവൻ കുന്നുകൾ ഇംഗ്ലീഷ് ഉടമസ്ഥതയിലാകാൻ കാരണം. 227 ച. മൈൽ വിസ്തീർണ്ണമുള്ള ഈ പ്രദേശം 5000 രൂപയും വർഷംതോറം 3000 രൂപയും വാടകയും എന്ന വ്യവസ്ഥയിലാണ് നൽകിയത്.

**മീനച്ചിൽ രാജാവ്**

ഏറ്റവും ഒടുവിൽ മാർത്താണ്ഡവർമ്മ തിരുവിതാംകൂറുമായി യോജിപ്പിച്ചത് മീനച്ചിൽ രാജ്യമാണ്. ഞാവക്കാട്ട് കർത്താക്കളായിരുന്നു ഇതിന്റെ ഭരണാധിപന്മാർ. കുംഭകോണത്തെ വെങ്ങാലൂർ നിന്നു വന്ന ശ്രീദേവി അംബികാദേവി എന്നീ രണ്ടു സ്ത്രീകളിൽ നിന്ന് ഞാവക്കാട്ടു കുടുംബം ഉത്ഭവിച്ചു എന്നാണ് ഐതിഹ്യം. അവരെ വിവാഹം ചെയ്തുകൊണ്ടുവന്നത് എളങ്ങല്ലൂർ, ഏലമ്പ്രക്കാട്ട് എന്ന സ്വരൂപങ്ങളുടെ അധിപന്മാരായിരുന്നു. ശ്രീവീരദാമോദരസിംഹരൂ എന്നും ശ്രീവീരരാമസിംഹരൂ എന്നും രണ്ടു പുത്രന്മാർ അവർക്കുണ്ടായി. ശ്രീ വീരദാമോദരസിംഹരുവിനെയാണ് മീനച്ചിലിന്റെ അധിപനാക്കിയത്. മീനച്ചിലിനു വടക്ക് വേങ്ങാലൂരിൽ താമസിച്ചിരുന്ന ഇവരുടെ അമ്മമാർ പിന്നീട് മീനച്ചിൽ വന്ന് പഴേടത്തുപറമ്പിൽ താമസമാക്കി. ഈ ഐതിഹ്യത്തിനു ചരിത്രരേഖകളുടെ പിൻബലമില്ല. എങ്കിലും 11-ാം നൂറ്റാണ്ടിലെ ഒരു പെരുമാൾ ക്ഷേത്രലിഖിതത്തിൽ ഞാവർക്കാട് കുടുംബത്തിലെ എതിരൻക വീരനെപ്പറ്റി പരാമർശമുണ്ട്. അതുപ്രകാരം ഇദ്ദേഹം കുമ്പാനിമഠത്തിലെ കുടുംബത്തിലെ സ്ത്രീകളും നമ്പൂരി ബ്രാഹ്മണരും തമ്മിൽ വിവാഹബന്ധത്തിലേർപ്പെടുന്നതിനു കാരണമായിരുന്നിരിക്കണം. അടുത്തകാലം വരെ മീനച്ചിൽ ഞാവക്കാട് സ്ത്രീകൾ നമ്പൂതിരി ബ്രാഹ്മണരെ മാത്രമേ വിവാഹം ചെയ്തിരുന്നുള്ളു. അതിനാൽ ഞാവക്കാടു കുടുംബത്തിന്റെ ഉത്ഭവം എതിരൻകവിരനിൽ നിന്നാണെന്ന് ന്യായമായും ഊഹിക്കാം.

മീനച്ചിൽ രാജാക്കന്മാരുടെ മുഖ്യമന്ത്രി അറക്കൽ മേനോൻ കുടുംബത്തിൽ നിന്നും ധനകാര്യമന്ത്രി വളപ്പിൽ മേനോൻ കുടുംബത്തിൽ നിന്നുമായിരുന്നു. ഈ രണ്ടുപദവികളും പരമ്പരാഗതമായി കൈമാറിപ്പോന്നെങ്കിലും ഇന്ന് ആ കുടുംബങ്ങളില്ല. മീനച്ചിലും തെക്കുംകൂറും തമ്മിൽ പലപ്പോഴും യുദ്ധങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ യുദ്ധങ്ങളുടെ മുഖ്യരംഗം പാലായ്ക്കടുത്തുള്ള കടപ്പാട്ടൂരായിരുന്നു.

തിരുവിതാംകൂറിനോടു യുദ്ധം ചെയ്തിരുന്ന തെക്കുംകൂറിനെ ഞാവക്കാട്ടുകർത്താക്കൾ

സഹായിച്ചുകൊണ്ടിരുന്നു എന്ന കാരണത്താലാണ് മാർത്താണ്ഡവർമ്മ മീനച്ചിലും പിടിച്ചടക്കിയത്. തിരുവിതാംകൂർ സൈന്യം മീനച്ചിലിൽ പ്രവേശിച്ചപ്പോൾ മീനച്ചിൽ കർത്താക്കൾ കുടുംബാംഗങ്ങളൊടൊപ്പം വടക്കോട്ടു പലായനം ചെയ്തു. കോഴിക്കോട് സാമൂതിരിയുടെ പക്കലാണ് അവർ അഭയം തേടിയത്. ഇത് 1754 ലായിരിക്കമെന്നു കണക്കാക്കിയിരിക്കുന്നു. 1766 ൽ ഹൈദരാലി മലബാർ ആക്രമിച്ചപ്പോൾ കോഴിക്കോട് മീനച്ചിൽ രാജവംശത്തിലെ രണ്ടു സ്ത്രീകൾ മാത്രമേ അവശേഷിച്ചിരുന്നുള്ളു. ബാക്കിയുള്ളവരെല്ലാം തന്നെ മറ്റ് ഹൈന്ദവകുടുംബങ്ങളൊടൊപ്പം തിരുവിതാംകൂറിലേക്ക് ഓടി രക്ഷപ്പെട്ടിരുന്നു. ധർമ്മരാജാവ് ഇവർക്ക് തന്റെ രാജ്യത്ത് അഭയം നൽകി. മീനച്ചിലിനടുത്ത് മേവിടയിൽ അവർക്കായി ഒരു കെട്ടിടം പണിതുകൊടുത്തു. അന്നുമുതൽക്ക് ഞാവക്കാട് കുടുംബത്തിന് തിരുവിതാംകൂർ ഗവൺമെന്റിൽ നിന്ന് അടുത്തൂൺ ലഭിച്ചിരുന്നു. മാർത്താണ്ഡവർമ്മ കൂട്ടിച്ചേർത്ത നാട്ടുരാജ്യങ്ങൾ തിരുവിതാംകൂറിനോട് അഭേദ്യമായി ബന്ധിപ്പിക്കുന്നതിനാണ് ധർമ്മരാജാവ് (1758-1798) പരിശ്രമിച്ചത്. കോട്ടയം ജില്ല അന്നത്തെ തിരുവിതാംകൂറിന്റെ മൂന്നു ഡിവിഷനുകളിൽ ഒന്നായ നോർത്തേൺ ഡിവിഷന്റെ ഭാഗമായിരുന്നു.

## മീനച്ചിലാറ്

കൊടുങ്ങല്ലൂരിൽ പതിക്കുന്ന പെരിയാറിന് ഏകദേശം 58 മൈൽ തെക്കുമാറി ബാരീസാ എന്ന മറ്റൊരു നദിയുള്ളതായി ടോളമി രേഖപ്പെടുത്തിയിരിക്കുന്നു. പാലാ പട്ടണത്തിൽക്കൂടി ഒഴുകുന്ന മീനച്ചിലാറ് ആകാൻ പാടില്ലേ ഈ നദി എന്ന് തമിഴ് ചരിത്രപണ്ഡിതനായ കനകസഭാപതപ്പിള്ള സംശയിക്കുന്നു. (Tamil 1800 Years Ago-Page-19) വയസ്ക്കരയിലേക്ക് ജലമാർഗ്ഗം, പ്രസിദ്ധമായ പാലാ കുരുമുളക് കയറ്റി അയച്ചിരുന്ന സ്ഥലം ടോളമി രേഖപ്പെടുത്തിയിട്ടുള്ളത് പുന്നട്ട (Pounnatta) എന്ന പേരിലാണ്. മീനച്ചിലാറിന്റെ തീരത്തുള്ള പുന്നത്തുറ ആയിരക്കാനാണു സാദ്ധ്യത. വെള്ളച്ചാട്ടമില്ലാത്ത കേരളത്തിലെ ചുരുക്കം ചില നദികളിൽ ഒന്നാണ് മീനച്ചിലാറ്. പതനസ്ഥലം മുതൽ ഉദ്ഭവസ്ഥാനം വരെ ഗതാഗതയോഗ്യവുമാണ്. വയസ്ക്കരയിൽ നിന്നും വിദേശവ്യാപാരികളുടെ കച്ചവട നൗകകൾ പുന്നത്തുറവരെയോ കിഴക്ക് അരുവിത്തുറ വരെയോ വന്നുകൊണ്ടിന്നിരിക്കണം. ഈ നിഗമനത്തിനാധാരം കുരുമുളക് വ്യാപാരത്തിന് പ്രസിദ്ധമായ പാലാ, ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി തുടങ്ങിയ സ്ഥലങ്ങൾക്ക് മീനച്ചിലാറുമായുള്ള സാമീപ്യമാണ്. പാലാ അങ്ങാടി പ്രസിദ്ധമായതും കുരുമുളക് ഉൽപാദന വിപണനകേന്ദ്രം എന്ന നിലയാക്കായിരുന്നുവല്ലൊ. പാലായുടെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന ബസ് സ്റ്റേഷന്റെ ഇപ്പോഴത്തെ നിർഗ്ഗമന കവാടമായി ഉപയോഗിക്കുന്ന റോഡിന്റെ ആറ്റിൽനിന്നും മെയിൻ റോഡിൽ എത്തുന്നിടം വരെയുള്ള ഭാഗം കെട്ടുവള്ളങ്ങൾ അടുക്കാനും വള്ളക്കമ്പനി നടത്തുന്നതിനും ഉപയോഗിച്ചിരുന്നു. ലോറികളും മറ്റു ചരക്കുവാഹനങ്ങളും ധാരാളമായി ഉപയോഗിച്ചുതുടങ്ങിയതോടുകൂടി ജലഗതാഗതം തീരെ നിന്നുപോയി. തടിച്ചങ്ങാടങ്ങളും കെട്ടുവള്ളങ്ങളും വേനൽക്കാലത്തുപോലും ഈരാറ്റുപേട്ടവരെ കൊണ്ടുപോകുന്നതിന് മണൽനീക്കുന്നതിനുള്ള ചാലുമാന്തികൾ ഇല്ലാതായിട്ട് 80 വർഷം പോലും ആയിട്ടില്ല.

## പാലാ കമ്പോളത്തിന്റെ പൂർവ്വചരിത്രം

പാലാ പട്ടണത്തിന്റെ ആരംഭം ഇന്നു പലർക്കും അജ്ഞാതമാണ്. തമിഴ്നാട്ടിൽ നിന്നും കുടിയേറിപ്പാർത്ത ചെട്ടിയാന്മാരാണ് കമ്പോളം പണിയിച്ച് ഒരു കച്ചവട കേന്ദ്രമാക്കി തീർത്തത്. തുടർന്ന പാലാ അങ്ങാടിയുണ്ടായതും മറ്റു ബന്ധപ്പെട്ട കാര്യങ്ങളും ഇപ്രകാരമാണ്.

അരുണാപുരത്തുള്ള ആനക്കുളങ്ങര ദേവീക്ഷേത്രത്തിന്റെ നിർമ്മാണചരിത്രവും പാലാക്കമ്പോളത്തിന്റെ പൂർവ്വചരിത്രവും ബന്ധപ്പെട്ടുകിടക്കുന്നു. പൊന്മുത്തേൽ ശ്രീ കൃഷ്ണൻ ചെട്ടിയാരുടെ കൈവശമുണ്ടായിരുന്ന താളിയോല ഗ്രന്ഥത്തിൽ നിന്നും തുണ്ടത്തിൽ ശ്രീ കുഞ്ഞൻചെട്ടിയാർ നേരിട്ടു പകർത്തിയ രേഖകളിൽനിന്ന് “ഓല-1” കൊല്ലം 900-ാം മാണ്ട് തുലാമാസം 5-ാം തീയതി പാലാക്കമ്പോളം വയ്ക്കുന്നതിന് നിശ്ചയിപ്പാനായിട്ട് മീനച്ചിൽ ശാസ്താംകോവിൽനിന്നും മീനച്ചിൽ കർത്താവ് നീളലത്തുവാര്യത്തിരിക്കുമ്പോൾ ധർമ്മദൈവത്തിന്റെ കാര്യം അറിയിക്കത്ത വണ്ണമെല്ലാം പീടിക വയ്ക്കുന്നതിനും നിലം നിശ്ചയിക്കുന്നതിനും കൂടെ പാലാത്തു കൊച്ചെളയന്ത ചെട്ടിയാരും, കീച്ചേരിൽ പടുത്താൻചെട്ടിയാരും, ഇവർ ഏഴുപേരുംകൂടെ ളാലത്തു വാര്യത്തു ചെന്ന് കർത്താവിനെ കണ്ട് ആനക്കുളങ്ങര ഭഗവതിക്ക് ഇവിടെ ശ്രീകോവിലും അമ്പലവും പണിയിച്ച് പ്രതിഷ്ഠയും കലശവും കഴിപ്പിക്കായ്ക കൊണ്ടും വളരെ ശോദ്യം വന്നിരിക്കുന്നുവെന്നും ആയതിനു നിലം തരണമെന്നും എല്ലാപേരുംകൂടി അറിയിച്ചതിന്റെ ശേഷം എവിടം കൊള്ളാമെന്ന് (ഓല 2) നിശ്ചയം വരുത്തിയാൽ അവിടം തരാമെന്നും കൽപിച്ചു. ആയതിന്റെ ശേഷം അരുണാപുരത്തുള്ള ചെങ്ങരമ്യാൽ മൂന്നു പറ ഭഗവതിക്കായിട്ട് കൽപിച്ച് വരയ്ക്കയാനിക്കൽ പൂരംനാൾ പുറന്ന ഇട്ടിച്ചെട്ടിയാരുടെ കൈയിൽ ഇവരെല്ലാവരുംകൂടെ നിൽക്കുമ്പോൾ പറയും കൊടുത്തു. പീടികവെപ്പാനും അന്നുതന്നെ കാവളക്കുന്ന്

നാലുപേർക്കായിട്ട് കല്പിച്ചു വിട്ടുകൊടുത്തു. ഈ വകയ്ക്ക് 64 രാശി കാഴ്ചയും വച്ചു. പീടികയും വച്ച് പാലും കാച്ചി ഇരുന്നതിന്റെ ശേഷം കാവുപണിയുടെ കാര്യം കൊണ്ട് തയ്യിൽ തേവൻചെട്ടിയാരുടെ മുണ്ടുപാലത്തുങ്കൽ താണ്ടവൻചെട്ടിയാരും എലിക്കുഴിയിൽ കുഞ്ഞൻ (ഓല 3) ചെട്ടിയാരും, മുടവനാട്ടു രാമൻചെട്ടിയാരും ഇവരെട്ടുപേരും അവിടെ വച്ചു ഗുണദോഷം വിചാരിച്ചാറെ തട്ടാറാത്തു കാവിൽക്കൂടെ കിഴക്കു മുഖമായിട്ട് പണിയിച്ചിരുത്തണമെന്ന് മുണ്ടപാലത്തുങ്കൽ താണ്ടവൻ ചെട്ടിയാരു പറഞ്ഞതിന്റെ ശേഷം അവിടം പോരാ എന്നും കൽപിച്ചു തന്നിടത്തും തന്നെ പണിയിക്കണമെന്നും ശേഷം പേരുപറയ്ക കൊണ്ട് എല്ലാവർക്കും ബോധിച്ചത് ചെങ്ങര തന്നെ എന്നു നിശ്ചയിച്ച്.... (ആകെ ഓല 8, 7-ാം ഓല ഇല്ല)

ഇതിൻ പ്രകാരം പാലാ കമ്പോളത്തിന്റെ പ്രാരംഭപ്രവർത്തനം 900-മാണ്ട് തുലാമാസം 5-ാം തീയതി ആരംഭിച്ചെന്നും കാവളക്കുന്നിലാണ് (ഇന്നത്തെ ആശുപത്രിക്കുന്ന്, ചെട്ടിക്കുന്ന് എന്നു പറയപ്പെടുന്ന) ആദ്യം കെട്ടിടം പണിയിച്ചത് എന്നു തെളിയുന്നു. അവിടെ പീടികയും വച്ച് പാലും കാച്ചിയിരുന്നതിന്റെ ശേഷം 903 മാണ്ട് മകരമാസം 5-ാം തീയതിയാണ് അരുണാപുരത്തുള്ള ആനക്കുളങ്ങര ക്ഷേത്രത്തിന്റെ പണിയാരംഭിച്ചത്.

വേണാടു രാജാവായിരുന്ന ഉദയമാർത്താണ്ഡൻ എ.ഡി. 825 ൽ ഒരു സംവത്സരം പുതിയതായി ഉണ്ടാക്കാൻ തീരുമാനിക്കുകയും കൊല്ലത്ത് ജ്യോതിശാസ്ത്രസമ്മേളനം വിളിച്ചുകൂട്ടി 825 ൽ കൊല്ലവർഷം എന്ന മലയാള വർഷം ആരംഭിക്കുകയും ചെയ്തുവെന്നത് ചരിത്രം. ഇതനുസരിച്ച് പാലാക്കമ്പോളം 1725 ൽ ആരംഭിച്ചെന്നു കാണാം.

തുടർന്ന് 1736 ൽ അന്നു നാടുവാണിരുന്ന മീനച്ചിൽ കർത്താവാണ് മീനച്ചിലാറിന്റെ വടക്കേക്കരയിൽ തന്നെ ഏറ്റവും സൗകര്യപ്രദമായ സ്ഥലത്ത് പാലാ അങ്ങാടി (പഴയചന്ത) സ്ഥാപിച്ചത്. വ്യാപാരകാര്യങ്ങളിൽ വിദഗ്ദ്ധരായിരുന്ന ക്രൈസ്തവരെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു മുഖ്യലക്ഷ്യം. വ്യാപാരം പുഷ്ടിപ്പെടുന്നതോടെ നികുതിയിനത്തിലും മറ്റുമായി രാജ്യത്തിന്റെ വരുമാനം വർദ്ധിക്കുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അങ്ങാടിയുടെ സംരക്ഷണത്തിനുവച്ചിരുന്ന പടയാളികളുടെ കുതിരാലയം അടുത്ത കുന്നിൽ ഉണ്ടായിരുന്നതുകൊണ്ട് ലായം, ലാളവും തുടർന്ന് ളാലവും ആയതാവണം. അങ്ങാടിയിലെ സ്ഥിരതാമസക്കാരിൽ ബഹുഭൂരിപക്ഷവും ക്രൈസ്തവരായിരുന്നു. അവർ അടിക്കടി അഭിവൃദ്ധിപ്പെടുകയായിരുന്നു. 1752 ൽ വേണാടുരാജ്യത്തെ മാർത്താണ്ഡവർമ്മ മഹാരാജാവ് മീനച്ചിൽ പ്രദേശങ്ങൾ പടവെട്ടി പിടിച്ചതിനു ശേഷവും പിൽക്കാലത്തു നിയമവാഴ്ചയും വ്യവസ്ഥാപിത ഭരണവും പുനഃസ്ഥാപിതമായതോടെ ജനജീവിതം കൂടുതൽ സുരക്ഷിതമായിത്തീരുകയാണുണ്ടായത്. മതസൗഹാർദ്ദം നിലനിന്നിരുന്നു എങ്കിലും സ്വാതിതിരുനാൾ രാമവർമ്മ മഹാരാജാവിന്റെ ഭരണകാലത്ത് പാലായിൽ കുപ്രസിദ്ധമായ കുടവഴക്ക് ഉണ്ടാകാനിടയായി. പോർട്ടുഗീസുകാരുമായുണ്ടായ ദീർഘകാല സമ്പർക്കം കേരള ക്രൈസ്തവരുടെ ആചാരാനുഷ്ഠാനങ്ങളിൽ വലിയ പരിവർത്തനം വരുത്തിയിരുന്നു. പല പരിഷ്കൃത രീതികളും പകർത്തി. ബഞ്ച്, കസേര, മേശ തുടങ്ങിയ ഗൃഹോപകരണങ്ങൾ ഉപയോഗിച്ചുതുടങ്ങി. അതിനുമുമ്പ് നിലത്തിരുന്നാണ് എഴുത്തും വായനയും നടത്തിയിരുന്നതും ഭക്ഷണം കഴിച്ചിരുന്നതും. ഇന്നത്തേതുപോലെ മത്സ്യാമാംസാദികൾ പോർട്ടുഗീസുകാരുടെ വരവിനുമുമ്പ് ക്രൈസ്തവസദ്യകളിൽ വിളമ്പിയിരുന്നില്ല. മദ്യത്തിനു പ്രചാരം ലഭിക്കുകയും പള്ളിത്തിരുനാൾ സദ്യക്കുപോലും മദ്യം വിളമ്പുന്ന പതിവും നിലവിൽ വരികയും ചെയ്തു. പാലാ ചങ്ങനാശ്ശേരി രൂപതയിൽ ഉൾപ്പെട്ടിരുന്നകാലത്ത് രൂപാദ്ധ്യക്ഷൻ മാർ തോമസ് കുര്യാളശ്ശേരി പള്ളിത്തിരുനാളിന് മദ്യം വിളമ്പുന്ന പതിവ് നിരോധിക്കുകയുണ്ടായി.

സാമുദായികമായും സാംസ്കമായും സാമ്പത്തികമായും ക്രമാനുഗതമായുണ്ടായ പുരോഗതിയോടൊപ്പം ജനമദ്ധ്യേ അനുഭവപ്പെട്ടിരുന്ന രാഷ്ട്രീയാവശതകൾ പരിഹരിക്കുന്നതിനായി ഉടലെടുത്ത് നിവർത്തനപ്രക്ഷോഭണത്തിലും തുടർന്നുള്ള സ്വാതന്ത്ര്യ സമരത്തിലും പാലായിലെ ജനങ്ങൾ എന്നും നേതൃസ്ഥാനത്തു നിന്നിട്ടുണ്ട്.

വൈകിയാണെങ്കിലും പാലാ ഒരു മുനിസിപ്പൽ നഗരമായി പ്രഖ്യാപിക്കുകയും ഭാരതം സ്വതന്ത്രമാവുകയും ചെയ്ത കാലഘട്ടം പാലായുടെ പുരോഗമനവീഥിയിലെ ഒരു പ്രധാന നാഴികക്കല്ലായിരുന്നു എന്ന് കാണാൻ കഴിയും. തുടർന്നുള്ള സംഭവങ്ങളും വസ്തുതകളും അനുസ്മരിക്കുമ്പോൾ പാലായ്ക്ക് ഒരു സുവർണ്ണകാലം അന്നുമുതൽ ഉദയം ചെയ്തതായും കാണാം. തിരുവിതാംകൂർ മഹാരാജാവിന്റെ 11.02.1947-ലെ ROC No. 1760 B44LGA നമ്പർ ഗവ. വിജ്ഞാപനം മൂലം പാലാ മുനിസിപ്പാലിറ്റി രൂപം കൊണ്ടു. എങ്കിലും പ്രവർത്തനം ആരംഭിച്ചത് 24-11-1949 ൽ ആണ്. തൊട്ടുമുമ്പ് വില്ലേജ് യൂണിയൻ ആയിരുന്നു.

അന്നത്തെ നിയമനിർമ്മാണസഭയുടെ കാലത്ത് അന്നുണ്ടായിരുന്ന ശ്രീമൂലം പ്രജാസഭയിലേക്ക് മൂന്നു പ്രാവശ്യം തിരഞ്ഞെടുക്കപ്പെട്ട യശ. ജെ. തോമസ് കയ്യാലയ്ക്കകമായിരുന്നു വില്ലേജ് യൂണിയന്റെ ആദ്യത്തെ

ചെയർമാൻ. ഇന്നത്തെപ്പോലെ ഗ്രാമങ്ങൾ തോറും പഞ്ചായത്തുകളും പട്ടണങ്ങൾതോറും മുനിസിപ്പാലിറ്റികളും രൂപീകരിച്ചിരുന്നില്ല. ഇടത്തരം പട്ടണങ്ങളിൽ മാത്രം പഞ്ചായത്തുകൾ പ്രവർത്തിച്ചിരുന്നു. അപൂർവ്വം ചിലപട്ടണങ്ങളിൽ മാത്രം മുനിസിപ്പാലിറ്റികളും. ഇവ രണ്ടിനും അർഹതയില്ലാതിരുന്ന ചെറുപട്ടണമായിരുന്ന പാലായ്ക്ക് അനുവദിച്ചുകിട്ടിയ വില്ലേജ് യൂണിയന്റെ ചെയർമാൻ എന്ന നിലയിൽ ഇന്നു കാണുന്ന പലതിനും തുടക്കം കുറിച്ചത് അദ്ദേഹമാണ്. ആശുപത്രിക്കടവിന് തൊട്ടുമുകളിലായി മീനച്ചിലാറിനുകുറുകെ പാലം നിർമ്മിക്കാനുള്ള അനുവാദം ലഭിച്ചത് അദ്ദേഹത്തിന്റേയും കൂടി ശ്രമഫലമായാണ്. പ്രജാസഭമെമ്പറെന്നനിലയിൽ അന്നത്തെ ദിവാനായിരുന്ന മോറീസ് വാട്സിനെ സ്വാധീനിക്കാനും അനുവാദം വാങ്ങാനും അദ്ദേഹത്തിനുകഴിഞ്ഞു. പാലത്തിന്റെ പണി യഥാകാലം തുടങ്ങിയെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. പഴയരീതിയിലുള്ള ഒരു ഇരുമ്പു പാലമായിരുന്നു അത്. ആറ്റിൽ ഉറപ്പിച്ചിരുന്ന ഇരുമ്പുതൂണുകൾ വലിയ വെള്ളപ്പൊക്കത്തിൽ ഇളകി പോവുകയാണുണ്ടായത്. വളരെക്കാലങ്ങൾക്കുശേഷം തൊട്ടുതന്നെ ഇപ്പോഴത്തെ കോൺക്രീറ്റു പാലം നിർമ്മിക്കപ്പെട്ടു. പാലാ ആശുപത്രിയുടെ പ്രസവവാർഡുപണി കഴിപ്പിച്ചതും അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്. ആശുപത്രി നിർമ്മാണഫണ്ടിനുവേണ്ടി നാട്ടുകാരായ ചെറുപ്പക്കാരേയും ഏതാനും ഉദ്യോഗസ്ഥരെയും സംഘടിപ്പിച്ച് ഒരു നാടകസമിതി രൂപീകരിക്കാനും ടിക്കറ്റു വച്ച് അവരുടെ നാടകം നടത്താനും തയ്യാറായി. ആവശ്യമായി വന്ന തുകയുടെ വലിയൊരംശം സ്വന്തമായും ചിലവഴിച്ചു. മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള പരിശ്രമങ്ങളിലും അദ്ദേഹം പങ്കാളിയാണ്. വില്ലേജ് യൂണിയന്റെ ചെയർമാനായിരുന്ന യശ. ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളിയുടെ തുടർച്ചയായ ശ്രമം പാലാ മുനിസിപ്പാലിറ്റിയുടെ രൂപീകരണം സാദ്ധ്യമാക്കി.

മുനിസിപ്പാലിറ്റി രൂപം കൊണ്ടകാലത്ത് യശ. ആർ.വി. തോമസ് ആയിരുന്നു സ്ഥലത്തെ കോൺഗ്രസ് പാർട്ടി ലീഡർ. സർ സി.പി. രാമസ്വാമി അയ്യർ രാജ്യം വീട്ടെങ്കിലും കോൺഗ്രസിനോടുള്ള എതിർപ്പ് പലയിടത്തും നിലനിന്നിരുന്ന ഘട്ടമായിരുന്നു അത്. ശ്രീ ആർ. വി. തോമസിന്റെ സ്വാധീനം നിമിത്തമാണ് ആദ്യം നടന്ന മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ഉണ്ടാകാൻ ഇടയായത്. അംഗങ്ങൾ യോഗം ചേർന്ന് ശ്രീ ആർ.വി. യെത്തന്നെ ചെയർമാനായി തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ രാജദ്രോഹക്കേസിൽ ശിക്ഷിക്കപ്പെട്ട സാങ്കേതിക കാരണം കൊണ്ട് അദ്ദേഹത്തിന് പ്രസിഡന്റ്സ്ഥാനം വഹിക്കാൻ നിർവാഹമില്ലാതെവന്നു. മറ്റൊരാളെ തെരഞ്ഞെടുക്കാൻ നിർദ്ദേശമുണ്ടായെങ്കിലും കൗൺസിൽ വിസമ്മതിക്കുകയും ചെയ്തു.

ഈ പ്രതിസന്ധിയിൽ ഗവൺമെന്റിന്റെ ഒരു നോമിനി മുനിസിപ്പാലിറ്റിയുടെ പ്രവർത്തനം ഔപചാരികമായി നടത്തുകയാണുണ്ടായത്. അചിരേണ ശ്രീ ആർ.വി. തോമസ് തിരുവിതാംകൂർ ഭരണഘടനാനിർമ്മാണസഭാ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. അപ്പോഴേക്കും സാങ്കേതികമായി ഉണ്ടായിരുന്ന തടസ്സം നീങ്ങുകയും ചെയ്തു. എങ്കിലും മറ്റുജോലിയിൽ ഏർപ്പെട്ടതിനാൽ മറ്റൊരാളെ പ്രസിഡന്റായി തെരഞ്ഞെടുക്കേണ്ടതായും വന്നു. കൗൺസിൽ അംഗം പോലുമല്ലാതിരുന്ന യശ. ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളിയെ 1949 ഒക്ടോബർ 26-ാം തീയതി കോട്ടയം പേഷ്ക്കാർ ശ്രീ എ. കാസിമിന്റെ അദ്ധ്യക്ഷതയിൽ കൂടിയ കൗൺസിൽ യോഗത്തിൽ ഏകകണ്ഠമായി തിരഞ്ഞെടുത്തു. ആദ്യമായി ജന്മമെടുത്ത പാലാ മുനിസിപ്പാലിറ്റിയുടെ ആദ്യപ്രസിഡന്റായി ശ്രീ ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളി ഭരണഭാരം ഏറ്റെടുത്തു പ്രവർത്തിച്ചുതുടങ്ങി. രണ്ടാമത്തെ മുനിസിപ്പൽ തെരഞ്ഞെടുപ്പു ഘട്ടത്തിലാണ് അദ്ദേഹം ഇദംപ്രഥമായി തെരഞ്ഞെടുക്കപ്പെട്ടത്. എതിർസ്ഥാനാർത്ഥിക്ക് കെട്ടിവച്ചപണവും നഷ്ടമായി. ആയിരക്കണക്കിനു രൂപാ. സ്വന്തം കൈയ്യിൽ നിന്ന് ചെലവഴിച്ചണ് പ്രാരംഭഘട്ടത്തിൽ മുനിസിപ്പൽ ഭരണം മുന്നോട്ടുകൊണ്ടുപോയത്. ഫണ്ടനുവദിക്കാൻ കാലതാമസം നേരിട്ടപ്പോൾ ജീവനക്കാരുടെ ശമ്പളം അദ്ദേഹം തന്നെ കൊടുക്കുവാനും മടിച്ചില്ല. ഇക്കാലത്ത് പാലായിലെ വലിയപാലം (High Level Bridge എന്ന് അന്നു പറഞ്ഞിരുന്നു.) അനുവദിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതമായത്. സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭണത്തെത്തുടർന്ന് രൂപീകൃതമായ മന്ത്രിസഭയിൽ ശ്രീ ഇ.ജെ. ഫീലിപ്പോസ് മരാമത്തു വകുപ്പിന്റെ ചുമതല വഹിച്ചിരുന്നു. പാലത്തിന്റെ കാര്യം ശ്രദ്ധയിൽപ്പെടത്തിയപ്പോൾ ഫണ്ടിന്റെ കുറവ് പ്രതിബന്ധമായി. അതിനാൽ ടോൾ പിരിക്കണമെന്നുള്ള കൊട്ടുകാപ്പിള്ളിയുടെ ബദൽ നിർദ്ദേശം സ്വീകാര്യമായി അതനുസരിച്ച് പാലം പണിക്കുള്ള പണം മന്ത്രി നേരിട്ട് അനുവദിക്കുകയും ചെയ്തു. മീനച്ചിൽ നിവാസികളുടെ ചിരകാലാഭിലാഷമായിരുന്ന പാലത്തിന്റെ പണി യഥാകാലം പൂർത്തിയായി. അതിന്റെ ഉദ്ഘാടനം തിരുക്കൊച്ചി രാജപ്രമുഖനാണ് നിർവ്വഹിച്ചത്. മാർത്താണ്ഡവർമ്മക്കുശേഷം ഒരു തിരുവിതാംകൂർ രാജാവ് മീനച്ചിലിൽ കാലുകുത്തുന്നത് ആദ്യമാണ്. ഇതിന്റെ പിന്നിൽ രസകരമായ ഒരു കഥ (കെട്ടുകഥയുമാകാം) കേട്ടിട്ടുണ്ട്. തിരുവിതാംകൂർ മഹാരാജാവിന്റെ മേൽക്കോയ്മയുണ്ടായിരുന്ന മീനച്ചിൽ പ്രദേശം മാർത്താണ്ഡവർമ്മ പിടിച്ചടക്കിയപ്പോൾ താൻ മടങ്ങി വരുമ്പോൾ അതു തിരികെ നൽകാമെന്ന്

പരാജിതനായ നാടുവാഴിയോടു പറഞ്ഞുപോലും. ഈ വാഗ്ദാനം പാലിക്കാൻ തുടർന്ന് തിരുവിതാംകൂറിലെ ഒരു രാജാവും സ്ഥലത്തു വന്നിട്ടില്ല. രാജപ്രമുഖൻ എന്ന നിലയിൽ ചിത്തിര തിരുനാൾ ബാലരാമവർമ്മ 1953 ഏപ്രിൽ 19-ാം തീയതി പാലായിൽ വന്ന് പാലത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

1949 നവംബർ മാസത്തിൽ ഭാരതം ജനാധിപത്യഭരണരീതി സ്വീകരിച്ചു. 1950 ജനുവരി 26 മുതൽ ഭരണഘടന പ്രയോഗത്തിൽ വന്നു. 1955 ൽ കേന്ദ്രഗവണ്മെന്റിലേയും സംസ്ഥാന ഗവൺമെന്റുകളിലേയും ഭരണകക്ഷി സോഷ്യലിസം അതിന്റെ അടിസ്ഥാന നയവും ലക്ഷ്യവുവമായി പ്രഖ്യാപിച്ചു ജനാധിപത്യ സോഷ്യലിസ്റ്റ് ഭരണസ്ഥാപനങ്ങളുടെ ഘടനയും പുനഃസംവിധാനം രാഷ്ടീയ ഘടനയുടെ എല്ലാ ഘടകങ്ങളിലും ഒരഴിച്ചുപണി ആവശ്യമായിരുന്നു.

## മുനിസിപ്പാലിറ്റികളുടെ ആവിർഭാവവും വളർച്ചയും

തിരുവിതാംകൂർ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ ആവിർഭവിക്കുന്നത് 1096 ലെ രണ്ടാം റെഗുലേഷനിലൂടെ നിലവിൽ വന്ന നഗരോദ്ധാരണസമിതി (Town Improvement Committe) യിലൂടെയാണ്. 1096-ലെ മൂന്നാം റഗുലേഷൻ ഈ സമിതികൾക്ക് കൂടുതൽ അധികാരം നല്കുകയും സമിതിയിലെ പകുതി അംഗങ്ങളെ നികുതിദായകർ തെരഞ്ഞെടുക്കണമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. 1095 ലെ മുനിസിപ്പൽ റെഗുലേഷൻ V. മുനിസിപ്പൽ കൗൺസിലുകളുടെ അധികാരപരിധി വിപുലപ്പെടുത്തുകയും കൗൺസിൽ അനൗദ്യോഗിക ഭൂരിപക്ഷത്തിന് വ്യവസ്ഥ ചെയ്യുകയുമാണുണ്ടായത്. 1116 ലെ (1941) 23-ാം ആക്ടായ തിരുവിതാംകൂർ ഡിസ്ട്രിക്ട് മുനിസിപ്പാലിറ്റീസ് ആക്ട് വന്നതോടുകൂടി ഒരു രാജഭരണത്തിൽ അനുവദിക്കാവുന്നതിന്റെ പരമാവധി സ്വയം ഭരണാവകാശം മുനിസിപ്പാലിറ്റികൾക്കും ലഭിച്ചു. സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള തിരുവിതാംകൂറിലും തിരുകൊച്ചി വളർന്ന് കേരളത്തിലും 1947 ഓഗസ്റ്റ് 15 നും മുമ്പുള്ള മുനിസിപ്പൽ നിയമങ്ങളാണ് നിലവിലിരുന്നത്. 1961 ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്റ്റ് പഴയ നിയമങ്ങളിലെ നിയമവ്യവസ്ഥകൾ ഏതാണ്ട് അതേപടി ആവർത്തിക്കുകയും നികുതിഭാരം വർദ്ധിപ്പിക്കുകയും ചെയ്തതല്ലാതെ ജനാധിപത്യ സോഷ്യലിസ്റ്റ് സമൂഹഘടനയുടെ ആദ്യപടിയായി സ്വയം ഭരണസ്ഥാപനങ്ങളെ പുനസംവിധാനം ചെയ്തില്ല. എന്നാൽ ഇന്ത്യൻ ഭരണഘടനയുടെ 74-ാം ഭേദഗതിയനുസരിച്ച് 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലും ഭരണഘടനയിലും സോഷ്യൽ പ്ലാനിംഗ് എന്ന കാഴ്ചപ്പാട് ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് നമ്മുടെ മുനിസിപ്പാലിറ്റിയുടെ വളർച്ചയ്ക്ക് കൂടുതൽ അനുകൂലമായി ഒരു സ്ഥിതി സംജാതമാക്കിയിട്ടുണ്ട്.

പാലായുടെ ഒന്നാമതു പ്രസിഡന്റായി ഭരണഭാരം ഏറ്റ യശ. ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളിയുടെ നേതൃത്വത്തിൽ ഒന്നാമതു കൗൺസിലിന്റെ കാലം 13-12-1953 ൽ അവസാനിക്കുകയും 14-2-53 മുതൽ 1-3-53 വരെ കോട്ടയം സബ്കളക്ടർ തുടരുകയും രണ്ടാമതു കൗൺസിലിന്റെ പ്രസിഡന്റായി ശ്രീ ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളി 2-3-53 മുതൽ അദ്ദേഹം ഇന്ത്യൻ പാർലമെന്റ് മെമ്പറായ തിരഞ്ഞെടുക്കപ്പെടും വരെ 14-3-56 വരെ തുടരുകയും ചെയ്തു. തുടർന്നു വൈസ് ചെയർമാനായിരുന്ന അഡ്വ. എൻ.പി. കൃഷ്ണൻനായർ ചെയർമാന്റെ പദവികൂടി 30-11-53 വരെ അലങ്കരിച്ചു. 30-11-53 മുതൽ 14-3-56 വരെ യശ. കെ.സി. സെബാസ്റ്റ്യൻ മുനിസിപ്പൽ ചെയർമാനായിരുന്നു.

ഇക്കാലത്തെ ഒരു പ്രത്യേകത 21-1-1954 വരെ മുഴുവൻ കാര്യനിർവഹണാധികാരിയായും മുനിസിപ്പൽ ചെയർമാൻ സ്ഥാനം വഹിച്ചിരുന്നു എന്നുള്ളതാണ്. 22-1-54 മുതൽ കമ്മീഷണർ ഉദ്യോഗം പാലായിൽ നിലവിൽ വന്നു.

പാലാ നഗരസഭാ ഓഫീസ് രാമപുരം റോഡിലുള്ള വെള്ളരിങ്ങാട്ടു ബിൽഡിംഗിലാണ് ആദ്യം പ്രവർത്തനം ആരംഭിച്ചത്. യശ. ചെറിയാൻ ജെ. കാപ്പൻ ചെയർമാനായിരുന്ന അവസരത്തിൽ ഈ ഓഫീസ് ബസ്സ് സ്റ്റാന്റിനു സമീപമുള്ള ചെറുപുഷ്പം ബിൽഡിംഗിലേക്കു മാറ്റി സ്ഥാപിച്ചു. ശ്രീ തോമസ് ജോസഫ് കൊട്ടുകാപ്പള്ളി മുനിസിപ്പൽ ചെയർമാനായിരുന്നപ്പോഴാണ് ഇപ്പോഴുള്ള മുനിസിപ്പൽ ഓഫീസ് കെട്ടിടം നിർമ്മിച്ച് ആസ്ഥാനം മാറ്റിയത്. പാലാ വാട്ടർ സപ്ലൈസ്കീം, സ്റ്റേഡിയം, ടൗൺ ഹാൾ നിർമ്മിച്ചതും അദ്ദേഹത്തിന്റെ പ്രയത്ന ഫലമാണ്.

പിന്നീട് വന്ന വിവിധ ഭരണാധികാരികൾ അവരവരുടെ കാലത്ത് പല വികസനപ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുത്തു.

ശ്രീ മാണി സി. കാപ്പൻ എം.എൽ.എ., ശ്രീ ഫ്രാൻസിസ് ജോർജ്ജ് എം.പി., രാജ്യസഭാ എം.പി. ശ്രീ ജോസ് കെ. മാണി, എന്നിവരും പാലായുടെയും സമീപ പ്രദേശങ്ങളുടെയും മുഖഛായ മാറ്റുന്നതിന് നൽകിവരുന്ന സംഭാവനകൾ വലുതാണ്.

2025 ഡിസംബർ 26 ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ 26 അംഗ ഭരണസമിതിയാണ് നഗരസഭാ ഭരണത്തിന് ഇപ്പോൾ ചുക്കാൻ പിടിക്കുന്നത്. കുമാരി ദിയ ബിനു പുളിക്കക്കണ്ടം ആണ് നഗരസഭാ ചെയർപേഴ്സൺ. പാലാ നഗരസഭ എല്ലാ കാലത്തും പദ്ധതി നിർവ്വഹണത്തിൽ ജില്ലയിൽ മുൻപന്തിയിലും, സംസ്ഥാനതലത്തിലും മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. 14-ാം പഞ്ചവത്സരപദ്ധതി കാലയളവിൽ പാലാ നഗരസഭയിൽ അതിദരിദ്ര വിഭാഗത്തിൽ 6 ഗുണഭോക്താക്കളെ കണ്ടെത്തുകയും, ടി ഗുണഭോക്താക്കളെ അതിദരിദ്രമുക്തരാക്കിയിട്ടുള്ളതുമാണ്. കൂടാതെ പാർപ്പിടമേഖലയിൽ പി.എം.എ.വൈ. ലൈഫ് പദ്ധതി പ്രകാരം 239 ഭവനങ്ങൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതും 233 പേർ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, 220 ഭവനങ്ങൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ശേഷിക്കുന്നവ വിവിധ സ്റ്റേജുകളിൽ നിർമ്മാണം നടന്നുവരുന്നതുമാണ്.

## ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

**ഭൂപ്രകൃതി**

കോട്ടയം ജില്ലയിലെ അഞ്ചു താലൂക്കുകളിൽ ഏറ്റവും ഫലഭൂയിഷ്ടമായ താലൂക്കാണ് മീനച്ചിൽ. പ്രകൃതിരമണീയവും വിഭവസമൃദ്ധവുമായ ഒരു താലൂക്കിന്റേയും റവന്യൂ ഡിവിഷന്റെയും തലസ്ഥാനമാണ് പാലാ. ഭരണങ്ങാനം, മീനച്ചിൽ, മുത്തോലി, കരൂർ എന്നീ പഞ്ചായത്തുകളുടെ നടുവിൽ ഒരു മുനിസിപ്പൽ നഗരപ്രദേശമായി സ്ഥിതിചെയ്യുന്ന പാലായെ തെക്കേക്കരയെന്നും വടക്കേക്കരയെന്നും ഭാഗിക്കുന്നത് കുടയത്തൂർ മലകളിൽനിന്നുദ്ഭവിച്ച് കിഴക്കുനിന്നും പടിഞ്ഞാറോട്ട് ഒഴുകി വേമ്പനാട്ടുകായലിൽ പതിക്കുന്ന മീനച്ചിലാറാണ്. വീണ്ടും പാലായുടെ വടക്കേക്കരയെ വടക്കുനിന്നും ഒഴുകി പാലായുടെ ഹൃദയഭാഗത്തു സംഗമിക്കുന്ന ളാലം തോട് നടുവെ ഭാഗിക്കുന്നു. വടക്കുനിന്നും തെക്കോട്ട് ഒഴുകുന്ന പുലിയന്നൂർ തോട്, ളാലം, തോട്, മൂന്നാടി തോട്, ഇടപ്പാടി തോട് എന്നീവയും തോടുകളുംകൊണ്ട് ചുറ്റുമുള്ള പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റിയെയും പ്രകൃതി മനോഹരമായി ബന്ധിച്ചിരിക്കുന്നു. കേരളത്തിലെ 44 നദികളിൽ വെള്ളച്ചാട്ടമില്ലാത്ത ചുരുക്കം ചില നദിയുടെ 4.56 കിലോമീറ്റർ നീളം നീരൊഴുക്ക് പാലാ മുനിസിപ്പാലിറ്റി അനുഭവിക്കുന്നു. മഴക്കാലങ്ങളിൽ കലങ്ങിമറിഞ്ഞ ചന്ദനനിറത്തിൽ ഒഴുകുന്ന ആറ് മറ്റുകാലങ്ങളിൽ ചിലപ്പോൾ നിറഞ്ഞും ഇരുകരമുറ്റിയും ചിലപ്പോൾ അരയോളമോ മുട്ടറ്റമോ ആഴത്തിൽ ശുദ്ധമായ ജലം വഹിച്ചും ഒഴുകുന്നു.

മീനച്ചിലാറും ളാലം തോടും കൊണ്ട് മൂന്നായി പ്രകൃതിദേവീ വിഭജിച്ചു നല്കിയിരിക്കുന്ന പാലായുടെ പ്രധാനഭാഗമായ വടക്കുപടിഞ്ഞാറുഭാഗം പുത്തൻപള്ളിക്കുന്നും വടക്കു കിഴക്കു ഭാഗത്ത് കവീക്കുന്നും തെക്കുകിഴക്കേക്കരയിൽ കണ്ണാടിയുറുമ്പുകുന്നും സ്ഥിതിചെയ്യുന്നു. മീനച്ചിലാറിലെ ഒഴുക്കിന്റെ ഗതി കാണിക്കുന്നത് ആറ് ഒഴുകുന്ന പ്രദേശത്തെ സംബന്ധിച്ചിടത്തോളം കിഴക്കൻ പ്രദേശം ഉയർന്നും പടിഞ്ഞാറെ പ്രദേശങ്ങൾ താണും സ്ഥിതിചെയ്യുന്നു എന്നുള്ളതാണ്. അതുപോലെ തന്നെ വടക്കേ അതിർത്തിയിൽ നിന്നു ഒഴുകിവരുന്ന ളാലം തോട് കാണിക്കുന്നത് വടക്കൻ പ്രദേശം ടൗണിന്റെ ഹൃദയഭാഗത്തേക്കാൾ ഉയർന്നുനിൽക്കുന്നു എന്നുള്ളതാണ്. മുകളിൽ നിന്നു വീക്ഷിച്ചാൽ പാലാ മുനിസിപ്പൽ പ്രദേശം ടി മൂന്നു കുന്നുകളുടെ ഏതാണ്ട് മൂന്നു ഭാഗങ്ങളിലായി തുല്യ ദൂരത്തിൽ നിറുത്തി അവയ്ക്കിടയിലൂടെ ളാലം തോടിനെ ടൗണിന്റെ കേന്ദ്രത്തിൽ വച്ചു സ്വീകരിച്ച് പടിഞ്ഞാറോട്ട് ഒഴുകിക്കടന്നു പോകുന്ന മീനച്ചിലാറിനെയാണ്. വടക്കേക്കരയുടെ രണ്ടു ഭാഗങ്ങളെ തമ്മിൽ യോജിപ്പിക്കാൻ ളാലം പാലവും വടക്കേക്കരയും തെക്കേക്കരയും യോജിപ്പിക്കാൻ മീനച്ചിലാറിനുകുറുകെ വലിയപാലവും നിർമ്മിച്ചിരിക്കുന്നു.

മുനിസിപ്പൽ പ്രദേശം സ്ഥിതിചെയ്യുന്നത് അക്ഷാംശം 9°46'N ഉം രേഖാംശം 76°38'ഉം കാണിക്കുന്ന സ്ഥാനത്താണ്. കോട്ടയം ജില്ലയുടെ വടക്കുകിഴക്കേ കാൽഭാഗത്ത് കേന്ദ്രസ്ഥാനവും പാലായാണ്. വടക്കുഭാഗത്ത് കരൂർ പഞ്ചായത്തും കിഴക്കുഭാഗത്ത് ഭരണങ്ങാനം പഞ്ചായത്തും തെക്ക് മീനച്ചിൽ പഞ്ചായത്തും പടിഞ്ഞാറ് മുത്തോലി പഞ്ചായത്തും സ്ഥിതിചെയ്യുന്നു. ഭൂപ്രകൃതിയനുസരിച്ച് പാലായെ 3 മേഖലകളായി തിരിച്ചിരിക്കുന്നു. ഓരോ ഭാഗത്തും ഉയർന്ന കുന്ന്, ചരിവ് ഇടത്തരം ചരിവ്, നിരപ്പുഭൂമി, വെള്ളം കയറുന്ന മേഖല, വർഷകാലത്ത് വെള്ളവും വേനൽക്കാലത്ത് വറ്റിവരണ്ടുള്ള മണൽപ്രദേശമായി മാറുന്ന നദി എന്നിങ്ങനെ തിരിക്കാം.

ഇവിടത്തെ ശീതോഷ്ണാവസ്ഥ ഏറെക്കുറെ സുഖകരമാണ്. 21° ക്കും 32° ക്കും (സെൽഷ്യസ്) ഇടയിലാണ് ചൂട് അനുഭവപ്പെടുന്നത്. കാലവർഷവും തുലാവർഷവും കേരളത്തിലെ മറ്റു പ്രദേശങ്ങളിലെപോലെ തന്നെ. ശരാശരി മഴ 2840 മി.മീ. ആണ്. ഫല പുഷ്ടിയുള്ള പശിമരാശി മണ്ണും

ചെങ്കല്ലു കലർന്ന മണ്ണും പാറക്കൂട്ടങ്ങൾ അടങ്ങിയ കുന്നിൻ ചെരിവുകളിലെ ഇളക്കുകല്ലുകളോടുകൂടിയുള്ള ചുണ്ണാമ്പുമണ്ണും കാണപ്പെടുന്നു. വെള്ളപ്പൊക്കകാലത്ത് അടിഞ്ഞുകയാറാറുള്ള എക്കൽമണ്ണ് കിഴക്കൻ മലകളിലെ കൃഷി സമ്പ്രദായത്തിൽ വന്ന മാറ്റങ്ങൾ കൊണ്ട് അളവിൽ വളരെ കുറഞ്ഞിരിക്കുന്നു. 726 ഹെക്ടറോളം (അതായത് മുനിസിപ്പൽ പ്രദേശത്തിന്റെ 46%) റബ്ബർകൃഷി സ്ഥലങ്ങളും നദിക്കും മറ്റു നീരൊഴുക്കുകൾക്കുമായി 6% സ്ഥലവുമാണ്.

ജലമാർഗ്ഗമായി ചരിത്രാതീതകാലംമുതൽ ഗതാഗതയോഗ്യമായിരുന്ന മീനച്ചിലാറിന്റെ നീരൊഴുക്ക് ഇപ്പോൾ ജലഗതാഗതത്തിനു തീരെ യോജിക്കാത്തതായിരുന്നു. വേനലിൽ വരൾച്ച കഠിനമാകുന്നതോടുകൂടി ആറിന്റെ ഇരുകരകളിലെ കിണറുകളും വറ്റിപ്പോകുന്നു. 1983 ൽ വലിയ വരൾച്ച ഉണ്ടായി. വേനൽക്കാലത്ത് ദിവസേന കുടിവെള്ളത്തിനുപോലും അതിയായി വിഷമിക്കുന്ന സ്ഥിതി നിലവിലുണ്ട്. അതിരൂക്ഷമായ കാറ്റ് അപൂർവ്വമായ ഉണ്ടാകാറുള്ള മുനിസിപ്പൽ പ്രദേശത്തിന്റെ ആകെ വിസ്തീർണ്ണം 16.063 ച.കി.മീ.

## ജനപ്രകൃതി

2011 ലെ കാനേഷുമാരി കണക്കനുസരിച്ച് പാലാ മുനിസിപ്പൽ പ്രദേശത്തെ ജനസംഖ്യ 22056 ആയിരുന്നു. ഇതിൽ പുരുഷന്മാർ 10760 സ്ത്രീകൾ 11296.

96 ശതമാനം ആളുകളും സാക്ഷരരാണ്. വിദ്യാഭ്യാസരംഗം വളരെ മെച്ചമാണ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും ലക്ഷ്യമാക്കി മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. അഭ്യസ്തവിദ്യരിൽ തൊഴിലില്ലായ്മ അനുഭവിക്കുന്നവർ വളരെയുണ്ട് കാർഷികരംഗം തോട്ടവിളകളെ സംബന്ധിച്ചിടത്തോളം തരംതാണുപോയിരിക്കുന്നതാണ്. ന്യായമായ കൂലിക്ക് കൃഷിപ്പണിക്കാരെയും ലഭിക്കുന്നില്ല. അയൽ പ്രദേശങ്ങളിലെയും സ്ഥിതി വ്യത്യസ്തമല്ല. ആകയാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നു കൂടിയേറുന്നവരുടെ എണ്ണം (വന്നും പോയും ഇരിക്കുന്നവരാണെങ്കിലും) കൂടിവരുന്നു. അന്യസംസ്ഥാന തൊഴിലാളികളുടെ ഒരു പ്രധാന സ്ഥലമായി പാലാ മാറിയിട്ടുണ്ട്. വേഷവിധാനങ്ങളിലും ശീലങ്ങളിലും ഒട്ടോറെ മാറ്റങ്ങൾ വന്നിട്ടുണ്ട് വിദ്യാഭ്യാസസമ്പന്നരായ ഒട്ടേറെ യുവാക്കൾ വിദേശരാജ്യങ്ങളിൽ ജോയിചെയ്തുവരുന്നു. നഗസരസഭയിൽ ക്രിസ്ത്ര്യാനികളും ഹിന്ദുക്കളും മുസ്ലീങ്ങളും ഏകോദശ സോദരൻമാരെപ്പോലെ ജീവിച്ചു വരുന്നു. പാലാ ടൗൺ കപ്പേളയിലെ ജൂബിലി തിരുന്നാളും, ളാലം മഹാദേവക്ഷേത്രത്തിലെ ഉത്സവവും ജാതി വ്യത്യാസം മറന്ന് കൂട്ടായി ആഘോഷിക്കുന്നവയാണ്.

## ജലവിഭവം

ശരാശരി മഴ 2840 മി.മീ. ആണ്. ജൂൺ, ജൂലൈ മാസങ്ങളിൽ ഏറ്റവും കൂടുതലും ഫെബ്രുവരി , മാർച്ച് മാസങ്ങളിൽ ഏറ്റവും കുറവും മഴ ലഭിക്കുന്നു. മീനച്ചിലാറ് മുനിസിപ്പൽ പ്രദേശത്തിന്റെ മദ്ധ്യഭാഗത്തുകൂടി ഒഴുകുന്നു. ഹൃദയഭാഗത്ത് വച്ച് ളാലം തോട് മീനച്ചിലാറിൽ ചേരുന്നു. അർബൻ വാട്ടർ സപ്ലൈക്ക് വെള്ളം ശേഖരിക്കുന്നത് മീനച്ചിലാറ്റിൽ നിന്നാണ്. മിക്ക വീടിനും പൈപ്പുവെള്ളം ലഭിക്കുന്നസ്ഥിതിക്ക് സ്വാകാര്യക്കിണറുകൾ മുനിസിപ്പൽ പ്രദേശത്ത് 1284 എണ്ണവും മുനിസിപ്പൽ കിണറുകൾ രണ്ടെണ്ണവും കൂടി വെള്ളത്തിന് സഹായിക്കുന്നു. വരൾച്ചക്കാലത്തു നിർമ്മിക്കപ്പെട്ട 6 കുഴൽക്കിണറുകളിൽ ഒരെണ്ണമേ ഇപ്പോൾ പ്രയോജനം ചെയ്യുന്നതായുള്ളു. തോടുകളും മീനച്ചിലാറും കുടിവെള്ളത്തിനും കുളിക്കടവുകൾ നിർമ്മിച്ചു കുളിക്കാനും ഉപയോഗയോഗ്യമാണ്. വരൾച്ചക്കാലത്ത് വെള്ളം കുറയുമ്പോഴും വറ്റി ഒഴുക്കുതീർത്തുനിൽക്കുമ്പോഴും നഗരത്തിന്റെ അഴുക്കുചാലുകളിൽ കൂടി നിർഗ്ഗമിക്കുന്ന ജലരൂപത്തിലും ഖരരൂപത്തിലും ഉള്ള മാലിന്യങ്ങൾ നദിയിലേയും തോടുകളിലേയും വെള്ളം അശുദ്ധമാക്കുന്നു. പ്രശ്നപരിഹാരം താൽക്കാലികമായി സാധിക്കുമ്പോൾ പുതിയ പ്രശ്നങ്ങൾ ഉണ്ടാകാൻ കാരണമാകുന്നു.

മുഴുവൻ പട്ടണവാസികൾക്കും വന്നു പോകുന്ന ജനങ്ങൾക്കും (അടുത്തകാലത്തെ കണക്കെടുപ്പു പ്രകാരം ഒരു ലക്ഷം വരും) ആവശ്യമായ ശുദ്ധജലം ലഭിക്കുവാൻ മീനച്ചിലാറ്റിൽ തന്നെ പുതിയ സ്രോതസ്സുകൾക്ക് സ്ഥാനം നിശ്ചയിക്കേണ്ടിയിരിക്കുന്നു. ആവശ്യമുള്ള അടിയണയോ തടയണയോ കെട്ടി മീനച്ചിലാറ്റിൽ വെള്ളം സംഭരിച്ചു നിർത്തുവാനോ തുടർച്ചയായ വെള്ളം ഒഴുക്കിന് സംവിധാനങ്ങൾ ഏർപ്പെടുത്തുവാനോ സാദ്ധ്യതയുണ്ട്.

മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നു. മൂന്നു കുന്നുകൾ സ്ഥിതിചെയ്യുന്ന മൂന്നു പ്രദേശങ്ങൾക്കും ഇടയിലെ താഴ്വരകളിൽ ആറും തോടും ഉള്ളതിനാൽ ജലസ്രോതസ്സുകൾ യഥാകാലം ഉപയോഗിക്കുന്നു ക്ഷേത്രങ്ങൾക്ക് സ്വകാര്യകടവുകൾ ഉണ്ട്.

തുലാവർഷക്കാലത്തെ അതിശക്തമായ ചില മഴകളും കാലവർഷത്തിലെ കുറേമഴകളും നഗരത്തിലെ തെരുവുകൾ, ഓടകൾ, റോഡുകൾ എന്നിവ കഴുകി വൃത്തിയാക്കുന്നതിന് സഹായകമാകുന്നു. റോഡുകൾ മിക്കവാറും ടാർചെയ്തതോ മറ്റുവിധത്തിൽ വെള്ളം കിനിഞ്ഞിറങ്ങാത്തതോ ആയിരിക്കയാൽ ലഭിക്കുന്ന മഴ വെള്ളത്തിന്റെ വലിയ ഒരു ഭാഗം ആറ്റിലേക്കൊഴുകിപ്പോകുന്നു. ആഗിരണശേഷിയുള്ള മണ്ണ് ഉള്ളിടത്ത് വെള്ളം കെട്ടിനിൽക്കുന്നില്ല.

**ജനകീയാസൂത്രണം – ചരിത്രം**

ഭരണഘടനയുടെ 73, 74 ഭേദഗതികളെ തുടർന്ന് 1994 ലെ കേരളാ പഞ്ചായത്തിരാജ്, മുനിസിപ്പൽ നിയമങ്ങൾ നിലവിൽ വന്നതോടുകൂടി വികേന്ദ്രീകൃതാസൂത്രണത്തിനും, രണതലത്തിൽ ജനപങ്കാളിത്തത്തിനും പ്രസക്തി വർദ്ധിക്കുകയുണ്ടായി. ഇത് സുസാദ്ധ്യമാക്കുന്നതിന് വേണ്ടിയാണ് സംസ്ഥാന സർക്കാർ, 9-ാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ ജനകീയ പങ്കാളിത്തത്തോടെ ആസൂത്രണ നിർവഹണ പ്രക്രിയ ജനകീയാസൂത്രണപദ്ധതി എന്ന പേരിൽ നടപ്പിലാക്കുവാൻ തീരുമാനം എടുത്തത്. 1952 മുതൽ 8 പഞ്ചവത്സരപദ്ധതികളിലായി ഒട്ടേറെ പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിലും അവയിലൂടെ വേണ്ടത്ര വികസനം ഉദ്ദേശിച്ച വേഗതയിൽ കൈവരിക്കുവാൻ കഴിഞ്ഞിരുന്നില്ല എന്ന തിരിച്ചറിവിന്റെ കൂടി അടിസ്ഥാനത്തിലാണ് തികച്ചും വികേന്ദ്രീകൃതമായ രീതിയിലും സുതാര്യവുമായി ജനപങ്കാളിത്തത്തോടെയുള്ള ജനകീയാസൂത്രണപ്രസ്ഥാനം ആരംഭിക്കുവാൻ ഇടയായത്. 1996 ആഗസ്ത് 17 നാണ് ചരിത്രപ്രധാനമായ ഈ സംരംഭം ആരംഭിച്ചത്. കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രി ഇ.എം.എസിന്റെ നേതൃത്വത്തിൽ, അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ, പ്രതിപക്ഷനേതാവ്, മന്ത്രിമാർ, മുൻമന്ത്രിമാർ, വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, മറ്റ് ജനപ്രതിനിധികൾ, വിവിധ മേഖലകളിലെ വിദഗ്ധർ, ബഹുജനസംഘടനാ പ്രവർത്തകർ എന്നിവർ എല്ലാവരും ഉൾക്കൊള്ളുന്ന 400 പരം അംഗങ്ങളുള്ള ഒരു ഉന്നതാധികാരസമിതിയും, മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു നിർവഹണ സമിതിയും ഇതിനായി രൂപീകരിക്കപ്പെട്ടു. ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ഐ.എസ്. ഗുലാത്തിയുടെ മേൽനോട്ടത്തിലാണ് പ്രാരംഭ പ്രവർത്തനങ്ങൾ നടന്നത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, സംസ്ഥാന ആസൂത്രണ ബോർഡിന്റെയും സംയുക്ത മേൽനോട്ടത്തിലാണ് ജനകീയാസൂത്രണപദ്ധതി പ്രധാനമായും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്.

ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമായി സംസ്ഥാന ബജറ്റിന്റെ അടങ്കൽ തുകയുടെ മൂന്നിലൊന്ന് ഭാഗം പ്രാരംഭവർഷങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു വേണ്ടി മാറ്റിവെയ്ക്കുകയുണ്ടായി. തുടർന്നുള്ള വർഷങ്ങളിൽ 40% വരുന്ന ബജറ്റ് വിഹിതം ജനകീയാസൂത്രണ പദ്ധതിയിൻകീഴിലേക്ക് വകയിരുത്തുകയുണ്ടായി. സാമ്പത്തിക വികേന്ദ്രീകരണത്തിനു പുറമേ, വികസന പരിപാടികൾ രൂപകൽപ്പന നടത്തുന്നതിലും, അവയുടെ നിർവഹണത്തിലും വിവിധ തലങ്ങളിൽ പൂർണ്ണമായ തോതിൽ ജനപങ്കാളിത്തവും, സുതാര്യതയും ഉറപ്പാക്കുന്നതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സമ്പൂർണ്ണ ജനാധിപത്യരീതി അവലംബിക്കുവാൻ കഴിഞ്ഞു എന്നത് ജനകീയാസൂത്രണ പദ്ധതിയുടെ പ്രധാന നേട്ടങ്ങളിൽ ഒന്നാണ്. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലും നഗരസഭാ പ്രദേശങ്ങളിലും തികച്ചും നൂതനവും, സുതാര്യവും സമഗ്രവികസനത്തിന് ഉതകുന്നതുമായ ഒട്ടേറെ മാതൃകകൾ പദ്ധതിയിലൂടെ സൃഷ്ടിച്ചിട്ടുണ്ട്. അവ ലോകമെമ്പാടുമുള്ള വിദഗ്ധരുടെ ഉൾപ്പെടെ മുക്തകണ്ഠം പ്രശംസയ്ക്ക് പാത്രമായിട്ടുള്ളതുമാണ്. ഇതിലുപരി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ബഹുജനസംഘടനകളുടെയും സമീപനങ്ങളിലും കാഴ്ചപ്പാടിലും ഗുണകരമായ രീതിയിൽ വികസനോമുഖവും ജനാധിപത്യപരവുമായ മാറ്റം വരുത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നതും പ്രത്യേകം പ്രസ്താവ്യമാകുന്നു.

9-ാം പഞ്ചവത്സരപദ്ധതി, അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യം ഉയർത്തി തികച്ചും ക്യാമ്പയിൻ മാതൃകയിൽ നടപ്പിലാക്കുന്നതിനാണ് പ്രാമുഖ്യം നൽകിയിരുന്നതെങ്കിൽ, തുടർന്നുള്ള 10-ാം പഞ്ചവത്സരപദ്ധതിയിൽ 9-ാം പദ്ധതിയിലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കുറവുകളും പോരായ്മകളും പരിഹരിച്ച് പദ്ധതി നിർവഹണം കുറ്റമറ്റതാക്കുന്നതിനും, കൈവരിച്ച നേട്ടങ്ങളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ അവ സ്ഥാപനവൽക്കരിച്ച് കൂടുതൽ ശക്തിയുക്തം ആസൂത്രണ പ്രക്രിയ മുന്നോട്ട് കൊണ്ടുപോകുന്നതിനാണ് ശ്രദ്ധവച്ചത്. കാർഷിക മേഖലയിലും, പരമ്പരാഗത ചെറുകിട വ്യാവസായിക മേഖലയിലും ഉൽപ്പാദന വർദ്ധനവ്, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പ്രകൃതി വിഭവ മാനേജ്മെന്റും, സംയോജിത ഏരിയ വികസനവും, ആരോഗ്യം, കുടിവെള്ളം, വിദ്യാഭ്യാസം, ശുചിത്വം, ഖരമാലിന്യ നിർമ്മാർജ്ജനം, വികലാംഗക്ഷേമം തുടങ്ങിയ മേഖലകളിൽ മെച്ചപ്പെട്ട സേവനം, ഭരണരംഗത്ത്

ഉത്തരവാദിത്വവും, സുതാര്യതയും, ജനപങ്കാളിത്തം ഉറപ്പാക്കൽ, വിഭവ വിനിയോഗത്തിൽ കാര്യക്ഷമത തുടങ്ങിയ ലക്ഷ്യങ്ങൾക്കാണ് ഊന്നൽ നൽകിയിരുന്നത്.

2007-12 കാലയളവിൽ നടപ്പിലാക്കിയ 11-ാം പഞ്ചവത്സരപദ്ധതിക്കാലയളവിൽ, ഒൻപതും, പത്തും പദ്ധതിക്കാലയളവിലെ നടത്തിപ്പിൽ അനുഭവപ്പെട്ട ന്യൂനതകൾ പരിഹരിച്ച് വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ സുസ്ഥിരമാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ടി പദ്ധതിക്കാലയളവിൽ കൃഷി പുനരുദ്ധാരണം, പൊതുസേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ദരിദ്രജനവിഭാഗങ്ങൾക്ക് മുൻഗണന നൽകി പ്രാദേശിക സാമ്പത്തിക വികസനം കൈവരിക്കൽ, സത്ഭരണം എന്നിവയ്ക്ക് മുൻഗണന നൽകിയിരുന്നു. പ്രസ്തുതകാലയളവിൽ തന്നെ ജലവിതരണ പരിപാടികൾ സാർവ്വത്രികമായി വ്യാപിപ്പിച്ച് എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുവാനും ഖരമാലിന്യ പരിപാലനത്തിന് മുൻഗണന നൽകുന്ന സമ്പൂർണ്ണ ശുചിത്വ പരിപാടികൾ ഏറ്റെടുക്കുവാനും സംയോജിത ഭവന പരിപാടിയായ ഇ.എം.എസ് ഭവന നിർമ്മാണപദ്ധതിയിലെ പ്രവർത്തനങ്ങൾക്കും, സംയോജിത ഊർജ്ജസംരക്ഷണ പദ്ധതികൾക്കും സംസ്ഥാനതലത്തിൽ തന്നെ പ്രാമുഖ്യം നൽകിയിരുന്നു. തുടർന്ന് 2012-13 വർഷം ആരംഭിച്ച 12-ാം പദ്ധതിക്കാലയളവിൽ പ്രാദേശിക വികസനവും, സാമൂഹ്യനീതിയും സാദ്ധ്യമാക്കുവാൻ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാണ് പ്രാധാന്യം നൽകിയിരുന്നത്. ഉൽപ്പാദനമേഖലയുടെ സ്ഥായിയായ വളർച്ചക്കും, ഭക്ഷ്യവിളകൾ, പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും അവയുടെ സംസ്ക്കരണം, വിപണനം എന്നിവയ്ക്ക് സംവിധാനം ഒരുക്കുന്നതിനും, ആരോഗ്യം, വിദ്യാഭ്യാസം, സ്ഥായിയായ തൊഴിൽ എന്നീ മേഖലകൾക്ക് പ്രത്യേക ഊന്നൽ നൽകുവാനും, സാമൂഹ്യനീതി, സേവനമേഖലയുടെ മെച്ചപ്പെടുത്ത എന്നിവയ്ക്കും മുന്തിയ പരിഗണന നൽകിയിരുന്നു. ഈ പദ്ധതിക്കാലയളവിൽ ദീർഘകാല വികസന ലക്ഷ്യങ്ങൾ മുന്നിൽകണ്ട് ഏറ്റെടുക്കാവുന്ന പദ്ധതികളുടെ സംഗ്രഹം തയ്യാറാക്കുകയും, ഓരോ വർഷവും രണ്ടു വർഷത്തേക്കുള്ള ദ്വിവർഷ പ്രോജക്ടുകൾ രൂപകൽപ്പന നടത്തുകയും ചെയ്തിരുന്നു.

14-ാം പഞ്ചവത്സര പദ്ധതിക്കാലയളവിലെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്, തുടർച്ചാ സാധ്യതയുള്ള പരിസ്ഥിതിരക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യനീതി മുറുകെപ്പിടിക്കുന്ന സാമ്പത്തിക വളർച്ചയുടെ ഉയർന്ന തലത്തിലേക്ക് കേരളത്തെ എത്തിക്കുക എന്ന ഉയർന്ന ഗുണനിലവാരമുള്ളതായിരുന്നു. പശ്ചാത്തലസൗകര്യങ്ങൾ, മെച്ചപ്പെട്ട മനുഷ്യവിഭവശേഷി, പരിസ്ഥിതി വൈവിദ്ധ്യം, മതനിരപേക്ഷത, സമുദായ സൗഹാർദ്ദം, സമാധാനാന്തരീക്ഷം എന്നിവ ഉയർത്തിക്കാണിച്ചുകൊണ്ട് നിക്ഷേപം ആകർഷിക്കുകയും ഒപ്പം പൊതുനിക്ഷേപം ആകർഷിച്ച് ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്യുന്ന ബദൽ സമീപനരീതിയ്ക്കാണ് 13-ാം പഞ്ചവത്സരപദ്ധതി പ്രധാനമായും വിഭാവനം ചെയ്യ്തത്.

പദ്ധതി രൂപീകരണത്തിലും, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിലും പ്രവർത്തികളുടെ മോണിട്ടറിംഗിലും പൊതുജനങ്ങളുടെ പങ്കാളിത്തവും വാർഡ്സഭകളുടെ ഇടപെടലുകളുമാണ് ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളെ സവിശേഷമാക്കുന്നത്. 1952 മുതൽ 1995 വരെയുള്ള കാലയളവിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞതിന്റെ അനവധി മടങ്ങ് ചെറുതും, വലുതുമായ പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ജനകീയാസൂത്രണ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്.

ജനകീയാസൂത്രണപദ്ധതിയുടെ നടത്തിപ്പിൽ വളരെ അഭിമാനാർഹമായ പ്രവർത്തനങ്ങളും നേട്ടങ്ങളുമാണ് നമ്മുടെ നഗരസഭയ്ക്കും പങ്കുവയ്ക്കുവാനുള്ളത്. 1997-98 മുതൽ വളരെ ചിട്ടയായ രീതിയിലും സമയബന്ധിതമായും വാർഷിക പദ്ധതികൾ തയ്യാറാക്കി അംഗീകാരം നേടുന്നതിനും പ്രോജക്ടുകളുടെ നിർവ്വഹണം പൂർത്തീകരിക്കുവാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ജില്ലയിലെ പ്രഥമ സ്ഥാനത്തും സംസ്ഥാനത്തെ തന്നെ ഏറ്റവും മികച്ച നഗരസഭകളിൽ ആദ്യസ്ഥാനങ്ങളിലൊന്ന് നിലനിർത്തുവാനും നമുക്ക് എക്കാലത്തും കഴിഞ്ഞിട്ടുണ്ട്. ഇതിലുപരി വളരെ നൂതനവും ഗുണനിലവാരമുള്ളതുമായ പ്രോജക്ടുകൾ ഏറ്റെടുത്ത് മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയാകുവാനും പാലാ മുനിസിപ്പാലിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ, എടുത്തു പറയത്തക്ക വിവാദങ്ങളില്ലാതെ തികച്ചും ജനാധിപത്യപരവും, സുതാര്യവും ജനോപകാരപ്രദവുമായ പദ്ധതി പ്രവർത്തനങ്ങൾക്കാണ് നാം സാക്ഷ്യം വഹിച്ചിട്ടുള്ളത്.

കേരളത്തിന്റെ അഭിമാനമായ ജനകീയാസൂത്രണം 5 പഞ്ചവത്സരപദ്ധതികൾ പിന്നിട്ട് 2022-27 കാലയളവിലേക്കുള്ള 14-ാം പഞ്ചവത്സര പദ്ധതിയിൽ നാം എത്തിച്ചേർന്നിരിക്കുന്നു. പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായി മാറ്റുക എന്നതാണ് 14-ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം.

# അദ്ധ്യായം - 2

# വാർഷിക പദ്ധതി അവലോകനം

കഴിഞ്ഞ പഞ്ചവത്സരപദ്ധതിക്കാലത്ത് പ്രാവർത്തികമാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തി പ്രവർത്തന കമ്മറ്റികൾ തയ്യാറാക്കിയ റിപ്പോർട്ടിലെ പ്രധാന നേട്ടങ്ങളും, കോട്ടങ്ങളും ചുവടെ മേഖലാ അടിസ്ഥാനത്തിൽ ഇനംതിരിച്ച് പ്രതിപാദിക്കുന്നു.

## 1. കൃഷിയും അനുബന്ധമേഖലകളും & 2. മൃഗ സംരക്ഷണവും ക്ഷീര വികസനവും

കൃഷി വികസനത്തിനായി നാളിതുവരെ 21,31,432 രൂപ 14-ാം പഞ്ചവത്സരപദ്ധതികാലത്ത് ചിലവാക്കിയിട്ടുള്ളതാണ്. ടി കാലയളവിൽ 56015 പച്ചക്കറി തൈകൾ, 300 ചെമ്പടാക്ക് പ്ലാവിൻ തൈകൾ, 10570 കുറ്റി കുരുമുളക് തൈകൾ, 548 കിഴങ്ങുവർഗ്ഗങ്ങൾ, വിവിധയിനം ഫലവൃക്ഷ തൈകൾ എന്നിവ 14-ാം പഞ്ചവത്സര പദ്ധതിയുടെ വിവിധ കാലഘട്ടങ്ങളിൽ വിതരണം ചെയ്തിട്ടുള്ളതാണ്.

വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കുവേണ്ടി വിത്തും ജൈവ വളവും, ഗ്രോബാഗ് എന്നിവ വിതരണം ചെയ്തത് സാധാരണ ജനങ്ങൾക്കും വീട്ടമ്മമാർക്കും പ്രചോദനം നൽകുകയുണ്ടായി. കുരുമുളക് കൃഷിക്ക് പ്രത്യേക പ്രോത്സാഹനവും, തെങ്ങ് കൃഷി വികസനത്തിന് വേണ്ടി ജലസേചനത്തിന് പമ്പ് സെറ്റ് സബ്സിഡി നൽകിയതും കർഷകർക്ക് ഏറെ പ്രയോജനകരമായി.

മൃഗസംരക്ഷണ മേഖലയിൽ മികച്ച നേട്ടം കൈവരിക്കുവാൻ 14-ാം പഞ്ചവത്സര പദ്ധതി കാലത്ത് നഗരസഭയ്ക്ക് സാധിച്ചു. ഗവ. മൃഗാശുപത്രിയിൽ ഓപ്പറേഷൻ തിയേറ്റർ നിർമ്മിക്കുന്നതിന് 1347223/-രൂപ ചിലവഴിച്ചു. പേവിഷബാധ നിർമ്മാർജ്ജനം, എ.ബി.സി. പ്രോഗ്രാം എന്നിവ ടി പദ്ധതി കാലയളവിലെ വിവിധ വർഷങ്ങളിൽ ഉൾപ്പെടുത്തി മികച്ച രീതിയിൽ നിർവ്വഹിക്കുവാൻ സാധിച്ചു. മുട്ടക്കോഴി വിതരണം, ആട്ടിൻകുഞ്ഞ് വിതരണം എന്നിവയും നടത്തിലാക്കാൻ സാധിച്ചു. പ്രത്യേക കന്നുകുട്ടി പരിപാലനം എന്ന പരിപാടിയിലൂടെ 6 മാസം പ്രായമുള്ള കിടാരികൾക്ക് പോഷക കാലിത്തീറ്റ നൽകുന്ന പദ്ധതി വിജയകരാമയി നടപ്പിലാക്കി.

ടി മേഖലകളിൽ വിജയകരമായി പൂർത്തിയാക്കിയ ചില പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2017-18

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽതുക | ചിലവഴിച്ച തുക |
|---|---|---|---|---|
| 1 | 173/17-18 | സമഗ്രകൃഷി വികസനം | 462500 | 97750 |
| 2 | 176/17-18 | നെല്ല്കൃഷിയ്ക്ക് കൂലിച്ചിലവ് സബ്സിഡി | 34000 | 34000 |
| 3 | 177/17-18 | പഴവർഗ്ഗകൃഷി വികസനം (ചെമ്പടാക്ക്) | 180000 | 67500 |

2018-19

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചിലവഴിച്ച തുക |
|---|---|---|---|---|
| 1 | 13/18-19 | നെൽ കൃഷിയ്ക്ക് കൂലിച്ചിലവ് സബ്സിഡി | 51000 | 42500 |
| 2 | 14/18-19 | ജലസേചന പമ്പ്സെറ്റ് സബ്സിഡി നൽകൽ | 520000 | 27900 |
| 3. | 313/18-19 | കൃഷി ഭവനിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ/ഫർണിച്ചർ വാങ്ങൽ | 80000 | 80000 |

2019–20

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചിലവഴിച്ച തുക |
|---|---|---|---|---|
| 1 | 90/19–20 | നെൽ കൃഷിയ്ക്ക് കൂലിച്ചിലവ് സബ്സിഡി | 51000 | 32800 |
| 2 | 190/19–20 | കുറ്റികുരുമുളക് കൃഷി | 530000 | 500000 |

2020–21

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചിലവഴിച്ച തുക |
|---|---|---|---|---|
| 1 | 20/20–21 | നെൽ കൃഷിയ്ക്ക് കൂലിച്ചിലവ് സബ്സിഡി | 51000 | 51000 |
| 2 | 21/20–21 | സമഗ്ര പച്ചക്കറി കൃഷി വികസനം | 312000 | 312000 |
| 3. | 23/20–21 | വാഴവിത്തുകളുടെ വിതരണം | 117000 | 75000 |
| 4. | 24/20–21 | തെങ്ങിൻ തൈ വിതരണം | 416000 | 117600 |
| 5. | 385/20–21 | ഫലവൃക്ഷ തൈകളുടെ വിതരണം | 140000 | 140000 |

2021–22

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചിലവഴിച്ച തുക |
|---|---|---|---|---|
| 1 | 102/21–22 | കുറ്റികുരുമുളക് കൃഷി | 530000 | 530000. |

2022–23

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചിലവഴിച്ച തുക |
|---|---|---|---|---|
| 1 | 218/23 | നെൽ കൃഷിയ്ക്ക് കൂലിച്ചിലവ് | 125000 | 125000 |
| 2 | 219/23 | സുഭിക്ഷകേരളം ........... .................... വിതരണം | 20000 | 15000 |
| 3 | 224/23 | വനിതകൾക്ക് വരുമാനത്തിനായി പെണ്ണാട് വിതരണം | 294000 | 154000 |
| 4. | 223/23 | പ്രത്യേക കന്നുകുട്ടി പരിപാലനം | 375000 | 187500 |

2024–25

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചിലവഴിച്ച തുക |
|---|---|---|---|---|
| 1 | 25/25 | വാഴക്കണ്ണ് വിതരണം | 100000 | 100000 |
| 2 | 26/25 | കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം | 400000 | 380000 |
| 3 | 27/25 | കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം എസ്.സി.പി. | 50000 | 37000 |
| 4. | 457/25 | വനിതകൾക്ക് ഹൈബ്രിഡ് പച്ചക്കറിതൈ വിതരണം | 150000 | 150000 |

## വികസന പരിപ്രേഷ്യം

1. ഭക്ഷ്യോല്പാദനത്തിന് സ്വയം പര്യാപ്തത കൈവരിക്കുക.
2. ജൈവകൃഷി, മട്ടുപ്പാവിൽ കൃഷി ഇവ പ്രോത്സാഹിപ്പിക്കുക.
3. ജലസേചനത്തിനും, മണ്ണുസംരക്ഷണത്തിനും, മുന്തിയ പരിഗണന നൽകുക.
4. ഹരിത ഭവനം പദ്ധതി വിപുലപ്പെടുത്തുക.
5. കുളങ്ങളും കിണറുകളും ഓലികളും കൈത്തോടുകളും തേകി സംരക്ഷിക്കുക.

## 3. പ്രാദേശിക സാമ്പത്തിക വികസനം, സഹകരണം

### (ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ)

പാലാ നഗരസഭയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനി ചെറും വലുതമായ വ്യസായങ്ങൾ ആരംഭിക്കുവാൻ ആണ് നടപ്പുവർഷം ലക്ഷ്യം ഇടുന്നത്. പരമ്പരാഗത മേഖല വ്യവസായത്തിനുപുറമെ കലർപ്പില്ലാത്ത കറിപൗഡർ യൂണിറ്റ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ കുടുംബശ്രീ യൂണിറ്റ് മുഖാന്തിരം നഗരസഭയിലെ വിവിധ വാർഡുകളിൽ വിഷരഹിത പച്ചക്കറികൾ നടത്തുന്നതിനുള്ള ഷോപ്പുകൾ, ലോൺട്രി യൂണിറ്റുകൾ, ട്രൈകീനീംഗ് സെന്ററുകൾ, താലൂക്ക് ആശുപത്രി പരിസരത്തും, കെ.എസ്.ആർ.സി. യിലും കാന്റീനുകൾ, ടീ ടോപ്പ് എന്നിവയും നഗരസഭാ ഓഫീസിനോട് ചേർന്ന് ഫോട്ടോകോപ്പിംഗ് യൂണിറ്റ്, പൊതുജനസോവനസെന്റർ, സ്വാപ്ഷോപ് എന്നിവയും തുടങ്ങുന്നതിലേക്കായി വിവിധ പദ്ധതികൾ നടപ്പു വർഷം തയ്യാറാക്കും. വിവിധ സ്വയംതൊഴിൽ പദ്ധതികൾക്ക് ധനസഹായം നൽകി. വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ഒത്തുചേർന്ന് സ്വയം തൊഴിൽ പദ്ധതിയിൽ ഉൾപ്പെട്ട ദരിദ്ര വിഭാഗങ്ങൾക്ക് പലിശരഹിത വായ്പ അനുവദിച്ചു. വിപണന സൗകര്യങ്ങളുടെ കുറവ് ചെറുകിട വ്യവസായ സംരംഭകർക്ക് ഈ രംഗത്തേയ്ക്ക് കടന്നു വരുന്നതിന് തടസ്സമായിട്ടുണ്ട്. വ്യവസായ സംരംഭകർക്കുള്ള ബോധവത്ക്കരണം ഊർജ്ജിതമാക്കുകയും, കൂട്ടായ പ്രവർത്തനങ്ങളിലൂടെ മൂലധന സ്വരൂപണം നടത്തിയാൽ വ്യവസായിക വളർച്ചക്കുള്ള സാദ്ധ്യത മെച്ചപ്പെടുന്നതാണ്. പതിനാലാം വാർഡിൽ വ്യവസായ എസ്റ്റേറ്റിന് കൂടുതൽ സ്ഥലം വാങ്ങി വനിതാ വ്യവസായ വികസനത്തിന് നല്ലൊരു പുരോഗതി ഉണ്ടാക്കാൻ സാധിക്കും.

### വികസന സാദ്ധ്യതകൾ

1. ഐ.റ്റി. പാർക്കുകൾ സ്ഥാപിക്കുക.
2. പ്രാദേശിക ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ അസംസ്കൃത വസ്തുവായിട്ടുള്ള കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
3. ഭക്ഷ്യസംസ്കരണമേഖലയിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.
4. പ്രാദേശിക കാർഷിക ഉൽപ്പന്ന ശേഖരണവും വിപണവും പ്രോത്സാഹിപ്പിക്കുക.
5. കുടുംബശ്രീ മുഖേനയുള്ള യൂണിറ്റുകൾക്ക് പരമാവധി ധനസഹായം നൽകുക, പ്രോത്സാഹിപ്പിക്കുക.

## 4. ദാരിദ്ര്യ ലഘുകരണം, ചേരി പരിഷ്ക്കരണം

മനുഷ്യ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണവും വസ്ത്രവും പാർപ്പിടവും അവന് അന്യമാകുമ്പോൾ അയാൾ ദരിദ്രൻ എന്ന വിശേഷണത്തിന് വിധേയനാകുന്നു. ദാരിദ്ര്യനിർണ്ണയം എന്നും തർക്ക വിഷയമായ ഒരു സംഗതിയാണ് നഗരപ്രദേശത്ത്. ഡി. ദാരിദ്രാവസ്ഥയെ ലഘൂകരിക്കുന്നതിനുള്ള പദ്ധതികൾ നഗരസഭ ആവിഷ്ക്കരിച്ചുവരുന്നു.

നഗരസഭാതലത്തിലും കേന്ദ്രാവിഷ്കൃത പദ്ധതികളായ പി.എം.എ.വൈ., എൻ.ആർ.എൽ.എം. എന്നിവയിലൂടെ ദാരിദ്ര ലഘൂകരണത്തിന് ശ്രമിച്ചുവരുന്നു. ആശ്രയ പദ്ധതിയിലൂടെയും, വീട് നിർമ്മാണം, വീട് മെയിന്റനൻസ് എന്നീ പദ്ധതിയിലൂടെയും ഒരു പരിധിവരെ ദാരിദ്ര്യ തുടച്ചുനീക്കുവാൻ നഗരസഭ മുൻകൈ എടുക്കുന്നു.

സംസ്ഥാനാവിഷ്കൃത പദ്ധതിയായ ലൈഫ്, കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എ.വൈ. എന്നിവ നഗരദാരിദ്ര്യത്തെ തുടച്ചുമാറ്റുമെന്നും 2030 ഓടെ ഭവനരഹിതരോ/ഭൂരഹിതരോ ഉണ്ടാവില്ല എന്ന ലക്ഷ്യം വച്ച് മുന്നേറുന്നു.

നഗരസഭ പ്രദേശത്ത് കോളനികളുടെ വികസനത്തിനായി ചേരിവികസന പദ്ധതികളും പുറമ്പോക്ക് പുനരധിവാസവും കാര്യക്ഷമമായി നടപ്പാക്കിയെങ്കിലും ശുദ്ധജല ലഭ്യത പല കോളനികളിലും ഇപ്പോഴും ഒരു പ്രശ്നമായി അവശേഷിക്കുന്നു.

9-ാം പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭയിൽ കല്ലാനിക്കൽ കോളനി, മോന്തക്കര കോളനി, തൊഴുത്തുങ്കൽ വയൽ കോളനി, മുതലായ പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറെയെങ്കിലും മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. പത്താം പദ്ധതിയിൽ പരമലക്കുന്ന്, നെല്ലിത്താനം, ജനതാ,

പോണ്ടിച്ചേരി എന്നീ കോളനികളുടെ സമഗ്രവികസനം മുന്നിൽക്കണ്ടുകൊണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. 11-ാം പദ്ധതിയിലും ചേരിവികസനത്തിന് ആവശ്യമായ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വൃദ്ധസദനത്തിനായി സ്ഥലം വാങ്ങുന്നതിനും സാധിച്ചിട്ടുണ്ട്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യൂണിഫോം അലവൻസ്, പഠനോപകരണങ്ങൾ, വൃദ്ധജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് എന്നിവ 11-ാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പ്രധാന പ്രോജക്ടുകളാണ്. 12-ാം പഞ്ചവത്സര പദ്ധതിയിൽ പരുമല കോളനിയിലെ വീടുകളുടെ കോടുപാടായ മേൽക്കൂരകൾ അറ്റകുറ്റപണി ചെയ്ത് നൽകിട്ടുള്ളതും ടോയ്‌ലറ്റുകൾ പുതുക്കി പണിതു നൽകിയിട്ടുള്ളതുമാകുന്നു. 12-ാം പഞ്ചവത്സര പദ്ധതി 60 ഓളം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുള്ളതാണ്. ഈ ഇനത്തിൽ നാളിതുവരെയും 29 ലക്ഷം രൂപ ചിലവാക്കിയിട്ടുള്ളതാണ്.

13-ാം പഞ്ചവത്സരപദ്ധതി കാലത്ത് ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 5,83,6448/-രൂപ വിതരണം ചെയ്തതിലൂടെ ടി വിഭാഗക്കാരുടെ ഉന്നമനത്തിന് കൂടുതൽ പങ്കുവഹിക്കുവാൻ നഗരസഭയ്ക്ക് സാധിച്ചു. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം ചെയ്തു. മുനിസപ്പ അംഗീകൃത കോളനികളുടെ അറ്റകുറ്റപ്പണികൾ, പരമലക്കുന്ന്, ജനതാ, നെല്ലിത്താനം കോളനികളുടെ അറ്റകുറ്റപ്പണികൾ രാണ്ടാം ഘട്ടം എന്നിവ 13-ാം പഞ്ചവത്സരപദ്ധതികാലത്ത് പൂർത്തീകരിച്ചു. 14-ാം പഞ്ചവത്സരപദ്ധതിയുടെ ആദ്യ രണ്ട് വർഷങ്ങളിൽ ഭവനപുനരുദ്ധാരണത്തിന് 3200000/- രൂപാ ജനറൽ വിഭാഗത്തിലും 400000/- രൂപാ എസ്.സി. വിഭാഗത്തിലും അനുവദിച്ചു. സർക്കാരിന്റെ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയായ അതിദരിദ്ര പട്ടികയിൽ 4 അംഗങ്ങൾക്കായി 400000/- രൂപായും ചിലവഴിക്കുവാൻ സാധിച്ചു. 3, 4 വർഷങ്ങളിലായി ഭവനപുനരുദ്ധാരണത്തിനായി ജനറൽ വിഭാഗത്തിന് 52 ലക്ഷം രൂപയും എസ്.സിയ വിഭആഗത്തിനായി 9 ലക്ഷം രൂപയും വകയിരുത്തുവാൻ സാധിച്ചു. 2025-26 സാമ്പത്തിക വർഷം 30 ലക്ഷം രൂപ ഭവനപുനരുദ്ധാരണത്തിന് വകയിരുത്തുവാൻ സാധിച്ചിച്ചുണ്ട്.

## 5. പട്ടികജാതി / പട്ടികവർഗ്ഗ വികസനം

പട്ടികജാതി വിഭാഗത്തിന്റെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനായി നഗരസഭ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു. മുൻ പദ്ധതിക്കാലയളവുകളി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി, വീട് മെയിന്റനൻസ്, ഭവനനിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. പട്ടികജാതി വിഭാഗത്തിന്റ ഉന്നമനത്തിനായി നവകേരള മിഷൻ പദ്ധതികളായ ഹരിതകേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണം എന്നിവയ്ക്ക് ഊന്നൽ നൽകി പദ്ധതികൾ രൂപീകരിക്കുന്നതിനും നഗരസഭയ്ക്ക് സാധിച്ചു. ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് ലൈഫ് മിഷൻ, പി.എം.എ.വൈ പദ്ധതിയിലൂടെ സ്ഥലവും വീടും വാങ്ങുന്നതിന് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിരുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഡിഗ്രി/ഡിപ്ലോമ/പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ് ഇനത്തിൽ 14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 1200000/-രൂപ അനുവദിച്ചു. കൂടാതെ പദ്ധതിക്കാലയളവിൽ ഡിഗ്രി/ഡിപ്ലോമ/പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന 27 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും പട്ടികവർഗത്തിൽപ്പെട്ട 2 വിദ്യാർത്ഥികൾക്കും ലാപ്ടോപ്പുകൾ നൽകുവാനും സാധിച്ചു. അഞ്ച് കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനമുറി സൗകര്യത്തിന് ധനസഹായം അനുവദിച്ചു.

പ്രീ മെട്രിക് ഹോസ്റ്റൽ മെയിന്റനൻസ്, പ്രീ മെട്രിക് ഹോസ്റ്റൽ റൂഫ് മെയിന്റനൻസ്, പ്രീ മെട്രിക് ഹോസ്റ്റൽ വെയിറ്റിംഗ് ഏരിയ നിർമ്മാണം എന്നിവ പൂർത്തീകരിക്കുകയും ചുറ്റുമതിൽ ബാക്കി ഭാഗം നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്യുന്നതിന് സാധിച്ചു.

2024-25 വാർഷിക പദ്ധതിയിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ് നൽകുവാൻ 4770000 രൂപയും ഭവനപുനരുദ്ധാരണത്തിന് 900000 രൂപയും പ്രീമെട്രിക് ഹോസ്റ്റലിലെ പ്രവർത്തകർക്കായി 300000 രൂപയും മിശ്രവിവാഹിതർക്ക് ആനുകൂല്യം നൽകുന്നതിന് 2250000 രൂപയും ചിലവഴിച്ചിട്ടുള്ളതാണ്.

## 6. വനിതാ വികസനം & 7. സാമൂഹ്യനീതി

### (കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവരുടെ ക്ഷേമം, സാമൂഹ്യസുരക്ഷാമിഷൻ ഉൾപ്പെടെ)

വനിതകളുടെയും ശിശുക്കളുടെയും വികസനത്തിനായി നിരവധി പദ്ധതികൾ വിഭാവനം ചെയ്തിരുന്നു. ഭവന നിർമ്മാണ പദ്ധതിയും, സ്വയം തൊഴിൽ പരിശീലനത്തിനായി കമ്പ്യൂട്ടർ വിദ്യാഭ്യാസവും നടപ്പാക്കി. അംഗൻവാടി കുട്ടികൾക്കായി അനുപൂരക പോഷകാഹാര പരിപാടി, അംഗൻവാടി പഠനോപകരണങ്ങൾ, മുനിസിപ്പൽ വനിതാ കാന്റീൻ, വനിതാ വ്യവസായത്തിനായി സ്ഥലം വിലക്കെടുക്കൽ എന്നീ പ്രോജക്ടുകൾ ഈ കാലയളവിൽ നടപ്പാക്കുന്നതിന് സാധിച്ചു. ദരിദ്ര വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ കണ്ടെത്താൻ സാധിക്കാത്തതും, പ്രായോഗിക പരിജ്ഞാനത്തിന്റെ കുറവും അവരുടെ സാമ്പത്തിക വളർച്ചയെ സാരമായി ബാധിക്കുന്നുണ്ട്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും, ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടെ വിപണനത്തിനുള്ള സൗകര്യക്കുറവും വൻ കമ്പനികളുടെ ഉൽപ്പന്നങ്ങളുമായി കിടപിടിക്കുന്നതിനുള്ള പ്രയാസങ്ങളും വനിതാ വ്യവസായങ്ങളെ സാരമായി ബാധിക്കുന്നു. ഭവനനിർമ്മാണ പദ്ധതികളും സ്വയം തൊഴിൽ പരിശീലനത്തിനായി കമ്പ്യൂട്ടർ വിദ്യാഭ്യാസവും മുൻപദ്ധതികളിൽ നടപ്പിലാക്കിയിരുന്നു. അംഗൻവാടി കുട്ടികൾക്കായി അനുപൂരകപോഷകാഹാര പരിപാടി, അംഗൻവാടികളിലേക്ക് കസേരകൾ, മാറ്റ്, കളിപ്പാട്ടങ്ങൾ, സ്ലൈഡർ എന്നിവ വാങ്ങുന്നതിന് 14-ാം പഞ്ചവത്സരപദ്ധതിയിൽ പ്രോജക്ടുകൾ നടപ്പിലാക്കിയിരുന്നു. മുനിസിപ്പൽ കാന്റീൻ വനിതാ ജനകീയ ഹോട്ടലായി പ്രവർത്തിക്കുവാൻ അനുമതി നൽകിയത് വനിത വികസനത്തിന് പുതിയ ചുവടുവയ്പായി. 14-ാം പഞ്ചവത്സരപദ്ധതിയിൽ ഭിന്നശേഷി വിഭാഗത്തിലുള്ള ആളുകൾക്ക് 3 പേർക്ക് സൈഡ് വീലോടുകൂടി സ്കൂട്ടർ നൽകുവാൻ സാധിച്ചു. 14-ാം പഞ്ചവത്സരപദ്ധതിയിൽ ഭിന്നശേഷിക്കാർക്കായി ഇതുവരെ 1500000/- രൂപാ വകയിരുത്തുവാൻ സാധിച്ചു. എല്ലാവർഷവും 10 ലക്ഷം രൂപാ സാമൂഹ്യസുരക്ഷാ മിഷന് നൽകുന്നുണ്ട്.

2024-25 വാർഷിക പദ്ധതിയിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുവാൻ 15 ലക്ഷം രൂപയും ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ നൽകുവാൻ 135000 രൂപയും ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പും സഹായ ഉപകരണങ്ങളും നൽകുവാൻ 200000 രൂപയും ചിലവഴിച്ചിട്ടുള്ളതാണ്. വനിതകളുടെ ക്ഷേമത്തിനായി 16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 8. ആരോഗ്യം (ആയുർവ്വേദം ഹോമിയോ ഉൾപ്പെടെ) & 9. കുടിവെള്ളം

ആരോഗ്യരംഗത്ത് മികച്ച നേട്ടം കൈവരിക്കുവാൻ കഴിഞ്ഞ കാലങ്ങളിൽ നഗരസഭയ്ക്ക് സാധിച്ചു. പാലാ ജനറൽ ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഉതകുന്നവിധം പദ്ധതികൾ നടപ്പിലാക്കുന്നതിനും നഗരസഭ മുൻഗണന നൽകിയിരുന്നു. ആയതിലേക്ക് ജനറൽ ആശപത്രിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, ജനറൽ ആശുപത്രി ഒ.പി. വിഭാഗത്തിലേക്ക് കസേരകൾ വാങ്ങൽ, ഫർണിച്ചർ വാങ്ങൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുകയും ഗവൺമെന്റ് ആയുർവേദാശുപത്രി, ഗവ.ഹോമിയോ ആശുപത്രിയുടെ നവീകരണ പ്രവർത്തികൾ പൂർത്തീകരിക്കുവാനും പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലത്ത് കഴിഞ്ഞു. ജനറൽ ആശുപത്രിയിൽ ഡയാലിസിസ് ചികിത്സയുടെ ഭാഗമായി ആർ.ഒ. പ്ലാന്റ് സ്ഥാപിക്കുന്നതിലേക്ക് തുക വിനിയോഗിക്കാൻ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലത്ത് കഴിഞ്ഞു.

പരമലക്കുന്ന്, അരുണാപുരം, പ്ലാത്താനം, മാമ്പറമ്പിൽ, കവീക്കുന്ന്, തെക്കേക്കര, പരിപ്പിൽകടവ്, മുരിക്കുംപുഴ കുടിവെള്ളപദ്ധതികൾ എന്നിവ നടപ്പിലാക്കിയത് നഗരസഭയുടെ നേട്ടമാണെങ്കിലും കുടിവെള്ള ലഭ്യതയുടെ കാര്യത്തിൽ നഗരസഭയ്ക്ക് ഇനിയും ബഹുദൂരം മുന്നേറേണ്ടതായുണ്ട്. പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലത്ത് നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്നിവയ്ക്ക് പ്രാധാന്യം നൽകിയിരുന്നു. പുത്തൻപള്ളിക്കുന്ന്, പുലിമലക്കുന്ന് തുടങ്ങിയ ബൃഹത് കുടിവെള്ളപദ്ധതികൾ വിഭാവനം ചെയ്ത് നിർവ്വഹണ നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. മഹാത്മാഗാന്ധി ഗവ.എച്ച്.എസ്.എസ്. ന് കുഴൽക്കിണർ നിർമ്മിക്കുന്നതിനും, മൃഗാശുപത്രിയ്ക്ക്

സമീപമുള്ള പൊതു കുടിവെള്ള കിണറിന് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഈ കാലയളവിൽ സാധിച്ചു.

പാലാ നഗരസഭ കെ.എം. മാണി ജനറൽ ആശുപത്രി കോട്ടയം ജില്ലയിലെ തന്നെ ഏറ്റവും വലിയ ജനറൽ ആശുപത്രിയാണ്. മികച്ച സേവനമാണ് ഇവിടെ ആശുകൾക്ക് നൽകുന്നത്. ജനറൽ ആശുപത്രിയിലെ ക്യാൻസർ കെയർ സെന്ററിന് 16800000/- രൂപ മടക്കി കോബാൾട്ട് മിഷീൻ നഗരസഭ വാങ്ങിയിട്ടുള്ളതാണ്. കൂടാതെ 4 കോടി രൂപയാണ്. ജനറൽ ആശുപത്രിയിലെ വാട്ടർ ചാർജ്, കറന്റ് ബിൽ, ജനറൽ ആശുപത്രിയിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ജനറൽ ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് ജനറൽ ആശുപത്രിയിൽ ഫയർ ഹൈഡ്രന്റ് ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണം തുടങ്ങിയ പദ്ധതികൾക്ക് വകയിരുത്തുകയും ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷം ആയുർവ്വേദ ാശുപത്രി നവീകരണത്തിന് 25 ലക്ഷം രൂപയും മരുന്ന് വാങ്ങുവാൻ 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഹോമിയോ ആശുപത്രിയിൽ മരുന്ന് വാങ്ങുവാൻ 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

നഗരസഭയിലെ വിവിധ കുടിവെള്ള പദ്ധതികൾക്കായി 54 ലക്ഷം രൂപ വകയിരുത്തുവാൻ സാധിച്ചു. വാട്ടർ അതോറിറ്റിയിലെ വെള്ളക്കര കുടിശിഖ നഗരസയഭ നേരിടുന്ന വലിയ പ്രശ്നമാണ്. 2025-26 സാമ്പത്തിക വർഷം ഇതിനായി തുക വകയിരുത്തുന്നതാണ്.

## 9. വിദ്യാഭ്യാസം, കല, കായികം, സാംസ്ക്കാരം, യുവജനക്ഷേമം

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടികളുടെ സമഗ്രവികസനമാണ്. മനുഷ്യനെ മനുഷ്യനാക്കി മാറ്റുക എന്നത് വിദ്യാഭ്യാസത്തിലൂടെ മാത്രേമെ സാധിക്കുകയുള്ളൂ. മതനിരപേക്ഷ ജനാധിപത്യവിദ്യാഭ്യാസത്തെ സംരക്ഷിക്കുവാൻ വേണ്ടിയുള്ള സംസ്ഥാനഗവൺമെന്റിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നഗരസഭ ഇരുകൈയ്യും നീട്ടി ഏറ്റെടുത്തു. തകർച്ചയെ നേരിടുന്ന കാർഷിക, പരിസ്ഥിതിക, സാമൂഹിക, സാംസ്കാരിക, ആരോഗ്യമേഖലകളുടെ ഉണർവ്വിനുവേണ്ടി വരും തലമുറയെ പ്രാപ്തരാക്കുക എന്നത് ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങളാണ് നഗരസഭ ഏറ്റെടുക്കുന്നത്. സ്കൂൾ കെട്ടിടങ്ങളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യവികസനത്തിനും നഗരസഭ മുൻവർഷങ്ങളിൽ തുക നീക്കിവെച്ചിരുന്നു. വിദ്യാഭ്യാസ കാര്യങ്ങളിൽ പാലാ ഏറെ മാതൃകാപരമാണ്. മൂന്ന് എൽ.പി.സ്ക്കൂളും ഒരു ഹയർ സെക്കൻഡറി സ്ക്കൂളും, നിരവധി എയിഡഡ് സ്ക്കൂളുകളും, അൺ എയിഡഡ് സ്കൂളുകളും, കോളേജുകളും പാലായുടെ വിദ്യാഭ്യാസ മേഖലയെ സമ്പുഷ്ടമാക്കുന്നു.

14-ാം പഞ്ചവത്സര പദ്ധതി കാലത്ത് മഹാത്മാ ഗാന്ധി ഗവ. ഹയർ സെക്കന്ററി സ്കൂൾ, പാലാ; ഗവ. എൽ.പി. സ്കൂൾ, കടയം; അരുണാപുരം ഗവ. എൽ.പി.എസ്. എന്നിവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ (ചുറ്റുമതിൽ നിർമ്മാണം, റൂഫ് മെയിന്റനൻസ്) എന്നിവ നടപ്പിലാക്കിയിട്ടുള്ളതാണ്. കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് മഹാത്മാ ഗാന്ധി ഗവ. ഹയർ സെക്കന്ററി സ്കൂൾ, പാലായിൽ കുഴൽക്കിണർ നിർമ്മിക്കുവാൻ സാധിച്ചു.

### വിദ്യാഭ്യാസ മേഖല അവസ്ഥ, പ്രശ്നങ്ങൾ, കാരണങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ

വിദ്യാഭ്യാസ മേഖല കാലത്തിനെപ്പം മാറുന്നുണ്ടെങ്കിലും വിദ്യാർത്ഥികളുടെ മനോഭാവങ്ങളും രീതികളും സാമൂഹിക അവബോധവും, മൂല്യബോധങ്ങളും തീരെ ക്ഷയിച്ചുവരുന്ന ഒരു കാഴ്ചയാണ് നാം കാണുന്നത്. മദ്ധ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ കാണുന്ന ഭയാനകമായ ഒരു മാറ്റമാണ്.

### പരിഹാരമാർഗ്ഗങ്ങൾ

1. വിദ്യാർത്ഥികളിൽ കൗൺസിൽ സൗകര്യം ലഭ്യമാക്കുക.
2. കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുക.
3. ക്ലാസ്മുറികൾ സ്മാർട്ട് ആക്കുക.
4. പെൺകുട്ടികളുടെ ആവശ്യങ്ങൾക്കൽ പ്രത്യേക മുൻഗണന നൽകുക.
5. എല്ലാകുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക.

## 11. ശുചിത്വം മാലിന്യ സംസ്കരണം

മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി ബൃഹത് പദ്ധതികളാണ് നഗരസഭയും ശുചിത്വമിഷനും ചേർന്ന് നടപ്പിലാക്കി വരുന്നത്. നഗരസഭയിൽ എം.സി.എഫ്., ആർ.ആർ.എഫ്. നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപയും ബയോഗ്യാസ് പ്ലാന്റ് സ്ഥാപന തലത്തിന് 27 ലക്ഷം രൂപയും സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഒരു കോടി 12 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## 12. പൊതുഭരണവും ധനകാര്യവും

**(കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, സദ്ഭരണം, ജനസേവനം കാര്യക്ഷമമാക്കൽ)**

സുതാര്യമായ ഭരണം കാഴ്ച വച്ച് ജനമനസ്സുകളിലേക്ക് ഇടം കണ്ടെത്തിയ നഗരസഭ തനതുഫണ്ടിന്റെ അപര്യാപ്തമൂലം ഭരണപരമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നന്നെ ബുദ്ധിമുട്ടുന്നു. എങ്കിൽ ജീവനക്കാരുടെ ശബളം, പെൻഷൻ മറ്റ് ആനുകൂല്യങ്ങൾ എന്നിവ നാളിതുവരെയും സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. പരിപൂർണ്ണ ഓഫീസ് കംപ്യൂട്ടർ വത്ക്കരണം ആവശ്യത്തന് ഫോട്ടോ സ്റ്റാറ്റ് മിഷൻ, പ്രിന്റർ എന്നിവ സ്ഥാപിച്ച് പ്രവർത്തനങ്ങൾ ഒട്ടേറെ മെച്ചപ്പെടുത്തിയിട്ടുള്ളതാണ്. 2022 ജനുവരി 1 മുതൽ നഗരസഭയിൽ ഇ ഗവേണിംഗ് സംവിധാനമായ കെ സ്മാർട്ട് ആരംഭിച്ചിട്ടുള്ളതാണ്. ഇതുവഴി ആളുൾക്ക് കാര്യങ്ങൾ വിരൽതുമ്പിൽ സാദ്ധ്യമാകും.

### വികസന പരിപ്രേഷ്യം

1. ടാക്സ് റിവിഷൻ നടപടികൾ ഉടൻ പൂർത്തിയാക്കുക.
2. വരുമാന ഉപാധികളായ ആസ്ഥികൾ സൃഷ്ടിക്കുക.
3. ഇന്റർനെറ്റ് അധിഷ്ടിത സേവനങ്ങൾ ഉടൻ നടപ്പിലാക്കുക.
4. നഗരസഭാ ഓഫീസ് കെട്ടിടത്തിന്റെ ഏരീയാ വർദ്ധിപ്പിക്കുക.
5. നഗരസഭാ ഓഫീസ് കെട്ടിടത്തിൽ ലിഫ്റ്റ്, റാമ്പ്, സേവനലഭ്യത, ഡിസ്പ്ലേ ബോർഡുകൾ, വൈ ഫൈ സംവിധാനം എന്നിവ അടിയന്തിരമായി സ്ഥാപിക്കുക.
6. നഗരസഭാ ഓഫഈസ് ഭിന്നശേഷി സൗഹൃദമാക്കുക.
7. നഗരസഭയ്ക്ക് വരുമാനം ലഭ്യമാകുന്ന തരത്തിലുള്ള പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുക.
8. കെ. സ്മാർട്ട് ഇ-ഗവേൺസ് സംവിധാനം കൂടുതൽ കുറ്റമറ്റതും കാര്യക്ഷമവുമായി നടപ്പിലാക്കും.

## 13. പാർപ്പിടം

എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്ന ലക്ഷ്യം വച്ചുള്ള ലൈഫ്മിഷന്റെ നഗരസഭാ തലത്തിലുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലത്ത് സാധിച്ചു. പാവപ്പെട്ട ജനങ്ങൾക്ക് വാസയോഗ്യമായ വീട് എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി പി.എം.എ.വൈ./ലൈഫ് ഭവന നിർമ്മാണ പദ്ധതി ഇനത്തിൽ 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 23437500/-രൂപ ചിലവ് ചെയ്തിട്ടുള്ളതാണ്. കൂടാത പട്ടികജാതി, ജനറൽ വിഭാഗങ്ങളിലായി ഭവന പുനരുദ്ധാരണ പ്രവൃത്തികൾക്കായി 6659603/-രൂപ യും ചിലവ് ചെയ്തിട്ടുള്ളതാണ്. ഏകദേശം 50 ലക്ഷം രൂപ 2024-25 പദ്ധതിയിൽ നീക്കി വയ്ക്കുവാൻ ഉദ്ദേശിക്കുന്നു. 2030-ഓടു കൂടി ഭൂരഹിത-ഭവന രഹിത ആളുകൾ ഇല്ലാത്ത നഗരസഭ യാഥാർത്ഥ്യമാക്കുക എന്നതാണ് നഗരസഭയുടെ ലക്ഷ്യം.

## 14. നഗരാസൂത്രണം

വിസ്തീർണത്തിൽ ചെറുതായ നഗരസഭ പരിമിതമായ സൗകര്യങ്ങളാൽ വീർപ്പുമുട്ടുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. പരിമിതമായ സൗകര്യങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് നഗരത്തെ ഹൈടെക് നഗരമാക്കി മാറ്റുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയുള്ള ആസൂത്രണം ആവശ്യമാണ്.

## 15. പൊതുമരാമത്ത്, ഊർജ്ജം

രണ്ട് പ്രധാന സംസ്ഥാന ഹൈവേകളുടെ സംഗമ സ്ഥാനമായ പാലാ പട്ടണത്തെ സംബന്ധിച്ചിടത്തോളം സ്റ്റേഡിയം മുതൽ ആർ.വി. പാർക്ക് വരെയുള്ള റിവർവ്യൂ റോഡും മരിയൻ ജംഗ്ഷൻ

മുതൽ കിഴതടിയൂർ ചർച്ച് ജംഗ്ഷൻ വരെയുള്ള ബൈപാസ് റോഡും ടൗൺ ഭാഗത്തെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിന് വളരെയേറെ സഹായിക്കുന്നു. നഗരസഭയുടെ എല്ലാ വാർഡുകളിലുമുള്ള റോഡുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തിയും സംരക്ഷണ ഭിത്തി/ഹാന്റ് റെയിലുകൾ സ്ഥാപിച്ചും ജനോപകാരപ്രദമാക്കുന്നതിന് 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് തുക ചിലവഴിച്ചിട്ടുള്ളതാണ്. ഏകദേശം 4 കോടി 10 ലക്ഷം രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന ലോയേഴ്സ് ചേംബർ കെട്ടിട നിർമ്മാണം പൂർത്തീകരണ അവസ്ഥയിലെ ത്തിയിട്ടുള്ളതാണ്. ഈ കെട്ടിടത്തിന്റെ പൂർത്തീകരണ പ്രവർത്തികൾക്കായി 30 ലക്ഷം രൂപ 2021-22 പദ്ധതിയിൽ നിന്നും നീക്കി വച്ചിട്ടുള്ളതാണ്. കൂടാതെ ടി കെട്ടിടത്തിലേയ്ക്ക് റോഡ് നിർമ്മിച്ച് ടാറിംഗ് പൂർത്തീകരിക്കുവാനും സാധിച്ചു. കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്കായി ആവശ്യമുള്ള തുക 2022-23 പദ്ധതിയിൽ നിന്നും നൽകുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നഗര പ്രദേശത്തേയും സമീപ പ്രദേശങ്ങളിലെയും പ്രത്യേകിച്ച് സ്വന്തമായി ഭൂമിയില്ലാത്ത ജനവിഭാഗങ്ങൾക്ക് മൃതശരീരം മറവു ചെയ്യുന്നതിനും ദഹിപ്പിക്കുന്നതിനുമായി ആധുനിക രീതിയിലുള്ള ക്രിമിറ്റോറിയം പൂർത്തിയാക്കിയിട്ടുള്ളതാണ്. 2021-22 വാർഷിക പദ്ധതിയിൽ 2507565/-രൂപ മുടക്കി ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുവാൻ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതാണ്. വെറ്റിനറി പോളിക്ലിനിക്കിൽ ആധുനിക രീതിയിലുള്ള ഓപ്പറേഷൻ തിയേറ്റർ പൂർത്തിയാക്കുവാൻ 13-ാം പഞ്ചവത്സര പദ്ധതിയിൽ സാധിച്ചു. നഗരസഭാ കൗൺസിൽ ഹാൾ, ടൗൺ ഹാൾ എന്നിവ ആധുനീകരിക്കുന്നതിനും 12-ാം മൈൽ ചിൽഡ്രൻസ് പാർക്ക് നവീകരിക്കുന്നതിനും ഈ പദ്ധതി കാലത്ത് തുക ചിലവഴിക്കുന്നതിന് സാധിച്ചു.

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 12-ാം പഞ്ചവത്സര പദ്ധതി കാലത്ത് സ്ഥാപിച്ച സി.എഫ്.എൽ. ലാമ്പുകളും സോഡിയം വേപ്പർ ലാമ്പുകളും കേടാകുന്ന മുറയ്ക്ക് മാറ്റി പകരം പുതിയത് വയ്ക്കുന്നതിന് എ.എം.സി.യ്ക്കായി തുക വകയിരുത്തുകയും സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷനുകൾ പൂർത്തീകരിക്കുന്നതിനും 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് സാധിച്ചു. പാലാ മുനിസിപ്പൽ പ്രദേശത്തെ സമ്പൂർണ്ണ വൈദ്യുത നഗരമാക്കി മാറ്റാൻ വിവിധ വാർഷിക പദ്ധതികളിലൂടെ സാധിച്ചു. 14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഇതുവരെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനും പുതിയ സ്ട്രീറ്റ് വാങ്ങുന്നതിനും 69000000/- വകയിരുത്തുവാൻ സാധിച്ചു. 204-25 വാർഷിക പദ്ധതിയ്ക്ക് പൊതുമരാമത്ത് പ്രവർത്തികൾക്കായി 34300000/- രൂപാ നീക്കി വെയ്ക്കുവാൻ സാധിച്ചു. കൂടാതെ കുടിവെള്ള പദ്ധതികൾക്ക് 4973000/- രൂപായും മാലിന്യ സംസ്കരണപദ്ധതിയ്ക്ക് 4973000/- രൂപായും 2024-25 വർഷം വകയിരുത്തുവാൻ സാധിച്ചു.

## 16. ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം

വേനൽകാലങ്ങളിലെ വരൾച്ചയും മൺസൂൺ കാലത്തു വരുന്ന വെള്ളപ്പൊക്കവുമാണ് പാലാ പട്ടണം അഭിമുഖീകരിക്കുന്ന പ്രധാന പ്രകൃതി ദുരന്തസാദ്ധ്യതകൾ. കനത്ത വേനലും മഴയുടെ അഭാവവുമാണ് വരൾച്ചയ്ക്ക് സാധ്യത നൽകുന്നതെങ്കിൽ, മൺസൂൺ കാലയളവിലെ കനത്ത മഴയും കിഴക്കൻ മേഖലയിൽ ഉണ്ടാകുന്ന ഉരുൾപൊട്ടലും മൂലം മീനച്ചിലാറ്റിലും തൊടുകളിലും ഉണ്ടാകുന്ന പെട്ടെന്നുള്ള ജലവിതാനത്തിന്റെ ഉയർച്ചയുമാണ് വെള്ളപൊക്കത്തിന് കാരണമായിട്ടുള്ളത്. വരൾച്ച, വെള്ളപൊക്കം, എന്നിവയ്ക്ക് പുറമെ ഇടിമിന്നൽ വർഷത്തിലൊരിക്കൽ എന്ന തോതിൽ അപകടമാംവിധം ഈ പ്രദേശത്ത് ആവർത്തിക്കപ്പെടുന്നു. ഇതിന് പുറമെ 2000- 2003 കാലയളവിൽ 1.5 മുതൽ 4.8 വരെ റിക്ടർ രേഖപ്പെടുത്തിയ ചെറിയ ഭൂചലനങ്ങൾ പാലാ നഗരസഭാ പ്രദേശത്ത് ഉണ്ടായിട്ടുണ്ട്.

2018 ജൂലൈ മാസത്തിലും 2018 ആഗസ്റ്റ് മാസത്തിലുമാണ് സമീപകാലത്ത് പാലാ നഗരസഭാ പ്രദേശത്ത് രൂക്ഷമായ വെള്ളപ്പൊക്കമുണ്ടായത്. 2019 ആഗസ്റ്റ് മാസത്തിലും വെള്ളപ്പൊക്കം ആവർത്തിക്കുകയുണ്ടായി.

തുടർച്ചയായ ദിവസങ്ങളിലെ കനത്ത മഴയും, ജില്ലയിലെ കിഴക്കൻ മലയോര മേഖലകളിൽ ഉണ്ടായ ഉരുൾ പൊട്ടലിനെയും തുടർന്ന് മീനച്ചിലാർ കരകവിഞ്ഞൊഴുകി പട്ടണത്തിന്റെ ഹൃദയഭാഗത്തുൾപ്പെടെ ജലനിരപ്പ് ഉയർന്ന് റോഡുകളും, വളരെയധികം കച്ചവട സ്ഥാപനങ്ങളും വെള്ളത്തിൽ മുങ്ങുകയും ഏകദേശം 48 മണിക്കൂറോളം ഗതാഗത തടസ്സവും ജനജീവിതം സ്തംഭിക്കുകയും ഉണ്ടായി. മീനച്ചിലാറിന്റെ ഇരുകരകളിലുമായി സ്ഥിതിചെയ്യുന്ന വാർഡുകളിലും, മൂന്നാനി, ചെത്തിമറ്റം, മുരിക്കുംപുഴ, റിവർവ്യൂറോഡ്, സ്റ്റേഡിയം, കുരിശുപള്ളിക്കവല, കൊട്ടാരമറ്റം എന്നിവ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലാണ് രൂക്ഷത അനുഭവപ്പെട്ടത്. 2018 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിന്റെ ഭാഗമായി മേൽപറഞ്ഞ ഭാഗങ്ങളിൽ ഏകദേശം 130 വീടുകളിൽ വെള്ളം കയറുകയും നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. ഒട്ടേറെ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ ജനങ്ങളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്യേണ്ടതായി വന്നു. രാത്രി സമയത്ത് പെട്ടെന്നുള്ള വെള്ളപ്പാച്ചിലിൽ കച്ചവടസ്ഥാപനങ്ങളിൽ നിന്നും ഒട്ടേറെ സാധനസാമഗ്രികൾ ഒഴുകിപ്പോവുകയും വലിയ നഷ്ടം സംഭവിക്കുകയും ചെയ്തു.

2019 ൽ ലോകത്തെ പിടിച്ചു കുലുക്കിയ കോവിഡ് മഹാമാരി പാലായിലും സാവധാനത്തിൽ പിടിമുറുക്കി. ഈ കാലയളവിൽ നഗരപ്രദേശത്തെ കാർഷിക വ്യാവസായിക സാമ്പത്തിക മേഖലകൾ മന്ദീഭവിച്ചു.

ദുരന്തനിവാരണത്തിനായി വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്. ആയതിന് വിവിധ മേഖലകളുടെ പ്രവർത്തനം സംയോജിപ്പിക്കേണ്ടതും ആയത് ഫലപ്രാപ്തിയിലെത്തിക്കേണ്ടതുമാണ്. മനുഷ്യരാശിക്ക് ഭവിക്കുന്ന വിവിധ തരത്തിലുള്ള ആപത്തുകൾ എല്ലാംതന്നെ ദുരന്തങ്ങളായി മാറാറുണ്ട്. ഇത്തരത്തിലുണ്ടാകുന്ന ദുരന്തങ്ങളെ ഒരു പരിധിവരെയെങ്കിലും ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നമ്മൾ നടത്തേണ്ടത്.

വഴിയോരങ്ങളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്ന ആളുകളെ സംബന്ധിച്ചിടത്തോളം മഴക്കാലം ദുരിതപൂർണ്ണമാണ്. ഇത്തരക്കാർക്ക് രാത്രികാലങ്ങളിൽ ഉറങ്ങുന്നതിനും ഭക്ഷണം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്ക് ഒരുക്കാവുന്നതാണ്. പ്രധാന ഓടകളും നീർച്ചാലുകളും പരിശോധിച്ച് ജല ഒഴുക്കിന് തടസ്സങ്ങളില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആയതിന് ജലസേചന വകുപ്പിന്റെ സഹായ സഹകരണങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്ക് തേടാവുന്നതാണ്.

## 13-ാം പഞ്ചവത്സരപദ്ധതി (2017 - 2022)

### 1-ാം വാർഷിക പദ്ധതി

| | വരവ് | ചെലവ് | ബാക്കി |
|---|---|---|---|
| ജനറൽ | 20411000 | 17198147 | 3212853 |
| എസ്.സി.പി. | 2358730 | 1142181 | 1216819 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അടിസ്ഥാനവികസനം | 20435528 | 19775971 | 659557 |
| KLGSDP Grant | 2791748 | 2490165 | 301583 |

### 2-ാം വാർഷിക പദ്ധതി - 2018-19

| | വരവ് | ചെലവ് | ബാക്കി |
|---|---|---|---|
| ജനറൽ | 23481563 | 17996016 | 5485547 |
| എസ്.സി.പി. | 2655000 | 1963500 | 691500 |
| റ്റി.എസ്.പി. ട്രൈബൽ | 315000 | 58600 | 256400 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അടിസ്ഥാനവികസനം | 31826150 | 17576428 | 14249722 |

### 3-ാം വാർഷിക പദ്ധതി - 2019-20

| | വരവ് | ചെലവ് | ബാക്കി |
|---|---|---|---|
| ജനറൽ | 18809530 | 16140449 | 2669081 |
| എസ്.സി.പി. | 2693000 | 1214645 | 1478355 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അടിസ്ഥാനവികസനം | 32130000 | 6304417 | 25825583 |
| റ്റി.എസ്.പി. | 345000 | 9600 | 335400 |

### 4-ാം വാർഷിക പദ്ധതി - 2020-21

| | വരവ് | ചെലവ് | ബാക്കി |
|---|---|---|---|
| ജനറൽ | 23483333 | 23327713 | 155670 |
| എസ്.സി.പി. | 2515000 | 2355825 | 159175 |
| റ്റി.എസ്.പി. | 257000 | 1400 | 243000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അടിസ്ഥാനവികസനം | 40455583 | 25225099 | 15230484 |
| ടൈഡ് ഗ്രാന്റ് | 14630000 | 4368892 | 10261108 |

## 5-ാം വാർഷിക പദ്ധതി - 2021-22

| | വരവ് | ചെലവ് | ബാക്കി |
|---|---|---|---|
| ജനറൽ | 14515000 | 14515000 | 0 |
| എസ്.സി.പി. | 2427588 | 2194158 | 233430 |
| റ്റി.എസ്.പി. | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അടിസ്ഥാനവികസനം | 7771254 | 5328398 | 2442856 |
| ടൈഡ് ഗ്രാന്റ് | 20082905 | 2567201 | 17515704 |

## 14-ാം പഞ്ചവത്സരപദ്ധതി (2022 - 2027)

## 1-ാം വാർഷിക പദ്ധതി - 2022-23

| | വരവ് | ചെലവ് | ബാക്കി |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 20864263 | 15390568 | 5473695 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അടിസ്ഥാനവിഹിതം | 7312571 | 4959619 | 2352952 |
| ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 12693235 | 6572425 | 6120810 |

## 14-ാം പഞ്ചവത്സരപദ്ധതി (2022 - 2027)

## 2-ാം വാർഷിക പദ്ധതി - 2023-24

| | വരവ് | ചെലവ് | ബാക്കി |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 18251000 | 16350829 | 1900171 |
| എസ്.സി.പി. | 2575000 | 1014619 | 1560381 |
| സി.എഫ്.സി. ബേസിക് | 6631000 | 4952101 | 1678899 |
| സി.എഫ്.സി. ടൈഡ് | 9946000 | 7478206 | 2467794 |

## 14-ാം പഞ്ചവത്സരപദ്ധതി (2022 - 2027)

## 3-ാം വാർഷിക പദ്ധതി - 2023-24

| | വരവ് | ചെലവ് | ബാക്കി |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 18855619 | 14329654 | 4525965 |
| വികസനഫണ്ട് എസ്.സി.പി. | 3220381 | 2252115 | 968266 |
| ധനകാര്യ കമ്മീഷൻ അടിസ്ഥാനം | 18164244 | 9124320 | 9039924 |
| ധനകാര്യ കമ്മീഷൻ ടൈഡ് | 30040827 | 4621806 | 25419021 |

**14-ാം പഞ്ചവത്സരപദ്ധതി (2022 - 2027)**

**4-ാം വാർഷിക പദ്ധതി - 2024-25**

| | വരവ് | ചെലവ് | ബാക്കി |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 18855619 | 14329654 | 4525965 |
| വികസനഫണ്ട് എസ്.സി.പി. | 3220381 | 2252115 | 968266 |
| ധനകാര്യ കമ്മീഷൻ അടിസ്ഥാനം | 18164244 | 9124320 | 9039924 |
| ധനകാര്യ കമ്മീഷൻ ടൈഡ് | 30040827 | 4621806 | 25419021 |

## അദ്ധ്യായം 3.

# പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

കഴിഞ്ഞ കാലങ്ങളിലെ വിവിധ പഞ്ചവത്സര പദ്ധതിയുടെ അനുഭവ പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ട് പ്രാദേശിക വികസനവും സാമൂഹ്യ നീതിയും സാദ്ധ്യമാക്കാൻ ദീർഘ വീക്ഷണത്തോടെ വിവിധ പദ്ധതികൾ രൂപീകരിക്കുന്നതിൽ ഊന്നൽ നൽകുന്നു. 14-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതിയിൽ ബഹു. സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രാദേശിക സാമ്പത്തിക വികസനം, തൊഴിലവസരം സൃഷ്ടിക്കൽ, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കികൊണ്ടുള്ള സുസ്ഥിര വികസനം, കാലാവസ്ഥാ വ്യതിയാനത്തെയും തൽഫലമായുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജിക്കുവാൻ സമൂഹത്തെ സഹായിക്കുക മുതലായ ലക്ഷ്യങ്ങൾ കൈവരിക്കാനുതകുന്ന വിധത്തിലും സേവന മേഖലയിൽ ഊന്നൽ നൽകികൊണ്ട് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന പൊതു പ്രോജക്ടുകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു സമീപനമാണ് നഗരസഭ കൗൺസിൽ സ്വീകരിച്ചിരിക്കുന്നത്. പൊതുവിഭാഗത്തിൽ ഉൽപാദന സേവന പശ്ചാത്തല മേഖലകളിലെ എല്ലാ ഉപമേഖലകൾക്കും പ്രാധാന്യം നൽകുന്ന സമീപനമാണ് നഗരസഭയ്ക്കുള്ളത്. പ്രത്യേക ഘടക പദ്ധതി തുകയിൽ സേവന മേഖലാ പദ്ധതികൾ നടപ്പിലാക്കണമെന്നതാണ് ഭരണ സമിതിയുടെ കാഴ്ചപ്പാടുകൾ.

പ്രാദേശിക സാമ്പത്തിക മേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ നഗരസഭ ശ്രമിക്കുന്നു എങ്കിലും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലലഭ്യതക്കുറവ് നഗരസഭ നേരിടുന്ന ഒരു വെല്ലുവിളിയാണ്. വേനൽക്കാലത്ത് നഗരസഭയിൽ കുടിവെള്ള പ്രശ്നം രൂക്ഷമാകാറുണ്ട്. നഗരസഭയുടെ വിവിധ വാർഡുകളിലായി കുടിവെള്ള പദ്ധതികൾ ഉണ്ടെങ്കിലും എല്ലാ വാർഡിലും കുടിവെള്ള പദ്ധതികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്.

നഗരസഭയുടെ മാലിന്യ സംസ്ക്കരണ പദ്ധതികൾ ഹരിത കേരളം മിഷന്റെ ഭാഗമായിട്ടുള്ള ശുചിത്വ പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു. തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഒരു യൂണിറ്റ് പൂർത്തീകരിച്ചിട്ടുള്ളതാണ്. സ്ഥലലഭ്യത മൂലം കഴിഞ്ഞ പദ്ധതി കാലത്ത് തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് നഗരസഭയുടെ മറ്റു പ്രദേശങ്ങളിൽ സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ്, മെറ്റീരിയൽ റിക്കവറിംഗ് ഫെസിലിറ്റേഷൻ സെന്റർ (എം.ആർ.എഫ്) എന്നിവയുടെ പ്രവർത്തനം നടപ്പിലാക്കുന്നതിന് സമീപ വാസികളുടെ ഭാഗത്തുനിന്നും എതിർപ്പുണ്ടായിട്ടുള്ളതാണ്. ഇത്തരം സാഹചര്യത്തിൽ പൊതുജനങ്ങളെ ബോധവത്ക്കരണം നടത്തി ശുചിത്വ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുവാൻ നഗരസഭ ശ്രമിക്കുന്നതാണ്.

വിസ്തീർണത്തിൽ ചെറുതായ നഗരസഭ പരിമിതമായ സൗകര്യങ്ങളാൽ വീർപ്പുമുട്ടുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. പരിമിതമായ സൗകര്യങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് നഗരത്തെ ഹൈടെക്ക് നഗരമാക്കി മാറ്റുന്നതിന് ദീർഘവീക്ഷണത്തോടു കൂടിയുള്ള ആസൂത്രണങ്ങൾ ആവശ്യമാണ്.

## അദ്ധ്യായം 4.

# വികസന കാഴ്ചപ്പാട് തന്ത്രം

കഴിഞ്ഞ കാലങ്ങളിലെ വിവിധ പഞ്ചവത്സര പദ്ധതിയുടെ അനുഭവ പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ട് പ്രാദേശിക വികസനവും സാമൂഹ്യ നീതിയും സാദ്ധ്യമാക്കാൻ ദീർഘ വീക്ഷണത്തോടെ വിവിധ പദ്ധതികൾ രൂപീകരിക്കുന്നതിൽ ഊന്നൽ നൽകുന്നു. 14-ാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാമത് വാർഷിക പദ്ധതിയിൽ ബഹു. സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രാദേശിക സാമ്പത്തിക വികസനം, തൊഴിലവസരം സൃഷ്ടിക്കൽ, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കികൊണ്ടുള്ള സുസ്ഥിര വികസനം, കാലാവസ്ഥാ വ്യതിയാനത്തെയും തൽഫലമായുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജിക്കുവാൻ സമൂഹത്തെ സഹായിക്കുക മുതലായ ലക്ഷ്യങ്ങൾ കൈവരിക്കാനുതകുന്ന വിധത്തിലും സേവന മേഖലയിൽ ഊന്നൽ നൽകികൊണ്ട് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന പൊതു പ്രോജക്ടുകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു സമീപനമാണ് നഗരസഭ കൗൺസിൽ സ്വീകരിച്ചിരിക്കുന്നത്. പൊതുവിഭാഗത്തിൽ ഉൽപാദന സേവന പശ്ചാത്തല മേഖലകളിലെ എല്ലാ ഉപമേഖലകൾക്കും പ്രാധാന്യം നൽകുന്ന സമീപനമാണ് നഗരസഭയ്ക്കുള്ളത്. പ്രത്യേക ഘടക പദ്ധതി തുകയിൽ സേവന മേഖലാ പദ്ധതികൾ നടപ്പിലാക്കണമെന്നതാണ് ഭരണ സമിതിയുടെ കാഴ്ചപ്പാടുകൾ.

കൂടാതെ അനിവാര്യമായ വകയിരുത്തലുകൾ വേണ്ട അംങ്കണവാടി പോഷകാഹാരം, എസ്.എസ്.എ. പ്രോജക്ട്, പാലിയേറ്റീവ് കെയർ, ആശ്രയ പദ്ധതി, ഐ.കെ.എം. വിഹിതം, കേരളാസാമൂഹ്യസുരക്ഷാമിഷന് സംഭാവന എന്നിവയും നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഉല്പാദന മേഖലയിലെ സ്ഥായിയായ വളർച്ചയ്ക്ക് പരിസ്ഥിതിയുടേയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണത്തിനും മാനവ വികസനത്തിന് നിദാനമായ ആരോഗ്യം വിദ്യാഭ്യാസം, സ്ഥായിയായ തൊഴിൽ എന്നീ മേഖലകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും സേവനപ്രദാന സംവിധാനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതിനും നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും പാർശ്വവൽക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണണന അർഹിക്കുന്നവരായ മുഴുവൻ വിഭാഗങ്ങളേയും പരിഗണിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## 14-ാം പഞ്ചവത്സരപദ്ധതി കാലയളവിൽ നഗരസഭ കൂടുതൽ മുൻഗണന നൽകുവാൻ ഉദ്ദേശിക്കുന്നത് താഴെ പറയുന്ന വിഷയങ്ങൾക്കാണ്.

1) ഉത്പാദന മേഖലയുടെ വളർച്ചയ്ക്കാണ് മുൻഗണന നൽകേണ്ടത്.
2) പരിതസ്ഥിതി, പ്രകൃതി വിഭവ സംരക്ഷണത്തിന് പ്രത്യേക പരിഗണന നൽകുന്നു.
3) ആരോഗ്യം, വിദ്യാഭ്യാസം, സ്ഥായിയായ തൊഴിൽ എന്നീ മേഖലകൾക്ക് പരിഗണന നൽകുന്നു.
4) അടിസ്ഥാന സൗകര്യവികസനം (വീട്, കുടിവെള്ളം, വൈദ്യുതി, ഗതാഗതസൗകര്യം മുതലായവ)
5) സേവന പ്രദാന സംവിധാനത്തിന്റെ ഗുണമേന്മ. (ആശുപത്രികൾ, അംങ്കണവാടികൾ, സ്കൂളുകൾ)

6) സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർ, പട്ടികജാതിക്കാർ എന്നിവർക്ക് പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കുന്നു.
7) പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതിനും, നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനും പരിഗണന നൽകുന്നു.
8) പൂർത്തിയാകാത്ത കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുക.
9) നഗരസഭയുടെ നാളിതുവരെയുള്ള ഭവനനിർമ്മാണ പദ്ധതിയിൽ പൂർത്തീയാകാത്ത കെട്ടിടങ്ങൾ കണ്ടെത്തി നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള ധനസഹായം നൽകുക.
10) വാതിൽപ്പടി സേവനം നടപ്പിലാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ.
11) അതിദാരിദ്ര്യ നിർമ്മാർജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ.
12) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

**2025-26 അനിവാര്യ പ്രോജക്ടുകൾക്ക് വകയിരുത്തൽ**

1. അംങ്കണവാടി പോഷകാഹാര വിതരണം
2. എസ്.എസ്.കെ. വിഹിതം നൽകൽ
3. പാലിയേറ്റീവ് കെയർ പ്രോജക്ടിനുള്ള വിഹിതം
4. പി.എം.എ.വൈ./ലൈഫ് അധിക വിഹിതം
5. അഗതിരഹിത കേരളം പദ്ധതിയുടെ (ആശ്രയ പദ്ധതി) വിഹിതം
6. ഐ.കെ.എം. വിഹിതം
7. അതിദരിദ്രർക്കു വേണ്ടിയുള്ള പ്ലാനുകൾ
8. പ്രാദേശിക സാമ്പത്തിക വികസനം

## അദ്ധ്യായം 5.

# വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

**14-ാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികളുടെ പ്രധാന വിഭവ സ്രോതസ്സുകളായി പ്രതീക്ഷിക്കുന്നവ താഴെപറയുന്നു.**

1. സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി സഹായം.
2. നഗരസഭയുടെ സ്വയാർജിതവരുമാനത്തിൽ നിന്നും പദ്ധതിയെതര ചെലവുകൾ കഴിച്ചുള്ളമിച്ചം.
3. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നുള്ള സഹായം.
4. സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം.
5. സഹകരണ സ്ഥാപനങ്ങൾ, മറ്റു ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള വായ്പ.
6. സന്നദ്ധ പ്രവർത്തനം, സംഭാവന
7. ഗുണഭോക്തൃവിഹിതം
8. ഹെൽത്ത് ഗ്രാന്റ്

പാലാ നഗരസഭ 2025-26 സാമ്പത്തിക വർഷത്തിലും പദ്ധതിപണം മാത്രം ഉപയോഗിച്ച് വികസനം എന്ന ലക്ഷ്യത്തിലേക്ക് വൻകുതിപ്പാണ് നടത്തികൊണ്ടിരിക്കുന്നത്. തനതു ഫണ്ടിന്റെ അപര്യാപ്തത മൂലം പ്ലാൻ ഫണ്ടിനെ ആശ്രയിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. 2026-27 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് പ്രകാരം പാലാ നഗരസഭയ്ക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ഫണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വികസന ഫണ്ട് | പ്രത്യേക ഘടകപദ്ധതി | T.S.P | മെയിന്റനൻസ് ഗ്രാന്റ് വിഹിതം (റോഡ്) | മെയിന്റനൻസ് ഗ്രാന്റ് വിഹിതം (നോൺ റോഡ്) |
|---|---|---|---|---|
| 32849000 | 3141000 | 0 | 23669000 | 57966000 |

# പ്രതീക്ഷിത വിഭവസ്രോതസ്സുകളും വകയിരുത്തലുകളും
# 2026-2027 വാർഷിക പദ്ധതി

**തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: പാലാ നഗരസഭ വർഷം 2026-2027**

**വിഭവ സ്രോതസുകൾ**

| ക്രമ നമ്പർ | വിഭവസ്രോതസ്സുകൾ | | വകയിരുത്തുന്ന തുക |
|---|---|---|---|
| 1. | വികസനഫണ്ട് | ജനറൽ | 32849000 |
| | | SCP | 3141000 |
| 2. | മെയിന്റനൻസ് ഫണ്ട് | റോഡ് ഇതരം | 57966000 |
| | | റോഡ് | 23669000 |
| 3. | തനത് ഫണ്ട് | | - |
| 4. | സംസ്ഥാനവിഷ്കൃത പദ്ധതിവിഹിതം | | - |
| 5. | കേന്ദ്രാവിഷ്കൃത പദ്ധതിവിഹിതം | | - |
| 6. | വായ്പ സഹ. സ്ഥാപനങ്ങളിൽ നിന്ന് | | - |
| 7. | വായ്പ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് | | - |
| 8. | ഗുണഭോക്തൃ വിഹിതം (നഗരസഭയിൽ അടയ്ക്കുന്നത്) | | - |
| 9. | ഗുണഭോക്തൃ വിഹിതം (ഗുണഭോക്താവ് നേരിട്ട് വഹിക്കുന്നത്) | | - |
| 10. | സന്നദ്ധസേവനം | | |
| 11. | സംഭാവന | | |
| 12. | മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | | |
| | | | |
| 13. | മറ്റുള്ളവ | ലോകബാങ്ക് ഗ്രാന്റ് (മുൻബാക്കി) | ഇല്ല |
| 14. | **ആകെ** | | 117625000 |

## 2. വികസന ഫണ്ടിന്റെ മേഖലാടിസ്ഥാനത്തിലുള്ള വകയിരുത്തൽ (രൂപ)

| ക്രമ നം. | വിഭാഗം | ആകെ വിഹിതം | ഉല്പാദന മേഖല | സേവന മേഖല | പശ്ചാത്തല മേഖല |
|---|---|---|---|---|---|
| | | | തുക | തുക | തുക |
| 1 | 2 | 3 | 4 | 5 | 6 |
| 1 | സാധാരണ വിഹിതം | 28275133 | 2524500 | 17250633 | 8500000 |
| 2 | പട്ടിക ജാതി ഉപപദ്ധതി | 2520000 | 30000 | 2490000 | 0 |
| 3 | പട്ടികവർഗ്ഗ ഉപപദ്ധതി | 0 | 0 | 0 | 0 |

* ലൈഫ് ഭവനപദ്ധതിയ്ക്ക് നീക്കിവെയ്ക്കുന്ന 20 ശതമാനം തുക

## 3. നിർബന്ധമായി വകയിരുത്തേണ്ട വിഭാഗങ്ങൾക്കുള്ള / പ്രത്യേക പദ്ധതികൾക്കുള്ള വകയിരുത്തൽ

| ക്രമ നം. | നിർബന്ധമായി തുക വകയിരുത്തേണ്ട വിഭാഗത്തിന്റെ/ പ്രത്യേക പദ്ധതി യുടെ പേര് | വകയിരുത്തേണ്ട തുക (രൂപ) | വകയിരുത്തിയ തുക (രൂപ) | | |
|---|---|---|---|---|---|
| | | | വികസനം ഫണ്ട് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 |
| 1 | ഉത്പാദന മേഖല | 2627920 | 2524500 | 0 | 2524500 |
| 2 | പാർപ്പിട മേഖല | 7198000 | 6265000 | 0 | 6265000 |
| 3 | വനിതാ ഘടകപദ്ധതികൾ | 2942020 | 2519000 | 0 | 2519000 |
| 4 | കുട്ടികൾ, ഭിന്നശേഷിക്കാർ ഭിന്നലിംഗക്കാർ എന്നിവർക്കായുള്ള പദ്ധതികൾ | 1471010 | 1450000 | 0 | 1450000 |
| 5 | വയോജനങ്ങൾക്കായുള്ള പദ്ധതി | 1471010 | 2650000 | 0 | 2650000 |

14-ാം പഞ്ചവത്സരപദ്ധതി

# അദ്ധ്യായം 6. 2026 വാർഷികപദ്ധതി പ്രോജക്ടുകൾ

| ProjNo | ProjectName | PlanGen | SCP | CSS | SSS | OwnFund | NonRoad | Road | OtherFund | Tot |
|---|---|---|---|---|---|---|---|---|---|---|
| 1 | ചെമ്പുളായിൽ മുണ്ടുപാലം സ്കൂൾ കരൂർ മഠം ആയുർവേദ ആശുപത്രിജംഗ്ഷൻ പരുമലക്കുന്ന് കോളനി റോഡ് നവീകരണം വാർഡ് 1 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 2 | കരൂർ അമ്പലം കരൂർ മഠം റോഡ തെരുവുംകുന്ന് റോഡ് നവീകരണം വാർഡ് 2 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 3 | മാർത്തോമ ചർച്ച് റോഡ് ജനതാ റോഡ നവീകരണം വാർഡ് 3 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 4 | ആക്കകുന്നേൽ റോഡ മംഗലം റോഡ സെന്റ് തോമസ് റോഡ് നവീകരണം വാർഡ് 4 | 0 | 0 | 0 | 0 | 0 | 0 | 850000 | 0 | 850000 |
| 5 | പാലാ ക്ലബ് പമ്പ് ഹൌസ് റോഡ് ജോസ് ജംഗ്ഷൻ റോഡ് നവീകരണം വാർഡ് 5 | 0 | 0 | 0 | 0 | 0 | 0 | 450000 | 0 | 450000 |
| 6 | ചെറുവള്ളിൽ മണ്ഡപത്തിൽ റോഡ് പുനരുദ്ധാരണം വാർഡ് 5 | 0 | 0 | 0 | 0 | 0 | 0 | 150000 | 0 | 150000 |
| 7 | കുത്തി വളച്ചാൽ റോഡ ഒടുക്കപ്പാറ റോഡ് പോളിടെക്നിക്ക് ലിങ്ക് റോഡ് പുനരുദ്ധാരണം വാർഡ് 6 | 0 | 0 | 0 | 0 | 0 | 0 | 850000 | 0 | 850000 |
| 8 | മുണ്ടാങ്കൽ പുലിമലക്കുന്ന ഇളംന്തോട്ടം ശാന്തിഗ്രാം റോഡ് പുനരുദ്ധാരണം വാർഡ് 7 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 9 | കവിക്കുന്ന മൂന്നാനി ജനതാ റോഡ കീർത്തി നഗർ റോഡ് പുനരുദ്ധാരണം വാർഡ് 8 | 0 | 0 | 0 | 0 | 0 | 0 | 850000 | 0 | 850000 |
| 10 | കൊച്ചിടപ്പാടി കവിക്കുന്ന റോഡ് പുനരുദ്ധാരണം വാർഡ് 9 | 0 | 0 | 0 | 0 | 0 | 0 | 850000 | 0 | 850000 |
| 11 | കോർട്ട് കോംപ്ലക്സ റോഡ ഫ്രണ്ടസ സർക്കിൾ ആറ്റുകടവ് റോഡ് പുനരുദ്ധാരണം വാർഡ് 10 | 0 | 0 | 0 | 0 | 0 | 0 | 850000 | 0 | 850000 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 12 | പാലാ ക്ലബ് റോഡ് ജോസ് ജംഗ്ഷൻലിങ്ക് റോഡ് പുനരുദ്ധാരണം വാർഡ് 11 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 13 | കളരിയമ്മാക്കൽ റോഡ് തൃക്കയിൽകടവ് റോഡ് വിൻസെൻഷ്യൻ സെമിനാരി റോഡ് നവീകരണംവാർഡ് 12 | 0 | 0 | 0 | 0 | 0 | 0 | 850000 | 0 | 850000 |
| 14 | കണ്ണാടിയുറുമ്പ് റോഡ് നവീകരണം വാർഡ് 13 15 | 0 | 0 | 0 | 0 | 0 | 0 | 1700000 | 0 | 1700000 |
| 15 | പ്രസാദ് റോഡ് പുനരുദ്ധാരണം വാർഡ് 14 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 16 | കരിമ്പത്തികണ്ടം കണ്ണാടിയുറുമ്പ റോഡ്കല്ലാനിമുകളേൽ റോഡ് പുനരുദ്ധാരണം വാർഡ് 14 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 17 | കണ്ണാടിയുറുമ്പ് പാലാക്കാട് റോഡ് ജോസ്മിൻ റോഡ് നവീകരണം വാർഡ് 16 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 18 | കല്ലറയ്ക്കൽ റോഡ് ജാസ്മിൻ റോഡ് നവീകരണം വാർഡ് 17 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 19 | ചൊള്ളാനിക്കൽ റോഡ് സെമിത്തേരിമുക്ക് രാമപുരം റോഡ് നവീകരണം വാർഡ് 18 | 0 | 0 | 0 | 0 | 0 | 0 | 850000 | 0 | 850000 |
| 20 | മാങ്കൂട്ടം റോഡ് മാട്ടേൽ റോഡ് നവീകരണം വാർഡ് 19 | 0 | 0 | 0 | 0 | 0 | 0 | 850000 | 0 | 850000 |
| 21 | കിഴതടിയൂർ കയ്യാലക്കകം റോഡ് നവീകരണം വാർഡ് 20 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 22 | സെന്റ് സെബാസ്റ്റ്യൻ റോഡ് നവീകരണം വാർഡ് 20 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 23 | ചാവറ റോഡ് സെന്റ് തോമസ് പ്രസ്സ് റോഡ് നവീകരണം വാർഡ് 21 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 250000 |
| 24 | റ്റി റ്റി സി റോഡ കൊണ്ടാട്ടുകുന്ന റോഡ വി പി ലിങ്ക് റോഡ് നവീകരണം വാർഡ് 21 | 0 | 0 | 0 | 0 | 0 | 0 | 350000 | 0 | 350000 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 25 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ റോഡ രാജീവ് ഗാന്ധി റോഡ് നവീകരണം വാർഡ് 23 | 0 | 0 | 0 | 0 | 0 | 0 | 850000 | 0 | 850000 |
| 26 | ജനതാ നെല്ലിയാനി പള്ളി റോഡ സെന്റ സെബ്സാറ്റ്യൻ റോഡ് നവീകരണം വാർഡ് 25 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 27 | കോട്ടപ്പാലം തെക്കുംപടി റോഡ വട്ടക്കുന്നേൽ നെല്ലിയാനി റോഡ് ആര്യപ്പാറ റോഡ് നവീകരണം വാർഡ് 22 24 | 0 | 0 | 0 | 0 | 0 | 0 | 1700000 | 0 | 1700000 |
| 28 | ജനതാ റോഡ് അൽഫോൻസാ റോഡ് നവീകരണം വാർഡ് 25 26 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 29 | അൽഫോൻസാ റോഡ് നവീകരണം വാർഡ് 26 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 30 | മിനച്ചിലാറിന കുറുകെ അമിനിറ്റി സെന്റർ മുതൽ തോണിക്കടവ് വരെ തൂക്കുപാലം നിർമ്മാണം | 7200000 | 0 | 0 | 0 | 0 | 0 | 0 | 0 | 7200000 |
| 31 | വയോമിത്രം പദ്ധതി സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 32 | പദ്ധതി രൂപികരണം മോണിറ്ററിംഗ് ചെലവുകൾ | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 33 | ഐ കെ എമ്മിന് വിഹിതം നൽകൽ | 110000 | 0 | 0 | 0 | 0 | 0 | 0 | 0 | 110000 |
| 34 | എസ് എസ് കെ വിഹിതം നൽകൽ | 350000 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 |
| 35 | എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ | 0 | 250000 | 0 | 0 | 0 | 0 | 0 | 0 | 250000 |
| 36 | എസ് സി വിഭാഗം വനിതകൾക്ക് വിവാഹ ധനസഹായം | 0 | 250000 | 0 | 0 | 0 | 0 | 0 | 0 | 250000 |
| 37 | പട്ടികജാതി ഡിഗ്രി ഡിപ്ലോമ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് | 0 | 200000 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 38 | അമൃത് കുമാരനാശാൻ ചിൽഡ്രൻസ് പാർക്ക് നഗരസഭ വിഹിതം | 250000 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 |
| 39 | കുമാരനാശൻ ചിൽഡ്രൻസ് പാർക്ക് പുനരുദ്ധാരണവും പ്രതിമ സ്ഥാപിക്കലും | 800000 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 40 | ജനറൽ ഹോസ്പിറ്റൽ മെയിന്റൻസ് | 0 | 0 | 0 | 0 | 0 | 600000 | 0 | 0 | 600000 |
| 41 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1550000 | 0 | 0 | 0 | 0 | 0 | 0 | 0 | 1550000 |
| 42 | ജാഗ്രത സമിതി പ്രവർത്തനങ്ങൾ | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 43 | കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്കുള്ള ഹോണറേറിയം | 204000 | 0 | 0 | 0 | 0 | 0 | 0 | 0 | 204000 |
| 44 | വെറ്റിനറി പോളി ക്ലിനിക്കിലെ കണ്ടിജൻസി ചെലവുകൾ | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 150000 |
| 46 | കെ എം മാണി മെമ്മോറിൽ ജനറൽ ഹോസ്പിറ്റലിൽ ഓങ്കോളജി ഉപകരണങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 0 | 0 | 0 | 0 | 0 | 25000000 | 0 | 0 | 25000000 |
| 47 | കെ എം മാണി മെമ്മോറിൽ ജനറൽ ഹോസ്പിറ്റലിലേയ്ക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 9500000 | 0 | 0 | 9500000 |
| 48 | വളർത്തു നായ്ക്കുുള്ള പേവിഷ പ്രതിരോധ കുത്തിവെപ്പ് | 25000 | 0 | 0 | 0 | 0 | 0 | 0 | 0 | 25000 |
| 49 | കെ എം മാണി മെമ്മോറിൽ ജനറൽ ഹോസ്പിറ്റലിലേയ്ക്ക് ഇ ഹെൽത്ത് പദ്ധതി ആഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 500000 |
| 50 | ജനറൽ ആശുപത്രിയിലെ വാട്ടർ ചാർജ് ടെലഫോൺ ചാർജ് മറ്റു ചിലവുകൾ | 0 | 0 | 0 | 0 | 0 | 6500000 | 0 | 0 | 6500000 |
| 51 | ജനറൽ ആശുപത്രിയിൽ ലാബ് റിയേജന്റ് വാങ്ങൽ | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 1000000 |
| 52 | ജനറൽ ആശുപത്രിയിലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 500000 |
| 53 | പാലാ സർക്കാർ ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 800000 | 0 | 0 | 800000 |
| 54 | ഹോമിയോ ആശുപത്രിയിലെ ആവർത്തന ചിലവുകളും കണ്ടിജൻസി ചെലുവകളും | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 150000 |
| 55 | പാലിയേറ്റിവ് ജിറിയാട്രിക് പ്രവരത്തനങ്ങളും മരുന്ന് വാങ്ങലും | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 500000 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 57 | വനിതകൾക്ക് യോഗ പരിശീലനം | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 58 | പാലാ ഗവ ആയുർവേദ ആശുപത്രിയിലെ ആവർത്തന ചെലവുകളും കണ്ടിജെൻസി ചെലവുകൾ | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 200000 |
| 59 | പാലാ ഗവ ആയുർവേദ ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങലും ഫർണിച്ചർ അറ്റകുറ്റപ്പണികളും | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 150000 |
| 60 | വെറ്റിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 200000 |
| 61 | വെറ്റിനറി പോളി ക്ലിനിക്കിലേക്ക് കൺസ്യൂമബിൾ വാങ്ങാൻ | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 62 | മൃഗാശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങൽ | 0 | 0 | 0 | 0 | 0 | 40000 | 0 | 0 | 40000 |
| 63 | മൃഗാശുപത്രിയിലേക്ക് ആവശ്യമായ റിയോജന്റ് വാങ്ങൽ | 0 | 0 | 0 | 0 | 0 | 40000 | 0 | 0 | 40000 |
| 64 | ആശ്രയ ഭവന പുനരുദ്ധാരണം | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 65 | വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ്- ഇക്കോസെൻസ് | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 66 | യാചക പുനരധിവാസം | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 67 | ഭവന പുനരുദ്ധാരണം ജനറൽ | 2600000 | 0 | 0 | 0 | 0 | 0 | 0 | 0 | 2600000 |
| 68 | എസ് സി വിഭാഗം ഭവന പുനരുദ്ധാരണം | 0 | 450000 | 0 | 0 | 0 | 0 | 0 | 0 | 450000 |
| 69 | അടുക്കള നവീകരണം എസി സി വിഭാഗം | 0 | 150000 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 70 | ബാലസഭ പ്രവർത്തനങ്ങൾ | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 71 | അതിദാരിദ്ര നിർമ്മാർജ്ജന പദ്ധതി | 56633 | 0 | 0 | 0 | 0 | 0 | 0 | 0 | 56633 |
| 72 | പി എം എ വൈ ലൈഫ് പദ്ധതിക്ക് നഗരസഭ വിഹിതം നൽകൽ | 2660000 | 0 | 0 | 0 | 0 | 0 | 0 | 0 | 2660000 |
| 73 | ലൈഫ് പി എം എ വൈ വിഹിതം നൽകൽ എസ് സി | 0 | 355000 | 0 | 0 | 0 | 0 | 0 | 0 | 355000 |
| 74 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 75 | ദുരിതാശ്വാസ ക്യാമ്പിലേയ്ക്കാവശ്യമായ അടിയന്തര പ്രവർത്തികൾ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 76 | ഹരിതകർമ്മ സേന അംഗങ്ങൾക്ക് മെഡി ക്യാമ്പ് | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 77 | ശുചീകരണ തൊഴിലാളികൾക്ക് മെഡി ക്യാമ്പ് | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 78 | കേരളോത്സവം | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 79 | എസ് സി വിഭാഗം വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം | 0 | 250000 | 0 | 0 | 0 | 0 | 0 | 0 | 250000 |
| 80 | ഭിന്ന ശേഷിക്കാരായ ആളുകൾക്ക മെഡിക്കൽ ക്യാമ്പും സഹായ ഉപകരണങ്ങൾ നൽകലും | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 81 | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ വാഹനം | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 83 | വെറ്റിനറി പോളി ക്ലിനിക്കിലേക്ക് പമ്പ് സെറ്റ് സ്ഥാപിക്കൽ | 0 | 0 | 0 | 0 | 0 | 25000 | 0 | 0 | 25000 |
| 84 | എസ് സി വിഭാഗം ഡിഗ്രി ഡിപ്ലോ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 550000 | 0 | 0 | 0 | 0 | 0 | 0 | 550000 |
| 85 | നഗരസഭ ഓഫീസിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 86 | നഗരസഭ ഓഫീസിലേയക്ക് കുടിവെള്ള ഉപയോഗത്തിനായി സ്റ്റേഡിയം കിണർ ഫിൽട്ടർ സ്ഥാപിക്കൽ | 650000 | 0 | 0 | 0 | 0 | 0 | 0 | 0 | 650000 |
| 87 | വാർഡ് 16 അംഗനവാടി ചുറ്റുമതിൽ നിർമ്മാണം അനുബന്ധപ്രവർത്തനങ്ങൾ | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 88 | ഗവ ആയുർവേദ ആശുപത്രിയിലെ കുഴൽ കിണറിലെ വെള്ളം ഉപയോഗ്യമാക്കുന്നതിന് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 89 | സർക്കാർ സ്കൂളിലെ ആവശ്യമായ ഫർണിച്ചറുകൾ വാങ്ങുക | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 200000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 90 | ഹയർ സെക്കണ്ടറി സ്കൂളിലേക്ക വിവിധ ലാബുകളിലെ ലാബ് ഉപകരണങ്ങൾ കെമിക്കൽസ് വാങ്ങുക | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 150000 |
| 91 | സർക്കാർ സ്കൂളിലെ കണ്ടിജൻസി അനുബന്ധ ചെലവുകൾ | 0 | 0 | 0 | 0 | 0 | 250000 | 0 | 0 | 250000 |
| 92 | കിഴങ്ങ് വിള കിറ്റ് വിതരണം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 93 | ഫലവൃക്ഷ തൈ വിതരണം | 199500 | 0 | 0 | 0 | 0 | 0 | 0 | 66500 | 266000 |
| 94 | നിറച്ച എച്ച് ഡി പി ഇ ചട്ടി തൈ | 300000 | 0 | 0 | 0 | 0 | 0 | 0 | 100000 | 400000 |
| 95 | ഹൈബ്രിഡ് പച്ചക്കറി തൈ വിതരണം വനിതകൾക്ക് | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 96 | കൃഷി ഓഫിസിലെ കണ്ടിജൻസി ചിലവുകൾ | 0 | 0 | 0 | 0 | 0 | 25000 | 0 | 0 | 25000 |
| 97 | കൃഷി ഓഫിസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൻ | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 98 | നഗരസഭ വാതക ശ്മശാനത്തിലേക്ക് ഗ്യാസ് സിലിണ്ടർ വാങ്ങൽ | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 99 | നഗരസഭ ടൌൺഹാളിലേയക്ക മുൻ നഗരസഭ ചെയർമാൻമാരുടെ ഫോട്ടോ സ്ഥാപിക്കൽ | 110000 | 0 | 0 | 0 | 0 | 0 | 0 | 0 | 110000 |
| 100 | പ്രിമെട്രി ഹോസ്റ്റലിലേക്ക് സി സി റ്റി വി ക്യാമറ സംവിധാനം | 410000 | 0 | 0 | 0 | 0 | 0 | 0 | 0 | 410000 |
| 101 | ക്യാൻ കോട്ടയം സംയുക്ത ക്യാൻസർ നിയന്ത്രണ പരിപാടി | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 102 | ഹോമിയോ ആശുപത്രിയിൽ കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 103 | അനുപൂരക പോഷകാഹാര പദ്ധതി | 1200000 | 0 | 1000000 | 0 | 0 | 0 | 0 | 0 | 2200000 |
| 104 | എസി സി വിഭാഗം വയോജനങ്ങൾക്ക് കട്ടിൽ | 0 | 35000 | 0 | 0 | 0 | 0 | 0 | 0 | 35000 |
| 105 | അംഗനവാടികൾക്ക് ഫർണിച്ചർ വാങ്ങൽ | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 106 | സുഭിക്ഷ കേരളം-നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 25000 | 0 | 0 | 0 | 0 | 0 | 0 | 0 | 25000 |
| 107 | വനിത തൊഴിൽപരിശീലന കേന്ദ്രം അനുബന്ധ സൌകര്യം പൂർത്തീകരണം | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 108 | ആയുർവേദ ഹോസ്പിറ്റൽ കിച്ചൻ ടോയിലറ്റ് നിർമ്മാണം | 0 | 0 | 0 | 0 | 0 | 600000 | 0 | 0 | 600000 |
| 109 | ഹോമിയോ ഹോസ്പിറ്റൽ മെയിന്റനൻസ് | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 500000 |
| 110 | വാർഡ് 16 അംഗനവാടി ഇലക്ട്രിഫിക്കേഷൻ | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 111 | ആയുർവേദ ഹോസ്പിറ്റൽ ഇലക്ട്രിഫിക്കേഷൻ | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 112 | അരുണാപുരം ഗവ എൽ പി സ്കൂൾ മെയിന്റനസ് ടോയിലറ്റ് നിർമ്മാണം | 0 | 0 | 0 | 0 | 0 | 400000 | 0 | 0 | 400000 |
| 113 | മഹാത്മഗാന്ധി ഹയർസെക്കണ്ടറി സ്കൂൾ മെയിന്റനൻസ് | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 200000 |
| 114 | തെരുവ് നായ്ക്കൾക്കുള്ള വാക്സിനേഷൻ | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 115 | മുനിസിപ്പൽ സ്റ്റേഡിയം പാർക്കിംഗ് കോൺക്രീറ്റിംഗ് | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 116 | മുനിസിപ്പൽ കാർട്ടേഴ്സ് നവീകരണം | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 117 | കുഴുവാനികുന്നേൽ റോഡ് നവീകരണം വാർഡ് 15 | 0 | 0 | 0 | 0 | 0 | 0 | 350000 | 0 | 350000 |
| 118 | കന്നുകുട്ടി പരിപാലനം | 210000 | 0 | 0 | 210000 | 0 | 0 | 0 | 420000 | 840000 |
| 119 | വനിതകൾക്ക് ടിഷ്യു കൾച്ചർ വാഴതൈ വിതരണം | 65000 | 0 | 0 | 0 | 0 | 0 | 0 | 0 | 65000 |
| 120 | പാലിയേറ്റീവ് കെയർ പ്രൈമറി | 650000 | 0 | 0 | 0 | 0 | 0 | 0 | 0 | 650000 |
| 121 | പാലിയേറ്റീവ് കെയർ സെക്കണ്ടറി | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 122 | പാലാ ഗവ ആയുർവേദ ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങൽ | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 1000000 |
| 123 | അടുക്കളമുറ്റത്തെ കോഴി വളർത്തൽ | 300000 | 0 | 0 | 0 | 0 | 0 | 0 | 25000 | 325000 |
| 124 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ പട്ടികജാതി വിഭാഗം | 0 | 30000 | 0 | 0 | 0 | 0 | 0 | 2500 | 32500 |

## വർക്കിംഗ് ഗ്രൂപ്പ് – ഓഫീസ് പ്രതിനിധികൾ

പാലാ നഗരസഭ 2025–26 പദ്ധതി രൂപീകരണത്തോടനുബന്ധിച്ച് പൊതുഭരണവും-ധനകാര്യവും, കൃഷിയും-അനുബന്ധമേഖലകളും, മൃഗസംരക്ഷണവും-ക്ഷീരവികസനവും, പ്രാദേശികസാമ്പത്തിക വികസനം, ദാര്യദ്ര്യലഘൂകരണം-ചേരിപരിഷ്ക്കരണം, സാമൂഹ്യനീതി, വനിതവികസനം, പട്ടികജാതി/പട്ടികവർക്ഷവികസനം, ആരോഗ്യം, ശുചിത്വം-മാലിന്യസംസ്ക്കരണം, വിദ്യാഭ്യാസം-കല-സാംസ്ക്കാരം-കായികം-യുവജനക്ഷേമം, പാർപ്പിടം, കുടിവെള്ളം, പൊതുമരാമത്ത്-ഊർജ്ജം, നഗരാസൂതണം, ജൈവവൈവിധ്യം മാനേജ്മെന്റ് - ദുരന്തനിവാരണം തുടങ്ങിയ 16-വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുള്ളതും, ടി വർക്കിംഗ് ഗ്രൂപ്പുകളുടെ ഓഫീസ്തല പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിലേയ്ക്കായി വിവിധ ഉദ്യോഗസ്ഥ പ്രതിനിധികളെ നിയോഗിച്ചിട്ടുള്ളതാകുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ അംഗങ്ങൾ, ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ എന്നീ വിഭാഗങ്ങളുടെ സംയുക്ത പ്രവർത്തനത്തിലൂടെ വികസനപരിപ്രേഷ്യം ആവിഷ്ക്കരിക്കേണ്ടതുമാണ്.

വർക്കിംഗ് ഗ്രൂപ്പും ആയതിലേയ്ക്ക് നിയോഗിക്കപ്പെട്ടിരിക്കുന്ന ഓഫീസ് പ്രതിനിധികളുടെയും ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | ഉദ്യോഗസ്ഥ പ്രതിനിധി | ഓഫീസ് തസ്തിക |
|---|---|---|---|
| 1. | പൊതുഭരണവും ധനകാര്യവും | കുമാരി ജാസ്മിൻ ജോർജ്ജ് | സീനിയർ ക്ലർക്ക് |
| 2. | കൃഷിയും അനുബന്ധ മേഖലകളും | ശ്രീമതി ജിഞ്ചുറാണി മാത്യു | ഐ.ടി. അസിസ്റ്റന്റ് കം അക്കൗണ്ടന്റ് |
| 3. | മൃഗസംരക്ഷണം ക്ഷീരവികസനം | കുമാരി ഇന്ദുലേഖ സി.റ്റി. | സീനിയർ ക്ലർക്ക് |
| 4. | പ്രാദേശിക സാമ്പത്തിക വികസനം | ശ്രീമതി അഞ്ചിത ഷാബു | സീനിയർ ക്ലർക്ക് |
| 5. | ദാരിദ്ര്യ ലഘൂകരണം ചേരി പരിഷ്ക്കരണം | ശ്രീമതി റസീന എ. | സീനിയർ ക്ലർക്ക് |
| 6. | സാമൂഹ്യനീതി | ശ്രീമതി പ്രീതി മാത്യു | ജെ.പി.എച്ച്.എൻ. |
| 7. | വനിതാ വികസനം | ശ്രീമതി ശ്രീജ കെ.എസ്. | സീനിയർ ക്ലർക്ക് |
| 8. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | ശ്രീമതി മഞ്ചു മോഹൻ | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 |
| 9. | ആരോഗ്യം | ശ്രീമതി ഷീന ബഷീർ | സീനിയർ ക്ലർക്ക് |
| 10. | ശുചിത്വം, മാലിന്യ സംസ്ക്കരണം | ശ്രീമതി സോണിമോൾ ഇ.പി. | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 1 |
| 11. | വിദ്യാഭ്യാസം, കല, സാംസ്ക്കാരികം, കായികം, യുവജനക്ഷേമം | ശ്രീമതി മഞ്ചുത മോഹൻ | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 |
| 12. | പാർപ്പിടം | ശ്രീമതി ശോഭ ആർ. ശശിധരൻ | സീനിയർ ക്ലർക്ക് |
| 13. | കുടിവെള്ളം | ശ്രീ. രഞ്ജിത്ത് ആർ. ചന്ദ്രൻ | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 |
| 14. | പൊതുമരാമത്ത് - ഊർജ്ജം | ശ്രീ. ബിന്നിമോൻ കുരുവിള | സീനിയർ ക്ലർക്ക് |
| 15. | നഗരാസൂത്രണം | ശ്രീ. അബ്ദുൾ നെഈം | ക്ലർക്ക് |
| 16. | ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം- പരിസ്ഥിതി സംരക്ഷണം - ദുരന്ത നിവാരണം | ശ്രീ. വൈശാഖ് ആർ. | ക്ലർക്ക് |

## അദ്ധ്യായം 7.

# പ്രത്യേക പദ്ധതികൾ/ പരിപാടികൾ

പാലാ നഗരസഭയുടെ 26 വാർഡുകളിലായി താമസിച്ചുവരുന്ന പാവപ്പെട്ടവരുടെ ഉന്നമനം ലക്ഷ്യമാക്കി കുടിവെള്ള പദ്ധതികൾ, സമ്പൂർണ്ണ ഭവന നിർമ്മാണപദ്ധതി, ബി.പി.എൽ. വിഭാഗങ്ങൾക്ക് വാട്ടർ കണക്ഷൻ, അംഗൻവാടി പോഷകാഹാരം, പാലിയേറ്റീവ് കെയർ, സമഗ്ര കാർഷിക വികസന പദ്ധതി, പ്രത്യേക കന്നുകുട്ടി പരിപാലനവും ഇൻഷുറൻസും, ഹംഗർഫ്രീ സിറ്റി, സമഗ്ര മാലിന്യ നിർമ്മാർജന പദ്ധതി എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

പട്ടികജാതി ഉപപദ്ധതി ഫണ്ടുപയോഗിച്ച് മെറിറ്റോറിയസ് സ്കോളർഷിപ്പ്, ലാപ്ടോപ്പ് വിതരണം, പട്ടികജാതി വിഭാഗത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിനുതകുന്ന പദ്ധതികൾ വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നു.

വനിതാഘടക പദ്ധതിയിൽ ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ, ജെൻഡർ റിസോഴ്സ് സെന്റർ, യോഗാപരിശീലനം, സ്വയം തൊഴിൽ സബ്സിഡി, സംരംഭങ്ങൾ ആരംഭിക്കുവാനും നൈപുണ്യവികസനത്തിനുതകുന്ന പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതാണ്.

ഭിന്നശേഷി വിഭാഗത്തിൽ പെട്ടവർക്ക് മുച്ചക്ര വാഹനങ്ങൾ ഉൾപ്പെടെയുള്ള സഞ്ചാരസഹായികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നതാണ്. കൂടാതെ ഭിന്നശേഷിയുള്ള കുട്ടികൾക്ക് സർക്കാർ നിർദ്ദേശാനുസരണമുള്ള സ്കോളർഷിപ്പ് നൽകുന്നതിനും മതിയായ തുക വകയിരുത്തിയിട്ടുണ്ട്.

കഴിഞ്ഞ പദ്ധതി കാലയളവിൽ ആരംഭിച്ച കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ തുക വകയിരുത്തുന്നു. പുതിയതായി നഗരസഭ 5-ാം വാർഡിൽ കാനാട്ടുപാറ കുടിവെള്ള പദ്ധതി ആരംഭിക്കുവാൻ തുക വകയിരുത്തിയിരിക്കുന്നു.

പാവപ്പെട്ടവരുടെ പ്രശ്നങ്ങളായ വാസയോഗ്യമായ വീടുകൾ, ആരോഗ്യം, കുടിവെള്ളം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയത്തക്കവിധത്തിലുള്ള പ്രോജക്ടുകളാണ് തുടർ വർഷങ്ങളിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഇവ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതോടെ ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പടിപടിയായി, ദാരിദ്ര്യം ഇല്ലായ്മ ചെയ്യുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. എസ്.സി. വിഭാഗം ഭവന പുനരുദ്ധാരണത്തിന് 1200000/- രൂപയും ആശ്രയ ഭവനപുനരുദ്ധാരണപദ്ധതി 200000/- രൂപയും വകയിരുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ, പി.എം.എ. വൈ., എൻ.യു.എൽ.എം. എന്നിവയുടെ പ്രവർത്തനം കുടുംബശ്രീ, എ.ഡി.എസ്. എന്നിവരുടെ സഹായത്തോടെ ഊർജ്ജിതമായി നടന്നുവരുന്നു. ഇതിനായി 3700000/- രൂപാ വകയിരുത്തിയിട്ടുണ്ട്.

# അദ്ധ്യായം 8.

# വായ്പാ ബന്ധങ്ങൾ

ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവയിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിലേക്കായി ഈ പദ്ധതികാലത്ത് എല്ലാ തരത്തിലുമുള്ള കമ്മറ്റികൾ പുന:സംഘടിപ്പിക്കുകയും കൂടുതൽ ജനകീയവത്ക്കരിക്കുകയും ചെയ്തിട്ടുണ്ട്.

വികസനത്തിലുപരിയായി ഇതുവരെ ഉണ്ടായിട്ടുള്ള വരവു ചെലവു കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗിച്ചാണ് നഗരസഭയുടെ 2026 – 27 വർഷത്തെ പദ്ധതികൾ പൂർണ്ണമായും വിഭാവനം ചെയ്യുന്നത്. തനതു ഫണ്ടിന്റെ അപര്യാപ്തത മൂലം തനതു ഫണ്ട് ഉപയോഗിച്ച് പ്രോജക്ടുകൾ ആസൂത്രണം ചെയ്യുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

സ്വയം തൊഴിൽ സബ്സിഡി, സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ, തുടങ്ങിയ പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന പദ്ധതികൾ 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി രൂപീകരണം, നിർവ്വഹണം തുടങ്ങിയ കാര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്ക് 2017-18, 2018-2019 വർഷങ്ങളിൽ പ്രത്യേകം പ്രാധാന്യം നൽകി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇത് പദ്ധതി പ്രവർത്തനം കൃത്യമായി പൂർത്തീകരിക്കുന്നതിന് സഹായകരമാകും. കെ.യു.ആർ.ഡി.എഫ്.സി. ബാങ്ക് വായ്പ പാലാ നഗര 11, 12 പഞ്ചവത്സര പദ്ധതിക്കാലത്ത് പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

# അദ്ധ്യായം 9.

# സമഗ്ര പരിപാടികളും സംയോജന സാദ്ധ്യതകളും

വികസന പ്രശ്നങ്ങളെ അതീവ സമഗ്രതയിൽ കണ്ട് ധനപരവും അല്ലാത്തതുമായ എല്ലാ സംയോജിത സാദ്ധ്യതകളും പരിഗണിച്ച് പരിഹരിക്കുന്നതിന് വേണ്ടി രൂപപ്പെടുത്തുന്ന പരിപാടികളാണ് സംയോജിത അഥവാ സമഗ്ര പരിപാടികൾ. ഇത്തരം പരിപാടികൾ ഒരു പ്രദേശത്തിന്റെ വലിയ മാറ്റത്തിന് കാരണമാകുന്നതോ ഒരു കൂട്ടം പ്രശ്നങ്ങളെ ഒരുമിച്ച് പരിഹരിക്കുന്നതോ ആകാം. സ്ഥലപരമം◌ായ സംയോജനം ഒന്നിലേറെ വിഷയമേഖലകളുടെ സംയോജനം വിഭവങ്ങളുടെ സംയോജനം, നിർവ്വഹണത്തിലെ ഏകോപനം തുടങ്ങിയ സംയോജന സാദ്ധ്യതകൾ പരിഹരിക്കാവുന്നതാണ്.

പ്രാദേശികാസൂത്രണത്തിന്റെ മുഖ്യമായ വികസന കാഴ്ചപ്പാട് വികസനത്തിന്റെ സമഗ്ര സംയോജിത സമീപനമാണ്. സംയോജിപ്പിക്കാൻ കഴിയുന്ന പ്രവർത്തനങ്ങളെ പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടുള്ള വികസനപരിപാടികൾക്ക് രൂപം നൽകണം. എല്ലാ വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ട ചുമതല തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കില്ല. വിവിധ സർക്കാർ വകുപ്പുകളും, ഏജൻസികളും പരസ്പര ധാരണയില്ലാതെ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഫലമായി ഒരേതരം പ്രവർത്തനങ്ങൾ തന്നെ പലത് നടപ്പാക്കി വരുന്നതായി കാണാൻ കഴിയും. ഇത്തരം പ്രവർത്തനങ്ങൾ ഒഴിവാക്കാനുള്ള നിർദേശങ്ങളും പരിശീലനങ്ങളും 10-ാം പദ്ധതിക്കാലത്ത് നടത്തിയെങ്കിലും കാര്യമായ പുരോഗതിയുണ്ടായില്ല. എന്നാൽ 11, 12, 13, 14 എന്നീ പഞ്ചവത്സര പദ്ധതിക്കാലത്ത് ഉദ്യേഗസ്ഥരെയും ഇംപ്ലിമെന്റിംഗ് ഉദ്യോഗസ്ഥരെയും കൂടുതൽ പരിശീലന പരിപാടികളിൽ പങ്കെടുപ്പിക്കുവാൻ സാധിച്ചിട്ടുള്ളതാണ്.

വിവിധ വകുപ്പുകളെ തമ്മിൽ സംയോജിപ്പിച്ചുകൊണ്ട് പദ്ധതിരൂപീകരണം നടത്തിയാൽ ഒരേ കാര്യം തന്നെ ഒന്നിലധികം വകുപ്പുകൾ ചെയ്യുന്നത് ഒഴിവാക്കാം. ഉദാഹരണത്തിന് സി.ഡി.എസ്-ലൂടെയും ജനകീയാസൂത്രണത്തിലൂടെയും വീട്, വീട് മെയിന്റനൻസ്, കക്കൂസ്, വീട് വയറിംഗ് മുതലായവ കൊടുക്കേണ്ടതില്ല. ഓരോ വർഷവും കൊടുക്കാനുദ്ദേശിക്കുന്നത് പരസ്പരം ആലോചിച്ച് ഒരു ഏജൻസി വഴി നടത്തുകയാണ് വേണ്ടത്. പട്ടികജാതി വകുപ്പ് നേരിട്ട് താലൂക്ക് പട്ടികജാതി ഓഫീസ് മുഖേന ഇപ്പോഴും വീടു നൽകുന്നുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തിലും ഈ വിഭാഗത്തിന് വീടു നൽകാൻ പദ്ധതിയുണ്ട്. വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്തതിനാൽ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാകുന്ന അവസ്ഥ നിലനിൽക്കുന്നു.

14-ാം പദ്ധതിയിൽ ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കുകയും പദ്ധതികൾ സംയോജിപ്പിക്കുകയും ചെയ്യുന്നതിനാണ് ശ്രമിക്കുന്നത്. സമഗ്രസംയോജന കാഴ്ചപ്പാടിൽ മുഖ്യമായും നഗരസഭയ്ക്കുള്ളിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലൂടെയും നടത്തുന്ന പ്രവർത്തനങ്ങളുടെ സമഗ്രതയാണ് ലക്ഷ്യം.

14-ാം പഞ്ചവത്സരപദ്ധതിയിൽ ഒന്നിലേറെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ ചേർന്ന് ഏറ്റെടുക്കുന്ന സംയോജിത പരിപാടികളും സംയുക്ത പ്രോജക്ടുകളും ഉൾപ്പെടുത്തുന്നതാണ്. അയ്യങ്കാളി, ശുചിത്വമിഷൻ, എൻ.യു.എൽ.എം. എന്നിവയിൽ നിന്നുമുള്ള തുകകൾ സംയോജിപ്പിച്ച് കൂടുതൽ ആകർഷകമായ പദ്ധതികൾ 2024-25 വർഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കും.

# അദ്ധ്യായം 10.

# ആസ്ഥിവികസനം

# മെയിന്റനൻസ് ഗ്രാന്റ് റോഡ്

| Project No | Project Name Mal | Impl Code | Fund Description | FundTotal |
|---|---|---|---|---|
| 1 | ചെമ്പുളായിൽ മുണ്ടുപാലം സ്കൂൾ കരൂർ മഠം ആയൂർവേദ ആശുപത്രിജംഗ്ഷൻ പരുമലക്കുന്ന് കോളനി റോഡ് നവീകരണം വാർഡ് 1 | AE (LSGD) | Maintenance Fund - Road Assets - 600000 | 600000 |
| 2 | കരൂർ അമ്പലം കരൂർ മഠം റോഡ് തെരുവുംകുന്ന് റോഡ് നവീകരണം വാർഡ് 2 | AE (LSGD) | Maintenance Fund - Road Assets - 600000 | 600000 |
| 3 | മാർത്തോമ ചർച്ച് റോഡ് ജനതാ റോഡ് നവീകരണം വാർഡ് 3 | AE (LSGD) | Maintenance Fund - Road Assets - 600000 | 600000 |
| 4 | ആക്കകുന്നേൽ റോഡ് മംഗലം റോഡ് സെന്റ് തോമസ് റോഡ് നവീകരണം വാർഡ് 4 | AE (LSGD) | Maintenance Fund - Road Assets - 850000 | 850000 |
| 5 | പാലാ ക്ലബ്ബ് പമ്പ് ഹൌസ് റോഡ് ജോസ് ജംഗ്ഷൻ റോഡ് നവീകരണം വാർഡ് 5 | AE (LSGD) | Maintenance Fund - Road Assets - 450000 | 450000 |
| 6 | ചെറുവള്ളിൽ മണ്ഡപത്തിൽ റോഡ് പുനരുദ്ധാരണം വാർഡ് 5 | AE (LSGD) | Maintenance Fund - Road Assets - 150000 | 150000 |
| 7 | കുത്തി വളച്ചാൽ റോഡ് ഒടുക്കപ്പാറ റോഡ് പോളിടെക്നിക്ക് ലിങ്ക് റോഡ് പുനരുദ്ധാരണം വാർഡ് 6 | AE (LSGD) | Maintenance Fund - Road Assets - 850000 | 850000 |
| 8 | മുണ്ടാങ്കൽ പുലിമലക്കുന്ന് ഇളംന്തോട്ടം ശാന്തിഗ്രാം റോഡ് പുനരുദ്ധാരണം വാർഡ് 7 | AE (LSGD) | Maintenance Fund - Road Assets - 600000 | 600000 |
| 9 | കവിക്കുന്ന് മൂന്നാനി ജനതാ റോഡ് കീർത്തി നഗർ റോഡ് പുനരുദ്ധാരണം വാർഡ് 8 | AE (LSGD) | Maintenance Fund - Road Assets - 850000 | 850000 |
| 10 | കൊച്ചിടപ്പാടി കവിക്കുന്ന് റോഡ് പുനരുദ്ധാരണം വാർഡ് 9 | AE (LSGD) | Maintenance Fund - Road Assets - 850000 | 850000 |
| 11 | കോർട്ട് കോംപ്ലക്സ് റോഡ് ഫ്രണ്ട്സ് സർക്കിൾ ആറ്റുകടവ് റോഡ് പുനരുദ്ധാരണം വാർഡ് 10 | AE (LSGD) | Maintenance Fund - Road Assets - 850000 | 850000 |
| 12 | പാലാ ക്ലബ്ബ് റോഡ് ജോസ് ജംഗ്ഷൻലിങ്ക് റോഡ് പുനരുദ്ധാരണം വാർഡ് 11 | AE (LSGD) | Maintenance Fund - Road Assets - 600000 | 600000 |
| 13 | കള്ളരിയമ്മാക്കൽ റോഡ് തൃക്കയിൽകടവ് റോഡ് വിൻസെൻഷ്യൻ സെമിനാരി റോഡ് നവീകരണംവാർഡ് 12 | AE (LSGD) | Maintenance Fund - Road Assets - 850000 | 850000 |
| 14 | കണ്ണാടിയുറുമ്പ് റോഡ് നവീകരണം വാർഡ് 13 15 | AE (LSGD) | Maintenance Fund - Road Assets - 1700000 | 1700000 |
| 15 | പ്രസാദ് റോഡ് പുനരുദ്ധാരണം വാർഡ് 14 | AE (LSGD) | Maintenance Fund - Road Assets - 300000 | 300000 |
| 16 | കരിമ്പത്തികണ്ടം കണ്ണാടിയുറുമ്പ് റോഡ്കല്ലാനിമുകളേൽ റോഡ് പുനരുദ്ധാരണം വാർഡ് 14 | AE (LSGD) | Maintenance Fund - Road Assets - 300000 | 300000 |
| 17 | കണ്ണാടിയുറുമ്പ് പാലാക്കാട് റോഡ് ജോസ്മിൻ റോഡ് നവീകരണം വാർഡ് 16 | AE (LSGD) | Maintenance Fund - Road Assets - 600000 | 600000 |
| 18 | കല്ലറയ്ക്കൽ റോഡ് ജാസ്മിൻ റോഡ് നവീകരണം വാർഡ് 17 | AE (LSGD) | Maintenance Fund - Road Assets - 600000 | 600000 |

| | | | | |
|---|---|---|---|---|
| 19 | ചൊള്ളാനിക്കൽ റോഡ സെമിത്തേരിമുക്ക് രാമപുരം റോഡ് നവീകരണം വാർഡ് 18 | AE (LSGD) | Maintenance Fund - Road Assets - 850000 | 850000 |
| 20 | മാങ്കൂട്ടം റോഡ മാട്ടേൽ റോഡ നവീകരണം വാർഡ് 19 | AE (LSGD) | Maintenance Fund - Road Assets - 850000 | 850000 |
| 21 | കിഴതടിയൂർ കയ്യാലക്കകം റോഡ നവീകരണം വാർഡ് 20 | AE (LSGD) | Maintenance Fund - Road Assets - 300000 | 300000 |
| 22 | സെന്റ സെബാസ്റ്റ്യൻ റോഡ നവീകരണം വാർഡ് 20 | AE (LSGD) | Maintenance Fund - Road Assets - 300000 | 300000 |

| | | | | |
|---|---|---|---|---|
| 23 | ചാവറ റോഡ സെന്റ തോമസ പ്രസ്സ് റോഡ് നവീകരണം വാർഡ് 21 | AE (LSGD) | Maintenance Fund - Road Assets - 250000 | 250000 |
| 24 | റ്റി റ്റി സി റോഡ് കൌണ്ടാട്ടുകുന്ന് റോഡ് വി പി ലിങ്ക് റോഡ് നവീകരണം വാർഡ് 21 | AE (LSGD) | Maintenance Fund - Road Assets - 350000 | 350000 |
| 25 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ റോഡ് രാജീവ് ഗാന്ധി റോഡ് നവീകരണം വാർഡ് 23 | AE (LSGD) | Maintenance Fund - Road Assets - 850000 | 850000 |
| 26 | ജനതാ നെല്ലിയാനി പള്ളി റോഡ സെന്റ് സെബ്സാറ്റ്യൻ റോഡ് നവീകരണം വാർഡ് 25 | AE (LSGD) | Maintenance Fund - Road Assets - 300000 | 300000 |
| 27 | കോട്ടപ്പാലം തെക്കുംപടി റോഡ വട്ടക്കുന്നേൽ നെല്ലിയാനി റോഡ് ആര്യപ്പാറ റോഡ് നവീകരണം വാർഡ് 22 24 | AE (LSGD) | Maintenance Fund - Road Assets - 1700000 | 1700000 |
| 28 | ജനതാ റോഡ് അൽഫോൻസാ റോഡ് നവീകരണം വാർഡ് 25 26 | AE (LSGD) | Maintenance Fund - Road Assets - 600000 | 600000 |
| 29 | അൽഫോൻസാ റോഡ നവീകരണം വാർഡ് 26 | AE (LSGD) | Maintenance Fund - Road Assets - 300000 | 300000 |
| 117 | കുഴുവാനികുന്നേൽ റോഡ നവീകരണം വാർഡ് 15 | AE (LSGD) | Maintenance Fund - Road Assets - 350000 | 350000 |

# മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്

| Project No | Project Name Mal | Impl Code | Fund Description | FundTotal |
|---|---|---|---|---|
| 40 | ജനറൽ ഹോസ്പിറ്റൽ മെയിന്റൻസ് | AE (LSGD) | Maintenance Fund - Non-road Assets - 600000 | 600000 |
| 88 | ഗവ ആയുർവേദ ആശുപത്രിയിലെ കുഴൽ കിണറിലെ വെള്ളം ഉപയോഗ്യമാക്കുന്നതിന് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് | AE (LSGD) | Maintenance Fund - Non-road Assets - 100000 | 100000 |
| 108 | ആയുർവേദ ഹോസ്പിറ്റൽ കിച്ചൻ ടോയിലറ്റ് നിർമ്മാണം | AE (LSGD) | Maintenance Fund - Non-road Assets - 600000 | 600000 |
| 109 | ഹോമിയോ ഹോസ്പിറ്റൽ മെയിന്റൻസ് | AE (LSGD) | Maintenance Fund - Non-road Assets - 500000 | 500000 |
| 110 | വാർഡ് 16 അംഗനവാടി ഇലക്ട്രിഫിക്കേഷൻ | AE (LSGD) | Maintenance Fund - Non-road Assets - 100000 | 100000 |
| 111 | ആയുർവേദ ഹോസ്പിറ്റൽ ഇലക്ട്രിഫിക്കേഷൻ | AE (LSGD) | Maintenance Fund - Non-road Assets - 300000 | 300000 |
| 112 | അരുണാപുരം ഗവ എൽ പി സ്കൂൾ മെയിന്റന്സ് ടോയിലറ്റ് നിർമ്മാണം | AE (LSGD) | Maintenance Fund - Non-road Assets - 400000 | 400000 |
| 113 | മഹാത്മഗാന്ധി ഹയർസെക്കണ്ടറി സ്കുൾ മെയിന്റനൻസ് | AE (LSGD) | Maintenance Fund - Non-road Assets - 200000 | 200000 |

# അദ്ധ്യായം 11.

# മോണിറ്ററിംഗ്

## മോണിട്ടറിംഗ്

2026-27 കാലത്തെ പദ്ധതി നിർവ്വണം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി 16 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. ഇത്തരം വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് നിർവ്വഹണ സമയത്ത് മോണിട്ടറിംഗ് കമ്മറ്റികൾ ആയി രൂപാന്തരപ്പെടുന്നു.

## മോണിറ്ററിംഗ് കമ്മറ്റിയുടെ ചുമതലകൾ

1. നഗരവാസികളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജന പങ്കാളിത്വം ഉറപ്പുവരുത്തുന്നതിനും പദ്ധതി രൂപീകരണ പ്രക്രിയയിൽ നവ മാദ്ധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനും വർക്കിംഗ് ഗ്രൂപ്പുകൾ ശ്രമിക്കണം.
2. സ്റ്റേക്ക് ഹോൾഡർ കൂടിയാലോചനകൾ, ബാങ്ക്, സഹകരണസ്ഥാപനങ്ങൾ എന്നിവയുമായുള്ള ചർച്ചകൾ, വാർഡു സഭാ യോഗങ്ങൾ, വികസന സെമിനാർ, എന്നിവടങ്ങളിലെ ചർച്ചകൾ, മുതലയവയ്ക്ക് അക്കാദമിക് സഹായവും നേതൃത്വം നൽകുക.
3. അതാത് വികസന മേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക.
4. വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയവുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക.
5. അവസ്ഥ വിശകലനത്തിൽ ബന്ധപ്പെട്ട വികസന മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തുകയും പ്രശ്നപരിഹാര നിർദ്ദേങ്ങൾ രൂപീകരിക്കുകയും വേണം.
6. ഘടകസ്ഥാപനങ്ങളിൽ ലഭ്യമായിട്ടുള്ള പ്രാഥമിക വിവരങ്ങളും പഞ്ചായത്ത് തല സ്ഥിതിവിവരക്കണക്കുകൾ, ജനസംഖ്യ റിപ്പോർട്ട് എന്നിവയിൽ നിന്നുള്ള ദ്വിതീയ വിവരങ്ങളും ശേഖരിച്ച് വിവരാടിത്തറ ഒരുക്കുവാൻ ഉപയോഗിക്കാവുന്നതാണ്.
7. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പേരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമിക വിവരങ്ങളും ദ്വിതീയ വിരവങ്ങളും സമന്വയിപ്പിച്ച് അവസ്ഥാ വിശകലനം നടത്തുക.
8. അവസ്ഥാ വിശകലനം അവലംബമാക്കി ഓരോ വികസന മേഖലയും നേരിടുന്ന പ്രധാന വെല്ലുവിളികൾ വികസനത്തിലെ നിലവിലുള്ള വിടവുകൾ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ, അതിന് സ്വീകരിക്കാവുന്നതന്ത്രം, എന്നിവയെല്ലാം ഉൾപ്പെടുത്തി ഒരു അവസ്ഥാരേഖ (status report) യഥസമയം തയ്യാറാക്കി നഗരസഭയ്ക്ക് സമർപ്പിക്കുക.

9. അവസ്ഥാരേഖയിൽ ലക്ഷ്യങ്ങൾ രണ്ട് രീതിയിൽ നിർവചിക്കണം. ഒന്നാമത് വേണ്ടത് വികസന മേഖലയിൽ ദീർഘകാല ലക്ഷ്യങ്ങൾ അഥവാ കാഴ്ചപ്പാട് വ്യക്തമാക്കുക എന്നതാണ്. 2030 –ൽ വികസന മേഖലയിൽ എന്തൊക്കെ നേടാൻ ശ്രമിക്കണം എന്നതാണ് വ്യക്തമാക്കേണ്ടത്. രണ്ടാമത് പതിനാലാം പദ്ധതിയിൽ അഥവാ അടുത്ത അഞ്ചു വർഷം കൊണ്ട് ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൂടുതൽ കൃത്യതയോടെ നിർവ്വചിക്കുകയാണ് വേണ്ടത്.
10. വാർഡ്സഭയിൽ അച്ചടിച്ചു നൽകുന്നതിനാവശ്യമായ വിവരങ്ങളും പദ്ധതി രേഖയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമാ വിവരങ്ങളും എഴുതി തയ്യാറാക്കി നൽകുക.
11. പ്രോജക്ടുകൾ രൂപീകരിക്കുന്നതിനാവശ്യമായ വിവരങ്ങളും പദ്ധതി രേഖയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങളും എഴുതി തയ്യാറാക്കി നൽകുക.
12. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഹരിതകേരളം, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണം എന്നീ വികസന ദൗത്യങ്ങളുമായി പ്രാദേശിക പദ്ധതികളെ ഏകോപിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക.
13. സാമ്പത്തിക-സാങ്കേതിക - പ്രായോഗിക ക്ഷമതയുള്ളതും നിയമാനുസൃതവുമായ പ്രോജക്ടുകൾ പൂർണ്ണമായും ചിട്ടയായും നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക.
14. നഗരസഭാ കൗൺസിൽ അംഗീകരിച്ച വാർഷിക പദ്ധതിയിലുള്ള പ്രോജക്ടുകൾ ബന്ധപ്പെട്ട ഫോറങ്ങളിൽ എഴുതി തയ്യാറാക്കി സുലേഖ ആപ്ലിക്കേഷനിൽ ഡാറ്റാ എൻട്രി ചെയ്യിക്കുക. പ്രോജക്ട് എഴുതി തയ്യാറാക്കുന്നതിന്റെ മുഖ്യ ഉത്തരവാദിത്വം വർക്കിംഗ് ഗ്രൂപ്പ് കൺവീനർക്കാണ്.
15. പദ്ധതി അംഗീകരിച്ചശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടികൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക.
16. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ചുചേർക്കൽ, മിനിട്സ് രേഖപ്പെടുത്തൽ, മിനിട്സ് ബുക്ക് സൂക്ഷിക്കൽ, ചുമതല ഒഴിയുമ്പോൾ ബന്ധപ്പെട്ട രേഖകൾ കൃത്യമായി കൈമാറുക തുടങ്ങിയവ കൺവീനറുടെ ചുമതലകളാണ്.
17. മോണിട്ടറിംഗ് ഘട്ടത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് ഒഴിവാകണം.

# അദ്ധ്യായം 12

## സ്റ്റാൻഡിംഗ് കമ്മറ്റി നിർദ്ദേശങ്ങൾ

### 1) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

1) പേ ആന്റ് പാർക്ക് സംവിധാനം നടപ്പിലാക്കണം
2) ഗവൺമെന്റ് ഹോമിയോ ഹോസ്പിറ്റൽ നവീകരണം
3) ഗവൺമെന്റ് ആയൂർവ്വേദ ഹോസ്പിറ്റൽ നവീകരണം
4) പാലിയേറ്റീവ് പദ്ധതികൾ കൂടുതൽ ശക്തമാക്കണം
5) വിവിധ അംഗനവാടികളുടെ പുനരുദ്ധാരണം
6) ലൈബ്രറിയുടെ നവീകരണം.
7) ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തി നഗരസഭയെ മാലിന്യമുക്തമാക്കണം
8) പാലാ നിവാസികളുടെ ആശ്രയകേന്ദ്രങ്ങളായ ഗവൺമെന്റ് ഹോസ്പിറ്റലിൽ ഐ.സി.യു സൗകര്യങ്ങളടങ്ങിയ പീഡിയാട്രിക്ന്യൂറോ വിഭാഗം, പീഡിയാട്രിക് കാർഡിയോളജി വിഭാഗം, വയോജനങ്ങൾക്കും, ഭിന്നശേഷി വിഭാഗങ്ങൾക്കുമായി 25 ബെഡ് അടങ്ങുന്ന സ്പെഷ്യൽ പാലിയേറ്റീവ് യൂണിറ്റ്, വയോജനങ്ങൾക്കായി വൃക്കരോഗം പക്ഷാഘാതം മുതലായ രോഗങ്ങൾക്ക് പ്രത്യേക ചികിത്സാ വിഭാഗം ഉൾപ്പടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി നവീകരിക്കണം
9) കുട്ടികളുടെ മാനസിക ബൗദ്ധിക ഉന്നമനത്തിനു വേണ്ടി ഐ.സി.ഡി.എസ്.മായി ചേർന്ന് നൂതന പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കണം
10) വയോജനങ്ങൾക്ക് ഒത്തു കൂടാനും ഉല്ലസിക്കാനുമായി പകൽ വീട് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. ആയതിലേക്ക് സ്ഥലം കണ്ടെത്തി കെട്ടിടനിർമ്മാണം നടത്തണം പകൽ വീടിന്റെ പ്രവർത്തനങ്ങൾക്കായി കെയർടേക്കറെ നിയമിക്കണം
11) നഗരസഭയുടെ വിവിധ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി നഗരസഭാ പരിധിയിൽ വാതിൽപ്പടി സേവനങ്ങൾ നടപ്പിലാക്കണം
12) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതികൾ
13) ഉറവിട മാലിന്യ സംസ്കരണം ഉൾപ്പെടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തണം.
14) ഗവൺമെന്റ് വെറ്ററിനറി ഹോസ്പിറ്റൽ നവീകരണം
15) ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം
16) പാലായുടെ പ്രധാന ജലാശയമായ മീനച്ചിലാർ കര കവിഞ്ഞാണ് പ്രധാനമായും വെള്ളപ്പൊക്കം ഉണ്ടാകുന്നത്. മീനച്ചിലാറിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കം ചെയ്ത് വെള്ളപ്പൊക്ക സാധ്യതയുടെ കാഠിന്യം കുറക്കുന്നതിന് നടപടികൾ സ്വീകരിക്കണം
17) രൂക്ഷമായ വൈദ്യുതി ക്ഷാമവും വർദ്ധിച്ചു വരുന്ന വൈദ്യുതി നിരക്കും നേരിടുന്നതിന് നഗരസഭാ ഓഫീസ് ഭീമമായ സാമ്പത്തിക ബാദ്ധ്യത വരുന്നതിന് പരിഹാരമായി സർക്കാർ സബ്സിഡിയോടു കൂടി സൗരോർജ്ജ പദ്ധതി നടപ്പിലാക്കണം
18) അതി ദരിദ്രരെ സഹായിക്കുന്നതിന് നടപടികൾ സ്വീകരിക്കണം
19) വിശപ്പു രഹിത പാലാ പദ്ധതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം
20) നഗരസഭയിലെ വിവിധ കുടിവെള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കണം.
21) നഗരസഭാ ഓഫീസ് നവീകരണം നടത്തി ഐ എസ് ഒ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം.
22) നഗരസഭാ കുളിക്കടവുകൾ നവീകരണം
23) പാലായുടെ സൗന്ദര്യത്തിന്റെ പ്രതീകമായിരുന്ന ആർ.വി. പാർക്ക് നവീകരണം
24) നഗരസഭാ ടൗൺഹാൾ നവീകരണം
25) നിലവിൽ ജീർണ്ണാവസ്ഥയിലുള്ള നഗരസഭാ ക്വാർട്ടേഴ്സ് പൊളിച്ച് താഴത്തെ നിലയിൽ ഷോപ്പിംഗ് കോംപ്ലക്സ് മുകളിൽ ക്വാർട്ടേഴ്സ് എന്നിവയടങ്ങിയ കോംപ്ലക്സ് നിർമ്മിക്കണം
26) നഗരസഭയിൽ ലൈസൻസ് ഫീസ് പരിഷ്കരണം.

27) ജി.ഐ.എസ്. മാപ്പിംഗ് നടപ്പിലാക്കി നഗരസഭയുടെ ആസ്തിയും മറ്റ് വിവരങ്ങളും പരിഷ്കരിച്ച് വരുമാന വർദ്ധനവുണ്ടാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

28) നിലവിൽ ഒഴിഞ്ഞ്കിടക്കുന്ന നഗരസഭയുടെ ഉടമസ്ഥതയിലുള്ള എല്ലാ കടമുറികളും ലേലം ചെയ്ത് നൽകുകയോ ഓഫർ ക്ഷണിക്കുകയോ ചെയ്യുക.

29) കെട്ടിടനികുതി പരിഷ്കരിക്കുക.

## 2) <u>വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നിർദ്ദേശങ്ങൾ</u>

1. നൂതന രീതിയിൽ മാലിന്യ സംസ്കരണ സംവിധാനം, M.C.F. എന്നിവ ആരംഭിക്കണം.
2. നഗരസഭാ പരിധിയിലെ എല്ലാ വാർഡുകളിലും എല്ലാ വീടുകളിലും G-bin വിതരണം നടപ്പിലാക്കുക.
3. ക്ലീനിംഗ് സ്റ്റാഫിന്റെ ഒഴിവുകൾ നിരത്തുക.
4. ക്ലീനിംഗ് സ്റ്റാഫുകൾ സമയബന്ധിതമായി കൃത്യ സമയത്ത് ജോലി പൂർത്തീകരിക്കുക.
5. തൊഴിലുറപ്പ് ജോലികൾക്ക് ആവിശ്യമായ രീതിയിൽ മുനിസിപ്പാലിറ്റിയിൽ നിന്നും പരിശോധന നടത്തി ജോലികൾ കാര്യക്ഷമമായോ എന്ന പരിശോധന നടത്തുക.
6. മുനിസിപ്പാലിറ്റിയിൽ ആവിശ്യമായ പുല്ലുവെട്ടിയന്ത്രം വാങ്ങുക.
7. അലോപ്പതി മരുന്നുകൾ ആവിശ്യത്തിന് വാങ്ങുക.
8. ഹോമിയോപ്പതി മരുന്നുകൾ ആവിശ്യത്തിന് വാങ്ങുക.
9. ആയുർവേദ മരുന്നുകൾ ആവിശ്യത്തിന് വാങ്ങുക.
10. അലോപ്പതി, ഹോമിയോപ്പതി, ആയുർവേദ ആശുപത്രികളിൽ ആവിശ്യമായ ചികിത്സ അനുബന്ധ ഉപകരണങ്ങൾ വാങ്ങുക.
11. അലോപ്പതി, ഹോമിയോപ്പതി, ആയുർവേദ ആശുപത്രികളിൽ ആവിശ്യമായ ഇൻവെർട്ടർ സ്ഥാപിക്കുക.
12. ജനറൽ ഹോസ്പിറ്റലിൽ ആവിശ്യത്തിന് ഡോക്ടർമാർ, നേഴ്സുമാർ മറ്റ് സ്റ്റാഫുകളെ നിയമിക്കുക. രാത്രികാലങ്ങളിൽ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുക.
13. ജനറൽ ഹോസ്പിറ്റലിൽ ട്രോമകെയർ യൂണിറ്റ് നടപ്പിലാക്കുക.
14. ജനറൽ ഹോസ്പിറ്റലിൽ I C യൂണിറ്റ് കാര്യക്ഷമമാക്കുക.
15. ജനറൽ ഹോസ്പിറ്റലിൽ നിലവിലുള്ള സൗകര്യം മെച്ചപ്പെടുത്തുക.
16. ജനറൽ ഹോസ്പിറ്റലിൽ സ്കാനിങ്ങിനുള്ള മെഷീനുകൾ വാങ്ങുക.
17. ജനറൽ ഹോസ്പിറ്റലിൽ സോളാർ സംവിധാനം ഏർപ്പെടുത്തുക.
18. മുനിസിപ്പൽ ക്വാർട്ടേഴ്സിന് സമീപം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക.
19. ജലാശയങ്ങൾ, ഓടകൾ, തോടുകൾ എന്നിവ എന്നിവ ശുചീകരിച്ച് മാലിന്യനിർമ്മാജ്ജനം കാര്യക്ഷമമാക്കുക.
20. പാലാ നഗരസഭയുടെ കീഴിലുള്ള എല്ലാ വാർഡുകളിലും ശുദ്ധജലം എത്തിക്കാനുള്ള സംവിധാനം നടപ്പാക്കുക.
21. നഗരസഭയുടെ പബ്ലിക്ക് ടോയ്ലറ്റ് ശുദ്ധീകരിച്ച് പ്രവർത്തനക്ഷമമാക്കുക, ടോയ്ലറ്റ് maintenance നടത്തുക.
22. റോഡുകളിലെ വെള്ളക്കെട്ട് ഒഴുവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
23. നഗരസഭയുടെ കീഴിലുള്ള എല്ലാ വാർഡുകളിലും നെയിംബോർഡ് സ്ഥാപിക്കുക.
24. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാത്ത വഴികളിലും ആയതു സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുക.
25. വയോജനങ്ങൾക്ക് സ്വയംപ്രഭാ ഹോം പദ്ധതി നടപ്പിലാക്കുക.
26. അർഹതപ്പെട്ട വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം നടത്തുക.
27. നിലവിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവിശ്യമായ ടോയ്ലറ്റ് സംവിധാനങ്ങൾ നടപ്പിലാക്കുക.
28. വാർഡുകളിലെ M.C.F.നു സമീപം CCTV ക്യാമറ സ്ഥാപിക്കുക.
29. പകൽവീട് സ്ഥാപിക്കുക.
30. സ്ത്രീ സൗഹൃദ ടോയ്ലറ്റ് സ്ഥാപിക്കുക.
31. നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കുക.

**3) ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി**

1. നഗരസഭ പ്രദേശത്തെ പൊതുകിണറുകൾ തേകി വൃത്തിയാക്കുക
2. നഗരസഭ പ്രദേശത്തെ പൊതു ഓടകൾ മാലിന്യവും, മണ്ണും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുക
3. കിടപ്പുരോഗികളുടെ പാംമ്പേഴ്സ് തുടങ്ങിയവ ആക്രി ആപ്പിന് നല്കുന്നതിന് നഗരസഭ പ്രദേശത്തെ വിവിധ ഓൾഡ് ഏജ് ഹോമുകൾക്ക് യൂസർഫീ നൽകുക
4. എം.സി.എഫ്. ൽ ഓട്ടോമേറ്റഡ് ഫയർ എക്സ്റ്റിംഗ്യുഷർ സിസ്റ്റം സ്ഥാപിക്കൽ
5. എം.സി.എഫ്. നവീകരണം
6. ശുചീകരണ സാധനങ്ങൾ, വീഡ് കട്ടർ, പ്രഷർ പമ്പ്, വാക്കം ക്ലീനർ തുടങ്ങിയവ
7. പൊതുസ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം കണ്ടെത്തുന്നതിന് സി.സി.ടി.വി. (with A.M.C.)
8. ഹരിതകർമ്മസേനയ്ക്ക് അജൈവ മാലിന്യ ശേഖരണത്തിന് ചാക്ക് വാങ്ങൽ
9. ഹരിതകർമ്മസേന അംഗങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങൾ, യൂണിഫോം, ഓവർക്കോട്ട്, ഗ്ലൗസ്, മാസ്ക് തുടങ്ങിയവ
10. ശുചീകരണ തൊഴിലാളികൾക്ക് യൂണിഫോം സുരക്ഷാ ഉപകരണങ്ങൾ സി.എൽ.ആർ. ഉൾപ്പെടെ
11. ഹരിതകർമ്മസേന അംഗങ്ങൾക്ക് ഹാൻഡ് കാർട്ട് / ട്രോളി
12. ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക്കൽ ഓട്ടോ
13. ഹരിതകർമ്മ സേന അംഗങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്
14. ശുചീകരണ തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പ്
15. ടൗണിലെ പ്രധാന ജംഗ്ഷനുകളിൽ കുടിവെള്ള കിയോസ്ക്കുകൾ / വാട്ടർ ATM
16. C.K.C.L. അജൈവ മാലിന്യ ശേഖരണം
17. കാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

**4) പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി**

1. മുനിസിപ്പൽ ഓഫീസ് നവീകരണം.
2. മുനിസിപ്പാലിറ്റി ഓഫീസിന്റെ താഴത്തെ നിലയിൽ ഭിന്നശേഷിക്കാർക്ക് വേണ്ടി മുറി അനുവദിക്കണം.
3. കൗൺസിൽ ഹാൾ നവീകരണം
4. കൊട്ടാരമറ്റം ബസ് സ്റ്റാന്റിലെ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന് റൂഫിംഗ് ചെയ്യണം. കെട്ടിടം മെയിന്റനൻസ് നടത്തണം. ടോയ്ല്റ്റുകൾ ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് നവീകരിക്കണം. ടോയ്ലറ്റിന്റെ ഷട്ടറുകൾ ജീർണ്ണിച്ചതിനാൽ അടിയന്തിരമായി മെയിന്റനൻസ് നടത്തണം.
5. കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സിൽ ലിഫ്റ്റ് സംവിധാനം പ്രവർത്തനക്ഷമമാക്കണം.
6. കളരിയാമ്മാക്കൽ ചെക്ക് ഡാമിന്റെ ഷട്ടറുകൾ എളുപ്പത്തിൽ തുറക്കാവുന്ന രീതിയിൽ നവീകരിക്കണം.
7. മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിൽ റൂഫിംഗ് ചെയ്ത ഭാഗത്ത് വാടകയ്ക്ക് കൊടുക്കാവുന്ന രീതിയിൽ ഉപയോഗയോഗ്യമാക്കണം.
8. കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സിന്റെ പുറകുവശത്ത് ബിഷപ്പ് ഹൗസിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം സ്റ്റാന്റിന്റെ വികസനത്തിനായി ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കണം.
9. മുനിസിപ്പൽ അതിർത്തിയിലുള്ള എല്ലാ യഭാഗത്തും വെൽക്കം ബോർഡ് സ്ഥാപിക്കണം. ടി ഭാഗത്ത് ഹൈമാസ്റ്റ് (മിനി) ലൈറ്റുകൾ കൂടി സ്ഥാപിക്കണം.
10. നഗരത്തിലുള്ള ടോയ്ലറ്റുകൾ നവീകരിക്കണം.
11. വെള്ളമില്ലാത്ത പ്രദേശത്ത് കുഴൽ കിണർ കുഴിക്കണം.
12. എല്ലാ ജലവിതരണ പദ്ധതികളുടേയും കുളം നവീകരിക്കുന്നതിന് വാർഷിക പദ്ധതി വെയ്ക്കണം.
13. എല്ലാ റോഡുകൾക്കും ഓടനിർമ്മിക്കുകയും, നിലവിലുള്ള ഓടകൾ നവീകരിക്കുകയും വേണം. പ്രധാനപ്പെട്ട ഓടകൾ നവീകരിക്കാൻ പി.ഡബ്ല്യു.ഡി. യ്ക്ക് കത്ത് നൽകണം.

**5) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി**

1. പ്രീമെട്രിക് ഹോസ്റ്റൽ മതിലിൽ ആപ്തവാക്യങ്ങൾ
2. അംഗൻവാടികൾക്ക് കറന്റ് കണക്ഷൻ, വാട്ടർ കണക്ഷൻ
3. അംഗൻവാടികൾക്ക് ഫർണീച്ചർ, ഫാൻ
4. അംഗൻവാടികൾക്ക് ടോയ്ലറ്റ്

5. വയോമിത്രം പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങൾ
6. മുനിസിപ്പൽ കോളനി വീടുകളുടെ അറ്റകുറ്റപ്പണികൾ
7. മുനിസിപ്പൽ കോളനി - സെപ്റ്റിക് ടാങ്ക് ടോയ്‌ലറ്റ്, ഓട നിർമ്മാണം
8. ജനതാ കോളനിയിൽ സംരക്ഷണഭിത്തി നിർമ്മാണം
9. പ്രീ മെട്രിക് ഹോസ്റ്റൽ അറ്റകുറ്റപ്പണികൾ
10. പ്രീ മെട്രിക് ഹോസ്റ്റലിൽ റഫറൻസ് ലൈബ്രറി
11. വീടുകളുടെ അറ്റകുറ്റപ്പണികൾ
12. ഭവനനിർമ്മാണം
13. വീടിന് സ്ഥലംവാങ്ങൽ
14. പട്ടികജാതി ഭവനനിർമ്മാണം
15. പട്ടികജാതി വിഭാഗം വീട് മെയിന്റനൻസ്
16. പട്ടികജാതി വിഭാഗം വീടിന് സ്ഥലം വാങ്ങൽ
17. അംഗൻവാടി പോഷകാഹാര വിതരണം
18. അംഗൻവാടി ജീവനക്കാർക്ക് അധികവേതനം
19. അംഗൻവാടികൾക്ക് Toys വാങ്ങുക
20. വയോമിത്രത്തിന് മരുന്ന് വാങ്ങുന്നതിന് കൂടുതൽ തുക അനുവധിക്കുക
21. അംഗൻവാടികൾക്ക് wastebin ഫ്രീയായി അനുവദിക്കുക
22. അംഗൻവാടികൾക്ക് ആഹാരം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ വാങ്ങുക
23. സ്വന്തം കെട്ടിടമുള്ള അംഗൻവാടികൾ സ്മാർട്ട് ആക്കുന്ന നടപടികൾ സ്വീകരിക്കുക

## 6) വിദ്യാഭ്യാസ കലാകായിക കാര്യ സ്റ്റാന്റിംഗ് കമ്മറ്റി

1. ഗവൺമെന്റ് എൽ.പി. സ്കൂൾ ളാലത്തിന്റെ പുതിയ കെട്ടിടത്തിന്റെ പെയിന്റിംഗ് നടത്തുക.
2. ടി സ്കൂളിലേയ്ക്ക് 2 ലാപ്ടോപ്പുകളും പ്രോജക്ടറുകളും (With mounting kit) അനുവദിക്കുക.
3. മണ്ണിടിയുന്നതുമൂലം അപകടാവസ്ഥയിലേക്ക് നീങ്ങാൻ സാധ്യതയുള്ള സ്കൂൾ മുറ്റത്തെ കിണർ റിംഗ് വാർത്ത് സുരക്ഷിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
4. പാലാ നഗരസഭയുടെ കീഴിലുള്ള 3 സർക്കാർ എൽ.പി. സ്കൂളിലെ കുട്ടികൾക്ക് (ഏകദേശം 130 ഓളം കുട്ടികൾ) പ്രഭാത ഭക്ഷണം നൽകുന്നതിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് വയ്ക്കുക. ഒരു കുട്ടിയ്ക്ക് ബഹു. സർക്കാർ കണക്കനുസരിച്ച് 24/- രൂപ നിരക്കിൽ 2026-27 വാർഷിക പദ്ധതിയിൽ 6.5 ലക്ഷം രൂപ നീക്കി വയ്ക്കുക.
5. പുലിമലക്കുന്ന് അംഗൻവാടി (വാർഡ് 7) സ്മാർട്ട് ആക്കുന്നതിനു വേണ്ടി 2026-27 വാർഷിക പദ്ധതിയിൽ 1.5 ലക്ഷം രൂപ അനുവദിക്കുക. ഇത് Intractive panel 65 ഇഞ്ച് സ്ഥാപിക്കുന്നതിനും അനുബന്ധ വയറിംഗിനും വേണ്ടിയാണ്.
6. നഗരസഭ സ്റ്റേഡിയത്തിലെ Sprinkler കേടായി പോയതിനാൽ ഗ്രീൻ ഫീൽഡ് നനയ്ക്കാൻ പറ്റാത്ത സാഹചര്യമാണുണ്ടായിരുന്നത്. ആയതിനാൽ Sprinkler അടിയന്തിരമായി നന്നാക്കുന്നതിന് തുക വകയിരുത്തുകയും ടി പ്രവർത്തി നടപ്പിലാക്കുകയും ചെയ്യുക.
7. നഗരസഭാ ലൈബ്രറിയുടെ ടോയ്‌ലറ്റിന്റെ നശിച്ചു പോയ വാതിലുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക.
8. ആർ.വി. പാർക്ക് നവീകരിക്കുന്നതിന് പ്രോജക്ടിൽ തുക വകയിരുത്തുക. പാർക്കിനുള്ളിലെ സ്റ്റേജ് റൂഫിംഗ്, ഓപ്പൺ എയർ ഭാഗം റൂഫ് ചെയ്യുക, ബാത്ത്റൂം മെയിന്റനൻസ്, ഫുട്പാത്ത് നിർമ്മാണം, കുട്ടികളുടെ പാർക്ക് നവീകരണം, സൗണ്ട് സിസ്റ്റം റിപ്പയറിംഗ് തുടങ്ങിയവയ്ക്കെല്ലാം ബഡ്ജറ്റിൽ തുക വകയിരുത്തുക.
9. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ കഴിഞ്ഞ 8 വർഷമായി താത്ക്കാലിക വൈദ്യുതി കണക്ഷനാണ് ഉപയോഗിച്ചു വരുന്നത്. ടി സ്കൂളിൽ power allocation നു വേണ്ടി 4 ലക്ഷം രൂപ വകയിരുത്തുക.

# വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ 2026 – 27

## 1) പൊതുഭരണവും ധനകാര്യവും

1. നഗരസഭയുടെ പ്രധാന Name Board പുതിയതായി സ്ഥാപിക്കുക.
2. പ്രവർത്തന യോഗ്യമല്ലാത്ത പെതുടാപ്പുകൾ കട്ട് ചെയ്യുക.
3. നഗരസഭ പരിധിയിലെ 14 ടോയ്‌ലറ്റ് സമുച്ചയങ്ങൾക്ക് പ്രത്യേകം ഫയൽ ഓപ്പൺ ചെയ്ത് അത് പ്രവർത്തനയോഗ്യമാക്കുന്നതിനും വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുക.
4. പൊതു ടോയ്‌ലറ്റുകൾ ലേലം ചെയ്ത് നൽകുന്ന നടപടി അവസാനിപ്പിക്കണം. പകരം സൗജന്യമായി നൽകണം.
5. മൊത്തം തെരുവ് വിളക്കുകളുടെ എണ്ണം കണക്കാക്കി അത് സംബന്ധിച്ച് കൃത്യമായ പഠനം നടത്തി സ്ട്രീറ്റ് ലൈറ്റ് ന് ചെലവാകുന്ന തുക കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
6. ABC Programme ഫലപ്രദമായി നടപ്പിലാക്കുക.
7. നഗരസഭ പരിധിയിൽ സ്ഥാപിച്ചിരിക്കുന്ന ഹോൾഡിംഗ്സ്, ബോർഡുകൾ എന്നിവ സ്ഥാപിച്ചിരിക്കുന്നത് പെർമിറ്റ് പ്രകാരം ആണോ എന്നും അല്ലായെങ്കിൽ അവയ്ക്ക് പെർമിറ്റ് ഫീ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
8. ആഴ്ചയിൽ ഒരു ദിവസമെങ്കിലും ശുചീകരണ തൊഴിലാളികളെ സംഘടിപ്പിച്ച് ശുചീകരണം നടത്തണം.
9. പുതിയതായി ഡിജിറ്റൽ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക.
10. ഇ.വി. ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുക.
11. നൈറ്റ് മാർക്കറ്റ് / വീക്കെൻഡ് മാർക്കറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മുനിസിപ്പാലിറ്റിക്ക് അതിൽ നിന്നും വരുമാനം ഉണ്ടാക്കുക.
12. എല്ലാ വീടുകൾക്കും കെട്ടിടങ്ങൾക്കും കെട്ടിടനമ്പർ നൽകി Property Tax കൃത്യമായി പിരിച്ചെടുക്കുക.
13. മുനിസിപ്പൽ പ്രദേശത്തെ എല്ലാ വസ്തുക്കളുടെയും സർവ്വേ നമ്പർ ചേർത്ത് മാപ്പ് തയ്യാറാക്കുക. അതോടുകൂടി റോഡ് മാപ്പും അതിന്റെ വീതിയും നീളവും വിവരങ്ങൾ ശേഖരിക്കണം.
14. മുനിസിപ്പൽ ബിൽഡിംഗുകൾ വാടകയ്ക്ക് കൊടുത്തിരിക്കുന്നതിന്റെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയും അവയുടെ ലൈസൻസുകൾ കൃത്യമായി പുതുക്കി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
15. മുനിസിപ്പൽ ഓഫീസിനു മുമ്പിലുള്ള ഓപ്പൺ ഓഡിറ്റോറിയം സന്ദർശകർക്ക് സൗകര്യപ്രദമാക്കുന്ന രീതിയിൽ നവീകരിക്കുന്നതിനും സീലിംഗ് ഫാനുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം
16. നഗരസഭയിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക.

## 2) കൃഷിയും അനുബന്ധ മേഖലകളും

1. ഗുണഭോക്തൃവിഹിതമല്ലാതെ ടിഷ്യൂകൾച്ചർ, വാഴ, ഹൈബ്രിഡ് പച്ചക്കറി തൈകൾ, കൊടിതൈകൾ എന്നിവ വിതരണം ചെയ്യുക.
2. ഗുണഭോക്തൃവിഹിതം ഉള്ള ഹൈബ്രിഡ് കുറ്റികുരുമുളക് വിതരണം ചെയ്യുക.
3. പച്ചക്കറി കൃഷി, വാഴകൃഷി എന്നിവയ്ക്ക് ഉഴവുകൂലി ലഭിക്കണമെങ്കിൽ ആ വിള ഇൻഷ്വർ ചെയ്യണം. വാഴകൃഷിക്ക്, വാഴ ഒന്നിന് 3 രൂപ നിരക്കും പച്ചക്കറി കൃഷിക്ക് സെന്റ് ഒന്നിന് 1 രൂപ വീതം നിരക്കും വീതം ഇൻഷ്വറൻസ് അടയ്ക്കണം. പ്രകൃതിക്ഷോഭങ്ങൾ (വെള്ളപൊക്കം, കാറ്റ്, മഴ, കാട്ടുതീ) മൂലം എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ചാൽ തനത് കൃഷിക്ക് 300/- രൂപ ധനസഹായം ലഭിക്കും.
4. നെൽകൃഷിക്ക് ഉഴവുകൂലി സബ്സിഡി (നെല്ല് വിതച്ച് 45 ദിവസത്തിനുശേഷം) നെൽകൃഷി ഇൻഷ്വർ ചെയ്യണം.
5. ഫിൽ ചെയ്ത് ഗ്രോചട്ടി (തൈ) 2000/- രൂപ ഒരു യൂണിറ്റിന്, 500/- രൂപ ഗുണഭോക്തൃവിഹിതമായി നൽകപ്പെടുന്നു.
6. 500/- രൂപയുടെ കിഴങ്ങുവിള കിറ്റ് (ചേന, ചേമ്പ്, ഇഞ്ചി, കാച്ചിൽ, മഞ്ഞൾ) സൗജന്യമായി നൽകുന്നു.
7. നഗരസഭയിലെ 26 വാർഡുകളെയും ഒരുമിച്ചുകൂട്ടി കൃഷി, മത്സ്യമേഖല എന്നീ വിഷയങ്ങളെകുറിച്ച് കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ഒരു ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കണം.
8. വനിതകൾക്ക് മത്സ്യകൃഷി നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ നടപ്പിലാക്കിയ ADAC എന്ന പദ്ധതിയെക്കുറിച്ച് ഒരു പരിശീലന പരിപാടി നടത്തേണ്ടതുണ്ട്.
9. പഴയ ഫ്രിഡ്ജ്, ഉപയോഗശൂന്യമായ ടയറുകൾ, വാട്ടർ ടാങ്ക് എന്നിവ ഉപയോഗിച്ച് ഫലപ്രദമായ രീതിയിൽ വനിതകൾക്ക് മത്സ്യകൃഷി നടത്തുന്നതിനും അതുവഴി വീട്ടമ്മമാർക്ക് വരുമാനം ഉണ്ടാകുന്നതിനും വേണ്ടി ഫിഷറീസ് വകുപ്പുമായി ചേർന്ന് ഒരു പരിശീലന പരിപാടി സംഘടിപ്പിക്കാവുന്നതാണ്.
10. മണ്ണൊലിപ്പ് ഉള്ള സ്ഥലങ്ങളിൽ ചെറിയ കുറ്റിച്ചെടികൾ വച്ച് പിടിപ്പിച്ച് ജലസംരക്ഷണ / മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

11. നിലവിൽ ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകൾ ചില സാങ്കേതിക കാരണങ്ങളാൽ നടന്നിട്ടില്ല. ആയത് പരിഹരിച്ച് ഉടൻ തന്നെ നടപ്പിലാക്കേണ്ടതാണ്.

## 3) മൃഗസംരക്ഷണവും ക്ഷീരവികസനവും

1. മൃഗാശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററിലെ കേടായ ഉപകരണങ്ങൾ റീപ്ലെയ്സ്/റിപ്പയർ ചെയ്യുക.
2. മൃഗാശുപത്രിയിലെ രക്തപരിശോധനയ്ക്ക് വേണ്ടിയുള്ള ലബോറട്ടറി ഉപകരണത്തിന്റെ റീ- ഏജന്റ് വാങ്ങുന്നതിന് ആവശ്യമായ തുക 50000/- അനുവദിക്കുക.
3. ആശുപത്രിക്ക് ആവശ്യമായ കൺസ്യൂമബിൾ ന് 50000/- രൂപ അനുവദിക്കുക.
4. മൃഗാശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 200000/- രൂപ അനുവദിക്കുക.
5. പ്ലംബിംഗ്, വയറിംഗ്, റിപ്പയർ, പെയിന്റിംഗ് എന്നിവ നടത്തുക
6. തൊഴുത്ത് മെയിന്റനൻസിന് തുക അനുവദിക്കുക
7. കറവപശുക്കളെ വാങ്ങാൻ ധനസഹായം നൽകുക.
8. മൃഗാശുപത്രിയുടെ ആവശ്യത്തിലേക്കുള്ള വെള്ളം അടിയ്ക്കുന്നതിനായി മോട്ടറും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനുള്ള തുക അനുവദിക്കുക.
9. കണ്ടിജൻസി ചെലവിലേക്കായി 50000/- രൂപ അനുവദിക്കുക.
10. പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുക.
11. തെരുവ് നായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുക.
12. മുട്ടക്കോഴി വിതരണം
13. പെണ്ണാട് വിതരണം
14. കന്നുകുട്ടി പരിശീലനം, കാലിതീറ്റ വിതരണം
15. കറവ പശുക്കൾക്ക് കാലിതീറ്റ് വിതരണം
16. കറവ പശുക്കൾക്ക് ധാതുലവണ വിഹിതം

## 4) പ്രാദേശിക സാമ്പത്തിക വികസനം

1. വാർഡ് അടിസ്ഥാനത്തിൽ പുരുഷ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുകയും ഉപയോഗിക്കാതെ കിടക്കുന്ന നിലങ്ങൾ മുനിസിപ്പാലിറ്റി എഗ്രിമെന്റ് ചെയ്ത് കാർഷിക ഉദ്പാദനം നടത്തുകയും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു കോമൺ ഫെസിലിറ്റി സെന്റർ രൂപീകരിക്കുക.
2. നഗരാതിർത്ഥിക്കുള്ളിൽ ഫുഡ് പാർക്ക് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.
3. വാർഡ് സഭകളിലൂടെ സ്വയം തൊഴിൽ ആരംഭിക്കാൻ താത്പര്യമുള്ള സ്ത്രീകളോ, പുരുഷൻമാരോ അല്ലെങ്കിൽ ഗ്രൂപ്പുകൾക്കോ ഉള്ള കൂട്ടായ്മ രൂപീകരിക്കുകയും അവരുടെ യോഗങ്ങൾ നടത്തി അർഹതപ്പെട്ടവർക്ക് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് സബ്സിഡിയോട് കൂടിയുള്ള സഹായങ്ങൾ ലഭ്യമാക്കുക, ഡാറ്റാ ബാങ്ക് രൂപീകരിക്കുകയും ചെയ്യുക.
4. നിലവിലുള്ള ചെറുകിട സ്ഥാപനങ്ങൾക്ക് തങ്ങളുടെ സംരംഭങ്ങൾ വിപുലീകരിക്കുന്നതിന് സബ്സിഡി നൽകുക
5. പാലാ നഗരസഭ പരിധിയിലുള്ള സംരംഭകരേയും തൊഴിൽ അന്വേഷകരേയും ഉൾപ്പെടുത്തി വർഷത്തിൽ ഒന്നോ രണ്ടോ തവണ തൊഴിൽ മേള സംഘടിപ്പിക്കുക.
6. നവസംരഭകർക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഇൻഡസ്ട്രിയൽ പാർക്കിനുള്ള സ്ഥലം കണ്ടെത്തുക.
7. ടൂറിസം അമിനിറ്റി സെന്റർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
8. സ്റ്റേഡിയത്തിന് പുറത്ത് വെറുതേ കിടക്കുന്ന ഭൂമിയിൽ വിനോദാധിഷ്ഠിത മിനി പാർക്കായി വികസിപ്പിക്കുക.

## 5. ദാരിദ്ര്യ ലഘൂകരണം, ചേരി പരിഷ്കരണം

1. യാചക പുനരധിവാസം നടപ്പിലാക്കുക.
2. തുമ്പൂർമുഴി മോഡൽ - കോളനികളിൽ പൊതുവായ മാലിന്യ സംസ്കരണ സംവിധാനം നടപ്പിലാക്കുക.
3. കോളനികളിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കാണുക.
4. പൊതുകിണർ ശുദ്ധികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
5. കോളനികളിലെ കുട്ടികളുടെയും, സ്ത്രീകളുടെയും ആരോഗ്യ വിദ്യാഭ്യാസ കാര്യങ്ങൾക്കുവേണ്ടി പ്രത്യേകം പ്രത്യേകം പ്രൊജക്ടുകൾ വെക്കുക.
6. ദാരിദ്രരേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥികൾക്ക് പർട്ട്ടൈം ജോലി നൽകുന്നതിനുള്ള സംവിധാനങ്ങൾ സ്വകാര്യ

ഏജൻസികളുമായി ബന്ധപ്പെട്ട് അതിനുള്ള സഹായങ്ങൾ ചെയ്ത നൽകുക.

7. ചേരികളിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുക.
8. ചേരികളിലെ കുട്ടികളുടെ മാനസിക ഉല്ലാസങ്ങൾക്ക് വേണ്ടി കളിസ്ഥലങ്ങൾ നിർമിക്കുക.
9. ചേരി/കോളനി എന്നീ വാക്കുകൾ മാറ്റി Residential Area പോലുള്ള നല്ല പേരുകൾ നൽകുക.
10. നിർദ്ധനരായ അംഗപരിമിതർക്ക് ഉപജീവനത്തിന് ആവിശ്യമായ പ്രൊജക്ടുകൾ നടപ്പിലാക്കുക.
11. വീട് മെയിൻറ്റൻസിനുള്ള മാനദണ്ഡങ്ങളിൽ ചേരി നിവാസികൾക്ക് മുൻഗണന നൽകുക.

## 6) സാമൂഹ്യനീതി

1. വയോജനങ്ങൾക്ക് പകൽവീട് സ്ഥാപിക്കുക.
2. 12-ാം മൈലിൽ ഉള്ള കുട്ടികളുടെ പാർക്ക് നവീകരിച്ച് പ്രവർത്തന സജ്ജമാക്കുക.
3. പബ്ലിക്ക് ടോയ്ലറ്റ്, ബസ് സ്റ്റാന്റ് (നഗരസഭാ പരിധിയിലുള്ള) ഇടുങ്ങിയ സ്ഥലങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
4. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമിക്കുക.
5. കുട്ടികളുടെ ശാരീരിക-മാനസിക ഉല്ലാസത്തിനായി വാർഡ് ബലത്തിൽ കളി സ്ഥലങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുക.
6. അങ്കണവാടി കുട്ടികൾക്കായി ബേബി ബെഡ്, വെയിങ്മെഷിൻ, കളിപ്പാട്ടങ്ങൾ, പായ, കസേര എന്നിവ ലഭ്യമാക്കുക.
7. ഭ ിന്നശേഷിക്കാർക്ക് UDID card ലഭ്യമാക്കുന്നതിനുള്ള ക്യാമ്പ് സംഘടിപ്പിക്കുക.
8. കിടപ്പ് രോഗികൾക്ക് ആകാശയാസെന്റർ വഴിയുള്ള സേവനങ്ങൾ വീട്ടിൽ എത്തിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുക.
9. മുനിസിപ്പൽ ഓഫീസ് ഭിന്നശേഷി സൗഹൃദമാക്കുക.

## 7) വനിതാവികസനം

1. യോഗപരിശീലനം / സൂമ്പാ ഡാൻസ് പരിശീലനം വാർഡ് തലത്തിൽ നടപ്പിലാക്കുക.
2. Creche യൂണിറ്റുകൾ വാർഡ്തലത്തിൽ നടപ്പിലാക്കുക.
3. സ്ത്രീ സൂഹൃദ ടോയ്ലറ്റ് സ്ഥാപിക്കുക.
4. നഗരസഭയിൽ സ്ത്രീകൾക്ക് വിശ്രമസ്ഥലം.
5. കൗമാര പെൺകുട്ടികൾക്ക് സാനിറ്ററി നാപ്കിൻ അങ്കണവാടി വഴി വിതരണം ചെയുക.
6. വനിതൾക്ക് തയ്യൽ പരിശീലനം നൽകുക.
7. സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുകയും നിർമ്മാണയൂണിറ്റിൽ വനിതകൾക്ക് പരിശീലനം നൽകുക.
8. സ്ത്രീകൾക്ക് മെൻസ്ട്രൽ കപ്പ് ഉപോഗിക്കുന്നതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനായി പരിശീലനം ലഭ്യമാക്കുകയും മെൻസ്ട്രൽ കപ്പുകൾ വിതരണം നടത്തുകയും ചെയ്യുക.
9. അടുക്കളത്തോട്ടം പദ്ധതി വ്യാപിക്കുന്നതിനായി അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് ആരംഭിക്കുന്ന ക്യാമ്പയിൻ വിജയിപ്പിക്കുന്നതിനായി ഒരു അയൽക്കൂട്ടത്തിൽ 20 പാക്കറ്റ് പച്ചക്കറി വിത്ത് എന്ന രീതിയിൽ സൗജന്യമായി ലഭ്യാമാക്കുക.
10. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുബങ്ങൾക്ക് വേണ്ടി ഫീസ് ആനുകുല്യത്തോടെ ടെക്കയർ സെന്റർ ആരംഭിക്കുക.
11. കുടുംബശ്രീയുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഒരു സ്ഥിരം വിപണി സംവിധാനം ആരംഭിക്കുന്നതിനുള്ള തുക വകയിരുത്തുക.

## 8. പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനം (2026–27)

1. അടുക്കള നവീകരണം.
2. എസ്.സി. കുടുംബങ്ങൾക്ക് ഭവനപുനരുദ്ധാരണം.
3. ഡിഗ്രി, ഡിപ്ലോമ, പ്രൊഫഷണൽ വിദ്യർത്ഥികൾക്ക് ലാപ്ടോപ്പ്, സ്കോളർഷിപ്പ് ധനസഹായം.
4. വിവാഹ ധനസഹായം.
5. യു.പി., ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനോപകരണം.
6. വയോജനങ്ങൾക്ക് കട്ടിൽ.
7. വയോജനങ്ങൾക്ക് റിക്രിയേഷൻ ക്ലബ് അനുവദിക്കൽ.
8. കുട്ടികൾക്ക് ചിൽഡ്രൻസ് പാർക്ക് അനുവദിക്കുക.
9. പ്രീമെട്രിക് ഹോസ്റ്റൽ, ഭിത്തി നവീകരണം, സി.സി.ടി.വി. സ്ഥാപിക്കൽ.
10. വനിതകൾക്ക് ബ്യൂട്ടീഷൻ കോഴ്സ്, തുടർന്നും സംരംഭം തുടങ്ങാനുള്ള ധനസഹായം.

11. വയോജനങ്ങൾക്ക് വിനോദയാത്ര ധനസഹായം.
12. കിഴങ്ങ് കിറ്റ് വിതരണം.
13. കോഴി വളർത്തൽ ധനസഹായം.
14. ഓട്ടോ വാങ്ങുന്നതിനുള്ള ധനസഹായം.
15. പ്രീമെട്രിക് ഹോസ്റ്റലിലെ കുട്ടികൾക്ക് യോഗ, ഡാൻസ് പരിശീലനം നൽകുന്നതിനുള്ള ധനസഹായം.
16. സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം.
17. കിണറിന്റെ സംരക്ഷണ ഭിത്തി കെട്ടുന്നതിനുള്ള ധനസഹായം.
18. പ്രീമെട്രിക് ഹോസ്റ്റൽ മാലിന്യസംസ്കരണ സംവിധാനം.

## 9. ആരോഗ്യം

**പാലാ ഗവ. ആയുർവ്വേദ ആശുപത്രിയിൽ 2026–27 സാമ്പത്തിക വർഷം നിർവഹിക്കുന്ന പദ്ധതികൾ**

1. ഗവ. ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങാൻ 15 ലക്ഷം രൂപ.
2. ഗവ. ആയുർവ്വേദ ആശുപത്രിയിലേക്ക് 10 ലാപ്ടോപ്പുകളും ലാൻ കണക്ഷൻ എന്നിവയ്ക്ക് 8 ലക്ഷം രൂപ.
3. ഗവ. ആയുർവ്വേദ ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങാൻ 2 ലക്ഷം രൂപ.
4. ഗവ. ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് പാക്കിങ്ങിന് സീലിംഗ് മെഷിനും അനുബന്ധ സാധനങ്ങളും വാങ്ങിക്കുന്നതിന് 50000 രൂപ.
5. ആയുർവ്വേദ ആശുപത്രിയിൽ വെള്ളം, വൈദ്യുതി, ടെലിഫോൺ ബില്ലുകൾ അടക്കുന്നതിനും ബയോമെഡിക്കൽ വേസ്റ്റ് ഡിസ്പോസലിനും ഓഫീസിൽ ചിലവുകൾക്കും മറ്റ് കണ്ടിജൻസി ചെലവുകൾക്കും തുക അനുവദിക്കുന്ന പദ്ധതി 300,00 രൂപ.
6. കുഴൽക്കിണറിൽ വെള്ളം ഉപയോഗയോഗ്യമാക്കുന്നതിന് ട്രീറ്റ്മെന്റ് സ്ഥാപിക്കുന്നതിന്.
7. സ്ഥാപനത്തിൽ വാട്ടർ അതോറിറ്റിയുടെ ജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾക്ക്.
8. വൈദ്യുതി ഉല്പാദനത്തിന് സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് 5 ലക്ഷം.
9. ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 10 ലക്ഷം.
10. സ്ഥാപനത്തിൽ പാർക്കിംഗ് ഏരിയ സ്ഥാപന വെയ്റ്റിംഗ് സ്ഥാപനത്തിൽ സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് നിർമ്മാണം എന്നിവയ്ക്ക് (എം.ഇ എസ്റ്റിമേറ്റ് പ്രകാരം)
11. ഗവ. ആയുർവ്വേദ ആശുപത്രിയിലെ ലാബ് എയർ കണ്ടിഷൻ ചെയ്യൽ - എം.ഇ. എസ്റ്റിമേറ്റ് പ്രകാരം.

**ജനറൽ ഹോസ്പിറ്റൽ പാലാ**

1. പാർക്കിംഗ് ഏരിയ നവീകരിക്കാൻ.
2. ലിനാക് മെഷീൻ സ്ഥാപിക്കുന്നതിന് 2 കോടി രൂപ കൂടി കണ്ടെത്തണം.
3. മിനി ഓപ്പറേഷൻ തിയേറ്ററും ഐ.സി.യു. ഉം സ്ഥാപിക്കണം, സ്റ്റാഫുകളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
4. ജനറൽ ഹോസ്പിറ്റലിനെ റഫറൽ ഹോസ്പിറ്റൽ ആക്കി മാറ്റുക.
5. കോമ്പൗണ്ട് വാൾ നിർമിക്കുക.
6. പുതിയ പേവാർഡ് നിർമ്മിക്കുക.
7. ഹോസ്പിറ്റലിൽ ക്യാന്റീനു വേണ്ടി പുതിയ ബിൽഡിംഗ് പണിയുക.
8. പവർ സപ്ലൈക്കുവേണ്ടി ഡെഡിക്കേറ്റഡ് ലൈൻ (കെ.എസ്.ഇ.ബി.) വലിക്കണം.

**സർക്കാർ ഹോമിയോ ആശുപത്രി പാലാ**

1. മരുന്ന് വാങ്ങൽ - 10 ലക്ഷം
2. പാലിയേറ്റീവ് - ജെറിയാട്രി പദ്ധതികളുടെ നടത്തിപ്പിനും മരുന്ന് വാങ്ങുന്നതിനും - 5 ലക്ഷം.
3. ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിന് ആവിശ്യമായ തുക.
4. കണ്ടിജൻസി ഫണ്ട് - 2.5 ലക്ഷം.
5. പുതിയ ഐ.പി. ബ്ലോക്കിനു ചുറ്റും മതിൽ നിർമിക്കുന്നതിനു ആവിശ്യമായ ഫണ്ട്.
6. പുതിയ ഐ.പി. ബ്ലോക്കും നിലവിൽ ആശുപത്രി പ്രവർത്തിക്കുന്ന കെട്ടിടവുമായി ബന്ധിപ്പിക്കുന്നതിന് ആവിശ്യമായ ഫണ്ട്.
7. ഗവ. ഹോമിയോ ഹോസ്പിറ്റലിൽ peripheral op സ്ഥാപിക്കുക.

## 10. ശുചിത്വം – മാലിന്യ സംസ്കരണം

1. ശുചീകരണ സാമഗ്രികകൾ വാങ്ങുന്നതിലേക്ക്.

2. ഹരിതകർമസേനാ അംഗങ്ങൾക്ക് സ്ഥിര/താത്കാലിക ശുചികരണ തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കും.
3. മാലിന്യ നിക്ഷേപസാധ്യതയുള്ള സ്ഥാനങ്ങളിൽ ക്യാമറ സ്ഥാപിക്കുന്നതിലേക്ക്.
4. ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം. മാലിന്യ ശേഖരണത്തിനായുള്ള ചാക്ക് തുടങ്ങി എന്നിവ വാങ്ങുന്നതിലേക്ക്.
5. അടിയന്തരഘട്ടങ്ങളിൽ വാർഡ്തല ശുചികരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നഗരസഭാ ശുചികരണ തൊഴിലാളികളുടെ എണ്ണക്കുറവ് മൂലം പദ്ധതിയിൽ ഉൾപ്പെടുത്തി ദിവസ വേതന അടിസ്ഥാനത്തിൽ DLR തൊഴിലാളികളെ നിയമിക്കുന്നതിൽ.
6. അജൈവ മാലിന്യം തരാം തിരിച്ച് ശേഖരിക്കുന്നതിന് നിലവിൽ സംവിധാനം ഇല്ലാത്തതിനാൽ ഹരിതകർമസേനയുടെ വരുമാന ശോഷണം തടയുന്നതിലേക്ക് സോർട്ടിങ് ടേബിൾ തുടങ്ങി അനുബന്ധ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
7. ജൈവ മാലിന്യ സംസ്കരണത്തിന് ഗാർഹിക ബയോബിൻ (വ്യക്തിഗതം) വാങ്ങുന്നതിന്.
8. നഗരസഭാ മാർക്കറ്റിൽ STP സ്ഥാപിക്കുക.
9. Health Squad ഉപയോഗിക്കുന്നതിന് വാഹനം വാങ്ങുക.
10. പൊതുസ്ഥലങ്ങളിൽ water kiosk സ്ഥാപിക്കുക.
11. MCF/RRF ആവിശ്യത്തിന് 5000 $sqft^3$ നിർമിക്കുന്നതിന്.
12. മാലിന്യം നീക്കം ചെയ്യുന്നതിന് വാഹനം വാങ്ങുന്നതിന്.
13. ശുചികരണ തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷ (Routine Medical Checkup) നടത്തുന്നതിന്.
14. Take A Break സംവിധാനം ഏർപ്പെടുത്തുന്നതിന്.
15. കൊതുക് നിവാരണ പ്രവർത്തനങ്ങൾക്കായുള്ള ഉപകരണങ്ങളും അനുബന്ധത സാമഗ്രികൾ വാങ്ങുന്നതിനും.
16. നഗരസഭാ പരിധിയിലെ വിവിധ ഓടകൾ വൃത്തിയാക്കുന്നതിന് പദ്ധതിയിൽ ഉൾപെടുത്തുക.

## 11) വിദ്യാഭ്യാസം – കലയും സംസ്ക്കാരവും, കായികം, യുവജനകാര്യം

**മഹാത്മാഗാന്ധി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പാലാ**

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുന്നത് സംബന്ധിച്ച്

1. പുതുതായി അനുവദിച്ച വണ്ടി ഇടുന്നതിന് ഷെഡ് നിർമ്മിക്കുക
2. പുതിയ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുക
3. 7 ക്ലാസ് റൂമുകൾ സ്മാർട്ട് ക്ലാസ് റൂമുകളാക്കി മാറ്റുക
4. 2 പ്രൊജക്ടർ കൂടി ലഭ്യമാക്കുക
5. കോമ്പൗണ്ട് വോൾ പൊക്കം കൂട്ടുക
6. ഉപയോഗശൂന്യമായ ടോയ്‌ലറ്റുകൾ പൊളിച്ചു നീക്കുക
7. ഉപയോഗശൂന്യമായ മഴവെള്ളസംഭരണി പൊളിച്ചു നീക്കുക
8. ഉപയോഗശൂന്യമായ പഴയ പ്ലാസ്റ്റിക് വാട്ടർ ടാങ്ക് നീക്കം ചെയ്യുക
9. ഖരമാലിന്യം കത്തിച്ചുകളയുന്നതിനുള്ള ഇൻസിനേറ്റർ ലഭ്യമാക്കുക

**അരുണാപുരം എൽ.പി. സ്കൂൾ**

1. ഗേറ്റ് നവീകരണം
2. കവാടം
3. ക്ലാസ് റൂം നവീകരണം
4. സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുക
5. ഓഫീസ് മുറി ഫർണിഷിംഗ്
6. ഓഫീസിലും ക്ലാസ് റൂമിലും മേശ, കസേര വാങ്ങുക
7. കുഴൽ കിണർ, മോട്ടർ
8. ലാപ് ടോപ്പ്, പ്രോജക്ടർ
9. ഓഫീസ് കണ്ടിജൻസി
10. കിണർ & ടാങ്ക് ക്ലീനിംഗ്

**ളാലം ഗവ. എൽ.പി. സ്കൂൾ**

1. ലാപ് ടോപ്പ്, യു.പി.എസ്., പ്രോജക്ടർ
2. പെയിന്റിംഗ്, പുതിയ കെട്ടിട നിർമ്മാണം

**ഗവ. ഹയർ സെക്കന്ററി സ്കൂൾ**

1. ഫയർ & സേഫ്റ്റി

2. പെയിന്റിംഗ്
3. ലാപ്ടോപ്പ് & പ്രൊജക്ടർ
4. ബാഡ്മിന്റൺ കോർട്ട്, സ്പോർസിനു ആവശ്യമായ സാധനങ്ങൾ
5. ലൈബ്രറി ബുക്ക്സ്
6. ഇൻസിനേറ്റർ സ്ഥാപിക്കുക.

**ഗവ. ഹൈസ്കൂൾ**

1. പഴയ കെട്ടിടം പൊളിച്ചുമാറ്റൽ, വാട്ടർ ടാങ്ക്, മഴവെള്ള സംഭരണി, ടോയ്‌ലറ്റ്
2. താലൂക്ക് ജില്ലാതലത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് ക്യാഷ് പ്രൈസ്
3. സ്പോർട്ട്സ് കുട്ടികൾക്ക് കുടിവെള്ള സൗകര്യം
4. പാർക്കിംഗ് സൗകര്യം

**കടയം എൽ.പി. സ്കൂൾ**

1. ഡൈനിംഗ് ഹാൾ നിർമ്മാണം
2. പാർക്കിന് പുതിയ റൂഫ് നിർമ്മാണം
3. പെയിന്റിംഗ്
4. ഓഫീസ് കണ്ടിജൻസി ഫണ്ട്

## 12) പാർപ്പിടം

1. ഭൂരഹിത ഭവന രഹിതർക്ക് അപ്പാർട്മെന്റ് സമുച്ചയം നിർമ്മിക്കുന്നതിന് ആവിശ്യമായ നടപടികൾ സ്വികരിക്കണം.
2. നഗരസഭാ സെറ്റിൽമെന്റ് കോളനികളക്ക് പട്ടയം നല്കുന്നതിനുള്ള നടപടി ഉർജ്ജിതമാക്കണം.
3. സർക്കാർ പദ്ധതി പ്രകാരം വീടുകൾ അനുവദിക്കുമ്പോൾ 'Twin House Model' വീടുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വികരിക്കണം. ആയത് വഴി സാമ്പത്തിക ലാഭവും കൂടുതൽ ആളുകൾക്ക് ആനുകൂല്യവും ലഭിക്കും.

## 13) കുടിവെള്ളം

1. W-26 പുത്തൻ പള്ളിക്കുന്ന് കുടിവെള്ള പദ്ധതി കണക്ഷൻ വിപുലീകരിക്കുക, ഫണ്ട് ലഭ്യാമാക്കി പദ്ധതി പൂർത്തീകരിക്കുക.
2. W-25 തെക്കേ നെല്ലിയാനി ഭാഗത്തെ കുടിവെള്ള പദ്ധതി ചക്കാംകുന്ന് ഭാഗത്തേക്ക് കൂടി വിപുലീകരിക്കുക.
3. W-6 ലെ മാമ്പറമ്പിൽ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുക. അവിടെ സോളാർ പാനൽ സ്ഥാപിക്കുക.
4. W-5 ലെ കാനാട്ടുപാറ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുക.
6. പുലിമലക്കുന്ന് കുടിവെള്ള പദ്ധതി വെള്ളത്തിന്റെ സോഴ്സ് കൂടുതൽ ജലം ലഭ്യമാക്കുന്ന രീതിയിൽ പുനരുദ്ധരിക്കുക.
7. W-11 മോണാസ്ട്രി സ്വാശ്രയ കുടിവെള്ള പദ്ധതി നടപ്പാക്കണം.

## 14) പൊതുമരാമത്ത്

1. നഗരസഭയിൽ സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്തിടത്ത് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും വെയ്റ്റിംഗ് ഷെഡിൽ ആവിശ്യമായ ലൈറ്റിംഗ്,സംവിധാനം ഏർപ്പെടുത്തുന്നതിനും മതിയായ നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.
2. പ്രാദേശിക റോഡുകളിലുള്ള ഓട നിർമാണങ്ങൾ പുനഃപരിശോധിച്ച് അപാകതകൾ പരിഹരിക്കുക.
3. ആറ്റുകടവുകളുടെ നവീകരണം നടപ്പിലാക്കുക.
4. സ്ട്രീറ്റ് ലൈറ്റ് (പുതിയതായി) വേണമെങ്കിൽ കൃത്യമായി K.S.E.B. ഓഫീസിൽ അറിയിച്ച് കേബിളുകളുടെ ലഭ്യത അനുസരിച്ച് പ്രവർത്തികൾ നടപ്പിലാക്കണമെന്ന് K.S.E.B. അധികൃതർ അറിയിച്ചിട്ടുള്ളതിനാൽ ആയത് അനുസരിച്ച് നടപടികൾ സ്വീകരിക്കണം.
5. നിലവിൽ K.S.E.B. പോസ്റ്റുകളിലുള്ള ചാനൽ,മീഡിയ എന്നിവയുടെ കേബിളുകൾ അപകടകരമായി താഴ്ന്ന് സ്ഥിതി ചെയ്യുന്നതിനാൽ അവ മാറ്റി സ്ഥാപിക്കുന്ന വിഷയം K.S.E.B. അധികൃതരുടെ ശ്രദ്ധയിൽ പെടുത്തണം.
6. അടഞ്ഞ് കിടക്കുന്ന മുനിസിപ്പൽ കെട്ടിടങ്ങളിലെ K.S.E.B. മീറ്ററുകൾ എടുക്കുന്നതിന് സാധിക്കാത്തതിനാൽ അവ പുറത്തേക്ക് മാറ്റി സ്ഥാപിക്കണമെന്ന് K.S.E.B. യുടെ നിർദേശം പരിഗണിച്ച് അനുയോജ്യമായ രീതിയിൽ മീറ്ററുകൾ പുറത്തേക്ക് ക്രമീകരിക്കണം.
7. നഗരസഭാ വാർഡുകളിലെ റോഡുകളുടെയും ഓടകളുടെയും അറ്റകുറ്റപ്പണികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

## 15) നഗരാസൂത്രണം

1. ടൗണിലെ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുക.
2. വീതികുറഞ്ഞ നഗരത്തിലെ റോഡുകളുടെ വീതി വർധിപ്പിക്കുക.
3. അംഗീകരിച്ച മാസ്റ്റർ പ്ലാൻ എത്രയും പെട്ടെന്ന് നടപ്പിലാക്കുക.
4. ട്രാഫിക് ബ്ലോക്കുകൾ കുറക്കാനായി നഗരത്തിൽ ഫ്ളൈഓവർ സ്ഥാപിക്കുക.
5. നഗരത്തിലെ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുക.
6. ടൗൺ ബസ്സ്റ്റാൻഡ് നവീകരിക്കുക.
7. ടൗണിൽ യാത്രക്കാർക്ക് വിശ്രമിക്കാനായി വിശ്രമകേന്ദ്രങ്ങൾ ആരംഭിക്കുക.
8. പൊതുസ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് കുടിക്കാനായി ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുക.
9. ടൗണിൽ ടോയ്‌ലറ്റ് കോംപ്ലക്സ് സ്ഥാപിക്കുക.
10. പബ്ലിക് ടോയ്‌ലറ്റിൽ വെള്ളത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുക.
11. നഗര സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി പൂന്തോട്ടങ്ങൾ സ്ഥാപിക്കുക.
12. നഗരത്തിലെ തെരുവ് വിളക്കുകളുടെ പ്രവർത്തനക്ഷമത ഉറപ്പ് വരുത്തുക.

## 16) ജൈവവൈവിധ്യ മാനേജ്മെന്റ് – കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം

1. ദുരന്ത ലഘുകരണത്തിനായി Govt order 86/22 section 7.2 പ്രകാരം ദുരന്ത ലഘുകരണ പരിശീലനം നടത്തുക.
2. D.M. plan പുതുക്കുക.
3. റെസ്ക്യൂ ഉപകരണങ്ങൾ ഇല്ലെങ്കിൽ വാങ്ങുക.
4. Water level scale പുതുക്കി പെയിന്റ് ചെയ്യാൻ പണം അനുവദിക്കുക.
5. ഉണങ്ങിപ്പോയ തണൽ മരങ്ങൾക്ക് പകരം മരങ്ങൾ നടുക.
6. കരൂർ പഞ്ചായത്തിന്റെ അതിർത്തിയിലൂടെ പൊറന്തോട് എന്ന പേരിലുള്ള തോടിന്റെ ആഴം വർധിപ്പിക്കുക. കാലാകാലങ്ങളായി നമ്മുടെ പൂർവികർ നെൽകൃഷി ചെയ്തുവരുന്ന പാടത്തിന്റെ മധ്യത്തിലൂടെയാണ് വെള്ളം ഒഴുകിപ്പോകുന്നത്.
7. കാലാവസ്ഥ വ്യതിയാനം മനസ്സിലാക്കാൻ ആധുനിക സാങ്കേതിക വിദ്യ ഉപകരണങ്ങൾ സ്ഥാപിക്കുക.
8. 6-ാം വാർഡ് കാനാട്ടുപാറ പുഞ്ചിരിക്കവലയിൽ 6 ഏക്കർ വരുന്ന സ്ഥലത്ത് ഒരു കളിസ്ഥലം നിർമിക്കുക. ഒരു അംഗനവാടി പുനഃസ്ഥാപിക്കാൻ അനുവദിക്കുക.
9. സ്കൂളുകളിൽ Biodiversity park സ്ഥാപിക്കുക.
10. ജലം, മണ്ണ്, ജലസ്രോതസ്സ് സംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ വിഷയങ്ങൾ <p തലം മുതൽ സ്കൂൾ, കോളേജ്, ബോധവത്കരണം നടത്തണം.
11. ജലാശയങ്ങളിലെ നീരൊഴുക്ക് സുഗമമാക്കുക, ഓടകൾ വൃത്തിയാക്കുക.
12. നഗരസഭാ പരിധിയിലെ വ്യാപാര, ഇതര സ്ഥാപനങ്ങളിൽ 6 ഫയർ സേഫ്റ്റി ഉപകരണങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക.

# 2026–27 വാർഷിക പദ്ധതി വാർഡ് സഭാ നിർദ്ദേശങ്ങൾ

## വാർഡ്-1 - പരമലക്കുന്ന്

1) പരമലക്കുന്ന് ആയുർവ്വേദ കോളനി റോഡ് വീതി കൂട്ടി ഐറിഷ് ഡ്രെയ്നേജ് നിർമ്മിക്കുന്നു.
2) വാർഡിൽ സ്ട്രീറ്റ് ലൈറ്റുകൾ മുഴുവനും അപാകതകൾ പരിഹരിച്ച് തെളിക്കണം.
3) വാർഡ്-1 ലെ അംഗൻവാടിയുടെ മേൽക്കൂരയുടെ ചോർച്ച മാറ്റി മെയിന്റനൻസ് നടത്തി സുരക്ഷിതമാക്കണം.
4) ഫാം റോഡിൽ നിരന്തരം മാലിന്യം തള്ളുന്നു. ആയതിന് പരിഹാരം കാണണം.
5) ഉഴവൂർ റോഡിൽ മാലിന്യം നിക്ഷേപിക്കുന്നതിനാൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കണം.
6) ഹെൽത്ത് സ്ക്വാഡിനെ മുനിസിപ്പാലിറ്റിയിൽ നിന്ന് നിരീക്ഷണത്തിനായി രാത്രികാലങ്ങളിൽ ഏർപ്പെടുത്തണം.
7) ബോയ്സ്ടൗണിന്റെ ഭാഗം, മുണ്ടുപാലം സ്കൂൾ, മുണ്ടുപാലം പള്ളി എന്നിവിടങ്ങളിൽ റോഡ് മെയിന്റനൻസ് നടത്തണം.
8) ഹരിതകർമ്മസേനയുടെ സേവനം എല്ലാ വീട്ടിലും നിർബന്ധമായും എത്തുന്ന രീതിയിൽ ക്രമീകരിക്കണം.
9) ലയൺസ് ക്ലബിന്റെ സൈഡിൽ ഉള്ള വീതി കുറഞ്ഞ റോഡ് വീതി കൂട്ടണം.
10) പരമലക്കുന്ന് കോളനിയുടെ സംരക്ഷണഭിത്തി കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തണം (പാമ്പ് ശല്യമാണെന്ന പരാതിയുള്ളതാണ്).
11) നോബിൾ സന്തോഷ് പുത്തൻവീട്ടിൽ എന്നയാൾക്ക് വീടും സ്ഥലവുമില്ല. വീട് അനുവദിക്കുന്നതിനുള്ള നടപടി പരിഗണിക്കണം.
12) പാലാ മുണ്ടുപാലം പള്ളിയ്ക്ക് സമീപം ഓട്ടോ സ്റ്റാൻഡ് അനുവദിക്കണം.
13) ചെമ്പുളായിൽ മുണ്ടുപാലം കരൂർ റോഡ് മെയിന്റനൻസ്

## വാർഡ്-2 - മുണ്ടുപാലം

1. കുളിക്കടവുകളുടെ പുനരുദ്ധാരണം നടത്തുക.
2. റോഡ് റീടാറിംഗ്, മെയിന്റനൻസ് നടത്തുക.
3. മാണി മാണി റോഡും, തെരുവംകുന്ന് റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് യാഥാർത്ഥ്യമാക്കുക.
4. തെരുവംകുന്ന് കുടിവെള്ളപദ്ധതി extension ചെയ്യുക.
5. മുണ്ടുപാലം സ്കൂൾ മെയിനൻസ് ചെയ്യുക.
6. അംഗൻവാടി മെയിന്റനൻസ് നടത്തുക. കമ്മ്യൂണിറ്റി ഹാൾ സീലിംഗ് ചെയ്യുക.
7. അംഗൻവാടിയിൽ വയോമിത്രത്തിനു മരുന്നുവയ്ക്കാൻ മേശ അനുവദിക്കുക.
8. നെല്ലിത്താനം കോളനി റോഡ് റീടാറിംഗ്.
9. ശാന്തിനഗർ - ഗാന്ധിനഗർ റോഡ് റീടാറിംഗും, അതുപോലെ extension നും ചെയ്യുക.
10. ചരപ്പുഴ റോഡ് പുതിയതായി ടാറിംഗ് ചെയ്യുക.
11. നെല്ലിത്താനം കോളനിയിലെ വീട്ടുകാർ ഉപയോഗിക്കുന്ന ടോയ്‌ലറ്റുകൾക്ക് പൊതുവായ സ്ഥലത്ത് സെപ്റ്റിക് ടാങ്ക് നിർമ്മിക്കുക.
12. കെ.എം. മാണി കാരുണ്യ അപകട ഇൻഷുറൻസ് നടപ്പിലാക്കുക
13. കരൂർ അമ്പലത്തിലെ ഉത്സവത്തിനു മുൻപായി റോഡുകൾ വൃത്തിയാക്കുക.
14. കമ്മ്യൂണിറ്റി ഹാളിലെ റൂഫിംഗിൽ നിന്നും അടുത്തുള്ള വീടുകളിലേയ്ക്ക് വെള്ളം വീഴുന്നു. നടപടികൾ സ്വീകരിക്കുക.
15. പ്രായമായവർ താമസിക്കുന്ന കോളനിയിലെ വീടുകളിലേയ്ക്ക് കയറിചെല്ലുന്നതിന് ആവശ്യമായ കൈപിടി (2 സ്ഥലത്ത്) നിർമ്മിക്കുക.
16. കോളനിയിലും, സമീപ പ്രദേശത്തുമായി താമസിക്കുന്നവർക്കായി കോളനിയോടു അനുബന്ധിച്ച് കിടക്കുന്ന 110 KV ലൈൻ കടന്നുപോകുന്ന സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.
17. പാലാ നഗരസഭയിലെ 2-ാം വാർഡിലെ നെല്ലിത്താനം കോളനിയിലെ 32 വീടുകൾക്ക് പട്ടയം നൽകുന്നതിന് നഗരസഭ കത്ത് നൽകുക.
18. 2-ാം വാർഡിൽ അർഹതയുള്ളവർക്ക് വീട് മെയിന്റനൻസിനായി അനുമതി നൽകുക.
19. കരൂർ അമ്പലം, കരൂർ മഠം റോഡ്, മാണി മാണി റോഡ് മെയിന്റനൻസ്

## വാർഡ്-3 - മാർക്കറ്റ്

1. മുനിസിപ്പൽ മാർക്കറ്റിനു സമീപത്തുള്ള ഓട വൃത്തിയാക്കുക.
2. അടാട്ട് ഓടയിൽ മാലിന്യം തള്ളുന്നത് തടയുക.
3. മാർക്കറ്റിന്റെ സമീപത്തുള്ള പ്രൈവറ്റ് വസ്തുവിലെ കാട് വെട്ടി വൃത്തിയാക്കുക, ടി സ്ഥലത്ത് മാലിന്യം തള്ളുന്നത് തടയുക.
4. പാലാ ടിംബേഴ്സിന്റെ വക കണ്ടത്തിലോട്ട് മണ്ണ് ഇട്ട് നികത്തുന്നതിനാൽ ടി ഭാഗത്തുള്ള ഓട ബ്ലോക്ക് ആവുകയും നീരൊഴുക്ക് തടസ്സപ്പെടുകയും ചെയ്യുന്നു. ടി പ്രവൃത്തി തടയുന്നതിനുള്ള നടപടി സ്വീകരിക്കുക.
5. 2-ാം വാർഡിൽ പ്രവർത്തിച്ചു വരുന്ന ഫാക്ടറിയി നിന്നുമുള്ള ഫൗൾ സ്മെൽ തടയുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുക.
6. കാപ്പൻസ് ലിങ്ക് റോഡിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുക.
7. മാർത്തോമാ ചർച്ച് റോഡ്, ജനത റോഡ് മെയിന്റനൻസ്

## വാർഡ്-4 - കിഴതടിയൂർ

1) സെന്റ് തോമസ് റോഡ് അങ്ങേയറ്റം ബൈപാസ് റോഡിൽ നിന്നും മാലിന്യം നിക്ഷേപിക്കുന്നു. മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തണം. സ്റ്റെപ്പ് ഉള്ള ഭാഗത്ത് സിസിടിവി സ്ഥാപിക്കണം.
2) അപകടകരമായ തേക്ക് മുറിച്ച് മാറ്റണം എന്ന് എൻ.വി. ജോൺ IV/1 ക്രിസ്റ്റി വില്ല എന്ന ആൾ ആവശ്യപ്പെട്ടു.
3) തറപ്പേൽ വീടിന് സമീപമുള്ള വളവ് അപകടകരമായി നിലനിൽക്കുന്നു. റോഡിന് ഇരുവശവും കാട് വളർന്ന് നിൽക്കുന്നു. പുല്ല് വെട്ടി റോഡിന് ഇരുവശവും വൃത്തിയാക്കണം. റോഡിന്റെ തിട്ട സിമന്റ് തേച്ച് വൃത്തിയാക്കണം.
4) പാലം തൊട്ട് കരൂർ വരെയുള്ള ഭാഗം കാട് പിടിച്ച്, മണ്ണ് വന്ന് കെട്ടിക്കിടക്കുന്നു. വെള്ളം ഒഴുകി പോകാനുള്ള സൗകര്യം ഒരുക്കണം.
5) കാർഷിക വിത്തുകൾ ഒന്നും ലഭിക്കുന്നില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കുക.
6) സെന്റ് തോമസ് റോഡിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
7) കിഴതടിയൂർ പള്ളി - റൗണ്ട് എബൗട്ടിന് സമീപം ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക. മെയിൻ റോഡ് - ടൗൺ ഹാളിന് സമീപം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
8) ഗവ. ആശുപത്രിയിൽ അത്യാവശ്യമായി കാർഡിയോളജിസ്റ്റിനെ നിയമിക്കണം.
9) ചിറ്റേട്ട് കടവ് റോഡ് വളവ് വീതി കൂട്ടണം.
10) മാമ്പറമ്പിൽ കുടിവെള്ള പദ്ധതി പ്രകാരമുള്ള കിണറിന് ഒരു മോട്ടോർ കൂടി അനുവദിക്കണം. കിണർ വൃത്തിയാക്കണം ക്ലോറിനേറ്റ് ചെയ്യണം. (160 കണക്ഷനുള്ള പദ്ധതിയാണ്).
11) അൽഫോൻസാ നഗർ റോഡ് റീ ടാറിംഗ് നടത്തണം.
12) മുനിസിപ്പാലിറ്റിയിൽ നിന്നും മാംസത്തിന് വിലകുറച്ചതായി അറിഞ്ഞു. എന്നാൽ കടക്കാരാരും വില കുറച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കുക.
13) ആർ.വി. റോഡ് മുനിസിപ്പൽ അസറ്റിൽ (5.5 മീറ്റർ) രേഖപ്പെടുത്തിയതിനേക്കാൾ വീതി കൂട്ടാൻ പല സ്ഥലത്തും ഉണ്ട്. ആ സ്ഥലം കൂടി മുനിസിപ്പൽ അസറ്റിൽ ഉൾപ്പെടുത്തി റോഡിന് വീതികൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം.
14) ഗാന്ധിനഗർ പടിഞ്ഞാറേക്കര കോളനി ഭാഗത്ത് പൈപ്പ് പൊട്ടി വെള്ളം പാഴാകുന്നു. വാട്ടർ അതോറിറ്റി പൈപ്പ് പൊട്ടിയത് നന്നാക്കണം.
15) സെന്റ് തോമസ് റോഡ് (ബൈപാസ് താഴ്ഭാഗം) വീതി കൂട്ടണം. രണ്ട് സൈഡും കോൺക്രീറ്റ് ഇടണം.
16) തെരുവിൽ കടവ് റോഡ് വൃത്തിയാക്കണം.
17) ളാലം തോട് ഓക്സിജന്റെ ഭാഗം മുതൽ ചിറ്റേട്ട് കടവ് വരെ വൃത്തിയാക്കണം. വെള്ളം സുഗമമായി ഒഴുകി പോകണം. അല്ലാത്ത പക്ഷം വർഷകാലങ്ങളിൽ വീടുകളിൽ വെള്ളം കയറാൻ സാധ്യതയുണ്ട്.
18) ചിറ്റേട്ട് കടവിലേയ്ക്കുള്ള റോഡിൽ മണ്ണാറമറ്റം-കാരുടെ ഭാഗത്ത് ഇന്റർലോക്ക് ചെയ്ത കട്ടകൾ കുഴിഞ്ഞു പോയത് കട്ട മാറ്റി റോഡ് ലെവൽ ചെയ്ത് തരണം.
19) പ്ലാത്താനം ആർ.വി. റോഡിന്റെയും അൽഫോൻസാ നഗർ റോഡിന്റെയും വർക്കുകൾക്ക് ക്വട്ടേഷൻ എടുത്തിട്ടുള്ളതാണ്. 2300000/-രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി വർക്ക് പൂർത്തീകരിക്കണം
20) ആക്കക്കുന്നേൽ റോഡ് റീ ടാറിംഗ് നടത്തണം

21) മാമ്പറമ്പിൽ കുടിവെള്ള പദ്ധതിയുടെ കിണർ വൃത്തിയാക്കി ക്ലോറിനേഷൻ നടത്തണം.
22) ചിറ്റേട്ട് കടവ് റോഡ് പാച്ച് വർക്ക്.
23) ഗാന്ധി നഗർ റോഡ് മെയിന്റനൻസ്.
24) ഗവ. ഹോസ്പിറ്റൽ കാർഡിയോളജി വിഭാഗം ഡോക്ടറെ നിയമിക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കണം.
25) വാർഡിലെ പട്ടി ശല്യം, വവ്വാൽ ശല്യം ഇവ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കക.
26) ഫുഡ് വെയിസ്റ്റ് കമ്പോസ്റ്റ്, ഉറവിട മാലിന്യ സംസ്കരണത്തിനുള്ള പദ്ധതി നടപ്പിലാക്കണം.
27) ആക്കക്കുന്നേൽ റോഡ്, മംഗലം റോഡ്, സെന്റ് തോമസ് റോഡ് മെയിന്റനൻസ് നടത്തണം
28) വാർഡിലെ റോഡുകളുടെ ഇരുവശത്തുമുള്ള കാടുപിടിച്ച ഭാഗങ്ങൾ വൃത്തിയാക്കണം.

## വാർഡ്-5 - പ്ലാത്താനം

1) ചെറുവള്ളിൽ മണ്ഡപത്തിന്റെ തോടിന്റെ സംരക്ഷണഭിത്തി കെട്ടുക.
2) വി.കെ. വർക്കി റോഡ് റീടാറിംഗ്
3) വി.കെ. വർക്കി റോഡിന്റെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള പുതിയ പൈപ്പ് ലൈൻ നടപ്പാക്കണം.
4) മോണാസ്ട്രി എറകോന്നി റോഡ് ജംഗ്ഷനിലെ സ്ട്രീറ്റ് ലൈൻ തെളിയിക്കാൻ കെ.എസ്.ഇ.ബി. യ്ക്ക് എസ്റ്റിമേറ്റ് എടുക്കണം. വി.കെ. വർക്കി റോഡിൽ അഡീഷണൽ പോസ്റ്റ് ഇടണം.
5) തോണിക്കുഴി പറമ്പിൽ ലക്ഷ്മിയുടെ വീടിന്റെ സമീപത്ത് ഉള്ള തോടിന്റെ സൈഡ് ഭിത്തി കെട്ടുക.
6) പാലാ നഗരസഭയുടെ ഞൊണ്ടിമാക്കൽ കവലയിൽ ഉള്ള സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് യോഗത്തിൽ ആവശ്യം ഉയർന്നു.
7) പാലാ ക്ലബ് പമ്പ് ഹൗസ് റോഡ്, ജോസ് ജംഗ്ഷൻ റോഡ് മെയിന്റനൻസ്
8) ചെറുവള്ളിൽ മണ്ഡപത്തിൽ റോഡ് പുനരുദ്ധാരണം

## വാർഡ്-6 - കാനാട്ടുപാറ

### I. റോഡ് നവീകരണം

1) കുത്തിവളച്ചേൽ - ഓടയ്ക്കപ്പാറ റോഡ്
2) വെള്ളരിങ്ങാട്ട് റോഡ്
3) തെരുവിൽ റോഡ്
4) തോട്ടുപുറം പുരയിടത്തിനു സൈഡിലൂടെയുള്ള വഴി അവസാന ഭാഗം കോൺക്രീറ്റിംഗ്
5) പോളിടെക്നിക് റോഡ്, കരൂർ പാലം വരെ
6) പുഞ്ചിരിക്കവല - കരൂർ പാലം റോഡ്
7) പുഞ്ചിരിക്കവല - പോളിടെക്നിക്ക് റോഡ്
8) പോളിടെക്നിക് റോഡിൽ പോളിടെക്നിക് കമാനത്തിനു തൊട്ടടുത്തുള്ള ഓടയ്ക്ക് (മാൻഹോൾ) ഗ്രിൽ ഇട്ട് സുരക്ഷിതമാക്കുക.
9) അമ്പലപ്പുറം റോഡിന്റെ തകർന്ന സംരക്ഷണ വേലി പുന:സ്ഥാപിക്കുക. ഈ റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുക.
10) കൂട്ടുങ്കൽ റോഡ്
11) കുത്തിവളച്ചാൽ റോഡ് ഒടുക്കപ്പാറ റോഡ്, പോളിടെക്നിക് ലിങ്ക് റോഡ് മെയിന്റനൻസ്

### II. ആരോഗ്യം

1) ഗവ. ഹോസ്പിറ്റലിൽ കാർഡിയോളജി വിഭാഗം പുനരാരംഭിക്കണം.

### III. കുടിവെള്ളം

1) കാനാട്ടുപാറ കുടിവെള്ള പദ്ധതി ഉടൻ പൂർത്തിയാക്കുക.
2) മാമ്പറമ്പിൽ കുടിവെള്ള പദ്ധതി കാര്യക്ഷമമാക്കുക.

### IV. വിദ്യാഭ്യാസം

1) അങ്കണവാടിയ്ക്ക് കെട്ടിടം പുനർ നിർമ്മിക്കുക.
2) വാടകയ്ക്ക് എടുത്ത സ്ഥലത്ത് പ്രവർത്തിക്കുന്ന അങ്കണവാടി നഗരസഭയുടെ പുഞ്ചിരക്കവലയിലുള്ള വസ്തുവിൽ ഇരിക്കുന്ന വീട് നവീകരിച്ച് എത്രയും വേഗം അവിടേയ്ക്ക് മാറ്റുക.

3) നഗരസഭയുടെ 6 ഏക്കർ വരുന്ന സ്ഥലം മാനസിക ഉല്ലാസത്തിനായി കുട്ടികൾക്കും വയോജനങ്ങൾക്കുമുള്ള പാർക്ക് ആക്കി മാറ്റുക. ഈ സ്ഥലം കാട് തെളിച്ച് ഇഴജന്തുക്കളുടെ ശല്യത്തിൽ നിന്ന് മോചിപ്പിക്കുക.
4) എൻ.സി.സി. സ്കൗട്ട് തുടങ്ങിയവയുടെ ക്യാമ്പ് നടത്താൻ പറ്റുംവിധത്തിലുള്ള ഹാൾ പണിയുക.
5) അങ്കണവാടി വസ്തു അളന്ന് തിരിച്ച് ആസ്തിയിൽ പെടുത്തുക. ഇതിലെ തേക്ക് മുറിച്ച് അപകട ഭീഷണി ഒഴിവാക്കുക.

**V. റോഡ് സുരക്ഷ**

1) പോളിടെക്നിക് - കരൂർ പാലം റോഡ് തൊടുപുഴ റോഡിലേയ്ക്കും രാമപുരം റോഡിലേയ്ക്കും ഇറങ്ങുമ്പോൾ മെയിൻ റോഡിലൂടെ വരുന്ന വാഹനം കുണുന്ന വിധത്തിൽ കോൺവെക്സ് മിറർ സ്ഥാപിക്കുക.
2) തൊടുപുഴ റോഡിൽ ഹ്യൂണ്ടായി ഷോറൂമിനും പെട്രോൾ പമ്പിനും മദ്ധ്യേ വേഗനിയന്ത്രണത്തിനായി റമ്പിൾ സ്ട്രിപ്പ് സ്ഥാപിക്കുക.
3) അമ്പലപ്പുറം റോഡ് മെയിൻ റോഡിൽ ചേരുന്നിടത്ത് സീബ്ര ലൈൻ വരയ്ക്കുക. ഇവിടെ ഇരുവശത്തും റമ്പിൾ സ്ട്രിപ്പ് സ്ഥാപിക്കുക.

**VI. ശുചിത്വം**

1) ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുക. ഇതിനുള്ള ബോധവത്കരണം നടത്തുക.
2) പോളിടെക്നിക് - കൂട്ടുങ്കൽ റോഡിന് സമീപമുള്ള വസ്തുവിലെ കാട് തെളിക്കുക. ഇവിടെ മാലിന്യം നിക്ഷേപിക്കുന്നത് തടയുക.
3) ഗവ. പോളിടെക്നിക് വക സ്ഥലം, ജി.റ്റി.സി. വക സ്ഥലം എന്നിവിടങ്ങളിലെ കാട് തെളിക്കുക.
4) അമ്പലപ്പുറം റോഡിൽ കെട്ടി നിൽക്കുന്ന ചെളിവെള്ളം പൈപ്പ് ഇട്ട് നീക്കം ചെയ്യുക.

VII. തെരുവു വിളക്കുകൾ കേടായവ നന്നാക്കുക.

VIII. പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന സംരഭങ്ങൾ ആരംഭിക്കുക.

IX. തെരുവു നായ്ക്കളെ നിയന്ത്രിക്കുക.

X. പുഞ്ചിരി കവലയിലുള്ള നഗരസഭ വക സ്ഥലം കാർഷിക ആവശ്യങ്ങൾക്കായി വിനിയോഗിക്കുക.

XI. നഗരസഭ വസ്തുക്കൾ (റോഡ്, തോട്) ഉൾപ്പെടെ അളന്ന് ആസ്തി രജിസ്റ്റർ പുന:ക്രമീകരിക്കുക.

XII. മുണ്ടാങ്കൽ തോട് നവീകരിക്കുക.

XIII. പുഞ്ചിരി കവലയിൽ മണ്ണിടിച്ചിൽ ഉണ്ടായ ഭാഗം സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുക.

## വാർഡ്-7 - കവീക്കുന്ന്

1. വീട് മെയിന്റനൻസിന് തുക അനുവദിക്കുക.
2. വികലാംഗർക്കുള്ള മുച്ചക്ര വാഹനം അനുവദിക്കുക.
3. മുണ്ടാങ്കൽ പുലിമലക്കുന്ന് കുടിവെള്ള പദ്ധതി നവീകരിക്കുക.
4. റോഡ് മെയിന്റനൻസിന് തുക അനുവദിക്കുക.
5. സൗജന്യ മുട്ടക്കോഴി വിതരണം നടത്തുക.
6. കുറ്റി കുരുമുളക് തൈ വിതരണം നടത്തുക.
7. സൗജന്യ പച്ചക്കറി തൈ വിതരണം നടത്തുക.
8. മഴക്കുഴി നിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.
9. പ്രദേശത്തെ ദിശാബോർഡ് നവീകരിക്കുന്നതിന് തുക വകയിരുത്തുക.
10. ശാന്തിഗ്രാം റോഡിൽ ഈറ്റോലിക്കൽ ഭാഗത്ത് ഓട നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുക.
11. തെരുവ് നായ നിർമ്മാർജ്ജനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.
12. തൊഴിലുറപ്പ് പദ്ധതിയി ഇടക്കയ്യാല കെട്ടൽ നടത്തുക.
13. വാർഡിലെ അങ്കണവാടിയ്ക്ക് ഇന്ററാക്ടീവ് പാനൽ സ്ഥാപിക്കുക (ഡിജിറ്റ അങ്കണവാടി) 1.25 ലക്ഷം രൂപ അനുവദിക്കുക.
14. ഇളംതോട്ടം റോഡിൽ ചെറിയാൻ സി. കാപ്പന്റെ കൈതത്തോട്ടത്തിൽ വിഷം തളിക്കുന്നത് സമീപവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ആയത് തടയുന്നതിനുള്ള നോട്ടീസ് നൽകുക.

15. മുരിങ്ങയിൽ ലില്ലി എന്ന വ്യക്തിയുടെ വീടിന് സമീപം ആൾത്താമസമില്ലാതെ പൂട്ടിക്കിടക്കുന്ന പുരയിടത്തിൽ കാട് പിടിച്ച് പാമ്പ് ശല്യം ഉള്ളതായി പരാതി ലഭിച്ചു. വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
16. മുണ്ടാങ്കൽ പുലിമലക്കുന്ന് ഇളംതോട്ടം ശാന്തിഗ്രാമ റോഡ് മെയിന്റനൻസ്

## വാർഡ്-8 - കവീക്കുന്ന്

1. എല്ലാ തവണയും വാർഡ് സഭകൾ കൂടുമ്പോൾ നിർദ്ദേശങ്ങൾ വയ്ക്കാറുണ്ട്. എന്നാൽ അതിൽ എത്ര എണ്ണത്തിന് പരിഹാരം കണ്ടെത്തി എന്ന് തൊട്ടടുത്ത വാർഡ് സഭ കൂടുമ്പോൾ പറയുക.
2. കവീക്കുന്ന് - മൂന്നാനി റോഡിന്റെ ടാറിംഗ് പകുതി മാത്രമേ നടന്നിട്ടുള്ളൂ. ബാക്കിയുള്ളത് എത്രയും വേഗം പൂർത്തീകരിക്കുക.
3. കവീക്കുന്ന് ആയില്യം ലേഡീസ് സ്റ്റോർ ഉടമയുടെ വീടിന്റെ മുൻവശത്ത് ഒരു കുഴി ഉണ്ട്. അത് കാൽനട, വാഹന യാത്രകൾക്ക് അപായമാണ്. അത് പരിഹരിക്കുക.
4. കീർത്തി നഗർ റോഡിലെ ലിസി മാത്യുവിന്റെ വീടിന്റെ മുൻവശത്തെ സ്ട്രീറ്റ് ലൈറ്റ് കത്തുന്നില്ല. അത് പരിഹരിക്കുക.
5. കീർത്തി നഗർ റോഡിൽ പുല്ല് കൃത്യമായി വെട്ടുന്നില്ല. അത് പരിഹരിക്കുക.
6. കീർത്തി നഗർ റോഡ് സൈഡിൽ കാട് പിടിച്ചു കിടക്കുന്നതിനാൽ ഇഴജന്തുക്കളുടെ ശല്യം കൂടുതലാണ്. അത് അടിയന്തിരമായി പരിഹരിക്കുക.
7. കവീക്കുന്നിൽ കൊച്ചുപുരയ്ക്കൽ റോഡ് തുടങ്ങുന്നതിന് എതിർവശത്ത് സൈഡിൽ വലിയ കുഴിയിൽ സമീപത്തുള്ളവർ എല്ലാം വെയിസ്റ്റ് ഡിസ്പോസൽ നടത്തുന്നുണ്ട്. അത് പരിഹരിക്കുക.
8. സാബു മഞ്ഞക്കുഴി എന്ന വ്യക്തിയുടെ വീടും പരിസരവും മാലിന്യം കൊണ്ട് നിറഞ്ഞിരിക്കുന്നത് പരിസരവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നു. അത് പരിഹരിക്കുക.
9. കീർത്തി നഗർ റോഡ് 75 മീറ്റർ ടാറിംഗ് ചെയ്യാൻ ഉണ്ട്. അത് പരിഹരിക്കുക.
10. കീർത്തി നഗറിൽ നിന്ന് കവീക്കുന്ന് പോകുന്ന വഴിക്ക് ബീന എന്ന വ്യക്തിയുടെ വീടിനു മുൻപിൽ റോഡ് സൈഡിൽ കുഴി ഉണ്ട്. അത് പരിഹരിക്കുക.
11. കവീക്കുന്ന് മൂന്നാനി ജനതാറോഡ് കീർത്തിനഗർ റോഡ് മെയിന്റനൻസ്

## വാർഡ്-9 - കൊച്ചിടപ്പാടി

1. വീട് പുനരുദ്ധാരണം.
2. കവീക്കുന്ന് - കൊച്ചിടപ്പാടി ലിങ്ക് റോഡ് പുനരുദ്ധാരണം
3. വാഴകൃഷിയ്ക്ക് സബ്സിഡി നൽകൽ
4. അടുക്കള മുറ്റത്തെ കോഴി വളർത്തൽ
5. ഐ.എം.എ. റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
6. കൊച്ചിടപ്പാടി - കവീക്കുന്ന് റോഡ് അരികിൽ ഓടയുടെ നവീകരണം
7. കൊച്ചിടപ്പാടി - കവീക്കുന്ന് റോഡിന്റെ വീതി കൂട്ടുക.
8. ഐ.എം.എ. ജംഗ്ഷൻ വെയിറ്റിംഗ് ഷെഡിന്റെ നവീകരണ പ്രവർത്തനം.
9. വളർത്തു നായ്ക്കൾക്കുള്ള പേവിഷ ബാധ പ്രതിരോധ കുത്തി വയ്പ്.
10. അങ്കണവാടി സ്ഥാപിക്കാൻ ഉള്ള സ്ഥലം നൽകണം.
11. കുടിവെള്ള വിതരണം വാർഡ് 8,9,10-കളിൽ കൃത്യമായി നൽകുക.
12. കുറ്റി കുരുമുളക് വിതരണം.
13. ഗവ. ജനറൽ ഹോസ്പിറ്റൽ കാർഡിയോളജി വിഭാഗം പുനരാരംഭിക്കണം
14. 35 മുതൽ 60 വയസ്സ് വരെ പ്രായമുള്ള സ്ത്രീകൾക്ക് സാമൂഹിക പെൻഷൻ വിതരണം
15. പഴം, പച്ചക്കറി വിത്ത് വിതരണം.
16. വാഹനം ടെസ്റ്റ് നടത്തുന്ന സ്ഥലത്ത് ഒരു സൈൻ ബോർഡ് സ്ഥാപിക്കണം.
17. ഉറവിട മാലിന്യ സംസ്കരണം നടപ്പിലാക്കുക.
18. കൊച്ചിടപ്പാടി കവീക്കുന്ന് റോഡ് മെയിന്റനൻസ്

## വാർഡ്-10 - മൂന്നാനി

1. മൂന്നാനി കോടതിയുടെ മുമ്പിലുള്ള റോഡിൽ രാത്രി സമയങ്ങളിൽ വെയിസ്റ്റ് തള്ളുന്നത് ഒഴിവാക്കാനായി സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
2. വർഷകാലത്ത് വെള്ളം കയറുന്നതിനാൽ വാർഡിലെ തോട്ടത്തിൽ കടവ് റോഡ് ഉയർത്തിക്കെട്ടുക.
3. കളരിയാമ്മാക്കൽ പ്രദേശത്തെ ചെക്ക്ഡാമിന്റെ ശോചനീയാവസ്ഥ പരിഹരിക്കുക. അതിന്റെ ഷട്ടർ ഉയർത്തുകയും താഴ്ത്തുകയും നിയന്ത്രിക്കുന്നതിനായി ഒരു ഓപ്പറേറ്ററെ വയ്ക്കുക.
4. വാർഡിലെ കിണറുകളും തോടുകളും ഉൾപ്പെടുത്തിക്കൊണ്ട് 10-ാം വാർഡിന്റെ സമഗ്ര സർവ്വെ നടത്തുക.
5. സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്തയിടങ്ങളിൽ അത് സ്ഥാപിക്കുക. ഉള്ളയിടങ്ങളിലെ സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിക്കുക.
6. മൂന്നാനി ആറ്റു കടവ് വൃത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
7. വാർഡിലെ 103 നമ്പർ അംഗനവാടിയ്ക്ക് നിലവിൽ വെള്ളത്തിന്റെ കണക്ഷൻ ലഭ്യമല്ല. അതു ലഭിക്കുവാനുള്ള നിർദ്ദേശം നല്കുക.
8. കുര്യാക്കോസ് പടവൻ റോഡിൽ വശങ്ങളിൽ വെട്ടിയിട്ട തടി നീക്കം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുക.
9. ബിന്ദു എം. ജോർജ്ജ്, മാവുങ്കതൊടിയിൽ; സുധർമ്മ പ്രഭാകരൻ, മുടപ്പനാൽ; രാജി ഈന്തുങ്കൽ എന്നിവർക്ക് ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുവാനുള്ള സാമ്പത്തിക സഹായം നൽകുക.
10. മൂന്നാനി വാർഡിലെ മുനിസിപ്പൽ റോഡുകളിൽ പലതിലും കുഴികൾ രൂപപ്പെട്ടിട്ടുണ്ട്. അത് അടയ്ക്കാനും റീ ടാറിംഗിനും വേണ്ട നടപടികൾ എടുക്കുക.
11. കോർട്ട് കോംപ്ലക്സ് റോഡ് ഫ്രണ്ട്സ് സർക്കിൾ ആറ്റുകടവ് റോഡ് മെയിന്റനൻസ്

## വാർഡ്-11 - മൊണാസ്ട്രി

1. 2025-26 സാമ്പത്തിക വർഷത്തെ പ്രൊജക്ട് സമയ ബന്ധിതമായി പൂർത്തീകരിക്കുക.
2. ജോസ് പടിഞ്ഞാറെക്കര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിക്കുക.
3. മാർത്തോമാ ചർച്ച് റോഡ് റീ-ടാർ ചെയ്യുക.
4. പുതിയകാവ് റോഡ് നവീകരിക്കുക. പുതിയകാവ് ക്ഷേത്രത്തിന്റെ മുൻവശം റോഡിന്റെ സൈഡ് കോൺക്രീറ്റ് ചെയ്യുക.
5. മാർത്തോമാ ചർച്ച് റോഡിൽ നിന്നും കുപ്പർത്തീനോ കുരിശടി ജംഗ്ഷൻ വരെ റീടാർ ചെയ്യുക.
6. റീ-ബി ഡി കേരള ഇനിഷിയേറ്റ് പദ്ധതി പ്രകാരമുള്ള ദുരന്ത നിവാരണ ഫണ്ടിൽ നിന്നും റെസ്ക്യൂ ഉപകരണങ്ങൾ വാങ്ങുക. ഡി.എം. പ്ലാൻ പുതുക്കൽ, വാട്ടർ ലെവൽ സ്കെയിൽ പുതുക്കൽ.
7. ഭിന്നശേഷി കുട്ടികൾക്ക് ടോയ്ലറ്റ് നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കുക.
8. മാർത്തോമാ ചർച്ച് റോഡിൽ ടോംസ് കോംപ്ലക്സിന്റെ സൈഡിലുള്ള വഴി (അങ്കണവാടി ടീച്ചർ ഷീലയുടെ വീട്ടിലേയ്ക്കുള്ള വഴി) നവീകരിക്കുക.
9. ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുക.
10. പാലാ മുനിസിപ്പൽ പരിധിയിലുള്ള ഭിന്നശേഷി, വയോജനങ്ങൾക്ക് പാലാ ജനറൽ ആശുപത്രിയിൽ ചികിത്സയ്ക്കായി പ്രത്യേക റൂം ഏർപ്പെടുത്തുക.
11. ഐ.സി.യു. സംവിധാനമുള്ള ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുക.
12. ഏറ്റുമാനൂർ - പൂഞ്ഞാർ ഹൈവേയിൽ പുതിയകാവ് ജംഗ്ഷനിൽ സ്പീഡ് ബ്രേക്കർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
13. ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് കിണർ കുത്താനുള്ള ഫണ്ട് അനുവദിക്കുക.
14. വീട് മെയിന്റനൻസിന് തുക അനുവദിക്കുക.
15. പാലാ ക്ലബ്ബ് റോഡ്, ജോസ് ജംഗ്ഷൻ ലിങ്ക് റോഡ് മെയിന്റനൻസ്

## വാർഡ്-12 - ചെത്തിമറ്റം

1. കളരിയാമ്മാക്കൽ റോഡ് നന്നാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
2. ചെട്ടി കടവ് റോഡിന്റെ ഓടകൾ മണ്ണ് മാറ്റി വൃത്തിയാക്കുക.
3. മഹാറാണി കവല റോഡിലെ ബസ് സ്റ്റോപ്പുകൾ ടി സ്ഥലത്തു നിന്നും മാറ്റുക.

4. കുറ്റിയാങ്കൽ വില്ല പരിസരത്തെ കാട് വെട്ടിത്തെളിക്കുക.
5. മൃഗാശുപത്രിയുടെ മുൻവശത്തുള്ള റോഡ് പൊക്കി കുഴി മാറ്റുക.
6. മണ്ണിൽക്കടവ് - പുഴക്കരപാലം റോഡ് ഗതാഗതയോഗ്യമാക്കുക.
7. വാർഡ് 12-ന്റെ പൊതു സ്ഥലത്ത് വെയിസ്റ്റ് ഇടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ആയതിനെതിരെ നടപടി സ്വീകരിക്കുകയും പ്രസ്തുത സ്ഥലത്ത് ക്യാമറ സ്ഥാപിക്കുകയും ചെയ്യണം. മുനിസിപ്പാലിറ്റിയിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കൃത്യമായി നീക്കം ചെയ്യണം.
8. കുളംകണ്ടം മുതൽ മണ്ണിൽക്കടവ് വരെയുള്ള റോഡിന്റെ ഓട വൃത്തിയാക്കുക.
9. തൃക്കയിൽ കടവ് - സെമിനാരി റോഡിന്റെ അശാസ്ത്രീയമായ നിർമ്മാണം മൂലം വെള്ളം ഒഴുകി പോകുന്നതിന് തടസ്സം നേരിടുന്നു. ആയതിന് പരിഹാരം കാണണം.
10. അങ്കണവാടി റോഡ് വെള്ളപ്പൊക്ക ഭീഷണി നേരിടുന്നു. ആയതിന് പരിഹാരം കാണണം.
11. അങ്കണവാടിയും റോഡും സൗജന്യമായി നൽകിയവരുടെ വിവരങ്ങൾ അടങ്ങിയ ഫലകം സ്ഥാപിക്കുക.
12. അങ്കണവാടി റോഡ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക.
13. 20-ാം വാർഡിൽ കൂടി കടന്നുപോകുന്ന മണ്ണിൽക്കടവ് റോഡിന്റെ ഓടകൾ വൃത്തിയാക്കുക.
14. കുളംകണ്ടം റോഡിൽ നിന്നും ഇറങ്ങി വരുന്ന കല്ല്യാ ഭാഗത്ത് നോ പാർക്കിംഗ് ബോർഡ് സ്ഥാപിക്കുക.
15. വി.എസ്.പി. റോഡിൽ ശാന്താ, തോട്ടുചാലിന്റെ വീടിന്റെ മുൻവശത്തുള്ള റോഡ് ഇന്റർലോക്ക് ചെയ്യുക, ടി സ്ഥലത്ത് കിടക്കുന്ന പോസ്റ്റ് നീക്കം ചെയ്യുക.
16. വെള്ളരിങ്ങാട്ട് കടവ് റോഡ്, കുളിക്കടവിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. കടവ് നവീകരിക്കുക. ടി സ്ഥലത്ത് താഴ്ന്ന നിലയിൽ കിടക്കുന്ന വൈദ്യുതി കമ്പി ഉയർത്തുക.
17. ജൂബിലി ഭവൻ റോഡിലെ ഇലക്ട്രിക് വയറുകൾ ഉയർത്തി കെട്ടുക.
18. മേഴ്സി ബെന്നി, ചാത്തൻകുന്നേൽ, വർക്കി പി.സി., പുത്തൂർ എന്നിവരുടെ വീടിനോട് ചേർന്ന് കിടക്കുന്ന കറണ്ട് കമ്പികൾ അപകട ഭീഷണി ഉയർത്തുന്നു. ആയതിന് പരിഹാരം കാണണം.
19. ഷൈല ബെന്നി, പുളിക്കൽ എന്നയാൾക്ക് വീട് മെയിന്റനൻസ് അനുവദിക്കുക.
20. വിജയം ഫിലിപ്പ് കുടിയിരിപ്പിന്റെ വീടിന്റെ പുറക് വശത്തുള്ള സ്ഥലം കാട് പിടിച്ച് കിടക്കുന്നത് വൃത്തിയാക്കുക.
21. ചെത്തിമറ്റം അംഗനവാടിയ്ക്ക് വെയിസ്റ്റ് കുഴി നിർമ്മിക്കുക.
22. നഗരസ 12-ാം വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന പ്രദേശമായതിനാൽ ടി സ്ഥലത്തെ മുഴുവൻ ഓടകളും വൃത്തിയാക്കുക.
23. മുനിസിപ്പൽ റോഡിൽ കുളത്തുംമാട്ടേൽ വീടിന് സമീപമുള്ള സ്ഥലം കാട് പിടിച്ച് കിടക്കുന്നതിനാൽ പാമ്പ് ഉൾപ്പെടെയുള്ള ഇഴജന്തുക്കളുടെ ശല്യം അതിരൂക്ഷമായിരിക്കുന്നു. ടി സ്ഥലം വൃത്തിയാക്കുക.
24. ചെത്തിമറ്റം അങ്കണവാടി സ്ഥിതി ചെയ്യുന്ന അമ്മ്യാനിക്കൽ റോഡിൽ വെള്ളം കയറുന്ന സ്ഥലമാണെന്നും ടി റോഡിൽ മില്ലിന്റെ (കവല) ഇടതുവശം ചേർന്ന് നടപ്പു വഴി ഉണ്ടെന്നുള്ളത് നഗരസഭാ രേഖകളിൽ മാർക്ക് ചെയ്യുക.
25. കളരിയമ്മാക്കൽ റോഡ്, തൃക്കയിൽകടവ് റോഡ്, വിൻസെൻഷ്യൽ സെമിനാരി റോഡ് നവീകരണം

## വാർഡ്-13 - മുരിക്കുംപുഴ

1) അംഗനവാടി നവീകരണം
2) മഴക്കാലമാകുമ്പോൾ മോന്തങ്കര ഭാഗത്തെ റോഡിൽ രൂപപ്പെടുന്ന വെള്ളക്കെട്ടിന് പരിഹാരം കാണുക.
3) വിവിധ സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടുന്ന പ്രശ്നത്തിന് അടിയന്തിര നടപടി സ്വീകരിക്കുക.
4) കരിമ്പത്തികണ്ടം ഭാഗത്ത് സാമൂഹ്യവിരുദ്ധർ മാലിന്യം നിക്ഷേപിക്കുന്നത് തടയുക.
5) പനയ്ക്കൽ റോഡ് നവീകരണം.
6) മോന്തക്കര റോഡിൽ, ശ്യാമു മോന്തക്കരയുടെ വീടിന്റെ മുന്നിലുള്ള കുറച്ചു ഭാഗം കരിങ്കൽക്കെട്ടില്ലാത്തതിനാൽ, റോഡ് അപകടാവസ്ഥയിലാണ്. കോൺക്രീറ്റ് വിണ്ടുകീറി റോഡ് ഇരുന്നുപോകുന്ന അവസ്ഥ.
7) മോന്തക്കര റോഡിലെ ഓലിയുടെ കുറച്ച് ഭാഗം കൂടി റെയിലിംഗ് ഇട്ട് യാത്രക്കാരുടെ സംരക്ഷണം ഉറപ്പുവരുത്തണം.

8) വെട്ടത്ത് കടവ് റോഡിൽ നിന്നും, ജോമോൻ ഏറത്തുകുന്നേലിന്റെ വീട്ടിലേയ്ക്കുള്ള ഇടവഴി തൊണ്ടിന്റെ ടാറിംഗിന്റെ ദൂരം കുറച്ച് കൂടി നീട്ടേണ്ടതുണ്ട്. നിലവിലുള്ള മണ്ണിട്ട ഭാഗം ശോച്യാവസ്ഥയിലാണ്.
9) മോന്തക്കര റോഡിൽ, പുരുഷോത്തമൻ പുത്തൻപുരയുടെ മുൻഭാഗത്തടക്കം കുറച്ച് ഭാഗത്ത് മഴ പെയ്യുമ്പോൾ വെള്ളക്കെട്ടാണ്. വഴിയാത്രക്കാർക്ക് നടന്നുപോകാൻ സാധിക്കാത്തവിധം റോഡിൽ പായൽ നിറയും, എപ്പോഴും ഉറവ വെള്ളം റോഡിലൂടെ പരന്നൊഴുകുന്ന അവസ്ഥയാണ്. മഴക്കാലമാരംഭിക്കുന്നതിന് മുമ്പ് ഇതിനൊരു പരിഹാരം ഉണ്ടാകേണ്ടതുണ്ട്.
10) പനയ്ക്കൽ തൊണ്ട് യാത്രായോഗ്യമാക്കാനായി കോൺക്രീറ്റ് ചെയ്യേണ്ടതുണ്ട്.
11) മഠത്തിൽകടവ് റോഡ് കോൺക്രീറ്റ് ചെയ്യണം.
12) ഡോ. ജെയിംസിന്റെ വീടിന്റെ മുൻഭാഗത്ത് മഴപെയ്താൽ വലിയ വെള്ളക്കെട്ട് രൂപപ്പെടും. ഇതിനൊരു പരിഹാരമുണ്ടാക്കേണ്ടതുണ്ട്. മുനിസിപ്പൽ എഞ്ചിനീയറെ സ്ഥലപരിശോധനയ്ക്ക് അയച്ച്, വേണ്ട നിർദ്ദേശം നൽകണം.
13) പി.കെ. റോഡിൽ നിരവത്ത് ഭാഗം കഴിഞ്ഞ്, പാഴുക്കുന്നേൽ പുരയിടത്തിന് മുമ്പിലായുള്ള കൊടുംവളവിൽ മിറർ സ്ഥാപിക്കണം. വാഹനങ്ങൾ അപകടകരമായ വിധമാണ് കടന്നുപോകുന്നത്.
14) കരിമ്പത്തിക്കണ്ടം ഭാഗത്ത്, ആറ്റിലേക്കൊഴുകുന്ന തോട് അടിയന്തിരമായി വൃത്തിയാക്കണം. മാലിന്യം നീക്കം ചെയ്യണം. ബോർഡ് സ്ഥാപിക്കണം.
15) കരിമ്പത്തിക്കണ്ടം - കണ്ണാടിയുറുമ്പ് റോഡ് നവീകരണം.
16) കണ്ണാടിയുറുമ്പ് റോഡ് നവീകരണം

## വാർഡ്-14 - പരിപ്പിൽക്കുന്ന്

1. വെട്ടത്ത് കടവ് നവീകരണം
2. പരിപ്പിൽ കടവ് ഭാഗത്ത് കൈവരി പിടിപ്പിക്കുന്നതിന്
3. പരിപ്പിൽ കടവ് സ്റ്റെപ്പ് നവീകരണം
4. പരിപ്പിൽകുന്ന് ഭാഗത്ത് ആറിന്റെ തീരത്ത് ഭിത്തി ഇടിഞ്ഞു പോകുന്നു. ശരിയാക്കുക.
5. നെല്ലാനിക്കൽ വേണു ചേട്ടൻ, ജ്യോതിഷ് വക സ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നു. ആയത് പരിഹരിക്കണം. കാടു വെട്ടി തെളിക്കണം.
6. പ്രസാദ് റോഡിന്റെ നവീകരണം
7. കല്ലാനിക്കൽ മുകളേൽ റോഡ് നവീകരണം
8. എ.കെ.ജി. റോഡ് നവീകരണം
9. കരിമ്പത്തിക്കണ്ടം - കണ്ണാടിയുറുമ്പ് റോഡ് നവീകരണം
10. ജയാ റോഡ് നവീകരണം.
11. പ്രസാദ് റോഡ് മെയിന്റനൻസ്
12. കരിമ്പത്തികണ്ടം കണ്ണാടിയുറുമ്പ് റോഡ് കല്ലാനിമുകളേൽ റോഡ് നവീകരണം

## വാർഡ്-15 - പാലംപുരയിടം

1. കണ്ണാടിയുറുമ്പ് - മോന്തക്കര റോഡ് നവീകരണം
2. പാലംപുരയിടം റോഡ് നവീകരണം
3. പാലംപുരയിടം ടാങ്ക് റോഡ് നവീകരണം
4. പ്രസാദ് റോഡ് - പാലം പുരയിടം റോഡ് നവീകരണം
5. കണ്ണാടിയുറുമ്പ് റോഡ് നവീകരണം
6. പാലംപുരയിടം റോഡ് കാരാങ്കൽ റോഡ് മെയിന്റനൻസ്
7. റിവർവ്യൂ റോഡ് തോണിക്കടവ് തൂക്കുപാലം നിർമ്മാണം ഡി.പി.ആർ. തയ്യാറാക്കലും പദ്ധതി നിർവ്വഹണവും
8. മോന്തക്കര കണ്ണാടിയുറുമ്പ് റോഡിൽ പുതുമന വീടിന്റെ ഭാഗത്ത് റോഡിൽ കൈവരി പിടിപ്പിക്കൽ

## വാർഡ്-16 - കണ്ണാടിയുറുമ്പ്

1. ഭവന പുനരുദ്ധാരണം - മെയിന്റനൻസ് തുക അനുവദിക്കുക.
2. കോഴി വളർത്തൽ - ധന സഹായം.
3. വയോജനങ്ങൾക്ക് വിനോദയാത്രാ സഹായം.

4. വീടുകളിൽ വേസ്റ്റ് ബിൻ വിതരണം ചെയ്യുക.
5. വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുക.
6. വഴി വിളക്കുകൾ ഇല്ലാത്ത പോസ്റ്റുകളിൽ ലൈറ്റ് സ്ഥാപിക്കുക.
7. നായ്ക്കളുടെ വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിക്കുക.
8. പച്ചക്കറി തൈകൾ, വിത്തുകൾ തുടങ്ങിയവ വിതരണം ചെയ്യുക.
9. നിർദ്ധനരായ ആളുകൾക്ക് ചികിത്സാ സഹായം.
10. സ്ത്രീകൾക്ക് സ്വയം തൊഴിൽ പരിശീലനം.
11. ദർശനാ ജംഗ്ഷൻ ഭാഗത്ത് വാട്ടർ അതോറിറ്റിയി നിന്നും വെള്ളം ലഭിക്കുന്നത് വല്ലപ്പോഴുമാണെന്നും ആയത് ദിവസവും ലഭ്യമാകുന്ന രീതിയിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.
12. 16-ാം വാർഡിലെ ജാസ്മിൻ റോഡ് മെയിന്റനൻസ് നടത്തണം.
13. മുത്താരം കുന്നിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കണം.
14. 16-ാം വാർഡ് അംഗനവാടിയുടെ ശോചനീയാവസ്ഥ പരിഹരിക്കണം.
15. പ്രായമായവർക്ക് ആശാവർക്കർമാർ മുഖേന മരുന്നുകൾ വീട്ടിലെത്തിക്കണം.
16. വാർഡ് 16, 17 വാർഡുകളിലെ റോഡിലെ വളവുള്ള ഭാഗങ്ങളി കോൺവെക്സ് മിറർ സ്ഥാപിക്കണം.
17. 12-ാം മൈൽ ഇടമറ്റം റോഡിന്റെ മാതൃകാ തോട്ടം സൈഡിൽ 150 മീറ്റർ നീളത്തിൽ റോഡിന്റെ സംരക്ഷണ ഭിത്തി പൊളിഞ്ഞു കിടക്കുന്നത് പുന:സ്ഥാപിക്കണം.
18. വാർഡ് 16, 17-കളിലെ അതിർത്തിയായ കല്ലേപ്പള്ളി ഇടത്തൊട്ട് വീതി കൂട്ടി റോഡ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
19. മിനി എം.സി.എഫ്. (സ്കൂളിന്റെ പരിസരത്ത് സ്ഥാപിച്ചിരിക്കുന്നത്) - മറ്റ് വാർഡുകളിൽ നിന്നും മാലിന്യങ്ങൾ ചാക്കിൽ നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിനായി ക്യാമറ സ്ഥാപിക്കുക.
20. 16-ാം വാർഡിൽ സ്ഥാപിച്ചിട്ടുള്ള സൈൻ ബോർഡുകളെല്ലാം സൈനുകൾ കാണാത്ത വിധം ആയത് മാറ്റി സ്ഥാപിക്കണം.
21. 2026-27 വാർഷിക പദ്ധതിയി കൾചറൽ മേഖലയിൽ തുക വകയിരുത്തണമെന്നും ദിശാ ബോർഡുകൾ സ്ഥാപിക്കണമെന്നും പഴയ കൊട്ടാരം - പാലാക്കാട് റോഡ് വീതി കൂട്ടി ടാർ ചെയ്യണമെന്നും പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.
22. 16-ാം വാർഡിൽ എല്ലാ റോഡുകളും സൈഡ് കോൺക്രീറ്റ് ചെയ്ത് സഞ്ചാര യോഗ്യമാക്കി വീതി കൂട്ടി ടാർ ചെയ്യുക.
23. 16-ാം വാർഡിലെ പി.കെ. റോഡ് വഴിയ്ക്ക് വീതി ഇല്ലാത്ത ഭാഗം സ്ഥലം ഏറ്റെടുത്ത് വീതി കൂട്ടി ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കുക.
24. 16-ാം വാർഡിൽ റ്റി.എൻ. ഗോപി, മഞ്ഞപ്പള്ളിക്കുന്നേൽ; ജയൻ രാമൻ, ഈന്തുങ്കൽ മുറിയിൽ എന്നിവർക്ക് മുച്ചക്ര വാഹനം അനുവദിയ്ക്കുക.
25. 16-ാം വാർഡിൽ ജനസാന്ദ്രത കൂടുതലായതിനാൽ ഒരു ഹെൽത്ത് സെന്റർ വാർഡിൽ സ്ഥാപിക്കുക.
26. കണ്ണാടിയുറുമ്പ് പാലാക്കാട് റോഡ്, ജാസ്മിൻ റോഡ് നവീകരണം

## വാർഡ്-17 - 12-ാം മൈൽ

1. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വാർഡ്സഭയിൽ പാസാക്കി.
2. കുടിയാൻ റോഡ്, കുന്നുംപുറം എന്നീ സ്ഥലങ്ങളിൽ കുടിവെള്ളം ലഭ്യമാക്കണം.
3. കല്ലറയ്ക്കൽ അമ്പലത്തിന്റെ ഭാഗത്ത് റോഡ് പൊട്ടിപൊളിഞ്ഞു കിടക്കുന്നത് വൃത്തിയാക്കണം. ഈ ഭാഗത്തേയ്ക്ക് കുടിവെള്ളം ലഭ്യമാക്കണം.
4. കൂട്ടിയാനി റോഡിന്റെ സൈഡ് വശം കോൺക്രീറ്റ് ചെയ്യണം.
5. പ്രായമായവർക്ക് ആശാവർക്കർ മുഖേന മരുന്നുകൾ വീട്ടിലെത്തിക്കണം.
6. വളവുള്ള ഭാഗങ്ങളിൽ കോൺവെക്സ് മിറർ സ്ഥാപിക്കുക.
7. കല്ലറയ്ക്കൽ റോഡിന്റെ ഭാഗങ്ങളിൽ കുടിവെള്ളം ലഭ്യമാക്കണം.
8. 16,17 വാർഡിന്റെ അതിർത്തിയായി നിലനിൽക്കുന്ന റോഡ്, 12-ാം മൈൽ കടപ്പാട്ടൂർ റോഡ്, കലുങ്ക് എന്നിവ പുനർ നിർമ്മിക്കുക. കലുങ്കിന്റെ അടിയിലെ വെയിസ്റ്റ് മാറ്റി കലുങ്കിന്റെ ഭാഗങ്ങൾ വൃത്തിയാക്കുകയും ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.
9. മുനിസിപ്പൽ പാർക്ക് നവീകരിക്കുക. ഓപ്പൺ ജിം സ്ഥാപിക്കുക.

10. കുമാരനാശാൻ ചിൽഡ്രൻസ് പാർക്കിനോട് അനുബന്ധിച്ച് വയോജനങ്ങൾക്ക് റിക്രിയേഷൻ ക്ലബ്ബ് സ്ഥാപിക്കുക.
11. കണ്ണാടിയുറുമ്പ് സ്കൂളിന്റെ മുമ്പിലെ എം.സി.എഫ്.ന് മുന്നിൽ ക്യാമറ സ്ഥാപിക്കുക.
12. 12-ാം മൈൽ കുരിശുപള്ളിയുടെ മുന്നിൽ മിനി ഹൈമാക്സ് ലൈറ്റ് സ്ഥാപിക്കുക.
13. 17-ാം വാർഡിലെ അംഗണവാടിയ്ക്ക് വാട്ടർ കണക്ഷൻ വേണം, കൂട്ടിയാനി റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുക. കൂട്ടിയാനി-കടപ്പാട്ടൂർ ലിങ്ക് റോഡ് വെള്ളക്കെട്ടുള്ള ഭാഗം ഉയർത്തുക.
14. തൊഴിൽരഹിതരായ യുവതീ യുവാക്കൾക്ക് ധനസഹായം നൽകുക. അവർക്കായി സ്വയം തൊഴിൽ പദ്ധതി നടപ്പാക്കുക.
15. മണിയൻചിറ കുരിശുപള്ളിയുടെ ഭാഗത്ത് വെയിസ്റ്റ് ഇടുന്നത് തടയുന്നതിനായി അവിടെ ക്യാമറ സ്ഥാപിക്കുക.
16. മുനിസിപ്പാലിറ്റി അനുമതിയോടെ 12-ാം മൈൽ - കടപ്പാട്ടൂർ റോഡ് സ്പോൺസറേക്കൊണ്ട് കോൺക്രീറ്റ് ചെയ്യിക്കുക.
17. 17-ാം വാർഡിൽ ലോ മാസ്റ്റ് ലൈറ്റ് കത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
18. കുരിശുപള്ളിയുടെ ഇടമറ്റം റോഡിൽ ബോർഡ് സ്ഥാപിക്കുക.
19. മേലേട്ട് ഔസേപ്പച്ചൻ മകൻ സജ്ഞു മദ്യത്തിന് അടിമയായി സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ആയതിനുള്ള പരിഹാരം കാണുക.
20. 12-ാം മൈൽ ജംഗ്ഷനിൽ മിനി മൂവബിൾ ട്രാഫിക് സ്ഥാപിക്കുക. മുനിസിപ്പാലിറ്റിയി നിന്നും അനുവാദപത്രം വാങ്ങി സ്പോൺസറേക്കൊണ്ട് ചെയ്യിക്കുക.
21. 12-ാം മൈൽ ജംഗ്ഷനിൽ നിന്നും കടപ്പാട്ടൂർ റോഡിൽ നിലവിൽ സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്തത് സ്ഥാപിക്കുക.
22. തേവർമറ്റം പാലത്തിനടിയിൽ പാലത്തിനു ഭീഷണിയായേക്കാവുന്ന പാഴ്മരം വെട്ടി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുക.
23. വന പുനരുദ്ധാരണം (മെയിന്റനൻസ്) ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
24. കോഴി വളർത്തലിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
25. കിണറിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
26. കുളിക്കടവ് നവീകരണത്തിനായി ഫണ്ട് അനുവദിക്കുക.
27. വയോജനങ്ങൾക്ക് വിനോദ യാത്രയ്ക്കുള്ള ഫണ്ട് അനുവദിക്കുക.
28. വീടുകളിൽ വെയിസ്റ്റ് ബിൻ വിതരണത്തിനുള്ള നടപടി സ്വീകരിക്കുക.
29. വയോജനങ്ങൾക്ക് കട്ടിൽ വിതരണത്തിനുള്ള നടപടി സ്വീകരിക്കുക.
30. കുടിവെള്ള ലഭ്യത ഉറപ്പാക്കുക.
31. വഴിവിളക്കുകൾ ഇല്ലാത്ത പോസ്റ്റുകളിൽ അവ സ്ഥാപിക്കൽ.
32. വാർഡിൽ ആവശ്യമായ സ്ഥലങ്ങളിൽ കോൺവെക്സ് മിറർ സ്ഥാപിക്കുക.
33. കടയം ഗവ. സ്കൂളിൽ ഡൈനിംഗ് ഹാൾ പണിയുക.
34. അങ്കണവാടികളുടെ നവീകരണം.
35. നായ്ക്കൾക്കുള്ള വാക്സിനേഷൻ ക്യാമ്പ് നടത്തുക.
36. പച്ചക്കറി തൈകൾ, വിത്ത് വിതരണം നടത്തുക.
37. ശുചിമുറി നവീകരിക്കുക.
38. സ്ത്രീകൾക്ക് തയ്യൽ പരിശീലനവും സംരംഭം തുടങ്ങലും.
39. വനിതകൾക്ക് ബ്യൂട്ടീഷൻ കോഴ്സും സംരംഭം ആരംഭിക്കലും.
40. നിർദ്ധനരായ ആളുകൾക്ക് ചികിത്സാ സഹായം.
41. കഷ്ണിക്കുന്ന്, അമ്പാട്ട് വയൽ ഭാഗത്ത് റോഡ് വീതി കൂട്ടൽ.
42. ബൈപ്പാസിലെ മാലിന്യ പ്രശ്നം പരിഹരിക്കുക.
43. 17-ാം വാർഡിൽ കടപ്പാട്ടൂർ ബൈപ്പാസ് റോഡിൽ മാലിന്യം നിക്ഷേപിക്കുന്നത് സംബന്ധിച്ച് പരാതി നൽകിയതിന്റെ പകർപ്പ് വാർഡ് സഭയിൽ ഹാജരാക്കിയിട്ടുണ്ട്. ആയതിന് ശാശ്വതമായ പരിഹാരം കാണുക.
49. കല്ലറയ്ക്കൽറോഡ്, ജാസ്മിൻ റോഡ് മെയിന്റനൻസ്

## വാർഡ്-18 - മുക്കാലിക്കുന്ന്

1. കാട്ടുവെട്ടം റോഡ് കോൺക്രീറ്റ്ചെയ്യണം
2. ചൊള്ളാനിക്കൽ റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യണം.

3. സെമിത്തേരിമുക്ക്-രാമപുരം റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യണം
4. മുക്കാലിക്കുന്ന് റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യണം
5. വാഴേമഠം-കൂട്ടിയാനി റോഡ് സംരക്ഷണഭിത്തി ഇടിഞ്ഞു പോയത് കെട്ടി സംരക്ഷിക്കുക
6. കുറിച്ചി ലെയിൻ പുല്ലും പാഴ്‌വസ്തുക്കളും നീക്കാനുള്ള നടപടി സ്വീകരിക്കുക
7. സി.പി. ചന്ദ്രൻനായർ കുടിവെള്ള പദ്ധതി, രാജധാനി വീടിന്റെ ഭാഗംവരെ നിലവിൽ എത്തിയിട്ടുണ്ട്. കത്തീഡ്രൽ പള്ളി ഭാഗം 1-ാം നമ്പർ വീട് ഭാഗത്തേയ്ക്ക് വാട്ടർ കണക്ഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
8. വീട് മെയിന്റനൻസ് - സിന്ധു ബാബു, താഴത്ത്പാണാത്ത്
9. ഡോളി ബേബിയുടെ വീടിനകത്ത് അറ്റാച്ച്ഡ് ബാത്ത്റൂം വേണം
10. 18-ാം വാർഡ് നിവാസികൾ വാർഡ് കൗൺസിലർക്ക് സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ട, കത്തീഡ്രൽ പള്ളി - മുക്കാലിക്കുന്ന് റോഡ് ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥിരമായി പൊട്ടി കുടിവെള്ളം തടസ്സപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ നിരന്തരമായ പൈപ്പ് നന്നാക്കൽ മൂലം റോഡ് ഗതാഗതം തടസ്സപ്പെടുന്നു. ദിവസങ്ങളോളം കുടിവെള്ളമില്ലാത്തതിനാൽ സ്വകാര്യ വ്യക്തികളുടെ കയ്യിൽ നിന്നും പണം മുടക്കി വെള്ളം വാങ്ങേണ്ടി വരുന്നു. ആയതിനാൽ പൈപ്പ് ലൈൻ അടിയന്തിരമായി ഇനിയും ഒരു പ്രശ്നമുണ്ടാകാത്ത രീതിയിൽ നന്നാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
11. ചൊള്ളാനിക്കൽ റോഡ് സെമിത്തേരിമുക്ക് രാമപുരം റോഡ് നവീകരണം

## വാർഡ്-19 - പാലാ

1) മാട്ടേൽ റോഡ് പുനരുദ്ധാരണം.
2) ആറിന്റെ തീരത്തുള്ള വീടിന്റെ സംരക്ഷഭിത്തി ഇടിഞ്ഞു പോകുന്നു. ആയത് ശരിയാക്കണം.
3) പതിക്കുന്ന് ഭാഗത്ത് നേരിടുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കണം.
4) പലയിടങ്ങളിലും പുതിയ സ്ട്രീറ്റ് ലൈറ്റ് വേണം.
5) വാർഡ്-19 ഉൾപ്പെടുന്ന പള്ളികടവിലെ സ്റ്റെപ്പ് പൊട്ടി പോയതിനാൽ അത് മെയിന്റനൻസ് ചെയ്യണം.
6) മാങ്കൂട്ടം കടവിലേയ്ക്കും റോഡിലെ ഓടയിലെ മാലിന്യം കുടിവെള്ള പദ്ധതിയുടെ അടുത്തുവന്ന് കെട്ടിക്കുന്നു. ആയത് പരിഹരിക്കണം.
7) ഉപാസന ഹോസ്പിറ്റലിന്റെ സൈഡിലുള്ള തൊണ്ട് വളരെ മാലിന്യം ആയതിനാൽ ഉടനടി മാലിന്യം നീക്കം ചെയ്യണം.
8) വികലാംഗർക്കുള്ള ധനസഹായം.
9) വായനശാല മുതൽ കത്തീഡ്രൽ പള്ളി വരെ റോഡ് വീതി കൂട്ടണം.
10) വീട് മെയിന്റനൻസ് ആവശ്യമുണ്ട്.
11) മാങ്കൂട്ടം റോഡ്, മാട്ടേൽ റോഡ് നവീകരണം

## വാർഡ്-20 - ളാലം

1. എ) വാർഡിലെ ഭൂരിപക്ഷം മേഖലയിലും വെള്ളപ്പൊക്കം ബാധിക്കുന്നതാകയാൽ വെള്ളപ്പൊക്ക തീവ്രത കുറയ്ക്കുവാൻ വേണ്ട മുൻകരുതൽ എടുക്കുവാൻ സഹായിക്കുന്ന വാട്ടർ ലെവർ സ്കെയിൽ (പാലാ വലിയ പാലത്തിൽ) സ്ഥാപിച്ചത് പുതുക്കി പെയിന്റ് ചെയ്യുക.

ബി) രാത്രിയിൽ തെളിഞ്ഞു കാണുന്ന ലൂമിനസ് പെയിന്റ് ഉപയോഗിക്കുക.

സി)മേൽ പറഞ്ഞ വാട്ടർ ലെവൽ സ്കെയി 24 മണിക്കൂറും മോണിട്ടർ ചെയ്യുവാൻ ക്യാമറ സ്ഥാപിക്കുക. അതിൽ നിന്നുള്ള വീഡിയോ തൽസമയം മൊബൈലിൽ പൊതുജനങ്ങൾക്ക് കാണുവാൻ സൗകര്യമൊരുക്കുക.

2. ടൗണിലെ തിരക്കു കുറയ്ക്കുവാനായി പണി തുടങ്ങി വച്ച റോഡുകളുടെ പണികൾ എത്രയും വേഗം പൂർത്തീകരിക്കുക.

എ) പുഴക്കര - ചെത്തിമറ്റം റോഡ്

ബി) റിവർവ്യൂ റോഡ് എക്സ്റ്റൻഷൻ എലവേറ്റഡ് റോഡ് (കൊട്ടാരമറ്റത്തേയ്ക്ക്)

സി)സിവിൽ സ്റ്റേഷൻ ജംഗ്ഷനിൽ റൗണ്ടാന സ്ഥാപിക്കുക.

ഡി)സ്ഥിരമായ ട്രാഫിക് ലംഘനങ്ങൾ നടക്കുന്നയിടങ്ങളിൽ ക്യാമറ സ്ഥാപിച്ച് നടപടികൾ സ്വീകരിക്കുക.

3. കാൽ നടക്കാർക്ക് സുഗമമായി യാത്ര ചെയ്യുവാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കുക.

എ) പൊട്ടിപൊളിഞ്ഞ നടപ്പാതകൾ നന്നാക്കുക.

ബി) ഫുട്പാത്ത് കയ്യേറ്റം ഒഴിവാക്കുക.

സി)ഫുട്പാത്തിലെ കാട് വെട്ടി തെളിക്കുക.

ഡി)ഫുട്പാത്ത് മാർക്ക് ചെയ്യാത്തിടത്ത് മാർക്ക് ചെയ്യുക (എല്ലാ പ്രധാന റോഡുകൾക്കും വശങ്ങളിൽ)

ഇ) സീബ്രാ ക്രോസിംഗുകൾ തെളിച്ച് വരയ്ക്കുക. ക്രോസിംഗ് സൈൻ ബോർഡ് സ്ഥാപിക്കുക. സ്റ്റേഡിയം ജംഗ്ഷനിൽ സീബ്രാ ക്രോസിംഗ് വരച്ച് സ്പീഡ് ബ്രേക്കർ സ്ഥാപിക്കുക.

എഫ്) ബൈപ്പാസിൽ സ്കൂളുകൾക്ക് മുൻപിൽ ഫുട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കുക.

4. തെരുവ് നായ്ക്കളുടെ ശല്യം ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുക. ഷെൽട്ടർ മുനിസിപ്പാലിറ്റി സജ്ജീകരിക്കണം. ഭക്ഷണ സൗകര്യം മൃഗസ്നേഹികൾ വഹിക്കണം.
5. ലണ്ടൻ ബ്രിഡ്ജ് തുറന്ന് പ്രവർത്തിപ്പിക്കണം. (റിവർവ്യൂ റോഡ്)
6. വെയിസ്റ്റ് സ്ഥിരമായി നിക്ഷേപിക്കുന്നിടത്ത് ക്യാമറ സ്ഥാപിക്കുക. ക്യാമറയ്ക്കുള്ള വൈ.ഫൈ. കണക്ഷൻ വ്യാപാരികളിൽ നിന്നും സ്വീകരിക്കാവുന്നതാണ്.
7. കാപ്പൻസ് ലിങ്ക് റോഡ് കോൺക്രീറ്റ് പൊളിഞ്ഞ് കിടക്കുന്നതും ഇന്റർലോക്ക് ഇളകി കിടക്കുന്നതും ശരിയാക്കുക.
8. മുനിസിപ്പാലിറ്റിയുടെ ടാറിംഗ് നിലവാരം കുറഞ്ഞ റോഡുകൾ പുതുക്കി പണിയുക.
9. മെയിൻ റോഡിൽ നിന്നും കുത്തനെ ഇറങ്ങുന്ന മഴ വെള്ളത്തിന് ഒരു പരിഹാരം കാണുക.
10. കിഴതടിയൂർ കയ്യാലക്കകം റോഡ് നവീകരണം
11. സെന്റ് സെബാസ്റ്റ്യൻ റോഡ് നവീകരണം
12. വാർഡിൽ പ്രധാനപ്പെട്ട തിരുനാളുകളും ഉത്സവങ്ങളും വരുമ്പോൾ റോഡും പരിസരങ്ങളും സമയബന്ധിതമായി വൃത്തിയാക്കുന്നിന് നിർദ്ദേശം നൽകുക.

### വാർഡ്-21 - വെള്ളാപ്പാട്

1. സെന്റ് തോമസ് പ്രസ് റോഡ് മെയിന്റനൻസ് നടത്തുക.
2. ചൂണ്ടമിൽ ഇടവഴി - കോൺക്രീറ്റ് ചെയ്യുക.
3. തടവനാൽ റോഡ് മെയിന്റനൻസ് നടത്തുക.
4. ചാവറ റോഡ് മെയിന്റനൻസ് നടത്തുക.
5. ആലറ കോളേജ് റോഡിൽ കൊണ്ടാട്ടുകടവ് റോഡ് റീടാറിഗ് നടത്തുക.
6. പാലാ ആർ.വി. പാർക്കിന് സമീപത്തെ റിവർവ്യൂ റോഡിൽ നിന്നും വലത്തോട്ട് തിരിയുന്ന ഭാഗത്ത് റൗണ്ടാന ചുറ്റി വാഹനങ്ങൾ പോയില്ലെങ്കിൽ കൊട്ടാരമറ്റം ഭാഗത്തേയ്ക്ക് പോകുന്ന വാഹനവുമായി കൂട്ടിയിടിച്ച് അപകടം സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പി.ഡബ്ല്യൂ.ഡി.യുമായി ചേർന്ന് പരിഹാരം കാണുക.
7. സെന്റ് തോമസ് പ്രസ് റോഡിൽ നിന്നും, മെയിൻ റോഡിലേയ്ക്ക് വാഹനങ്ങൾ ഇറങ്ങുമ്പോൾ വലതുവശത്ത് കാഴ്ച മറയ്ക്കുന്ന രീതിയിൽ വിവിധ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളത് നീക്കം ചെയ്യുക.
8. പാലാ ബൈപ്പാസിൽ പുത്തൻപള്ളി കഴിഞ്ഞുള്ള ഇറക്കം മുതൽ കോട്ടപാലം വരെ വാഹനങ്ങൾ വളരെ വേഗത്തിൽ പോകുന്നതിനാൽ അപകടം തുടർക്കഥയാകുന്നു. ഇതിന് സമീപം കാർമ്മൽ സ്കൂൾ സ്ഥിതിചെയ്യുന്നു. നടപടികൾ സ്വീകരിക്കുക.
9. വെള്ളാപ്പാട് കാണിക്കമണ്ഡപത്തിനു സമീപത്തുള്ള ഹൈമാസ്റ്റ് ലൈറ്റ് കേടായിട്ടുള്ളതാണ്. ഉത്സവം വരുന്നതിനാൽ അടിയന്തിരമയി നന്നാക്കുക.
10. ചാവറ റോഡിൽ മിറർ സ്ഥാപിക്കുക.
11. പാലാ കൊട്ടാരമറ്റം മെയിൻ റോഡിൽ ബിഷപ്പ് ഹൗസ് ഭാഗങ്ങൾ മാസത്തിൽ ഒരു തവണയെങ്കിലും അടിച്ചുവാരി വൃത്തിയാക്കുക.
12. കൊട്ടാരമറ്റത്തുനിന്നുള്ള തെക്കംപാണ്ടി റോഡിൽ ടൂവീലറുകൾ അനധികൃതമായി പാർക്കുചെയ്യുന്നു. നടപടികൾ സ്വീകരിക്കുക.
13. അൽഫോൻസാ കണ്ണാശുപത്രിയിലേയ്ക്ക് തിരിയുന്ന ഭാഗത്തും, ബിഷപ്പ് ഹൗസിന് സമീപവും സ്പീഡ് ബ്രേക്കറുകൾ സ്ഥാപിക്കുക.
14. കൊണ്ടാട്ടുകുന്ന് റോഡ് കൂട്ടുങ്കൽ ലെയിൻ എന്ന് പുനർനാമം ചെയ്യുക.
15. ചാവറ റോഡ്, സെന്റ് തോമസ് പ്രസ്സ് റോഡ് മെയിന്റനൻസ്
16. റ്റി.റ്റി.സി. റോഡ്, കൊണ്ടാട്ടുകുന്ന് റോഡ്, പി.വി. ലിങ്ക് റോഡ് മെയിന്റനൻസ്

## വാർഡ്-22 - അരുണാപുരം

1. ആനക്കുളങ്ങര അമ്പലത്തിന് സമീപത്തെ വളവിലെ റോഡ് കോൺക്രീറ്റിംഗിലെ അപാകത പരിഹരിക്കുക.
2. കരയപ്പാറ റോഡ് ഭാഗത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
3. വാർഡിൽ ഒരു കളിസ്ഥലം സ്ഥാപിക്കുക.
4. ആര്യപ്പാറ റോഡ് ഓട നിർമ്മാണം
5. ഊരാശാല കവല, ഐക്കര കവല എന്നിവിടങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റും ആനക്കുളങ്ങരയിലും തട്ടാറകത്ത് കാവിന് സമീപവും മിനിമാസ്റ്റ് ലൈറ്റും സ്ഥാപിക്കുക.
6. വാർഡിലെ പല വീടുകളും ഹരിതകർമ്മ സേനയുമായി സഹകരിക്കുന്നില്ലായെന്ന് പരാതി ഉയർന്നു. എല്ലാ വീട്ടുകാരും യൂസർഫീ നൽകി ഹരിതകർമ്മസേനയുമായി സഹകരിക്കണം.
7. ഫെഡറൽ ബാങ്കിന് സമീപത്തെ സ്ഥാപനങ്ങളിൽ കുറച്ച് നാളുകളായി വാട്ടർ അതോറിറ്റി വെള്ളം ലഭ്യമാകുന്നില്ല. വെള്ളം ലഭ്യമാകുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണം.
8. ഊരാശാല ജംഗ്ഷനിലെ ബസ് സ്റ്റോപ്പിൽ വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുക.
9. ബൈപ്പാസിലെ സ്പീഡ് ബ്രേക്കറിൽ കൂടി ഭാരവാഹനങ്ങൾ അമിത വേഗത്തിൽ കടന്ന് പോകുന്നത് മൂലം സമീപത്തെ വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും വിള്ളലുകൾ ഉണ്ടാകുന്നു. ഈ ഭാഗത്ത് മുന്നറിയിപ്പ് ബോർഡുകളും സിഗ്നൽ ലൈറ്റുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക.
10. ശ്രീ. മുത്തു, പാറയിൽ-ന്റെ വീടിന് സമീപത്തെ ഓട നിറഞ്ഞ് കവിഞ്ഞ് മലിനജലം വീടിന്റെ മുറ്റത്തു കൂടി ഒഴുകുന്നതായി പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തി ഓട അടിയന്തിരമായി വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
11. ശ്രീ. ശശിയുടെ വീടിന് മുകളിലൂടെ അപകടകരമായ രീതിയിൽ വലിച്ചിരിക്കുന്ന വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക.
12. പൗവ്വത്ത് റോഡ് വളവ് നിവർത്തണം.
13. തട്ടാറാകത്ത് അമ്പലം ഭാഗത്തെ റോഡിന്റെ വളവ് നിവർത്തുക.
14. 31/03/2024 തീയതി വരെ അവധി ദിവസങ്ങളിൽ ഉൾപ്പെടെ പിഴപ്പലിശ ഒഴിവാക്കി കെട്ടിട നികുതി സ്വീകരിക്കുന്നതിനുള്ള സംവിധാനം നഗരസഭാ ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ വാർഡ് അംഗങ്ങളും ആയത് പ്രയോജനപ്പെടുത്തുക.
15. കോട്ടപ്പാലം തെക്കുംപടി റോഡ്, വട്ടക്കുന്നേൽ നെല്ലിയാനി റോഡ്, ആര്യപ്പാറ റോഡ് നവീകരണം
16. വീട് പുനരുദ്ധാരണം - ശ്രീമതി മേരി നിരപ്പേൽ

## വാർഡ്-23 - കോളേജ് വാർഡ്

1. അരുണാപുരം-ഊരാശാല റോഡിൽ (വീട്ട് നം.23/215-1, തുണ്ടിപ്പറമ്പിൽ) ഉള്ള വീടിന്റെ മുൻഭാഗത്ത് മഴക്കാലത്ത് വെള്ളക്കെട്ടുണ്ടാകുന്നത് മൂലം വീട്ടുകാർക്ക് വീടിന് പുറത്തേയ്ക്ക് ഇറങ്ങാൻ പോലും പറ്റുന്നില്ല. വാഹനങ്ങളിൽ യാത്ര ചെയ്യുന്നവർക്ക് ബുദ്ധിമുട്ടുണ്ടാവുന്നു. ഈ റോഡിൽ പൂർത്തിയാകാത്ത ഒരു ഓടയാണുള്ളത്. ഈ ഓട പൂർത്തീകരിച്ച് ടി വെള്ളക്കെട്ട് ഒഴിവാക്കണം.
2. അരുണാപുരം-ഊരാശാല റോഡിൽ ടാറിങ്ങിന് ശേഷമുള്ള വലിയ ഉരുളൻ കല്ലുകൾ വീടുകളുടെ മുൻഭാഗത്തായി കൂട്ടിയിട്ടിരിക്കുന്നത് ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. ആയതു നീക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
3. കുടിവെള്ള ക്ഷാമം പരിഹരിക്കണം.

(1) അരുണാപുരം സെന്റ് തോമസ് കോളേജിന്റെ എതിർവശത്തുള്ള താമസക്കാരുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുക. വാട്ടർ അതോറിറ്റിയിൽ നിന്നോ 22-ാം വാർഡിലെ വാട്ടർ പ്രൊജക്ട് വഴിയോ (പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് റോഡിന്റെ അരികിലുള്ള ആറ്റിൽ നിന്നുള്ള വെള്ളം) 23-ാം വാർഡിലും വെള്ളം എത്തിച്ച് നൽകണം.

(2) അരുണാപുരം സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന് സമീപമുള്ള താമസക്കാർക്ക് കുടിവെള്ളം എത്തിച്ചു നൽകുന്നതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കുക.

(3) അമൃത് കുടിവെള്ള പദ്ധതി - സെന്റ് തോമസ് കോളേജിന്റെ എതിർവശത്തുള്ള താമസക്കാർക്കും സെന്റ് തോമസ് ചർച്ചിന്റെ അടുത്തായുള്ള താമസക്കാർക്കും ഈ പദ്ധതി വഴി കുടിവെള്ളം എത്തിച്ചു നൽകുക.

4. യാചക ശല്യം നിരോധിക്കണം.
5. മരിയൻ ജംഗ്ഷനിൽ ബസ് റൂട്ടുകൾ രണ്ട് വശങ്ങളിലും ഉള്ളതിനാൽ ട്രാഫിക് ബ്ലോക്കുകൾ ഉണ്ടാകുന്നു. റോഡ് മുറിച്ചു കടക്കുവാൻ പൊതുജനങ്ങൾക്ക് പ്രയാസമുണ്ടാകുന്നതിനാൽ ഇത് പരിഹരിച്ച് സുരക്ഷിതമായി റോഡ് മുറിച്ചു കടക്കുവാനുള്ള നടപടി സ്വീകരിക്കുക.

6. സെന്റ് തോമസ് കോളേജ് - സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ ഭാഗത്തായി വിദ്യാർത്ഥികൾക്ക് റോഡ് മുറിച്ചു കടക്കുന്നതിന് വാഹനങ്ങളുടെ അമിത വേഗത മൂലം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ആയതിനായി വാഹനങ്ങൾ സ്പീഡ് കൺട്രോൾ മുഖേനയോ, മറ്റു ഫലപ്രദ മാർഗ്ഗങ്ങൾ വഴിയോ അമിത വേഗത കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
7. ഒലിവുകണ്ടം ജലസംരക്ഷണ സമിതിയുടെ അടുത്തായുള്ള ഓട വൃത്തിയാക്കുക.
8. ഒലിവുകണ്ടം ഭാഗത്തുള്ള എല്ലാ താമസക്കാർക്കും ബയോബിൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
9. എസ്.എച്ച്. ഹോസ്റ്റലിന് മുമ്പുള്ള റോഡിൽ ഫുട്പാത്ത് പൊളിഞ്ഞു കിടക്കുന്നു. മഴക്കാലത്ത് ഈ ഭാഗത്ത് വെള്ളക്കെട്ട് ഉണ്ടാകുന്നു. ആയതു പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. (ഓട നിർമ്മിക്കുക)
10. ക്രിസ്തുരാജ് ഹോസ്റ്റൽ, പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളുടെ അടുത്തുള്ള പ്രദേശങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ആറ്റിലേയ്ക്ക് ഒഴുക്കുന്നതായുള്ള പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുക.
11. 23-ാം വാർഡിലുള്ള ചില ഹോസ്റ്റൽ പരിസരങ്ങളിൽ മാലിന്യം കത്തിക്കുകയും പുകമൂലം ജനങ്ങൾക്ക് അസ്വസ്ഥത ഉണ്ടാകുന്നു. ആയതു പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
12. ഇൻസിനറേറ്ററുകളുടെ ഉപയോഗം പൊതുവായി ഉപയോഗിക്കാവുന്ന രീതിയി കാര്യക്ഷമമായി നടപ്പിലാക്കണം.
13. തെരുവ്നായ ശല്യം പരിഹരിക്കണം. മരിയൻ ജംഗ്ഷനിൽ ഭക്ഷണാവശിഷ്ടങ്ങൾ ഇടുന്നതുമൂലം തെരുവു നായ ശല്യമുണ്ടാകുന്നത് തടയാനുള്ള നടപടി സ്വീകരിക്കുക.
14. ഊരാശാല റോഡിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട തകരാറുകൾ പരിഹരിക്കുക.
15. പൂതക്കുന്ന് സ്കൂൾ മുതലുള്ള ഫുട്പാത്തിന്റെ സ്ലാബുകൾ പുനർ നിർമ്മിക്കണം.
16. പൂതക്കുന്ന് വാട്ടർ ടാങ്കിന്റെ വശത്തുള്ള മണ്ണിടിച്ചിൽ തടയാൻ മാർഗ്ഗം സ്വീകരിക്കണം.
17. മരിയൻ ജംഗ്ഷനിലെ പി.ഡബ്ല്യു.ഡി . റെസ്റ്റ് ഹൗസ്-ന് മുൻപിലുള്ള ബസ് സ്റ്റോപ്പിന് ബോർഡ് വയ്ക്കുക.
18. അരുണാപുരം കുടിവെള്ള പദ്ധതിയുടെ വശങ്ങളിൽ കൂടി ഒഴുകി വരുന്ന മലിനജലം സമീപമുള്ള കണ്ടത്തിലോട്ട് ഒഴുകി വീഴുന്നതിനാൽ ഉടമസ്ഥർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. കലുങ്ക് നിർമ്മാണം, ഓട നിർമ്മാണം എന്നിവ നടത്തി ഇതിന് പരിഹാരം കണ്ടെത്തുക.
19. മരിയൻ ജംഗ്ഷനിലുള്ള സൈൻ ബോർഡുകൾ കറക്ട് ചെയ്യുക.
20. കെ.എസ്.ആർ.ടി.സി. ഓർഡിനറി, എൽ.എസ്. ബസ്സുകൾ മരിയൻ ജംഗ്ഷനിലുള്ള ബസ് റൂട്ടുകളിൽ കൂടി പോകുവാൻ നടപടി സ്വീകരിക്കുക.
21. റോഡിലേയ്ക്ക് ചാഞ്ഞു നിൽക്കുന്ന തേക്ക് മരങ്ങളുടെ ശിഖരങ്ങളും ഉണങ്ങിയ മരങ്ങളും വെട്ടി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുക.
22. ബയോബിൻ സ്ഥാപനങ്ങൾക്കും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.
23. പാലാ ബസ് സ്റ്റാന്റിന്റെ ശുചിത്വം നടപ്പിലാക്കുക.
24. വെയിസ്റ്റ് മാനേജ്മെന്റ് - ശരിയായ രീതിയിൽ നടപ്പിലാക്കുക. പാലായുടെ ശുചിത്വം ശരിയായ രീതിയിൽ നടപ്പിലാക്കുക.
25. വാർഡ് സഭാ മീറ്റിംഗിൽ പങ്കെടുത്ത എല്ലാവരും തങ്ങളുടെ കട, വീട്, സ്ഥാപനങ്ങൾ എന്നിവയുടെ മുൻവശത്തുള്ള പുല്ലുകൾ വെട്ടിത്തെളിച്ച് വൃത്തിയായി സൂക്ഷിക്കുക.
26. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ് രാജീവ് ഗാന്ധി റോഡ് മെയിന്റനൻസ്

## വാർഡ്-24 - കൊട്ടാരമറ്റം

1) വാർഡ് 24 ലെ കുടിവെള്ള സാമ്പിൾ പരിശോധിക്കുന്നതിന് നഗരസഭാതലത്തിൽ നടപടി സ്വീകരിക്കണം.
2) കൊട്ടാരമറ്റം വൈക്കം റോഡ് ഫുട്പാത്ത്, ബസ് സ്റ്റാന്റ് ഫുട്പാത്ത് എന്നിവിടങ്ങളിൽ വാഹന പാർക്കിംഗ് തടയുന്നതിന് വേണ്ട നടപടി സ്വീകരിക്കണം.
3) ബസ് സ്റ്റാന്റിൽ വേസ്റ്റ് ഇടുന്നത് തടയുക.
4) സ്പോർട്സ് കടയുടെ ഭാഗത്ത് സീബ്രാലൈൻ സ്ഥാപിക്കുക.
5) ബസ് സ്റ്റാന്റിന്റെ പ്രവേശന ഭാഗത്ത് ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് ടോയ്ലറ്റ് നിർമ്മിക്കുക.
6) ആൾതാമസമില്ലാത്ത വീടുകളിൽ കാട് വളർന്ന് പാമ്പിൻ ശല്യം ഉണ്ടാകുന്നു. ആയത് വെട്ടിത്തെളിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
7) ചങ്ങാതിക്കൂട്, നമ്മക്കൂട് ക്ലബ്ബിനോടനുബന്ധിച്ച് പൊതുസ്ഥലത്തിരുന്ന് ആളുകൾ മദ്യപിക്കുന്നത് കാൽനടയാത്രക്കാരായ സ്ത്രീകൾക്കും കുട്ടികൾക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ടി ഭാഗത്ത് അനധികൃതമായി വാഹനം പാർക്ക് ചെയ്യുന്നത് തടയുക.

8) സാന്തോം കോംപ്ലക്സിന്റെ സമീപത്തെ വെയ്റ്റിംഗ് ഷെഡ്ഡിന്റെ റൂഫ് അപകടാവസ്ഥയിൽ നിൽക്കുന്നു. ആയത് മാറ്റി സ്ഥാപിക്കുക. ടി വെയ്റ്റിംഗ് ഷെഡ്ഡിൽ പ്രവർത്തിക്കുന്ന തട്ടുകട മാറ്റുക.
9) മൂഴയിൽ റോഡ് തീരുന്ന ഭാഗത്ത് നിന്നുള്ള നടപ്പ് വഴി കോൺക്രീറ്റ് ചെയ്യുക.
10) തെരുവ് നായക്കളുടെ ശല്യം രൂക്ഷമാകുന്നത് പരിഹരിക്കുക.
11) നിലവിലുള്ള കുളവും ജലസ്രോതസ്സുകളും സംരക്ഷിക്കുക.
12) കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുക.
13) ആനക്കുളങ്ങര ട്രാൻസ്ഫോമറിന് സംരക്ഷണഭിത്തി കെട്ടുന്നതിന് കെ.എസ്.ഇ.ബി. യ്ക്ക് നിർദ്ദേശം നൽകുക.
14) ജൈവമാലിന്യ സംസ്ക്കരണ ബിൻ അനുവദിക്കുക.
15) എസ്.സി. ഫണ്ട് ഉപയോഗിച്ച് സ്ഥലം വാങ്ങിച്ച് വീട് വയ്ക്കുന്നതിന് ശ്രീമതി രഹ്ന രവിയ്ക്ക് ഫണ്ട് അനുവദിക്കുക.
16) ശ്രീ. ശിവദാസ്, ആര്യപ്പാറയിൽ എന്നയാൾക്ക് ടോയ്ലറ്റ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുക.
17) കൊട്ടാരമറ്റം മുതൽ നെല്ലിയാനി വരെ നടപ്പാതയിൽ കൂടി നടന്നുപോകുവാൻ സാധിക്കുന്നില്ല എന്നും നടപ്പാതകളിൽ ഫ്ളക്സ് ബോർഡ് സ്ഥാപിച്ചിരിക്കുന്നത് നീക്കം ചെയ്യണമെന്നും ആവശ്യപ്പെട്ടു.
18) കൊട്ടാരമറ്റം ബസ് സ്റ്റാന്റിലെ അനധികൃത കടകൾ ഇറക്കിവെച്ചിരിക്കുന്നത് ക്രമീകരിക്കുക.
19) മഴക്കാലത്തിന് മുമ്പ് വലിയ തോടുകളും ഓടകളും വൃത്തിയാക്കുക.
20) ഏറ്റുമാനൂർ ഹൈവേ റോഡിലുള്ള ഫുട്പാത്തിൽ റോഡിലേയ്ക്ക് തള്ളി നിൽക്കുന്ന രീതിയിലുള്ള അപകടകരമായ മരങ്ങളുടെ ശിഖരം നീക്കം ചെയ്യുക.
21) കടവ് ഊരാശാല ഭാഗത്ത് പെരുംപാമ്പിന്റെ ശല്യം ഉണ്ട്.
22) കൊട്ടാരമറ്റം കുടകുത്തിതോട് വീതി, ആഴം ഇവ കൂട്ടി വെള്ളക്കെട്ട് പരിഹരിക്കുക.
23) കോട്ടപ്പാലം തെക്കുംപടി റോഡ്, വട്ടക്കുന്നേൽ നെല്ലിയാനി റോഡ്, ആര്യപ്പാറ റോഡ് നവീകരണം

## വാർഡ്-25 - നെല്ലിയാനി

1. പുത്തൻപള്ളിക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് 25-ാം വാർഡിലേയ്ക്ക് നീട്ടണം.
2. ചക്കാംകുന്നിൽ നഗരസഭ വക സ്ഥലത്ത് സാംസ്കാരിക നിലയം നിർമ്മിക്കണം.
3. നഗരസഭാ ദിശാബോർഡുകൾ മെയിന്റനൻസ് നടത്തി (വാർഡുകളിലെ ഉൾപ്പെടെ) റോഡിന്റെ പേര് വ്യക്തമാക്കണം.
4. നഗരസഭാ റോഡുകളിലെ സൈഡുകളിൽ സ്വകാര്യ വ്യക്തികൾ നിക്ഷേപിച്ചിരിക്കുന്ന നിർമ്മാണ സാമഗ്രികൾ ഉൾപ്പെടെ ബന്ധപ്പെട്ട പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുക.
5. വാർഡിലെ റോഡുകൾ മെയിന്റനൻസ് നടത്തുക.
6. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ വേലകൾ ഏറ്റെടുക്കണം.
7. വീട് മെയിന്റനൻസിന് കൂടുതൽ തുക വകയിരുത്തുക.
8. കൃഷിയ്ക്ക് പ്രോത്സാഹനം നൽകുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ വേനൽക്കാലത്ത് വിതരണം ചെയ്യാതെ സീസണിൽ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.
9. പാലാ ജനറൽ ആശുപത്രിയിൽ ഐ.സി.യു. സംവിധാനം ഏർപ്പെടുത്തി രോഗികളെ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുന്നത് പരമാവധി കുറയ്ക്കുക.
10. പുത്തൻപള്ളിക്കുന്ന് കുടിവെള്ള പദ്ധതി (വാർഡ് 25, 26) പൂർത്തീകരണത്തിനായി കൂടുതൽ പണം അനുവദിക്കുക.
11. നെല്ലിയാനി ഭാഗത്ത് പുതിയ അങ്കണവാടി നിർമ്മിക്കുക.
12. ജനത നെല്ലിയാനി പള്ളി റോഡ് മെയിന്റനൻസ്
13. ജനത റോഡ്, അൽഫോൻസാ റോഡ് മെയിന്റനൻസ്

## വാർഡ്-26 - പുത്തൻപള്ളിക്കുന്ന്

1. പുത്തൻപള്ളിക്കുന്ന് കുടിവെള്ള പദ്ധതി വിപുലീകരിച്ച് പൂർത്തീകരിക്കുക.
2. പച്ചക്കറി തൈ, കുറ്റി കുരുമുളക് തൈ വിതരണം.
3. വെയിസ്റ്റ് മാനേജ്മെന്റ് ബയോബിൻ വിതരണം.
4. പാലംകുന്നേൽ ഇടവഴി വീതി കൂട്ടി വീടുകളിലേയ്ക്ക് വഴി ഒരുക്കുക.
5. ചിറയിൽ ഇടവഴി വീതി കൂട്ടുക.

6. ഫാം റോഡ് ഇടവഴി വീതി കൂട്ടുക.
7. ഫാം റോഡ് വഴി പൂർത്തീകരിക്കുക.
8. മുണ്ടുപാലത്ത് വലവൂർ റോഡിൽ കക്കൂസ് മാലിന്യം ഇടുന്നത് തടയുന്നതിന് ക്യാമറ സ്ഥാപിക്കുക.
9. ഫാം റോഡിൽ നടപ്പു വഴിയിലേയ്ക്കുള്ള പോസ്റ്റ് മാറ്റി സ്ഥാപിക്കുക.
10. ഫാം റോഡിൽ ഓട നിർമ്മിച്ച് സ്ലാബ് ഇടുക.
11. അഡോർട്ട് റോഡിൽ ഓട സ്ലാബിട്ട് അപകട ഭീഷണി ഒഴിവാക്കുക.
12. അങ്കണവാടി സ്ഥാപിക്കുക.
13. ലൈറ്റില്ലാത്ത പോസ്റ്റുകളിൽ ലൈറ്റ് ഇടുക.
14. വെയിസ്റ്റ് ഇടുന്നതിന് റോഡരുകുകളിൽ വെയിസ്റ്റ് ബിൻ വയ്ക്കുക.
15. മുട്ടക്കോഴികളെ വിതരണം ചെയ്യുക.
16. മുണ്ടുപാലത്ത് റൗണ്ടാന സ്ഥാപിക്കുക.
17. മുണ്ടുപാലത്ത് ദീർഘദൂര ബസ് സ്റ്റോപ്പ് അനുവദിക്കുക.
18. കോട്ടയിൽ ഇടവഴി വീതി കൂട്ടി വീടുകളിലേയ്ക്ക് നടപ്പു വഴി ആക്കുക.
19. ജനത റോഡ്, അൽഫോൻസാ റോഡ് മെയിന്റനൻസ്

## ഭിന്നശേഷി വാർഡ് സഭ

1. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മരുന്ന്, ഡയപ്പർ, വീൽചെയർ, ഹോസ്പിറ്റൽ ബെഡ് (ഉയരം ക്രമീകരിക്കാൻ പറ്റുന്ന തരത്തിൽ ഉള്ളത്). കുട്ടിയുടെ അമ്മയ്ക്ക് സ്ഥലവും വീടും ലഭ്യമാക്കുക
2. ആശാകിരണം പദ്ധതി ആനുകൂല്യം നൽകുക
3. എല്ലാ ഭിന്നശേഷി വിഭാഗത്തിൽപെട്ട ആളുകൾക്ക് അറ്റാച്ച്ഡ് ബാത്റൂം ലഭ്യമാക്കുന്നതിനുള്ള ഫണ്ട് വകയിരുത്തുക.
4. പെട്ടിക്കട നടത്തുന്നതിനുള്ള സഹായം ലഭ്യമാക്കുക
5. എല്ലാ ഭിന്നശേഷിക്കാർക്കും ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുക.
6. ഭിന്നശേഷിക്കാർക്ക് പൊതുവായി വാട്സ് ആപ്പ് ഗ്രൂപ്പ് തുടങ്ങുക
7. ആവശ്യക്കാർക്ക വെപ്പ് കാൽ, മുചക്ര വാഹനം ലഭ്യമാക്കുക
8. ഭിന്നശേഷി പെൻഷൻ ലഭിക്കുന്നതിനായി വരുമാന പരിധി ബാധകമല്ലാതാക്കുക
9. യു.ഡി.ഐ.ഡി. കാർഡ് എടുക്കുന്നതിന് സഹായം ലഭ്യമാക്കുക.
10. ആവശ്യക്കാർക്ക് കണ്ണാടി, ഹിയറിംഗ് എയ്ഡ്, ഡയപ്പർ എന്നിവ ലഭ്യമാക്കണം
11. വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാക്കണം
12. തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുക

## വയോജന വാർഡ് സഭ

1) വയോമിത്രം വഴി ബി.പി., ഷുഗർ പരിശോധന വേണം.
2) വയോജന വിഭാഗത്തിൽപ്പെട്ടവർക്ക് ആംബുലൻസ് സേവനം ലഭ്യമാക്കണം.
3) വയോമിത്രത്തിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനായുള്ള സഹായം വേണം.
4) പെൻഷൻ ലഭിക്കുന്നതിന്.
5) സൗജന്യ മരുന്ന് ലഭ്യമാക്കുന്നതിന് പേര് രജിസ്റ്റർ ചെയ്യണം.
6) മരുന്ന് വാങ്ങാൻ സഹായം ലഭ്യമാക്കണം.
7) പാലാ ജനറൽ ആശുപത്രിയിൽ മരുന്ന് എളുപ്പം ലഭിക്കുന്നതിനായി വയോജനങ്ങൾക്ക് പ്രത്യേക കൗണ്ടർ അനുവദിക്കുക.
8) വെള്ളപ്പൊക്ക കെടുതി/ഭീഷണി അനുഭവിക്കുന്ന 12-ാം വാർഡ് ജനങ്ങൾക്ക് വേണ്ട അനുബന്ധ സഹായങ്ങൾ ചെയ്യുക - ആറ്റിലെ വേസ്റ്റ് മാറ്റുക, മണൽ വാരൽ തടയുക, കാട്പിടിച്ച് കിടക്കുന്നിടം വൃത്തിയാക്കി ഇഴജന്തു ഭീഷണി ഒഴിവാക്കുക, വേസ്റ്റ് നിക്ഷേപിക്കുന്നവരെ കണ്ടെത്താൻ CCTV ക്യാമറ സ്ഥാപിക്കുക.
9) തൈറോയ്ഡ് രോഗികൾക്ക് വയോമിത്രം വഴി മരുന്ന് ലഭ്യമാക്കുക.
10) ശ്വാസം മുട്ടൽ അനുഭവിക്കുന്നവർക്ക് വയോമിത്രം വഴി മരുന്ന് വിതരണം ചെയ്യുക.

SWACHH
SURVEKSHAN

# Clean Pala

let's join hands together

## മാലിന്യത്തിൽ നിന്ന് മോചനം
## പാലാ നഗരസഭയുടെ
## പുതിയ ചുവടുവെപ്പ്

